لا اله الا الله محمد رسول الله


ബദർ
വീക്കിലി ഖാദിയാൻ
The weekly
BADAR Qadian
Malayalam


# പ്രത്യേകപതിപ്പ്
# ഹദ്റത്ത് മസീഹ് മൗഊദ്(അ) മനുഷ്യകുലത്തിന്റെ സേവകൻ

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), തന്നെ 'മാനവരാശിയുടെ സേവക'നാക്കിയിരിക്കുന്നു. എന്നാൽ, മാനവരാശിയുടെ സേവകനെന്നത് ആത്മീയാടിസ്ഥാനത്തിൽ ആയിരുന്നുവെന്ന് നമ്മൾ അറിയേണ്ടതാണ്. എന്നിരുന്നാലും അവിടന്ന് ശാരീരികമായും ജനങ്ങൾക്ക് ഒരുപാട് സേവനങ്ങൾ ചെയ്യുകയും 125 വർഷമായി ആത്മീയമായും ശാരീരികമായും ജനസേവനം ചെയ്യുന്നതിൽ കർമനിരതമായിട്ടുള്ള ഒരു ജമാഅത്ത് സ്ഥാപിക്കുകയും ചെയ്തു. എങ്കിൽത്തന്നെയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പദവിയും സ്ഥാനവും ഒരു ആത്മീയസേവകൻ എന്ന നിലയ്ക്കുള്ളതാണ്. ഹദീഥിലും ഇതു സംബന്ധമായി സൂചനയുണ്ട്. **യുഫീളുൽ മാല ഹത്താ ലാ യഖ്ബലുഹൂ അഹദുൻ.**(ബുഖാരി കിതാബുൽ അമ്പിയാ ബാബ് നുസൂലു ഈസബ്നു മർയം) അതായത് വരാനിരിക്കുന്ന മസീഹ് ധനം വിതരണം ചെയ്യും. എന്നാൽ, ജനങ്ങൾ അത് സ്വീകരിക്കുകയില്ല. ഇതുകൊണ്ട് ആത്മീയമായ ധനം ഉദ്ദേശ്യമായി എടുക്കുകയാണെങ്കിൽ നബി(സ)തിരുമേനിയുടെ ഈ മഹത്തായ പ്രവചനം സത്യമാണെന്ന് സ്ഥാപിതമാകുന്നു. കാരണം സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)എണ്ണമറ്റ ആത്മീയ ഖജനാവുകളാണ് വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ, ജനങ്ങൾ അത് സ്വീകരിക്കുന്ന കാര്യത്തിൽ നിഷേധമാണ് കാണിക്കുന്നത്. ഇതുകൊണ്ട് ഭൗതിക സമ്പത്താണ് ഉദ്ദേശിക്കപ്പെടുന്നതെങ്കിൽ ഈ പ്രവചനം സത്യമാവുകയില്ല; കാരണം സമ്പത്ത് ഏറ്റുവാങ്ങുന്നതിന് മൗലവി ആകാശത്തിന്റെ വഴി നോക്കിക്കൊണ്ടിരിക്കുകയാണ്. മസീഹ് എപ്പോഴാണ് വരികയെന്നും തങ്ങളെ പണക്കാരാക്കുന്നതെന്നുമുള്ള പ്രതീക്ഷയിൽ അവർ ഇരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നമ്മുടെ മിക്ക മൗലവിമാർക്കും വഞ്ചന പറ്റിയിരിക്കുകയാണ്. മഹ്ദി ഇമാം യുദ്ധം ചെയ്ത് തങ്ങൾക്ക് വഹിക്കാൻ കഴിയാത്തത്ര മുതലുകൾ നേടികൊടുക്കുമെന്നാകും ഈ മൗലവിമാർ പുലർത്തിപ്പോരുന്ന ധാരണ! ഇക്കാലത്തെ മൗലവിമാരെല്ലാം ദരിദ്രരാണല്ലോ! അവരെല്ലാം മഹ്ദിഇമാമിന്റെ വരവും കാത്തിരിപ്പാണ്. തങ്ങളുടെ സ്വാർഥപരമായ ആഗ്രഹങ്ങളെല്ലാം മഹ്ദി വെളിപ്പെടുന്നതോടെ നിറവേറ്റപ്പെടുമെന്ന വിചാരത്തിൽ പാവങ്ങൾ രാവും പകലും തള്ളിനീക്കുന്നു. അതുകൊണ്ട് ഇത്തരം ഒരു മഹ്ദിയിൽ വിശ്വാസം കൊള്ളാത്ത ആൾക്കെതിരെ അവർ അണിനിരക്കുന്നതിൽ അത്ഭുതമില്ല. അത്തരമൊരാളെ അവർ കാഫിറെന്ന് മുദ്രകുത്തി ഇസ്‌ലാമിക വൃത്തത്തിൽനിന്ന് പുറന്തള്ളാൻ ഒരുങ്ങുന്നു. ഈ കൂട്ടരുടെ കണ്ണിൽ ഞാനും ഒരു കാഫിറായിത്തീർന്നിരിക്കുന്നു. അതെ, ഇക്കാരണത്താൽത്തന്നെ. എന്തെന്നാൽ ഞാൻ രക്തദാഹി മഹ്ദിയിലും ചോരക്കൊതിയൻ മസീഹിലും വിശ്വസിക്കുന്നില്ല. അല്ലാ! ഞാൻ ഇത്തരം നിരർഥമായ ആശയങ്ങളെ വെറുക്കുകയും അവജ്ഞയോടെ തള്ളിക്കളയുകയും ചെയ്യുന്നു." (മസീഹ് ഹിന്ദുസ്താൻ മെ, റൂഹാനീ ഖസായിൻ വാല്യം 15 പേജ് 12)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "നിങ്ങളുടെ സാങ്കൽപിക മസീഹും, മഹ്ദിയും വെളിപ്പെടുകയും നിങ്ങളുടെ വിശ്വാസംപോലെ എല്ലാ കാഫിരീങ്ങളെയും കൊന്നൊടുക്കി അവരുടെ ധനം നിങ്ങൾക്കു നൽകുകയും, എല്ലാ ശാരീരികേച്ഛകളും പൂർത്തിയാക്കിത്തരികയും ചെയ്യും! എന്നാൽ, ഞാൻ നിങ്ങളെ ദുൻയാവിലെ വൃത്തികെട്ട ധനത്തിൽഭാഗഭാക്കാക്കുന്നതിനും, എല്ലാ ഇന്ദ്രിയാശകളും പൂർത്തിയാക്കുന്നതിനുള്ള കവാടങ്ങൾ തുറന്നു തരുന്നതിനുമല്ല വന്നിട്ടുള്ളത്. മറിച്ച് ഞാൻ വന്നിട്ടുള്ളത് നിലവിലുള്ള ദുൻയാവിന്റെ ആനന്ദങ്ങളിലും അല്പം കുറവ് വരുത്തി അല്ലാഹുവിലേക്ക് വലിച്ചടുപ്പിക്കുന്നതിനുവേണ്ടിയാണ്. അതിനാൽ യഥാർഥത്തിൽ എന്റെ വരവുകൊണ്ട് നിങ്ങൾക്ക് വൻനഷ്ടമാണുണ്ടായിട്ടുള്ളത്. ധനത്തിനോടും, സാധനസാമഗ്രികളോടുമുള്ള ആയിരത്തിമുന്നൂറ് വർഷത്തെ പ്രതീക്ഷകളെല്ലാം മണ്ണിലടിഞ്ഞുപോയെന്നോ കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടായെന്നോ പറഞ്ഞുകൊള്ളുക! (തർയാഖുൽ ഖുലൂബ്, റൂഹാനി ഖസാഇൻ വാല്യം 15 പേജ് 159, )

ഇസ്‌ലാം ആത്മീയ നിലനില്പിനുവേണ്ടി ജീവനും, ധനവും ത്യാഗം ചെയ്യാൻ ആവശ്യപ്പെടുന്നു. **അല്ലാഹു ഇന്നല്ലാഹശ്ത്തറാ മിനൽ മുഅ്മിനീന അൻഫുസഹും വ അംവാലഹും ബിഅന്നലഹുമുൽ ജന്ന** എന്ന വചനത്തിൽ പറഞ്ഞതുപോലെ.(9:112). വിശ്വാസികളിൽനിന്ന് അവർക്ക് സ്വർഗമുണ്ട് എന്ന ഉറപ്പിന്മേൽ അല്ലാഹു അവരുടെ ജീവനും ധനവും വിലക്കുവാങ്ങിയിരിക്കുന്നു. നബി(സ)തിരുമേനിയുടെ സ്വഹാബത്ത് ഇസ്‌ലാമിനുവേണ്ടി അല്ലെങ്കിൽ ആത്മീയമായ അനശ്വരതയ്ക്കും അതിന്റെ സ്ഥാപനത്തിനും വേണ്ടി എന്നു പറഞ്ഞുകൊള്ളുക, കണക്കില്ലാതെ ജീവനും ധനവും ത്യാഗം ചെയ്തു. ചുരുക്കത്തിൽ യഥാർഥവും അനശ്വരവുമായ ജീവിതം പരലോകജീവിതമാണ്. അതിനു മുമ്പിൽ ഇഹലോകജീവിതവും, ഭൗതികമായ ധനവും സമ്പത്തും നിഷ്പ്രഭമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു: **വ ഇന്നദ്ദാറൽആഖിറത്ത ലഹിയൽഹയവാനു ലൗ കാനൂ യഅ്ലമൂൻ** യഥാർഥ ജീവിതം പരലോകജീവിതം തന്നെയാണ്; ഇക്കാര്യം അവർ അറിഞ്ഞിരുന്നുവെങ്കൽ! വീണ്ടും പറയുന്നു: **ബൽതുഅ്സിറൂനൽ ഹയാത്തദ്ദുൻയാ വൽ**

## ഉള്ളടക്കം


"അഹ്മദിയ്യാ ജമാഅത്തും മാനവിക സേവനവും"

ബദ്ർ സ്പെഷ്യൽ പതിപ്പിന് അമീറുൽ മുഅ്മിനീന്റെ സന്ദേശം

ഹദ്റത്ത് മസീഹ് മൗഊദ്(അ) മനുഷ്യകുലത്തിന്റെ സേവകൻ

മാനവിക സേവനത്തെ സംബന്ധിച്ചുള്ള വിശുദ്ധ ഖുർആനിന്റെ പരിശുദ്ധമായ അധ്യാപനങ്ങൾ

മാനവികസേവയെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പരിശുദ്ധ അധ്യാപനങ്ങൾ

സഹതാപം മുസ്‌ലിംകളിൽ മാത്രം പരിമിതമാക്കരുത്

വാഗ്ദത്ത മസീഹും മാനവരാശിയോടുള്ള അനുകമ്പയും

മാനവികതയുടെ മഹത്ത്വവും ആദരവും; ഖുർആനിക അധ്യാപനങ്ങൾ

അഹ്മദിയ്യാ ജമാഅത്തിന്റെ മാനവികസേവനവും മറ്റുള്ളവരുടെ പ്രതികരണങ്ങളും

ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്); ഹോമിയോപ്പതിയും ആതുരശുശ്രൂഷയും

നബി(സ)തിരുമേനി; പ്രപഞ്ചമഖിലത്തിനും കാരുണ്യം

മൂന്നാംലോക മഹായുദ്ധവും മനുഷ്യരാശിയുടെ രക്ഷയും അഹ്മദിയ്യാ ജമാഅത്തിന്റെ സേവനവും

ആഗോളസമാധാന സംസ്ഥാപനവും ഖലീഫത്തുൽ മസീഹിന്റെ പരിശ്രമവും


**ആഖിറത്തു ഖയ്റുൻവ്വഅബ്ഖാ** എന്നാൽ, നിങ്ങൾ ഐഹികജീവിതത്തിന് മുൻഗണന നല്കുന്നു. വാസ്തവത്തിൽ പരലോക ജീവിതം ഏറ്റവും ഉത്തമവും ശാശ്വതവുമാണ്. (87:17 –18)ദൈവനിയോഗിതനും മുർസലും ലോകത്ത് വരുന്നത് ബഹുദൈവാരാധനയേയും സത്യനിഷേധത്തേയും വ്യർഥമായവിശ്വാസാദർശങ്ങളേയും ദുഷിച്ച ചിന്താഗതികളേയും ഉച്ചാടനം ചെയ്തും മാനവരാശിയുടെ ബന്ധം അല്ലാഹുവുമായി ചേർത്തും പരലോകയാത്രയെ സുഗമവും സ്വാദിഷ്ടവും ആക്കുക എന്നതിനാണ്. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇതിന്റെ അടിസ്ഥാനത്തിൽ, തന്നെ മാനവരാശിയുടെ സേവകനെന്ന് പറഞ്ഞു.

അവിടന്ന് ആത്മീയാടിസ്ഥാനത്തിൽ മാനവരാശിക്ക് എന്തുസേവനമാണ് ചെയ്തതെന്ന വിഷയം സുദീർഘമാണ്. ആ മഹാത്മാവ് ചെയ്ത ചില വലിയ വലിയ സേവനങ്ങൾ ചുരുക്കി താഴെ രേഖപ്പെടുത്തുകയാണ്. അവിടന്ന് തന്റെ യജമാനരായ സയ്യിദുനാ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ പൂർണ പ്രതിബിംബമെന്ന നിലയിൽ മുഴുലോകത്തിനും മുഴുവൻ മാനവരാശിക്കുംവേണ്ടി മനുഷ്യരിലേക്ക് നിയോഗിതനായി. അവിടന്ന്

ശേഷം പേജ് 11 ൽ

**മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉത്കൃഷ്ടസമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ലകാര്യങ്ങൾ നിർദേശിക്കുകയും ചീത്തക്കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.**

# മാനവിക സേവനത്തെ സംബന്ധിച്ചുള്ള വിശുദ്ധ ഖുർആനിന്റെ പരിശുദ്ധമായ അധ്യാപനങ്ങൾ

## അല്ലാഹു സകലസൃഷ്ടികളേയും പരിപാലിക്കുന്നവൻ:

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ

അൽഹംദുലില്ലാഹി റബ്ബിൽ ആലമീൻ. (സൂറഃഫാത്തിഹ: 2)
സർവ്വലോകപരിപാലകനായ അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും.

## ഏറ്റവും ഉത്കൃഷ്ടസമുദായം:

كُنْتُمْ خَيْرَ اُمَّةٍ اُخْرِجَتْ لِلنَّاسِ تَاْمُرُوْنَ بِالْمَعْرُوْفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُوْنَ بِاللّٰهِ (آل عمران:111)

മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേല്പിക്കപ്പെട്ട ഏറ്റവും ഉത്കൃഷ്ടസമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ലകാര്യങ്ങൾ നിർദേശിക്കുകയും ചീത്തക്കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു.(3:111)

## സൽപെരുമാറ്റം അനിവാര്യം:

وَاعْبُدُوا اللّٰهَ وَلَا تُشْرِكُوْا بِهٖ شَيْـًٔا وَّبِالْوَالِدَيْنِ اِحْسَانًا وَّبِذِي الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنِ وَالْجَارِ ذِي الْقُرْبٰى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْۢبِ وَابْنِ السَّبِيْلِ ۙ وَمَا مَلَكَتْ اَيْمَانُكُمْ ؕ اِنَّ اللّٰهَ لَا يُحِبُّ مَنْ كَانَ مُخْتَالًا فَخُوْرًا (النساء:37)

നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക. മറ്റൊന്നിനേയും അവന്റെ കൂടെ പങ്കുചേർക്കരുത്. മാതാപിതാക്കൾക്ക് നന്മ ചെയ്യുക. അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്തബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും നന്മ ചെയ്യുക. അഹംഭാവിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.(4:37)

## സത്യം പാലിച്ച യഥാർഥ ഭക്തജനം:

لَيْسَ الْبِرَّ اَنْ تُوَلُّوْا وُجُوْهَكُمْ قِبَلَ الْمَشْرِقِ وَالْمَغْرِبِ وَلٰكِنَّ الْبِرَّ مَنْ اٰمَنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَالْمَلٰٓئِكَةِ وَالْكِتٰبِ وَالنَّبِيّٖنَ ۚ وَاٰتَى الْمَالَ عَلٰى حُبِّهٖ ذَوِي الْقُرْبٰى وَالْيَتٰمٰى وَالْمَسٰكِيْنَ وَابْنَ السَّبِيْلِ ۙ وَالسَّآئِلِيْنَ وَفِي الرِّقَابِ ۚ وَاَقَامَ الصَّلٰوةَ وَاٰتَى الزَّكٰوةَ ۚ وَالْمُوْفُوْنَ بِعَهْدِهِمْ اِذَا عٰهَدُوْا ۚ وَالصّٰبِرِيْنَ فِي الْبَاْسَآءِ وَالضَّرَّآءِ وَحِيْنَ الْبَاْسِ ؕ اُولٰٓئِكَ الَّذِيْنَ صَدَقُوْا ؕ وَاُولٰٓئِكَ هُمُ الْمُتَّقُوْنَ (البقرة:178)

നിങ്ങളുടെ മുഖങ്ങൾ കിഴക്കും പടിഞ്ഞാറും തിരിക്കുന്നത് പുണ്യമൊന്നുമല്ല. എന്നാൽ, അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലും പ്രവാചകന്മാരിലും വിശ്വസിക്കുകയും അവനോടുള്ള സ്നേഹം നിമിത്തം അടുത്തബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും വഴിയാത്രക്കാരനും ധനസഹായം ആവശ്യപ്പെടുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ധനം നല്കുകയും നമസ്കാരം നിലനിറുത്തുകയും സക്കാത്ത് കൊടുക്കുകയും കരാർ ചെയ്താൽ തങ്ങളുടെ കരാർ പാലിക്കുകയും കഷ്ടപ്പാടിലും ദുരിതാവസ്ഥയിലും യുദ്ധാവസരത്തിലും സഹനം കൈക്കൊള്ളുകയും ചെയ്യുന്നവരത്രെ സാക്ഷാൽ പുണ്യാത്മാക്കൾ. അവർ സത്യം പാലിച്ചവരാണ്. അവർ തന്നെയാണ് യഥാർഥഭക്തന്മാർ.(2:178)

## സഹോദരങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക:

وَاِنْ طَآئِفَتٰنِ مِنَ الْمُؤْمِنِيْنَ اقْتَتَلُوْا فَاَصْلِحُوْا بَيْنَهُمَا ۚ فَاِنْۢ بَغَتْ اِحْدٰىهُمَا عَلَى الْاُخْرٰى فَقَاتِلُوا الَّتِيْ تَبْغِيْ حَتّٰى تَفِيْٓءَ اِلٰٓى اَمْرِ اللّٰهِ ۚ فَاِنْ فَآءَتْ فَاَصْلِحُوْا بَيْنَهُمَا بِالْعَدْلِ وَاَقْسِطُوْا ؕ اِنَّ اللّٰهَ يُحِبُّ الْمُقْسِطِيْنَ ○ اِنَّمَا الْمُؤْمِنُوْنَ اِخْوَةٌ فَاَصْلِحُوْا بَيْنَ اَخَوَيْكُمْ وَاتَّقُوا اللّٰهَ لَعَلَّكُمْ تُرْحَمُوْنَ (الحجرات:10،11)

വിശ്വാസികളിൽപെട്ട രണ്ട് വിഭാഗങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടാൽ നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരിൽ ഒരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോട് അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെ ഇടയിൽ ന്യായപൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു. സത്യവിശ്വാസികൾ പരസ്പരം സഹോദരങ്ങൾതന്നെയാണ്. അതിനാൽ നിങ്ങളുടെ രണ്ട് സഹോദരങ്ങൾക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുക. നിങ്ങൾക്ക് കരുണ ചെയ്യപ്പെടുന്നതിനുവേണ്ടി.(49:10-11)

## പരിഹാസം, പരദൂഷണം തുടങ്ങിയവ വർജിക്കുക:

يٰٓاَيُّهَا الَّذِيْنَ اٰمَنُوْا لَا يَسْخَرْ قَوْمٌ مِّنْ قَوْمٍ عَسٰٓى اَنْ يَّكُوْنُوْا خَيْرًا مِّنْهُمْ وَلَا نِسَآءٌ مِّنْ نِّسَآءٍ عَسٰٓى اَنْ يَّكُنَّ خَيْرًا مِّنْهُنَّ ۚ وَلَا تَلْمِزُوْٓا اَنْفُسَكُمْ وَلَا تَنَابَزُوْا بِالْاَلْقَابِ ؕ بِئْسَ الِاسْمُ الْفُسُوْقُ بَعْدَ الْاِيْمَانِ ۚ وَمَنْ لَّمْ يَتُبْ فَاُولٰٓئِكَ هُمُ الظّٰلِمُوْنَ ○ يٰٓاَيُّهَا الَّذِيْنَ اٰمَنُوا اجْتَنِبُوْا كَثِيْرًا مِّنَ الظَّنِّ ۫ اِنَّ بَعْضَ الظَّنِّ اِثْمٌ وَّلَا تَجَسَّسُوْا وَلَا يَغْتَبْ بَّعْضُكُمْ بَعْضًا ؕ اَيُحِبُّ اَحَدُكُمْ اَنْ يَّاْكُلَ لَحْمَ اَخِيْهِ مَيْتًا فَكَرِهْتُمُوْهُ ؕ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ تَوَّابٌ رَّحِيْمٌ (الحجرات:12،13)

വിശ്വസിച്ചവരേ! ഒരു ജനം മറ്റൊരു ജനത്തെ പരിഹസിക്കരുത്. ഒരു പക്ഷേ, അവർ (പരിഹസിക്കപ്പെടുന്നവർ) ഇവരേക്കാൾ (പരിഹസിക്കുന്നവരേക്കാൾ) ഉത്തമരായിരിക്കും. സ്ത്രീകൾ മറ്റു സ്ത്രീകളേയും പരിഹസിക്കരുത്. ഒരുപക്ഷേ, അവർ (പരിഹസിക്കപ്പെടുന്ന സ്ത്രീകൾ) ഇവരേക്കാൾ (പരിഹസിക്കുന്ന സ്ത്രീകളേക്കാൾ) ഉത്തമകളായിരിക്കും. നിങ്ങൾ നിങ്ങളുടെ സ്വന്തം ആളുകളെ അപകീർത്തിപെടുത്തരുത്. നിങ്ങൾ പരസ്പരം ചീത്തപ്പേര് വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരണത്തിൽ നിന്ന് അകന്നുപോകുന്നത് ചീത്തപ്പേരിന് കാരണമാകുന്നതാണ്. പശ്ചാത്തപിച്ച് മടങ്ങാത്തവരാരോ അവർതന്നെയാണ് അധർമികൾ. വിശ്വസിച്ചവരേ! ഊഹങ്ങളിൽ അധികവും നിങ്ങൾ ഒഴിവാക്കുവിൻ. കാരണം ചില ഊഹങ്ങൾ കുറ്റകരമാണ്. നിങ്ങൾ (അന്യരുടെ സ്ഥിതികൾ) ചുഴിഞ്ഞുനോക്കരുത്. നിങ്ങളിൽ ചിലർ മറ്റു ചിലരെ അവരുടെ അഭാവത്തിൽ ദുഷിക്കയുമരുത്. നിങ്ങളിൽ ആരെങ്കിലും തന്റെ മരിച്ചുകിടക്കുന്ന സഹോദരന്റെ മാംസം ഭക്ഷിക്കാൻ ഇഷ്ടപ്പെടുമോ? അത് നിങ്ങൾ വെറുക്കുന്നുവല്ലോ. നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു സർവ്വഥാ കാരുണ്യത്തോടെ മടങ്ങുന്നവനും കരുണാമയനുമാകുന്നു.(49:12-13)

## നന്മയിലും ഭക്തിയിലും പരസ്പരം സഹായിക്കുക:

وَلَا يَجْرِمَنَّكُمْ شَنَاٰنُ قَوْمٍ اَنْ صَدُّوْكُمْ عَنِ الْمَسْجِدِ الْحَرَامِ اَنْ تَعْتَدُوْا ۘ وَتَعَاوَنُوْا عَلَى الْبِرِّ وَالتَّقْوٰى ۪ وَلَا تَعَاوَنُوْا عَلَى الْاِثْمِ وَالْعُدْوَانِ ۪ وَاتَّقُوا اللّٰهَ ؕ اِنَّ اللّٰهَ شَدِيْدُ الْعِقَابِ (المائدة:3)

ഒരു ജനതയ്ക്ക് നിങ്ങളോടുള്ള വെറുപ്പ് അവരോട് അതിക്രമം പ്രവർത്തിക്കുന്നതിന് നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നന്മയിലും അല്ലാഹുവിന്റെ വിധിവിലക്കുകൾ സൂക്ഷ്മമായി പാലിക്കുന്ന കാര്യത്തിലും നിങ്ങൾ അന്യോന്യം സഹായിക്കുക. പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. നിശ്ചയമായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു. (5:3)

## സ്വന്തം ജീവനെക്കാൾ മറ്റുള്ളവരെ മുന്തിക്കുന്നവർ:

وَالَّذِيْنَ تَبَوَّؤُ الدَّارَ وَالْاِيْمَانَ مِنْ قَبْلِهِمْ يُحِبُّوْنَ مَنْ هَاجَرَ اِلَيْهِمْ وَلَا يَجِدُوْنَ فِيْ صُدُوْرِهِمْ حَاجَةً مِّمَّآ اُوْتُوْا وَيُؤْثِرُوْنَ عَلٰٓى اَنْفُسِهِمْ وَلَوْ كَانَ بِهِمْ خَصَاصَةٌ ۫ وَمَنْ يُّوْقَ شُحَّ نَفْسِهٖ فَاُولٰٓئِكَ هُمُ الْمُفْلِحُوْنَ (الحشر:10)

മുമ്പേ അവർക്ക് (അഭയാർഥികൾക്ക്) വീടൊരുക്കിവെക്കുകയും സത്യവിശ്വാസം സ്വീകരിക്കുകയും ചെയ്തവർക്കുള്ളതാണ് ആ ധനം. അവരുടെ അടുക്കൽ അഭയാർഥികളായി വന്നവരെ അവർ സ്നേഹിക്കുന്നു. അവർക്ക് (അഭയാർഥികൾക്ക്) നല്കപ്പെട്ടതിൽ അവർ ഒരാവശ്യവും തങ്ങളുടെ ഹൃദയങ്ങളിൽ കണ്ടെത്തുന്നില്ല. തങ്ങൾക്ക് ദാരിദ്ര്യം ഉണ്ടെങ്കിൽപോലും അവർ തങ്ങളേക്കാൾ (അഭയാർഥികൾക്ക്) മുൻഗണന കല്പിക്കുന്നു. വല്ലവരും തങ്ങളുടെ മനസ്സിന്റെ പിശുക്കിൽനിന്ന് സുരക്ഷിതരായാൽ അവർ തന്നെയാണ് വിജയികൾ.(....:10)

......☆......☆......☆......

**കരുണ ചെയ്യുന്നവരുടെമേൽ കാരുണ്യവാനായ അല്ലാഹു കരുണ ചെയ്യുന്നതായിരിക്കും. നിങ്ങൾ ഭൂവാസികളുടെമേൽ കരുണ ചെയ്യുക. ആകാശത്തുള്ളവൻ നിങ്ങളിൽ കരുണ ചെയ്യും.**

---

# മാനവികസേവയെ സംബന്ധിച്ച് നബി(സ)തിരുമേനിയുടെ പരിശുദ്ധ അധ്യാപനങ്ങൾ

## അല്ലാഹുവിന്റെ കുടുംബം:

عَنْ عَبْدِ اللّٰهِ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: اَلْخَلْقُ عِيَالُ اللّٰهِ فَاَحَبُّ الْخَلْقِ اِلَى اللّٰهِ مَنْ اَحْسَنَ اِلٰى عِيَالِهٖ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: സൃഷ്ടികളെല്ലാം അല്ലാഹുവിന്റെ കുടുംബമാണ്. തങ്ങളുടെ കുടുംബക്കാരോടു നല്ലരീതിയിൽ പെരുമാറുന്നവനും അവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുന്നവനുമാണ് തന്റെ സൃഷ്ടികളിൽ അല്ലാഹുവിന് ഏറ്റവും കൂടുതൽ പ്രിയപ്പെട്ടവർ.(ബയ്ഹഖി)

## ഭൂവാസികളുടെമേൽ കരുണ ചെയ്യുക:

عَنْ عَبْدِ اللّٰهِ بْنِ عَمْرٍو رَضِيَ اللّٰهُ عَنْهُ يَبْلُغُ بِهِ النَّبِيَّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: اَلرَّاحِمُوْنَ يَرْحَمُهُمُ الرَّحْمٰنُ اِرْحَمُوْا اَهْلَ الْاَرْضِ يَرْحَمْكُمْ مَنْ فِي السَّمَاءِ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അംറ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: കരുണ ചെയ്യുന്നവരുടെമേൽ കാരുണ്യവാനായ അല്ലാഹു കരുണ ചെയ്യുന്നതായിരിക്കും. നിങ്ങൾ ഭൂവാസികളുടെമേൽ കരുണ ചെയ്യുക; ആകാശത്തുള്ളവൻ നിങ്ങളിൽ കരുണ ചെയ്യും.(അബൂദാവൂദ്)

## ഏകോദരസഹോദരരായി ജീവിക്കുക:

عَنِ ابْنِ عُمَرَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: لَا تَحَاسَدُوْا وَلَا تَنَاجَشُوْا وَلَا تَبَاغَضُوْا وَلَا تَدَابَرُوْا وَلَا يَبِعْ بَعْضُكُمْ عَلٰى بَيْعِ بَعْضٍ، وَكُوْنُوْا عِبَادَ اللّٰهِ اِخْوَانًا. اَلْمُسْلِمُ اَخُو الْمُسْلِمِ: لَا يَظْلِمُهٗ وَلَا يَحْقِرُهٗ وَلَا يَخْذُلُهٗ اَلتَّقْوٰى هٰهُنَا. وَيُشِيْرُ اِلٰى صَدْرِهٖ ثَلَاثَ مَرَّاتٍ بِحَسْبِ امْرِئٍ مِّنَ الشَّرِّ اَنْ يَحْقِرَ اَخَاهُ الْمُسْلِمَ كُلُّ الْمُسْلِمِ عَلَى الْمُسْلِمِ حَرَامٌ دَمُهٗ وَمَالُهٗ وَعِرْضُهٗ۔

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: പരസ്പരം അസൂയപ്പെടരുത്. പരസ്പരം നഷ്ടമുണ്ടാക്കുന്നതിന് വില കയറ്റിപറയരുത്. പരസ്പരം വെറുപ്പുവച്ചുപുലർത്തരുത്. പരസ്പരം പിന്തിരിഞ്ഞു നടക്കരുത്. അതായത് ബന്ധം അറ്റുപോകുന്ന നിലപാട് സ്വീകരിക്കരുത്. മറ്റുള്ളവരുടെ കച്ചവടത്തിനുമേൽ കച്ചവടം ചെയ്യരുത്. എന്നല്ല അല്ലാഹുവിന്റെ ദാസർ പരസ്പരം സഹോദരന്മാരായിരിക്കുക. മുസ്ലിം തന്റെ സഹോദരന്റെമേൽ അക്രമം ചെയ്യുകയില്ല. അവനെ അപമാനിക്കുകയില്ല. അവനെ നാണംകെടുത്തുകയോ നിന്ദിക്കുകയോ ഇല്ല. നബി(സ) തിരുമേനി തന്റെ നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് പറഞ്ഞു:തഖ്വാ അഥവാ ഈശ്വരഭക്തി ഇവിടെയാണ്. ഈ വാക്കുകൾ അവിടന്ന് മൂന്ന് പ്രാവശ്യം ആവർത്തിച്ചു. എന്നിട്ട് പറഞ്ഞു: തന്റെ മുസ്ലിം സഹോദരനെ നിന്ദാദൃഷ്ടിയോടെ നോക്കുക എന്നതുതന്നെ മനുഷ്യന്റെ ദുർഭാഗ്യത്തിന് മതിയായതാണ്. ഓരോ മുസൽമാന്റേയും രക്തവും ധനവും ആദരവും അഭിമാനവും മറ്റു മുസ്ലിമിന് നിഷിദ്ധവും അവനെ ആദരിക്കൽ നിർബന്ധവുമാണ്. (മുസ്ലിം)

## മൂന്നാളുകൾ പുനരുത്ഥാനനാളിൽ ചോദ്യം ചെയ്യപ്പെടും:

عَنْ اَبِيْ هُرَيْرَةَ رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: قَالَ اللّٰهُ تَعَالٰى ثَلَاثَةٌ اَنَا خَصْمُهُمْ يَوْمَ الْقِيَامَةِ، رَجُلٌ اَعْطٰى بِيْ ثُمَّ غَدَرَ وَرَجُلٌ بَاعَ حُرًّا فَاَكَلَ ثَمَنَهٗ وَرَجُلٌ اسْتَأْجَرَ اَجِيْرًا فَاسْتَوْفٰى مِنْهُ وَلَمْ يُعْطِهٖ اَجْرَهٗ۔

ഹദ്റത്ത് അബൂഹുറയ്റ(റ)വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു, ഖിയാമത്തുന്നാളിൽ ഞാൻ കഠിനമായി ചോ ദ്യം ചെയ്യുന്ന മൂന്നുതരം ആളുകളുണ്ട്. ഒന്ന്, എന്റെ പേരിൽ അഭയം നല്കുകയും പിന്നീട് വഞ്ചിക്കുകയും ചെയ്തവർ. രണ്ട്, സ്വതന്ത്രനെ പിടിച്ച് വിൽക്കുകയും അതിന്റെ വിലവാങ്ങി തിന്നുകയും ചെയ്യുന്നവർ. മൂന്ന് ജോലിക്കുവേണ്ടി ആളെ വെക്കുകയും അയാളെക്കൊണ്ട് മുഴുവൻ ജോലിയും ചെയ്യിക്കുകയും എന്നാൽ, നിശ്ചിതവേതനം നല്കാതിരിക്കുകയും ചെയ്യുന്നവർ.(ബുഖാരി)

## മാതാപിതാക്കളോടുള്ള സ്നേഹവും വാത്സല്യത്തോടെയുള്ള പെരുമാറ്റവും:

عَنْ جَابِرٍ ؓ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ: ثَلَاثٌ مَنْ كُنَّ فِيْهِ نَشَرَ اللّٰهُ عَلَيْهِ كَنَفَهٗ وَاَدْخَلَهُ الْجَنَّةَ رِفْقٌ بِالضَّعِيْفِ وَالشَّفَقَةُ عَلَى الْوَالِدَيْنِ وَالْاِحْسَانُ اِلَى الْمَمْلُوْكِ۔ (ترمذی صفۃ القیامۃ)

ഹദ്റത്ത് ജാബിർ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: ആരിലാണോ മൂന്നു കാര്യങ്ങൾ ഉള്ളത് അല്ലാഹു അവനെ തന്റെ സംരക്ഷണത്തിലും കാരുണ്യത്തിലും വെക്കുകയും സ്വർഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യുന്നതാണ്. ഒന്ന്, ദുർബലരോടു കരുണ ചെയ്യുന്നവൻ. രണ്ട്, മാതാപിതാക്കളെ സ്നേഹിക്കുന്നവൻ. മൂന്ന് സേവകരോടും ജോലിക്കാരോടും നല്ലരീതിയിൽ പെരുമാറുന്നവൻ(തുർമുദി)

## കുടുംബബന്ധം നിലനിറുത്തേണ്ടതാണ്

عَنْ اَنَسِ بْنِ مَالِكٍ رَضِيَ اللّٰهُ عَنْهُ قَالَ: سَمِعْتُ رَسُوْلَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ يَقُوْلُ: مَنْ سَرَّهٗ اَنْ يُّبْسَطَ عَلَيْهِ رِزْقُهٗ اَوْ يُنْسَأَ فِيْ اَثَرِهٖ فَلْيَصِلْ رَحِمَهٗ۔

ഹദ്റത്ത് അനസ് ബിൻ മാലിക്(റ) വിവരിക്കുന്നു. ഞാൻ നബി(സ) തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. ജീവിതവിഭവത്തിൽ സമൃദ്ധി വേണമെന്നും അല്ലെങ്കിൽ തന്റെ ആയുസും തന്നെകുറിച്ചുള്ള നല്ലഅഭിപ്രായവും വർധിക്കണമെന്നും ആഗ്രഹിക്കുന്നവൻ കുടുംബബന്ധംപുലർത്തേണ്ടതാണ്. അതായത് തന്റെ ബന്ധുക്കളുമായി നല്ലരീതിയിൽ ജീവിക്കേണ്ടതാണ്. (മുസ്ലിം)

## ഏറ്റവും നല്ല വീട്:

عَنْ اَبِيْ هُرَيْرَةَ رَضِيَ اللّٰهُ عَنْهُ عَنِ النَّبِيِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ: خَيْرُ بَيْتٍ فِي الْمُسْلِمِيْنَ بَيْتٌ فِيْهِ يَتِيْمٌ يُحْسَنُ اِلَيْهِ وَشَرُّ بَيْتٍ فِي الْمُسْلِمِيْنَ بَيْتٌ فِيْهِ يَتِيْمٌ يُسَاءُ اِلَيْهِ۔ (ابن ماجہ ابواب الادب، باب حق الیتیم)

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "മുസ്ലിംകളുടെ വീടുകളിൽവച്ച് ഏറ്റവും നല്ലത് അനാഥരോട് നല്ലരീതിയിൽ പെരുമാറുന്ന വീടാണ്. മുസ്ലിംകളുടെ വീടുകളിൽ വച്ച് ഏറ്റവും മോശപ്പെട്ടത് അനാഥരോട് മോശമായി പെരുമാറുന്ന വീടാണ്."(ഇബ്നുമാജ)

## ജനങ്ങൾക്ക് നഷ്ടമുണ്ടാക്കരുത്:

عَنْ اَبِيْ ذَرٍّ رَضِيَ اللّٰهُ عَنْهُ قَالَ: قُلْتُ يَا رَسُوْلَ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ! اَيُّ الْاَعْمَالِ اَفْضَلُ؟ قَالَ...... تَكُفُّ شَرَّكَ عَنِ النَّاسِ فَاِنَّهَا صَدَقَةٌ مِّنْكَ عَلٰى نَفْسِكَ۔

ഹദ്റത്ത് അബൂദർ(റ) വിവരിക്കുന്നു. ഞാൻ നബി(സ) തിരുമേനിയോട് ചോദിച്ചു: കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ കർമമേതാണ്? നബി(സ) തിരുമേനി പറഞ്ഞു:...... "ജനങ്ങൾക്ക് നഷ്ടമുണ്ടാക്കുന്നതിൽനിന്ന് രക്ഷപ്പെടുക. കാരണം ഇതും നിന്നിൽനിന്നുള്ള ഒരു ദാനധർമവും നിനക്ക് പ്രയോജനം ചെയ്യുന്നതുമാണ്."(മുസ്ലിം)

## ഉത്തമരായ കൂട്ടുകാർ

عَنْ عَبْدِ اللّٰهِ بْنِ عَمْرٍو رَضِيَ اللّٰهُ عَنْهُ قَالَ: قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ خَيْرُ الْاَصْحَابِ عِنْدَ اللّٰهِ خَيْرُهُمْ لِصَاحِبِهٖ وَخَيْرُ الْجِيْرَانِ عِنْدَ اللّٰهِ خَيْرُهُمْ لِجَارِهٖ۔

ഹദ്റത്ത് അബ്ദുല്ലാഹ്ബിൻ അംറ്(റ) വിവരിക്കുന്നു. നബി(സ) തിരുമേനി പറഞ്ഞു: "അല്ലാഹുവിന്റെ പക്കൽ കൂട്ടുകാരിൽ വച്ച് ഏറ്റവും നല്ല കൂട്ടുകാരൻ തന്റെ കൂട്ടുകാരന് നല്ലവനായിട്ടുള്ളവനാണ്. അയൽവാസികളിൽ ഏറ്റവും നല്ല അയൽവാസി തന്റെ അയൽവാസിയോട് നല്ലരീതിയിൽ പെരുമാറുന്നവനാണ്."(തുർമുദി)

......☆......☆......☆......

## അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പ ധാരാളം കാണിക്കുകയും സൃഷ്ടികളോടുള്ള കടമകൾ പൂർണമായും നിറവേറ്റുകയും ചെയ്യുക.

## ദരിദ്രരോട് നല്ലരീതിയിൽ പെരുമാറാതെ അവരെ നിന്ദ്യരായി മനസ്സിലാക്കുന്നവർ സ്വയം ആ മുസ്വീബത്തിൽ അകപ്പെടുമോ എന്ന് എനിക്ക് ആശങ്കയുണ്ട്.

# സഹതാപം മുസ്‌ലിംകളിൽ മാത്രം പരിമിതമാക്കരുത്:

"അഹങ്കാരി മറ്റുള്ളവരോടു യഥാർഥ സഹതാപം കാണിക്കുന്നവനാകുകയില്ല. നിങ്ങളുടെ സഹതാപം മുസ്‌ലിംകളിൽ മാത്രം പരിമിതമാക്കാതിരിക്കുക. പ്രത്യുത എല്ലാവരോടും സഹതാപം കാണിക്കുക. ഒരു ഹിന്ദുവിനോട് സഹതാപം കാണിക്കാത്തവനാണെങ്കിൽ ഇസ്‌ലാമിന്റെ സത്യമായ വസ്വിയ്യത്തുകൾ അവനെങ്ങനെ പ്രാപിക്കാനാണ്? അല്ലാഹു എല്ലാവരുടേയും റബ്ബ്(രക്ഷിതാവ്) ആകുന്നു. അതെ! മുസ്‌ലിംകളോട് പ്രത്യേകമായും സഹതാപം കാണിച്ചുകൊള്ളുക. പിന്നീട് മുത്തഖികളോടും സ്വാലിഹീംകളോടും അതിനേക്കാൾ കൂടുതൽ പ്രത്യേകതയോടെ സഹതാപം കാണിക്കുക. ധനത്തോടും ഭൗതികതയോടും ആത്മബന്ധം അരുത്. ഇതിന്റെ ഉദ്ദേശ്യം കച്ചവടം തുടങ്ങിയവ ഉപേക്ഷിക്കുക എന്നതല്ല. മറിച്ച്, **ദിൽബായാർ ഔർ ദസ്ത് ബാകാർ**(തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും മനസ്സ് പ്രിയപ്പെട്ടവനിൽ ആയിരിക്കേണ്ടതാണ്)എന്നതായിരിക്കണം. അല്ലാഹു തൊഴിലെടുക്കുന്നത് തടയുന്നില്ല. മറിച്ച്, ദുൻയാവിനെ ദീനിനേക്കാൾ മുന്തിക്കുന്നതാണ് തടയുന്നത്. അതുകൊണ്ട് നിങ്ങൾ ദീനിനെ മുന്തിക്കുക."(മൽഫൂദാത്ത്, വാല്യം 3, പേജ് 592, 2003 എഡിഷൻ)

**സൃഷ്ടികളോടു വാത്സല്യം കാണിക്കുക:**

"നമ്മുടെ ജമാഅത്ത് നല്ലവണ്ണം ഓർക്കേണ്ടതാണ്; നിങ്ങളിലാരും മരിക്കുകയില്ലെന്ന് അല്ലാഹു ഒരിക്കലും വാഗ്ദാനം ചെയ്തിട്ടില്ല. അതെ! അല്ലാഹു പറയുന്നു: **അമ്മാ മാ യൻഫഉന്നാസ ഫയംകുഥു ഫിൽ അർളി**(13:18) തന്നെ ജനങ്ങൾക്ക് ഗുണമുള്ളവനാക്കുന്നവന്റെ ആയുസ് അല്ലാഹു വർധിപ്പിക്കുന്നതാണ്. അല്ലാഹുവിന്റെ സൃഷ്ടികളോടു അനുകമ്പ ധാരാളം കാണിക്കുകയും സൃഷ്ടികളോടുള്ള കടമകൾ പൂർണമായും നിറവേറ്റുകയും ചെയ്യുക."(മൽഫൂദാത്ത്, വാല്യം 3, പേജ് 303, 2003 എഡിഷൻ)

അവശരായ സഹോദരങ്ങളെ സഹായിക്കുകയും അവർക്ക് ശക്തി പകരുകയും ചെയ്യേണ്ടത് പതിവാക്കേണ്ടതാണ്. രണ്ട് സഹോദരന്മാരുണ്ട്. ഒരാൾക്ക് നീന്താനറിയാം. രണ്ടാമത്തവന് അറിയില്ല. ഒന്നാമന്റെ നിർബന്ധകടമ ഇതരനെ മുങ്ങുന്നതിൽനിന്ന് രക്ഷിക്കുന്നതാണോ അതല്ല അവനെ മുങ്ങാൻ വിടുന്നതാണോ? അവന്റെ നിർബന്ധകടമ, അവനെ മുങ്ങുന്നതിൽനിന്ന് രക്ഷിക്കുക എന്നതാണ്. അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ വന്നത് **തആവനൂ അലൽബിർറി വത്തഖ്‌വാ**(5:3) ദുർബലരായ സഹോദരങ്ങളുടെ ഭാരം വഹിക്കുക. കർമപരവും വിശ്വാസപരവും സാമ്പത്തികമായ പരാധീനതയിലും പങ്കുചേരുക. ശാരീരികമായ ബലഹീനതയ്ക്കും ചികിത്സ നടത്തുക. ദുർബലർക്ക് ശക്തരായവർ താങ്ങാകാത്തിടത്തോളം ഒരു ജമാഅത്തും യഥാർഥ ജമാഅത്താകുകയില്ല. അതിന്റെ രീതി അവരുടെ ദോഷങ്ങൾ മറച്ചുവെക്കുക എന്നതാണ്. സ്വഹാബാക്കൾക്കു നല്കപ്പെട്ട അധ്യാപനവും, പുതുമുസ്‌ലീംകളുടെ ബലഹീനതകൾ കണ്ട് ദ്വേഷപ്പെടരുത് എന്നായിരുന്നു. കാരണം നിങ്ങളും അവരെ പോലെ ബലഹീനരായിരുന്നു. ഇപ്രകാരം വലിയവർ ചെറിയവരെ സേവിക്കുകയും സ്നേഹത്തോടുകൂടി പെരുമാറുകയും ചെയ്യേണ്ടത് നിർബന്ധമാണ്. പരസ്പരം കടിച്ചുകീറി തിന്നുകയും നാലുപേർ കൂടിയിരുന്നാൽ അവിടെ ഇല്ലാത്ത സഹോദരനെക്കുറിച്ച് ദൂഷണം പറയുകയും വിമർശിക്കുകയും ബലഹീനരും ദരിദ്രരുമായവരെ അപമാനിക്കുകയും അവരെ നിന്ദാദൃഷ്ടിയോടും വെറുപ്പോടും കൂടി കാണുകയും ചെയ്യുന്ന ജമാഅത്ത് ജമാഅത്തല്ല. അങ്ങനെ ഒരിക്കലും പാടില്ല." (മൽഫൂദാത്ത്, വാല്യം 2, പേജ് 263, 2003 എഡിഷൻ)

ഗ്രാമീണരായ സ്ത്രീകൾ ഒരു ദിവസം മരുന്നു വാങ്ങാൻ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ പരിശോധിക്കുന്നതിലും മരുന്ന് കൊടുക്കുന്നതിലും മുഴുകി. അപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബ് പറഞ്ഞു: ഹദ്റത്ത്! ഇതൊരു വലിയ വിഷമം പിടിച്ച ജോലിയാണ്. ഇപ്രകാരം ഹുദൂറിന്റെ വിലപിടിച്ച സമയമാണ് നഷ്ടപ്പെടുന്നത്. അതിനു മറുപടിയായി ഹുദൂർ(അ) പറഞ്ഞു: ഇതും അത്തരത്തിലുള്ള ദീനീപരമായ ജോലിയാണ്. ഇവർ പാവത്തുങ്ങളാണ്. ഇവിടെ ഒരു ആശുപത്രിയുമില്ല. ഞാൻ ഇവർക്കുവേണ്ടി എല്ലാതരത്തിലുമുള്ള അലോപ്പതിയും യൂനാനിയുമായ മരുന്നുകൾ വാങ്ങിവെച്ചിരിക്കുന്നു. അത് സമയത്ത് പ്രയോജനപ്പെടുന്നു. ഇത് വലിയ പുണ്യകരമായ ജോലിയാണ്. മുഅ്മിനീംകൾ ഈ ജോലികളിൽ മടിയും അലസതയും കാണിക്കാൻപാടില്ല." (മൽഫൂദാത്ത്, വാല്യം 1, പേജ് 308, 2003 എഡിഷൻ)

യഥാർഥ കാര്യമെന്താണെന്നുവച്ചാൽ നമ്മുടെ സുഹൃത്തുക്കൾക്ക് നമ്മളുമായുള്ള ബന്ധം ശാരീരികാവയവങ്ങൾ പോലെയാണ്. ഇക്കാര്യം നമ്മുടെ നിത്യജീവിതത്തിൽ അനുഭവത്തിൽ വരുന്നുണ്ട്. വളരെ ചെറിയ ഒരു അവയവത്തിന് ഉദാഹരണമായി വിരലിലുണ്ടാകുന്ന വേദന മുഴുവൻ ശരീരത്തേയും അസ്വസ്ഥമാക്കുകയും വ്യാകുലപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ എല്ലാ സമയവും ഓരോ നിമിഷവും എന്റെ സുഹൃത്തുക്കൾ അവർ എത്രപേർ ഉണ്ടെങ്കിൽത്തന്നെയും എല്ലാതരത്തിലുള്ള സുഖത്തിലും സന്തോഷത്തിലും ഇരിക്കണമെന്നുള്ള വിചാരത്തിലും ചിന്തയിലുമാണിരിക്കുന്നതെന്ന് അല്ലാഹുവിന് നല്ലവണ്ണം അറിയാം. ഈ സഹതാപവും ഈ അനുകമ്പയും ഏതെങ്കിലും ആചാരോപചാരത്തിന്റേയോ ബാഹ്യപ്രകടനത്തിന്റേയോ അടിസ്ഥാനത്തിലല്ല. മറിച്ച്, ഏതുപോലെ മാതാവ് തനിക്ക് എത്ര മക്കളുണ്ടെങ്കിലും എല്ലാ ഓരോരുത്തർക്കും സുഖവും സന്തോഷവുമുണ്ടാകണമെന്ന ചിന്തയിൽ മുഴുകിയിരിക്കുന്നതുപോലെ ഞാൻ ദൈവത്തിനുവേണ്ടി എന്റെ മനസ്സിൽ സുഹൃത്തുക്കളോടുള്ള മനോവേദനയും വിഷമവും കാണുന്നു. ഈ സഹതാപം ഗതിമുട്ടിയ അവസ്ഥയിലാണുണ്ടാകുന്നത്; നമ്മുടെ സുഹൃത്തുക്കളിൽനിന്ന് ആരുടെയെങ്കിലും ഏതെങ്കിലും തരത്തിലുള്ള വിഷമങ്ങൾ എഴുതിയ കത്തുകളോ അല്ലെങ്കിൽ രോഗവിവരങ്ങൾ അടങ്ങിയ കത്തുകളോ എത്തുമ്പോൾ ശരീരത്തിൽ ഒരു അസ്വസ്ഥതയും പരിഭ്രമവുമുണ്ടാകുന്നു. ഒരു ദുഃഖമുണ്ടാകുന്നു. ആളുകൾ വർധിച്ചുകൊണ്ടുപോകുന്നതനുസരിച്ച് ഈ ദുഃഖവും വർധിക്കുന്നു. ആരെയെങ്കിലും കുറിച്ചുള്ള ചിന്തയും ദുഃഖവും ഇല്ലാത്തതായ ഒരു സമയവുമില്ല. കാരണം ഇത്രമാത്രം അധികം അംഗങ്ങളുള്ളവരിൽനിന്ന് ആരെങ്കിലും ഒരാൾ ഏതെങ്കിലും തരത്തിലുള്ള വിഷമത്തിലും ബുദ്ധിമുട്ടിലും അകപ്പെടുന്നു. അതിന്റെ വിവരം ലഭിക്കുമ്പോൾ ഇവിടെ മനസ്സിൽ അസ്വസ്ഥതയും നൊമ്പരുമുണ്ടാകുന്നു. എത്രത്തോളം സമയങ്ങളാണ് ദുഃഖങ്ങളിൽ കഴിച്ചുകൂട്ടുന്നതെന്ന് എനിക്ക് പറയാൻ കഴിയില്ല. കാരണം അത്തരം സങ്കടങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും മോചനം തരാൻ അല്ലാഹുവിനെ കൂടാതെ ഒരു അസ്തിത്വവുമില്ല. അതുകൊണ്ട് ഞാൻ എപ്പോഴും ദുആയിൽ മുഴുകുന്നു. ഏറ്റവും പ്രധാനപ്പെട്ട ദുആ "എന്റെ സുഹൃത്തുക്കളെ സങ്കടങ്ങളിൽനിന്നും വിഷമങ്ങളിൽനിന്നും കാത്തുരക്ഷിക്കേണമേ' എന്നതാണ്. കാരണം അവരുടെ വിഷമങ്ങളും അവരുടെ ദുഃഖവുമാണ് എന്നെ ദുഃഖത്തിൽ അകപ്പെടുത്തുന്നത്. പിന്നീട് ആർക്കെങ്കിലും എന്തെങ്കിലും വിഷമമോ ബുദ്ധിമുട്ടോ വന്നിട്ടുണ്ടെങ്കിൽ അത് അകറ്റികൊടുക്കുന്നതിനും അതിൽനിന്ന് അവരെ കരകയറ്റുന്നതിനും വേണ്ടി ഞാൻ മൊത്തത്തിൽ എല്ലാവർക്കുവേണ്ടിയും ദുആ ചെയ്യുന്നു. എല്ലാ ഉത്സാഹവും എല്ലാ ആവേശവും അല്ലാഹുവിനോട് ദുആ ചെയ്യണമെന്നുതന്നെയാണ്. ദുആ സ്വീകരിക്കുമെന്നതിൽ വലിയ വലിയ പ്രതീക്ഷകളാണുള്ളത്." (മൽഫൂദാത്ത്, വാല്യം 1, പേജ് 66, 2003 എഡിഷൻ)

**അത്യുന്നതമായ ആരാധന:**

ഒരു ഹദീഥിൽ വന്നിരിക്കുന്നു. പുനരുഥാനനാളിൽ അല്ലാഹു ചില മനുഷ്യരോട് പറയും. നിങ്ങൾ വലിയ പുണ്യവാളന്മാരാണ്. ഞാൻ നിങ്ങളെക്കൊണ്ട് വളരെ സന്തോഷിക്കുന്നു. കാരണം ഞാൻ വിശക്കുന്നവനായിരുന്നു. നിങ്ങൾ എനിക്ക് ഭക്ഷണം നല്കി. ഞാൻ നഗ്നനായിരുന്നു. നിങ്ങൾ എനിക്ക് വസ്ത്രം നല്കി. ഞാൻ ദാഹമുള്ളവനായിരുന്നു. നിങ്ങൾ എനിക്ക് വെള്ളം തന്നു. ഞാൻ രോഗിയായിരുന്നു. നിങ്ങൾ എന്നെ സന്ദർശിച്ചു. അവർ ചോദിക്കും: "അല്ലാഹുവേ! നീ ഇക്കാര്യങ്ങളിൽനിന്ന് പരിശുദ്ധനാണല്ലോ? എപ്പോഴാണ് നീ ഇങ്ങനെ വന്നതും ഞങ്ങൾ നിന്നോട് ഇങ്ങനെ പെരുമാറിയതും.' അപ്പോൾ അല്ലാഹു പറയും: "എന്റെ ഇന്നയിന്ന ദാസന്മാർ അങ്ങനെയുള്ളവരായിരുന്നു. നിങ്ങൾ അവരെ സംരക്ഷിച്ചു. അക്കാര്യം നിങ്ങൾ എന്നോട് ചെയ്തതുപോലെയാണ്! പിന്നീട് മറ്റൊരു സംഘത്തെ കൊണ്ടുവരും. അവരോട് അല്ലാഹു ചോദിക്കും: "നിങ്ങൾ എന്നോട് മോശമായി പെരുമാറി. ഞാൻ വിശപ്പുള്ളവനായിരുന്നു. നിങ്ങൾ എനിക്ക് ഭക്ഷണം തന്നില്ല. എനിക്ക് ദാഹമുണ്ടായിരുന്നു. എനിക്ക് കുടിക്കാൻ തന്നില്ല. ഞാൻ നഗ്നനായിരുന്നു. വസ്ത്രം തന്നില്ല. ഞാൻ രോഗിയായിരുന്നു. എന്നെ നിങ്ങൾ സന്ദർശിച്ചില്ല.' അപ്പോൾ അവർ പറയും: അല്ലാഹുവേ നീ ഇക്കാര്യങ്ങളിൽനിന്നെല്ലാം പരിശുദ്ധനാണല്ലോ? നീ ഞങ്ങളുടെ അടുത്ത് വന്നതും ഞങ്ങൾ നിന്നോട് അങ്ങനെ പെരുമാറിയതും എപ്പോഴാണ്? അപ്പോൾ അല്ലാഹു പറയും: എന്റെ ഇന്നയിന്ന ദാസർ ഈ അവസ്ഥയിലുള്ളവരായിരുന്നു. നിങ്ങൾ അവരോട് ഒരു സഹതാപവും സൽപെരുമാറ്റവും കാണിച്ചില്ല. അത് എന്നോട് പെരുമാറിയതുപോലെയാണ്.

ചുരുക്കത്തിൽ മനുഷ്യകുലത്തിനോടു വാത്സല്യവും സഹതാപവും കാണിക്കുക എന്നത് വളരെ വലിയ ആരാധനയാണ്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ഒരു വമ്പിച്ച മാർഗമാണിത്. എന്നാൽ, ഈ വശത്ത് വലിയ ബലഹീനതകൾ ഉണ്ടാകുന്നതായി ഞാൻ കാണുന്നു. മറ്റുള്ളവരെ താഴ്ന്നവരായി മനസ്സിലാക്കുന്നു. അവരെ പരിഹസിക്കുന്നു. അവരെ സംരക്ഷിക്കുകയും ഏതെങ്കിലും മുസ്വീബത്തിലോ ബുദ്ധിമുട്ടിലോ സഹായിക്കുകയും ചെയ്യുക എന്നത് വലിയ കാര്യമാണ്. ദരിദ്രരോട് നല്ലരീതിയിൽ പെരുമാറാതെ അവരെ നിന്ദ്യരായി മനസ്സിലാക്കുന്നവർ സ്വയം ആ മുസ്വീബത്തിൽ അകപ്പെടുമോ എന്ന് എനിക്ക് ആശങ്കയുണ്ട്. ആരിലാണോ അല്ലാഹു കൃപ ചൊരിഞ്ഞിട്ടുള്ളത് അതിനുള്ള നന്ദി എന്നു പറയുന്നത് അവന്റെ സൃഷ്ടികളോട് നന്മയും സൽപെരുമാറ്റവും ചെയ്യുക എന്നതാണ്. ദൈവദത്തമായ ആ കൃപയിൽ അഹങ്കരിക്കരുത്. കാട്ടുജീവികളെപോലെ ദരിദ്രരെ ചവിട്ടിമെതിച്ച് ഇടുകയുമരുത്. (മൽഫൂദാത്ത്, വാല്യം 4, പേജ് 438, 2003 എഡിഷൻ)

......☆......☆......☆......

AL ISLAM

# മാനവികതയുടെ മഹത്ത്വവും ആദരവും; ഖുർആനിക അധ്യാപനങ്ങൾ

ലഈഖ് അഹ്മദ് ഡാർ മുബല്ലിഗ് ഖാദിയാൻ
മൊഴിമാറ്റം: മൗലവി സുൽത്വാൻ അഹ്മദ് വാണിയമ്പലം

പരിപൂർണ മനുഷ്യൻ ഹദ്റത്ത് മുഹമ്മദ് മുസ്ത്വഫാ(സ)യുടെ ജനനത്തോടുകൂടി മാനവികതയുടെ ആദരവിന്റെ വൃത്തവും പരിപൂർണത പ്രാപിച്ചു. ആ പരിപൂർണ മനുഷ്യൻ വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ മാനവികതയുടെ അന്തസ്സിനുവേണ്ടി നീതിനിഷ്ഠനായ മനുഷ്യൻ അത്ഭുതപരതന്ത്രനാകുംവിധം നിയമനിർമാണം നടത്തി. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളെ പരിപൂർണമായും അനുധാവനം ചെയ്തുകൊണ്ട് നബി(സ)തിരുമേനി തന്റെ ജീവിതത്തിലെ ഓരോ നിമിഷവും മാനവരാശിയുടെ മൂല്യങ്ങൾ, ശരീഅത്ത് നിയമത്തിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് സൃഷ്ടികൾക്ക് പഠിപ്പിച്ചു. ജനങ്ങൾ പ്രത്യേകിച്ച് മുസ്‌ലീംകൾ മാനവികതയുടെ ഈ ധ്വജവാഹകനും നമ്മുടെ യജമാനനും ഖാത്തമുൽ അമ്പിയായുമായ നബിയുടെ ആത്മാവും പാരമ്പര്യവും തങ്ങളുടെ ഉള്ളിൽ സൃഷ്ടിച്ച് ജീവിക്കാൻ പഠിച്ചിരുന്നെങ്കിൽ, ലോകം സമാധാനത്തിന്റെ അസ്തമിക്കാത്ത കളിത്തൊട്ടിലായി മാറുമായിരുന്നു. വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ നബി(സ)തിരുമേനി വ്യക്തമായും പറഞ്ഞു: മനുഷ്യരെല്ലാം സമന്മാരാണ്. അവരുടെ എല്ലാ അവകാശങ്ങളും സമമാകുന്നു. നബി(സ) തിരുമേനിയുടെ ജീവിതത്തിന്റെ അവസാന നാളുകളിൽ, "**ഹജ്ജത്തുൽ വിദാ**'യുടെ അവസരത്തിൽ തന്റെ വർണശലഭങ്ങളോടു മാനവികതയുടെ പ്രഖ്യാപനത്തിന്റെ മഹത്തരവും അതുല്യവുമായ സന്ദേശവും നിയമവും നൽകികൊണ്ട് പറഞ്ഞു: എന്നെന്നും ഓർത്തു കൊള്ളുക, "ഒരു അറബിയ്ക്ക് അനറബിയെക്കാൾ ഒരു ശ്രേഷ്ഠതയുമില്ല. ഒരു അനറബിയ്ക്ക് അറബിയുടെ മേലും ഒരു ശ്രേഷ്ഠതയുമില്ല. നബി(സ)തിരുമേനി പഠിപ്പിച്ചു: ഒരു വെളുത്തവന് കറുത്തവന്റെമേൽ ഒരു ശ്രേഷ്ഠതയുമില്ല. അതുപോലെതന്നെ കറുത്തവന് വെളുത്തവന്റെമേലും ഒരു ശ്രേഷ്ഠതയുമില്ല. സകല സമുദായങ്ങളും വംശങ്ങളും തുല്യരാണെന്നുള്ളത് ഇസ്‌ലാമിന്റെ വ്യക്തമായ അധ്യാപനമാണ്. സകല മനുഷ്യർക്കും വ്യത്യാസവും വിവേചനവുമൊന്നും കൂടാതെ എല്ലാ അവകാശവും തുല്യമായി ലഭിക്കണമെന്ന കാര്യം അവിടന്ന് വ്യക്തമാക്കിത്തന്നു. അടിസ്ഥാനപരവും മനോഹരവുമായ ഈ തത്ത്വമാണ് ആഗോള സമാധാനത്തിനും സാഹോദര്യത്തിനും അടിത്തറ ഇടുന്നത്.

അല്ലാഹുവിന്റെ ഉദ്ദേശ്യത്താൽ നിശ്ചയമായും മനുഷ്യത്വത്തിന്റെ ഈ ഭരണഘടനയുടെ തികവാർന്ന ഈ നിയമം അന്ത്യനാൾവരേയും അതുല്യമായി നിലകൊള്ളുന്നതാണ്. അതിന്റെ തിളക്കവും വെളിച്ചവും എല്ലാ നേത്രങ്ങളേയും അത്ഭുതപെടുത്തികൊണ്ടിരിക്കും. ഫൽഹംദുലില്ലാഹി അലാ ദാലിക്

യഥാർഥത്തിൽ വിശുദ്ധ ഖുർആൻ പോലുള്ള തികവുറ്റതും സമ്പൂർണവുമായ ശരീഅത്തിന്റെ അവതരണം മാനവികതയുടെ മഹത്ത്വവും ശ്രേഷ്ഠതയും പൂർത്തീകരിക്കുന്നതിനുവേണ്ടിയുള്ളതാണെന്ന കാര്യം പ്രത്യേകം ശ്രദ്ധേയമാണ്. അതിനാൽ, ഈ വിസ്മയകരമായ ഒറ്റമൂലി കൊണ്ടുമാത്രമേ ഇപ്പോൾ മാനവരാശിയ്ക്ക് സുഖം പ്രാപിക്കാൻ കഴിയുകയുള്ളൂ. ഇതുമൂലം മാത്രമേ മാനവികതയുടെ യാഥാർഥ്യം വ്യക്തമായി തെളിഞ്ഞ് മനുഷ്യാത്മാവ് അതിന്റെ ജീവിത ലക്ഷ്യം പ്രാപിക്കുകയുള്ളൂ. അല്ലാഹുമായിട്ടുള്ള പരിപൂർണ ബന്ധത്തിന്റേയും അവനോടുള്ള സ്വച്ഛമായ സ്നേഹത്തിന്റേയും മൈതാനം ആർദ്രമാകുകയുള്ളൂ. മനുഷ്യത്വത്തിന്റെ പരസ്പരമുള്ള മറ്റു സ്നേഹത്തിന്റേയും മൈത്രിയുടേയും തുന്നിച്ചേർക്കലും ശരിയായ നിലയിലുണ്ടാകുയുള്ളൂ. മനുഷ്യത്വത്തിന്റെ മൂല്യങ്ങളുടെ സംസ്ഥാപനവും പിന്നീട് തന്റെ വ്യക്തിപരമായ മാതൃകകൊണ്ട് അതു പാലിച്ചതും പൂർത്തീകരിച്ചതും നമുക്ക് നബി(സ)തിരുമേനിയിൽ കാണാൻ സാധിക്കുന്നു. അതുകൊണ്ടുതന്നെ നബി(സ)തിരുമേനി സമ്പൂർണമായ ദാസത്വത്തിന്റെ അറ്റമില്ലാത്ത സാഗരത്തിലെ വിജയിയായ കപ്പിത്താനാകുന്നതോടൊപ്പം മനുഷ്യത്വത്തിന്റെ സകലമാന സമ്പൂർണതകളാൽ പൂർണനുമാണ്. ഈ എല്ലാ ഉൽകൃഷ്ടമായ സ്വഭാവങ്ങളും പ്രശംസനീയമായ ഗുണവിശേഷങ്ങളും നിമിത്തം അവിടന്ന് സമ്പൂർണമനുഷ്യനെന്ന് പറയപ്പെട്ടു. **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ആലി മുഹമ്മദിൻ വബാരിക് വസല്ലിം.** സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"വിശുദ്ധ ഖുർആൻ മറ്റു മാർഗദർശക ഗ്രന്ഥങ്ങളെക്കാൾ പരിപൂർണവും അന്യൂനവും ആണെന്ന് വാദിക്കുന്നത് ഈ കാരണത്താലാണ്. ഈ പരിപൂർണ ഗ്രന്ഥത്തിന് മാത്രമല്ലാതെ മറ്റൊരു മതഗ്രന്ഥത്തിനും ഈ മൂന്നുവിധ പരിഷ്കരണങ്ങളും(ഒന്നാമതായി അതിനിസാരമായ മനുഷ്യസ്വഭാവങ്ങളുടേയും മര്യാദാപാലനത്തിന്റേയും പാഠം നല്കുക. രണ്ടാമതായി ബാഹ്യമായ മാനുഷികമര്യാദകൾ കരസ്ഥമാക്കിയതിനുശേഷം വലിയ വലിയ മനുഷ്യസ്വഭാവങ്ങൾ പഠിപ്പിക്കുക. മൂന്നാമത്തേത് ഉൽകൃഷ്ടമായ സ്വഭാവങ്ങളാൽ ഭൂഷിതരായ ത്യാഗികളെ സ്നേഹത്തിന്റേയും ഒത്തൊരുമയുടേയും മധുരപാനീയം രുചിപ്പിക്കുക. ലേഖകൻ) വരുത്തിത്തീർക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നില്ല. നാഗരികതയില്ലാത്ത മൃഗപ്രായരായ ജനങ്ങളെ മനുഷ്യരാക്കുകയും, മനുഷ്യരെ ധാർമികഗുണങ്ങളോടുകൂടിയ ശിഷ്ടാചാരികളാക്കിത്തീർക്കുകയും ധാർമിക മനുഷ്യരെ അധ്യാത്മിക നിലയിൽ ഉയർന്ന ദൈവഭക്തരായി പരിവർത്തനം ചെയ്യിക്കുകയുമാണ് വിശുദ്ധ ഖുർആനിന്റെ ഉദ്ദേശ്യം. അതുകൊണ്ടാണ് ഈ പദ്ധതികളെക്കുറിച്ച് അതു ധാരാളം പ്രതിപാദിച്ചിരിക്കുന്നത്. (ഇസ്‌ലാംമത തത്ത്വജ്ഞാനം, റൂഹാനീഖസായിൻ വാല്യം 19 പേജ് 329, മലയാള വിവർത്തനം പേജ് 41, 2001 പതിപ്പ്)

**മാനവികതയും ഖുർആനിന്റെ അധ്യാപനങ്ങളും:**

മാനവികതയുടെ മാഹാത്മ്യം സ്ഥാപിക്കുന്നതിന് വിശുദ്ധ ഖുർആൻ വിലമതിക്കാനാവാത്ത അനേകം അടിസ്ഥാന തത്ത്വങ്ങൾ പറഞ്ഞു തന്നിട്ടുണ്ട്.

***(1) കുൻതും ഖയ്റ ഉമ്മത്തിൻ ഉഖ്‌രിജത്ത് ലിന്നാസി തഅ്മുറൂന ബിൽ മഅ്റൂഫി വ തൻഹൗന അനിൽ മുൻകരി വ തുഅ്മിനൂന ബില്ലാഹ്***

മനുഷ്യവംശത്തിന്റെ നന്മയ്ക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉൽകൃഷ്ടമായ സമുദായം ആണ് നിങ്ങൾ. നിങ്ങൾ നല്ലകാര്യങ്ങൾ നിർദേശിക്കുകയും ചീത്തക്കാര്യങ്ങൾ നിരോധിക്കുകയും അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (3:111)

മുസ്‌ലിഹ് മൗഊദ് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറയുന്നു: "മുസ്‌ലീംകൾ ഏറ്റവും ഉൽകൃഷ്ടരാകാനുള്ള കാരണം അവർ സ്വന്തം നേട്ടങ്ങൾക്കു പകരം മുഴുലോകത്തിന്റേയും നേട്ടങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതാണ്. അഹോ കഷ്ടം! മുസ്‌ലീംകൾ ഈ തത്ത്വം മനസിലാക്കിയിരുന്നെങ്കിൽ ഈ വിധം നിന്ദ്യരാകുമായിരുന്നില്ല.'' (തഫ്സീർ സ്വഗീർ പേജ്.94)

അതായത് മുസ്‌ലീംകൾ മനുഷ്യരാശിയെ ആദരിക്കുന്നതിനും പൊതുജന ക്ഷേമത്തിനുമാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ, ഇന്ന് മുസ്‌ലീംകളിൽനിന്ന് ഇക്കാര്യം അപ്രത്യക്ഷമായതായിക്കാണുന്നു. അതുപോലെതന്നെ വിവിധ കാലങ്ങളിൽ ലോകത്ത് പ്രത്യക്ഷപ്പെട്ട സമുദായങ്ങളുടേയും മതങ്ങളുടേയും ഉദ്ദേശ്യവും യഥാർഥത്തിൽ മാനവികതയെ അതിന്റെ അഗാധ ഗർത്തത്തിൽ നിന്ന് ഉയർത്തി, ആദരവിന്റെ അഭ്യുന്നതിയിൽ എത്തിക്കുക എന്നതുതന്നെയായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാലത്തിന്റെ ഇമാമിനെ പിൻപറ്റിക്കൊണ്ട് അഹ്മദിയ്യാ ജമാഅത്ത് ഈ ഉദ്ദേശ്യപൂർത്തീകരണത്തിനുവേണ്ടി പ്രവർത്തന സജ്ജമാണ്. (അൽഹംദുലില്ലാഹ്)

മനുഷ്യത്വത്തെ ആദരിക്കുന്നതിനുവേണ്ടി അല്ലാഹു വിശുദ്ധഖുർആനിൽ അമൂല്യവും അടിസ്ഥാന പരവുമായ ഒരു തത്ത്വം വിവരിക്കുന്നു.

***(2) മൻ ഖതല നഫ്സൻ ബി ഗയ്‌രി നഫ്സിൻ ഔ ഫസാദിൻ ഫിൽഅർളി ഫകഅന്നമാ ഖതലന്നാസ ജമീആ വമൻ അഹ്‌യാഹാ ഫകഅന്നമാ അഹ്‌യന്നാസ ജമീഅൻ (5:33)***

ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പം ഉണ്ടാക്കുകയോ ചെയ്യാത്തനിലയിൽ നിരപരാധിയായ ഒരാളെ വധിച്ചാൽ അയൾ മനുഷ്യരെ ഒന്നടങ്കം വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവൻ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴുവൻ രക്ഷിച്ചതുപോലെ ആകുന്നു.(5:33)

വ്യക്തമായ ഈ സുവർണതത്ത്വവും സമാധാനം സ്ഥാപിക്കുന്ന നിയമസംഹിതയും മനോഹരമായ ഒരു സമൂഹത്തെ രൂപപ്പെടുത്താൻ ഉതകുന്നതാണ്. ഇവിടെ അന്യായമായ വധത്തെ തടഞ്ഞ് മാനവികതയുടെ വിജയത്തിനും ക്ഷേമത്തിനും ജീവിതത്തെ തിളക്കമാർന്നതാക്കുന്നതിനുമുള്ള സുവർണമായ അധ്യാപനങ്ങൾ നൽകിയിരിക്കുകയാണ്.

***(3) വലാ തഅ്കുലൂ അംവാലക്കും ബയ്നക്കും ബിൽബാത്വിലി വതുദ്‌ലൂ ബിഹാ ഇലൽഹുക്കാമി ലി തഅ്കുലൂ ഫരീഖൻ മ്മിൻ അംവാലിന്നാസി ബിൽഇഥ്മി വ അൻതും തഅ്ലമൂൻ (2:189)***

നിങ്ങളുടെ ധനം നിങ്ങൾ അന്യായമായി പരസ്പരം (അപഹരിച്ച്)ഭക്ഷിക്കരുത്. അറിഞ്ഞുകൊണ്ട് നിങ്ങൾ ജനങ്ങളുടെ ധനത്തിൽ ഒരുഭാഗം കുറ്റകരമാംവിധം കരസ്ഥമാക്കി ഭക്ഷിക്കുന്നതിന് അതുമായി ഭരണാധികാരികളെ (കോഴകൊടുത്ത്) സമീപിക്കുകയും അരുത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: വിശുദ്ധ ഖുർആൻ അധികവും സാമൂഹിക ജീവിതത്തിൽ ശക്തി ചെലുത്തുന്നതിനുവേണ്ടി, പൊതുജനങ്ങളുടേയും സ്വന്തം രാജ്യത്തിന്റേയും ദേശവാസികളുടേയും വസ്തുക്കളെ സ്വന്തം വസ്തുക്കളെന്നു പറഞ്ഞാണ് വിളിക്കുന്നത്; ഈ കാര്യത്തിലേക്ക് സൂചന നൽകുന്നതിനുവേണ്ടിയാണ്, ആരാണോ പൊതുമുതൽ നശിപ്പിക്കുന്നത് അവർ യഥാർഥത്തിൽ തങ്ങൾക്ക് തന്നെയാണ് നഷ്ടം ഉണ്ടാക്കുന്നതെന്നു പറഞ്ഞിട്ടുള്ളത്. ഇവിടെയും തങ്ങളുടെ ധനം എന്നത് കൊണ്ടുള്ള ഉദ്ദേശ്യം പൊതുമുതലാണ്. എന്നാൽ, മുകളിൽ വിവരിച്ച തത്ത്വത്തിലേക്ക് ശ്രദ്ധ തിരിക്കുന്നതിനുവേണ്ടി തങ്ങളുടെ ധനം എന്ന് അതിന് പേരിട്ട് വിളിച്ചിരിക്കുകയാണ്. ഇതേ അധ്യായത്തിന്റെ 85–ാം വചനത്തിൽ പറയുന്നു:

***വ ഇദ് അഖദ്നാ മീഥാഖക്കും ലാ തസ്ഫിക്കൂന ദിമാഅക്കും വലാ തുഖ്‌രിജൂന അൻഫുസക്കും മ്മിൻ ദിയാരിക്കും.***

പിന്നീട് പറയുന്നു: ***ഥുമ്മ അൻതും ഹാ ഉലാഇ തഖ്ത്തുലൂന അൻഫുസക്കും വതുഖ്‌രിജൂന ഫരീഖൻ മിൻകും മ്മിൻ ദിയാരിഹിം(2:85)***

ഇതിൽനിന്ന് വ്യക്തമായും പ്രകടമാകുന്നത് "അൻഫുസക്കും' "ദിമാഅക്കും' എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നിങ്ങളുടെ സഹോദരങ്ങളുടെ ജീവനും നിങ്ങളുടെ സഹോദരങ്ങളുടെ രക്തവും ആണെന്നാണ്. (തഫ്സീർ സ്വഗീർ അടിക്കുറിപ്പ് 2 സുറത്തുൽ ബഖര ആയത്ത്:189)

*(4)* സമൂഹത്തിൽ സമാധാനം സ്ഥാപിക്കുന്നതിന് പ്രിയപ്പെട്ടതും മനോഹരവുമായ മറ്റൊരു അധ്യാപനം ഇപ്രകാരം നല്കിയിരിക്കുന്നു.

***ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽമൗഇളത്തിൽ ഹസനത്തി വ ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ (16:126)***

ഓ പ്രവാചകരേ! തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗങ്ങളിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉൽകൃഷ്ടമായ രീതിയിൽ നീ അവരോട് അഭിപ്രായഭിന്നതകളെ കുറിച്ച് സംവാദം നടത്തുകയും ചെയ്യുക. (16:126)

എത്രമാത്രം മൃദുലവും നിർമലവുമായ അധ്യാപനമാണിത്. മനുഷ്യത്വത്തിന്റെ മാഹാത്മ്യവും സ്ഥാപനവും പരിഗണിച്ചും മനുഷ്യാവകാശങ്ങളെ സംരക്ഷിച്ചും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റേയും മത സ്വാതന്ത്ര്യത്തിന്റേയും അടിസ്ഥാനം ഉറപ്പിച്ചും കൊണ്ട് നബി(സ)തിരുമേനിക്ക് സന്ദേശപ്രചാരണത്തിനുള്ള കൽപന നൽകുകയാണ്. ഇത്രമാത്രം മനോഹരമായ അധ്യാപനങ്ങൾ ഉണ്ടായിരുന്നിട്ടും ചില മുസ്ലിം സംഘടനകൾ ജിഹാദിന്റെ പേരിൽ നിഷ്കളങ്കരായ ആളുകളെ അവർ മുസലീംകളാകട്ടെ അമുസ്ലീംകളാകട്ടെ അവരുടെ രക്തം ചിന്തിക്കൊണ്ടിരിക്കുന്നു. അങ്ങനെ ഈ വെറുക്കപെടേണ്ട തങ്ങളുടെ പ്രവർത്തനത്തെ നബി(സ) തിരുമേനിയുടെ അനുഗൃഹീത ജിഹാദുമായി ചേർത്തുപറയുന്നു.

***(5) വ ഖീലിഹീ യാ റബ്ബി ഇന്ന ഹാഉലാഉ ഖൗമുൻ ലാ യുഅ്മിനൂന ഫസ്ഫഹ് അൻഹും വഖുൽ സലാമുൻ ഫ സൗഫ യഅ്ലമൂൻ (43:89-90)***

അദ്ദേഹം ഈ വചനങ്ങൾ പറഞ്ഞ സന്ദർഭം സ്മരിക്കുക: "എന്റെ നാഥാ! ഇക്കൂട്ടർ വിശ്വസിക്കാത്ത ജനം തന്നെയാണ്. അതുകൊണ്ട് നീ അവർക്ക് വിട്ടുവീഴ്ച ചെയ്യുക. സമാധാനം എന്ന് പറയുക. വളരെ അടുത്തുതന്നെ അവർ ഗ്രഹിക്കുന്നതാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു,

"ഈ വാക്കുകളിൽനിന്ന് മുഴുവൻ മനുഷ്യർക്കും കാരുണ്യത്തിനും അലിവിനും മാർഗവും മനുഷ്യകുലത്തിന് സമാധാനത്തിന് നിമിത്തവുമായ അധ്യാപനങ്ങളാണ് നബി(സ)കൊണ്ടുവന്നതെന്ന് വ്യക്തമാകുന്നു. നബി(സ)തിരുമേനിയുടെ ഈ സമാധാനസന്ദേശത്തിനു മറുപടിയായി അവർ അദ്ദേഹത്തെ നിഷേധിച്ചുവെന്ന് മാത്രമല്ല അദ്ദേഹത്തെ പരിഹസിക്കുകയും അപമാനിക്കുകയും ചെയ്തു. അവിടേയും നിറുത്തിയില്ല, മറിച്ച് അതിനെക്കാളുപരിയായി ശത്രുതയിൽ ഞെളിഞ്ഞു വരികയും കുഴപ്പങ്ങളും കലഹങ്ങളും ഉണ്ടാക്കുകയും ചെയ്തു. എന്നാൽ, ഇങ്ങനെയൊക്കെയായിട്ടും നബി (സ)തിരുമേനി ദൈവത്തിന്റെ മുന്നിൽ ഇങ്ങനെ കേണപേക്ഷിക്കുകയാണ് ചെയ്തത്: ഞാൻ അവർക്കുവേണ്ടി സമാധാനം ആഗ്രഹിക്കുന്നു. പക്ഷേ, അവർ എനിക്ക് സമാധാനം തരുന്നില്ലെന്നു മാത്രമല്ല എന്നെ കൂടുതൽ പീഢിപ്പിക്കാനും ബുദ്ധിമുട്ടിക്കാനും കിട്ടുന്ന ഒരു അവസരവും വിട്ടു കളയുന്നുമില്ല. ഇതിനു മറുപടിയായി അദ്ദേഹത്തെ ആശ്വസിപ്പിച്ചുകൊണ്ട് അല്ലാഹു പറഞ്ഞു: അവർ എന്തൊക്കെ ചെയ്താലും നീ അതിനെ അവഗണിച്ചുകൊണ്ട് അവരിൽ നിന്ന് വിട്ടു നില്ക്കുക. നിന്റെ ഒരേയൊരു ജോലി ലോകത്ത് സമാധാനം വിപുലപെടുത്തുകയും സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. (ആലമീ ബുഹ്റാൻ ഔർ അമൻ കി രാഹ് പേജ് 126-127)

***(6) വലഖദ് കർറംനാ ബനീ ആദമ വ ഹമൽനാഹും ഫിൽ ബർറി വൽബഹ്രി വ റസഖ്നാഹും മ്മിന ത്വയ്യിബാത്തി വ ഫള്ളൽനാഹും അലാ കഥീരിൻ മ്മിമ്മൻ ഖലഖ്നാ തഫ്ളീലാ***

തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽനിന്ന് അവർക്ക് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു. (17:71)

***(7) വ ഇദ് ഖുൽനാ ലിൽമലാഇക്കത്തിസ്ജുദൂ ലിആദമ ഫസജദൂ ഇല്ലാ ഇബ്ലീസാ അബാ വസ്തക്ബര വ കാന മിനൽ കാഫിരീൻ (2:35)***

നിങ്ങൾ ആദമിന് വഴിപ്പെടുക എന്ന് മലക്കുകളോട് നാം പറഞ്ഞ സന്ദർഭം സ്മരിക്കുക. അപ്പോൾ അവർ വഴിപ്പെട്ടു. പക്ഷേ, ഇബ്ലീസ് വഴിപ്പെട്ടില്ല. അവൻ വിസമ്മതിക്കുകയും അഹങ്കരിക്കുകയും ചെയ്തു. അവൻ നിഷേധികളിൽ പെട്ടവനായിരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ആദം കൊണ്ടുള്ള ഉദ്ദേശ്യം പരിപൂർണ മനുഷ്യനാണ്. മനുഷ്യൻ പരിപൂർണ ആദമായിത്തീരുമ്പോൾ അല്ലാഹു മലക്കുകളോടു സുജൂദ് (അനുസരിക്കാൻ) ചെയ്യാൻ കല്പിക്കുന്നു. എല്ലാ ജോലികളും അല്ലാഹു മലക്കുകൾ മുഖേന പൂർത്തിയാക്കുന്നു. എന്നാൽ, പരിപൂർണ ആദം ആയിത്തീരുന്നതിന് മനുഷ്യന് അല്ലാഹുമായി സത്യസന്ധവും സുദൃഢവുമായബന്ധം ഉണ്ടായിരിക്കേണ്ടതാണ്. മനുഷ്യൻ എല്ലാ അനക്കമടക്കങ്ങളും ദൈവകല്പനയ്ക്ക് വിധേയമായി ചെയ്യുമ്പോൾ അവൻ അല്ലാഹുവിന്റേതായിത്തീരുന്നു.

അപ്പോൾ അല്ലാഹു മനുഷ്യന്റെ സഹായിയും അനന്തരാവകാശിയുമായി മാറുന്നു. പിന്നീട് അയാളുടെ മേലെ ആർക്കും എതിർപ്പിന്റെ കൈവെക്കാൻ സാധിക്കുകയില്ല. എന്നാൽ, ദൈവിക കല്പനകളെ വിലവെക്കാത്ത മനുഷ്യനെ അല്ലാഹുവും വിലവെക്കുകയില്ല. ആദം(അ)പരിപൂർണ മനുഷ്യനായിരുന്നു. അതുകൊണ്ടാണ് മലക്കുകൾക്ക് സുജൂദിന്റെ (അനുസരണത്തിന്റെ) കൽപന നല്കപ്പെട്ടത്. ഇതുപോലെ നമ്മളിൽ ഒരോരുത്തരും ആദം ആയിത്തീരുകയാണെങ്കിൽ മലക്കുകളുടെ സുജൂദിന് അർഹരായിത്തീരും. (അൽഹക്കം വാള്യം.9, നമ്പർ 5, 10-02-1905 പേജ്.4)

***(8) അലംതറ അന്നല്ലാഹ സഖ്ഖറലക്കും മ്മാഫിസ്സമാവാത്തി വമാ ഫിൽഅർളി വ അസ്ബഗ അലയ്ക്കും നിഅ്മഹു ളാഹിറത്തൻ വ്വ ബാതിനത്തൻ (31:21)***

ആകാശങ്ങളിലും ഭൂമിയിലും ഉള്ളതെല്ലാം അല്ലാഹു നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നതും അവന്റെ ബാഹ്യവും ആന്തരവുമായ അനുഗ്രഹങ്ങൾ നിങ്ങൾക്ക് പൂർത്തിയാക്കി തന്നിരിക്കുന്നതും നിങ്ങൾ കണ്ടില്ലേ? (31: 21)

***(9) ലഖദ് ഖലഖ്നൽ ഇൻസാന ഫീ അഹ്സനി തഖ്വീം (95:4)***

നിശ്ചയമായും മനുഷ്യനെ നാം ഏറ്റവും അനുയോജ്യമായ സ്ഥിതിയിൽ സൃഷ്ടിച്ചിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "മനുഷ്യൻ അല്ലാഹുവിന്റെ സവിശേഷഗുണത്തിൽ (സ്വിഫത്ത്) നടക്കണമെന്നാണ് അവനാഗ്രഹിക്കുന്നത്. അവൻ എല്ലാ വിധത്തിലുള്ള ന്യൂനതയിൽനിന്നും തിന്മയിൽനിന്നും പരിശുദ്ധനായിരിക്കുന്നതുപോലെ മനുഷ്യനും പരിശുദ്ധനായിരിക്കണം. അവനിൽ നീതിയുടേയും ന്യായത്തിന്റേയും അനുകമ്പയുടേയും ഗുണങ്ങൾ ഉള്ളതുപോലെ മനുഷ്യനിലും ഉണ്ടാകണം."

"അതുകൊണ്ടാണ് ഈ സൃഷ്ടിപ്പിനെ അഹ്സനു തഖ്വീം എന്ന് പറഞ്ഞത്. ***ലഖദ് ഖലഖ്നൽ ഇൻസാന ഫീ അഹ്സനി തഖ്വീം.*** ഏതൊരു മനുഷ്യനാണോ അല്ലാഹുവിന്റെ സ്വഭാവം സ്വായത്തമാക്കുന്നത് അവനാണ് ഈ ആയത്ത് കൊണ്ടുള്ള ഉദ്ദേശ്യം. അഥവാ കുഫ്ർ ചെയ്യുകയാണെങ്കിൽ **അസ്ഫല സ്സാഫിലീൻ** ആണ് അവരുടെ സ്ഥാനം."(.അൽബദ്ർ വാള്യം 2. നമ്പർ 7, 06-03-1903 പേജ്-49)

മറ്റൊരു സ്ഥലത്ത് പറയുന്നു: മനുഷ്യനെ നാം അങ്ങേയറ്റത്തെ മധ്യമനിലയിലാണ് സൃഷ്ടിച്ചിരിക്കുന്നത്. അവൻ ഈ മധ്യമനില എന്ന ഗുണത്തിൽ എല്ലാ സൃഷ്ടികളെക്കാളും ഉത്തമനും ശ്രേഷ്ഠനുമാണ്. (തൗളീഹെ മറാം പേജ് 47, തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ് (അ) വാള്യം 3, തഫ്സീർ സൂറത്തുത്തീൻ പേജ് 415-416).

***(10) വസഖ്ഖറ ലക്കുമുശ്ശംസ വൽ ഖമറ ദായിബയ്നി വസഖ്ഖറ ലക്കുമുല്ലയ്ല വന്നഹാറ (14:34)***

അവൻ സൂര്യനേയും ചന്ദ്രനേയും രണ്ടും അവയുടെ കൃത്യങ്ങൾ സ്ഥിരമായി നിർവഹിക്കുന്ന രീതിയിൽ നിങ്ങളുടെ സേവനത്തിൽ ഏർപ്പെടുത്തിയിരിക്കുന്നു. അതുപോലെതന്നെ രാവിനേയും പകലിനേയും നിങ്ങൾക്ക് പ്രയോജനത്തിനായി അവൻ നൽകുകയും ചെയ്തിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: "ഇസ്ലാമിക ശരീഅത്തിന്റെ വീക്ഷണത്തിൽ മലക്കുകളുടെ പ്രത്യേകതകളുടെ പദവി മനുഷ്യരുടെ പ്രത്യേകതകളുടെ പദവിയെക്കാൾ കൂടുതലല്ല എന്ന കാര്യം ഓർത്തിരിക്കേണ്ടതാണ്. എന്നല്ല മനുഷ്യരുടെ പ്രത്യേകതകൾ മലക്കുകളെക്കാൾ ശ്രേഷ്ഠമാണ്. ഭൗതീകവും ആത്മീയവുമായ വ്യവസ്ഥിതിയിൽ അവരുടെ മധ്യസ്ഥത നിശ്ചയിക്കപ്പെട്ടിരിക്കുന്നത് അവരുടെ ശ്രേഷ്ഠതക്കുള്ള തെളിവല്ല. മറിച്ച് വിശുദ്ധ ഖുർആനിന്റെ മാർഗദർശനം അനുസരിച്ച് അവരെ സേവകരെപ്പോലെ ആ ജോലിക്ക് നിശ്ചയിച്ചിരിക്കുകയാണ്. ഏതുപോലെ പ്രതാപവാനാ

---

അല്ലാഹുവിന് ഇഷ്ടപ്പെടാത്തതെല്ലാം വെറുക്കപ്പെട്ടതാണ്. മലീമസമായ എല്ലാ സ്വഭാവങ്ങളും ഉപേക്ഷിക്കാത്തിടത്തോളം ആത്മശുദ്ധി കരസ്ഥമാകുകയില്ല.
(ഖു.ജു.11-3-2016)

**ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**എം.സി.മുഹമ്മദ് & ഫാമിലി**
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് കൊടിയത്തൂർ**
**കോഴിക്കോടു ജില്ല. കേരള.**

---

നമ്മുടെ ഏതു തലത്തിലുള്ള ഭാരവാഹിയാണെങ്കിലും തന്റെ മാതൃക സ്ഥാപിക്കേണ്ടതാണ്. സലാം ചൊല്ലുന്നതിൽ തുടക്കമിടുക. ചെറിയവർ അല്ലെങ്കിൽ കീഴുദ്യോഗസ്ഥൻ ആദ്യം പറയട്ടെ എന്ന് പ്രതീക്ഷിച്ചിരിക്കേണ്ടതില്ല. (ഖു.ജു.6-2-2015)

**ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**ജമാഅത്തംഗങ്ങൾ**
**പത്തപ്പിരിയം**
**മലപ്പുറം ജില്ല. കേരള.**

# വാഗ്ദത്ത മസീഹും
# മാനവരാശിയോടുള്ള അനുകമ്പയും

**നസീർ അഹ്മദ് ആരിഫ് ഖാദിയാൻ**

**മൊഴിമാറ്റം: മൗലവി അമീൻ മുഹമ്മദ് മാത്ര**

അത്യുന്നതനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

وَاعْبُدُوا اللَّهَ وَلَا تُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَىٰ
وَالْيَتَامَىٰ وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَىٰ وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنبِ
وَابْنِ السَّبِيلِ وَمَا مَلَكَتْ أَيْمَانُكُمْ ۗ إِنَّ اللَّهَ لَا يُحِبُّ مَن كَانَ مُخْتَالًا فَخُورًا

''നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുക; മറ്റൊന്നിനെയും അവന്റെ കൂടെ പങ്കു ചേർക്കരുത്. മാതാപിതാക്കൾക്ക് നിങ്ങൾ നന്മ ചെയ്യുക; അടുത്ത ബന്ധുക്കൾ, അനാഥർ, അഗതികൾ, അടുത്ത ബന്ധുവായ അയൽവാസി, അന്യനായ അയൽവാസി, തൊട്ടടുത്തുള്ള കൂട്ടുകാരൻ, യാത്രക്കാരൻ, നിങ്ങളുടെ ഉടമസ്ഥതയിലുള്ളവർ എന്നിവർക്കും (നന്മ ചെയ്യുക). തീർച്ചയായും അഹങ്കാരിയും പൊങ്ങച്ചക്കാരനുമായവനെ അല്ലാഹു ഒരിക്കലും ഇഷ്ടപ്പെടുകയില്ല.''(4:37)

നമുക്ക് പിൻപറ്റാൻ ഭാഗ്യം സിദ്ധിച്ച ഇസ്‌ലാംമതം എല്ലാ രീതിയിലും സമ്പൂർണവും തികവുറ്റതുമാണ്. ദൈവത്തിനോടും സൃഷ്ടികളോടുമുള്ള കടമകളാണ് ഇസ്‌ലാമികാധ്യാപനങ്ങളുടെ ചുരുക്കം. മേലുദ്ധരിച്ച വചനത്തിൽ നിന്ന് സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ച് വിശുദ്ധ ഖുർആനിൽ എത്ര വ്യക്തവും മനോഹരവുമായ നിർദേശങ്ങളാണുള്ളതെന്ന് മനസ്സിലാകുന്നു. ഇതിൽ അല്ലാഹു ഹ്രസ്വവും എല്ലാം അടങ്ങിയതുമായ നിലയിൽ അല്ലാഹവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും വിശദീകരിച്ചു തന്നിരിക്കുന്നു.

ആദരണീയനായ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഉൽകൃഷ്ടമായ സ്വഭാവ ഗുണങ്ങളിലൂടെയും കർമങ്ങളിലൂടെയും മാനവരാശിക്ക് അതുല്യമായ സേവനംചെയ്തു. എന്നല്ല ആ മഹാത്മാവ് മനുഷ്യകുലത്തെ സേവിക്കുന്നതിനുവേണ്ടി തന്റെ ജീവിതം അർപണം ചെയ്തു. മതവും ജാതിയുമൊന്നും നോക്കാതെ വിവിധ സമയങ്ങളിൽ സേവനം ചെയ്തുകൊണ്ടിരുന്നു. തന്നെ വിശ്വസിക്കുന്നവർക്കും ഈ പരിശുദ്ധമായ പാഠം നല്കി:

''സർവ്വമനുഷ്യരോടും അനുകമ്പ കാണിക്കുകയെന്നതാണ് നമ്മുടെ അടിസ്ഥാന തത്ത്വം. ഹിന്ദുവായ അയൽവാസിയുടെ വീട്ടിൽ തീ പടരുന്നതു കണ്ടിട്ടും അതണയ്ക്കാൻ സഹായിക്കാത്ത വ്യക്തി, എന്നിൽപ്പെട്ടവനല്ലെന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു..... ഞാൻ സത്യം ചെയ്തുകൊണ്ടു പറയുന്നു: എനിക്ക് ഒരു ജനതയോടും ശത്രുതയില്ല. സാധ്യമാകുന്നിടത്തോളം അവരുടെ വിശ്വാസങ്ങളെ ശുദ്ധീകരിക്കാൻ ആഗ്രഹിക്കുന്നു. ആരെങ്കിലും ചീത്ത വിളിച്ചാൽ നമ്മുടെ പരാതി ദൈവത്തിന്റെ സമക്ഷത്തിലാണ് സമർപിക്കാനുള്ളത്; മറ്റൊരു നീതി പീഠത്തിന്റെ മുമ്പിലുമല്ല. മനുഷ്യസമൂഹത്തോടു സഹാനുഭൂതി കാണിക്കുകയെന്നത് നമ്മുടെ ബാധ്യതയാണ്.''(സിറാജെ മുനീർ,റൂഹാനി ഖസായിൻ ഭാഗം 12, പേജ് 28)

വാഗ്ദത്ത മസീഹ്(അ) അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ബയ്അത്തിന്റെ 10 നിബന്ധനകളിൽ ഒന്ന് സൃഷ്ടിസേവനമാണ്. ആ മഹാത്മാവ് അനുസരണ പ്രതിജ്ഞയുടെ ഒൻപതാം നിബന്ധനയിൽ പറയുന്നു: ''പൊതുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനം വരെ മനുഷ്യകുലത്തിനു സേവനങ്ങൾ ചെയ്തുകൊണ്ടിരക്കുന്നതുമാകുന്നു.' (ഇശ്തിഹാർ തക്മീലെ തബ്‌ലീഗ് 1889 ജനുവരി 12)

ഇപ്രകാരംതന്നെ ആ മഹാത്മാവ് ഭാരതത്തിലെ രണ്ട് വലിയ ജനവിഭാഗങ്ങളായ മുസ്‌ലീംകളേയും ഹിന്ദുക്കളേയും സംബോധന ചെയ്തുകൊണ്ട് മൈത്രീ സന്ദേശം എന്ന ഗ്രന്ഥത്തിൽ പറയുന്നു: ''അതിനാൽ, നമ്മൾ ആത്മാർഥതയോടും നിഷ്ക്കപടതയോടും കൂടി പരസ്പരം മിത്രങ്ങളായി വർത്തിച്ചും മതപരവും ലൗകികവുമായ വൈഷമ്യഘട്ടങ്ങളിലെല്ലാം അന്യോന്യം സഹതാപം പ്രദർശിപ്പിച്ചും ഒരേ ശരീരത്തിലെ അവയവങ്ങളെന്നോണം തമ്മിൽ തമ്മിൽ സഹകരിക്കേണ്ടത് നമ്മുടെ കർത്തവ്യമാകുന്നു. പ്രിയ നാട്ടുകാരേ! പൊതുവെ അനുകമ്പാഭാവത്തെ പ്രബോധിക്കാത്ത ഒരു മതം യഥാർഥത്തിൽ മതമല്ല. അതുപോലെതന്നെ അനുകമ്പാമനോഭാവത്തെ ഉൾക്കൊള്ളാത്ത ഒരു മനുഷ്യൻ മനുഷ്യൻ എന്ന പേരിന്നർഹനുമല്ല.''(പേഗാമെ സ്വുൽഹ്,റൂഹാനി ഖസായിൻ വാള്യം-1 പേജ്-305 എഡിഷൻ-2003)

സൃഷ്ടിസേവനത്തിൽ നമ്മുടെ പ്രിയങ്കരനായ നേതാവ് മുഹമ്മദ് നബി(സ) എല്ലാവരെക്കാളും മുൻപന്തിയിലായിരുന്നു. ആ മഹാത്മാവിനെ സംബന്ധിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

لَقَدْ جَاءَكُمْ رَسُولٌ مِّنْ أَنفُسِكُمْ عَزِيزٌ عَلَيْهِ مَا عَنِتُّمْ
حَرِيصٌ عَلَيْكُم بِالْمُؤْمِنِينَ رَءُوفٌ رَّحِيمٌ

''സത്യമായും നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ(ക്ഷേമകാര്യങ്ങളിൽ) ഉൽക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം; സത്യവിശ്വാസികളോടു കൃപയും കരുണയുമുള്ള ആളുമാണ്.''(9:128)

നബി(സ)തിരുമേനിയുടെ സൃഷ്ടികളോടുള്ള സഹായ അല്ലാഹു പറയുന്നു: *വസഖ്ഖര ലക്കുമുശ്ശംസ വൽ ഖമര* അവനാണ് അല്ലാഹു, അവൻ സൂര്യനേയും ചന്ദ്രനേയും നിങ്ങളുടെ സേവനത്തിനായി നിശ്ചയിച്ചിരിക്കുന്നു. ഉദാഹരണമായി ഒരു ദൂതൻ രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്തേക്കോ, ഏതെങ്കിലും ഗവർണറുടെ അടുത്തേക്കോ രാജാവിന്റെ കത്തുകൾ എത്തിക്കുന്നു. ആ ദൂതൻ രാജാവിന്റേയും ഗവർണർ ജനറലിന്റേയും മധ്യസ്ഥനായി വർത്തിക്കുന്നതുകൊണ്ട് ഗവർണർ ജനറലിനെക്കാൾ ശ്രേഷ്ഠനാണെന്ന് തെളിയുമോ? അതിനാൽ, നല്ലവണ്ണം മനസിലാക്കിക്കൊള്ളുക, ഇതുപോലുള്ള ഒരു ഉദാഹരണമാണ് ആത്മീയവും ഭൗതീകവു മായ മധ്യസ്ഥതയിൽ സർവ്വശക്തനായ അല്ലാഹുവിന്റെ ഉദ്ദേശ്യം ഭൂമിയിൽ എത്തിക്കുന്നതുമായും അത് പൂർത്തിയാക്കുന്നതുമായുമുള്ളത്.

സർവ്വശക്തനായ അല്ലാഹു വിശുദ്ധ ഖുർആനിൽ പലസ്ഥലങ്ങളിലും വളരെ വ്യക്തമായും പറയുന്നു: ആകാശഭൂമിയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന എല്ലാ വസ്തുക്കളും മനുഷ്യനു വേണ്ടിയുള്ളതാണ്. അതായത് കേവലം മനുഷ്യന്റെ പ്രയോജനത്തിനു വേണ്ടിയാണ് സൃഷ്ടിച്ചിരിക്കുന്നത്. മനുഷ്യൻ അവന്റെ സ്ഥാനത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവരെക്കാളും ഉന്നതനും ശ്രേഷ്ഠനും എല്ലാവരുടേയും സേവകനുമാണ്. അവന്റെ സേവനത്തിന് ഈ വസ്തുക്കളെ ഏർപെടുത്തിയിരിക്കുന്നു." (തൗളീഹെ മറാം വാള്യം 3 പേജ് 74 ഒന്നാം പതിപ്പ്)

(11) *യാ അയ്യുഹന്നാസു ഇന്നാ ഖലഖ്നാക്കും മ്മിൻ ദകരിൻ വ്വ ഉൻഥാ വ ജഅൽനാക്കും ശുഊബൻ വ്വ ഖബാഇല ലി തആറഫൂ ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാഖും ഇന്നല്ലാഹ അലീമുൻ ഖബീർ* (49:14)

മനുഷ്യരേ! തീർച്ചയായും നാം നിങ്ങളെ ആണിൽ നിന്നും പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നു; നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടി. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. അല്ലാഹു നിശ്ചയമായും സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)പറയുന്നു: "സമുദായങ്ങളും വംശങ്ങളും കേവലം തിരിച്ചറിയുന്നതിനുവേണ്ടി മാത്രമാണ്. ആരാണോ അതിനെ അഹങ്കാരത്തിനും അഹംഭാവത്തിനും ഹേതുവാക്കി തീർക്കുന്നത് അവർ ഇസ്‌ലാമിന് വിരുദ്ധമാണ് പ്രവർത്തിക്കുന്നത്."(തഫ്സീർ സ്വഗീർ അടിക്കുറിപ്പ് (49:14)

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:' 'പൊതുവിൽ മനുഷ്യൻ മുറുകെ പിടിക്കേണ്ട ആയത്ത് ഇതാണ്. *ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും* അതിന്റെ അർഥം ഇപ്രകാരമാണ്, സത്യസന്ധത നിറഞ്ഞ തഖ്‌വയോടുകൂടി അല്ലാഹുവിലേക്ക് കുനിഞ്ഞിരിക്കുന്നവനാണ് നിങ്ങളിൽ എല്ലാവരിലുംവച്ച് അല്ലാഹുവിന്റെ പക്കൽ ആദരണീയനും ഉന്നത കുലജാതനും."

അല്ലാഹുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുമോ എന്നുള്ള ഭയം ഓരോ ശ്വാസത്തിലും ഓരോ നിമിഷത്തിലും ഓരോ ജോലിയിലും ഓരോ വാക്കിലും ഓരോ അനക്കമടക്കത്തിലും ഓരോ സ്വഭാവത്തിലും ഓരോ ശീലത്തിലും എല്ലാ ഓരോ വികാരവും പ്രകടമാകുന്ന നേരത്തും അയാളുടെ ഹൃദയത്തിൽ മേൽക്കോയ്മ നേടിയിട്ടുണ്ടാവണം. അയാൾ തന്നെയാണ് എല്ലാ ജനതകളിലുംവച്ച് കുലീനനും എല്ലാ കുടുംബങ്ങളിലുംവച്ച് മഹാത്മജനും എല്ലാ ഗോത്രങ്ങളിലുംവച്ച് ഏറ്റവും നല്ല ഗോത്രത്തിൽപെട്ടവനും. അദ്ദേഹം എത്രമാത്രം യോഗ്യനാണെന്നാൽ എല്ലാവർക്കും അദ്ദേഹത്തിന്റെ വഴിയിൽ വിലയം പ്രാപിക്കാവുന്നതാണ്. ചുരുക്കത്തിൽ എല്ലാത്തിന്റേയും അച്ചുതണ്ട് തഖ്‌വയിൽ വെക്കപ്പെട്ടിരിക്കുന്നുവെന്നത് ഇസ്‌ലാമിക ശരീഅത്തിന്റെ പൊതുനിയമമാണ്.

വിശുദ്ധഖുർആനിന്റെ അവതരണത്തിലൂടെയും ഇസ്‌ലാമിന്റെ സംസ്ഥാപനത്തിലൂടെയും മാനവികത സ്ഥാപിതമായി. യഥാർഥത്തിൽ മനുഷ്യൻ എല്ലാ സൃഷ്ടികളിലും ശ്രേഷ്ഠനാണെന്ന കാര്യം തെളിയിക്കപ്പെട്ടു. എന്നാൽ, എന്തുകൊണ്ട് മനുഷ്യൻ ഇന്ന് ഇത്രമാത്രം അധഃപതിച്ചിരിക്കുന്നു?എന്നതാണ് ചോദ്യം. മാനവികതയുടെ മൂല്യം എന്തുകൊണ്ടാണ് തകർന്നുകൊണ്ടിരിക്കുന്നത്? അതിനുള്ള കാരണം വിശുദ്ധഖുർആനിനെ പാഴ്‌വസ്തുപോലെ ഉപേക്ഷിച്ചിരിക്കുന്നു എന്നതാണ്. അതിന്റെ കാമ്പിൽ നിന്ന് വിദൂരപ്പെട്ട് തൊലിയിലാണ് അടിത്തറയിട്ടിരിക്കുന്നത്. അല്ലാഹു ഈ ഉമ്മത്തിനോട് കരുണ കാണിക്കുമാറാകട്ടെ. അവർ വിശുദ്ധഖുർആനിന്റെ എല്ലാ അധ്യാപനങ്ങളും –അത് മുഴുവനും മാനവികതയെ ആദരിക്കുന്നതിനും മനുഷ്യസമൂഹത്തിന്റെ ശ്രേഷ്ഠത സ്ഥാപിക്കാനുമുള്ളതാണ്– ദൈവനിയോഗിതന്റെ അധ്യാപനത്തിന്റേയും ഉപദേശത്തിന്റേയും വെളിച്ചത്തിൽ മനസിലാക്കികൊണ്ട് നടപ്പിലാക്കുന്നവരായി തീരട്ടെ. അങ്ങനെ എല്ലായിടത്തും മാനവികതയുടെ മഹത്ത്വവും ശ്രേഷ്ഠതയും സ്ഥാപിതമാകട്ടെ; മനുഷ്യത്വത്തിന്റെ യാഥാർഥ്യം തെളിയിക്കപ്പെടട്ടെ. ആമീൻ

നുഭൂതിയെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: ''ആകർഷണവും നിശ്ചയദാർഢ്യവും ഒരു വ്യക്തിക്ക് നൽകപ്പെടുന്നത് അയാൾ അല്ലാഹുവിന്റെ വസ്ത്രത്തിന് കീഴിൽ വരുമ്പോഴാണ്. അല്ലാഹുവിന്റെ ഛായയാകുമ്പോഴാണ്. പിന്നീട് സൃഷ്ടികളോടു സഹാനുഭൂതിയോടെ പെരുമാറാനും അവരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാനും തന്റെ ഉള്ളിൽ ഒരു വ്യാകുലത പ്രാപിക്കുന്നു. ഈ പദവിയിൽ നമ്മുടെ ആദരണീയനായ നബി(സ)തിരുമേനി മറ്റെല്ലാനബിമാരേക്കാളും മുൻകടന്നിരുന്നു. തന്മൂലം സൃഷ്ടികളുടെ പ്രയാസം കാണാൻ ആ മഹാത്മാവിന് സാധിച്ചിരുന്നില്ല.''(അൽഹക്കം 1902 ജൂലൈ 24)

സൃഷ്ടികളോടുള്ള സഹാനുഭൂതിയെ സംബന്ധിച്ച് വാഗ്ദത്ത മസീഹ് (അ)നൽകിയ ചിലനിർദേശങ്ങൾ സമർപിക്കുകയാണ്: ആ മഹാത്മാവ് പറയുന്നു: ''ആർക്കെങ്കിലും വേദന ഉണ്ടാകുകയും ഞാൻ നമസ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അയാളുടെ രോദനം എന്റെ ചെവിയിലെത്തുകയും ചെയ്താൽ ആ നമസ്കാരം മുറിച്ചുകൊണ്ട് അവന് ഫലമെത്തിക്കാൻ സാധിക്കുമെങ്കിൽ ഞാനതു ചെയ്യുമെന്നതാണ് എന്റെ അവസ്ഥ. സാധ്യമാകുന്നിടത്തോളം അയാളോടു അനുകമ്പാപൂർവം പെരുമാറുന്നതാണ്. ഏതെങ്കിലും സഹോദരൻ കഷ്ടപ്പാടിലും ബുദ്ധിമുട്ടിലും ആയിരിക്കെ അവനെ ഉപേക്ഷിക്കുകയെന്നത് സൽസ്വഭാവത്തിന് നിരക്കുന്ന ഗുണമല്ല. അയാൾക്കുവേണ്ടി ഒന്നും ചെയ്യാൻ നിങ്ങൾക്കു കഴിയുന്നില്ലെങ്കിൽ ചുരുങ്ങിയത് ദുആയെങ്കിലും ചെയ്യുക. സ്വന്തക്കാരോടു മാത്രമല്ല, ഞാൻ പറയുന്നത്; ഇതരരോടും ഹിന്ദുക്കളോടും ശ്രേഷ്ഠസ്വഭാവത്തിന്റെ മാതൃക കാണിക്കുകയും അവരോട് ദയാപൂർവം പെരുമാറുകയും ചെയ്യുക എന്നാണ്. ആരേയും പരിഗണിക്കാത്ത പ്രകൃതം ഒരിക്കലും ഉണ്ടായിക്കൂട.''(മൽഫൂദാത്ത് വാള്യം -1 പേജ് 305, 2003 പതിപ്പ്)

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: ''സൽസ്വഭാവംതന്നെയാണ് സകല പുരോഗതിയുടേയും കോണി. എന്റെ അറിവിൽ സൃഷ്ടികളോടുള്ള കടമകളുടെ ഈ വശമാണ് അല്ലാഹുവിനോടുള്ള കടമാനിർവഹണത്തിന് ശക്തി പകരുന്നത്. മനുഷ്യകുലത്തോടു സൽസ്വഭാവത്തോടെ പെരുമാറുന്ന വ്യക്തിയുടെ വിശ്വാസത്തെ അല്ലാഹു നഷ്ടപ്പെടുത്തിക്കളയുകയില്ല. ദൈവത്തിന്റെ തൃപ്തിക്കായി മനുഷ്യൻ പ്രവർത്തിക്കുകയും ദുർബലനായ തന്റെ സഹോദരനോട് സഹാനുഭൂതിയോടെ പെരുമാറുകയും ചെയ്യുമ്പോൾ ഈ ആത്മാർഥതയിലൂടെ അവന്റെ വിശ്വാസം ശക്തി പ്രാപിക്കുന്നു. പ്രദർശനത്തിനും കാണിക്കുന്നതിനുംവേണ്ടി ചെയ്യുന്ന സൽസ്വഭാവരീതികൾ ദൈവത്തിന് വേണ്ടിയുള്ളതല്ല. അവരിൽ ആത്മാർഥത ഇല്ലാത്ത കാരണത്താൽ ഒരു ഫലവുമുണ്ടാകുകയില്ല. ഈ രീതിയിൽ ധാരാളമാളുകൾ സത്രങ്ങൾ തുടങ്ങിയവ നിർമിക്കാറുണ്ട്. അവരുടെ യഥാർഥ ലക്ഷ്യം പ്രശസ്തിയാണ്. മനുഷ്യൻ ദൈവത്തിനുവേണ്ടി എന്ത് പ്രവൃത്തി ചെയ്താലും അതെത്ര ചെറുതാണെങ്കിലും ദൈവം അത് നഷ്ടപ്പെടുത്തുകയില്ല. അതിന് പ്രതിഫലം നൽകുന്നതുമാണ്. തദ്ക്കിറത്തുൽ ഔലിയ എന്ന ഗ്രന്ഥത്തിൽ ഞാൻ വായിച്ചിട്ടുണ്ട്: ഒരു വൊലിയുല്ലാഹ് പറയുന്നു, ''ഒരിക്കൽ ദിവസങ്ങളോളം നിരന്തരം മഴ പെയ്തു. ഒരു എൺപതു വയസ്സുള്ളയാൾ വീട്ടിനു മുകളിൽ പറവകൾക്കു ധാന്യമണികൾ ഇട്ടുകൊടുക്കുന്നതായി ഞാൻ കണ്ടു.സത്യനിഷേധികളുടെ കർമങ്ങൾ പാഴായിപ്പോകുന്നു എന്ന വിചാരത്തോടെ ഞാനദ്ദേഹത്തോടു പറഞ്ഞു: നിന്റെ ഈ കർമത്തിന് നിനക്കെന്തെങ്കിലും പ്രതിഫലം കിട്ടുമോ? ആ വൃദ്ധൻ മറുപടി പറഞ്ഞു: തീർച്ചയായും കിട്ടുന്നതാണ്. ആ വൊലിയുല്ലാഹ് പറയുന്നു: ഒരിക്കൽ ഞാൻ ഹജ്ജിന് പോയി. അപ്പോൾ അതേ വൃദ്ധൻ അവിടെ ത്വവാഫ് ചെയ്യുന്നത് കണ്ടു. ആ വൃദ്ധൻ എന്നെ തിരിച്ചറിഞ്ഞു. എന്നോടു പറഞ്ഞു: നോക്കുക! ആ ധാന്യമണികൾക്ക് എനിക്ക് പ്രതിഫലം കിട്ടിയോ...? ഇല്ലേ ? അതായത് അതേ ധാന്യങ്ങൾ എന്നെ ഇസ്ലാംവരെ കൊണ്ടുവരുന്നതിന് ഹേതുവായിത്തീർന്നു.'' -(മൽഫൂദാത്ത്,വാള്യം 4, പേജ് 216, എഡിഷൻ 2003)

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു: ഉപദ്രവങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും മനുഷ്യകുലത്തോടു അനുകമ്പയോടെ പെരുമാറാനും ഞാൻ ഉപദേശിക്കുകയാണ്. സ്വന്തം മനസ്സുകളെ വെറുപ്പിൽ നിന്നും വിദ്വേഷത്തിൽ നിന്നും പരിശുദ്ധമാക്കി വെക്കുക. ഈ ശീലം മുഖേന നിങ്ങൾ മാലാഖമാരെപ്പോലെയായിത്തീരുന്നതാണ്. മനുഷ്യരോടു അനുകമ്പ കാണിക്കാത്ത മതം എത്രമാത്രം വൃത്തികെട്ടതും അശുദ്ധവുമായ മതമാണ്. സ്വേച്ഛാപരമായ വെറുപ്പിന്റെ മുള്ളുകൾ കൊണ്ടു നിറഞ്ഞ വഴി എത്രമാത്രം മലീമസമാണ്. അതിനാൽ എന്നോടൊപ്പമുള്ള നിങ്ങൾ അപ്രകാരം ആകരുത്. നിങ്ങൾ ആലോചിച്ച് നോക്കൂ. മതത്തിൽ നിന്ന് കൊണ്ടു എന്താണ് കരസ്ഥമാക്കിയത്? എപ്പോഴും മനുഷ്യരെ കഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുക എന്നതാണോ? അല്ല. മറിച്ച്, അല്ലാഹുവിലുള്ള ജീവിതം കരസ്ഥമാക്കുന്നതിനും ദൈവത്തിൽ നില നിലകൊള്ളുന്ന ജീവിതം നേടിയെടുക്കുന്നതിനും വേണ്ടിയുള്ളതാണ് മതം. ദൈവിക സവിശേഷഗുണങ്ങൾ മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കാതെ ഒരാൾക്കും പ്രസ്തുത ജീവിതം കിട്ടിയിട്ടില്ല, ഭാവിയിൽ കിട്ടുകയുമില്ല. ദൈവത്തിനുവേണ്ടി എല്ലാവരോടും കരുണ കാണിക്കുക;ആകാശത്തുനിന്ന് നിങ്ങളുടെ മേൽ കരുണ ചെയ്യപ്പെടാൻ! വരിക, നിങ്ങളുടെ പ്രകാശം എല്ലാ പ്രകാശങ്ങളേയും അതിജയിക്കുന്നതിന് ഞാൻ നിങ്ങൾക്ക് ഒരു വഴി പഠിപ്പിച്ചുതരാം. അതെന്താണെന്നുവച്ചാൽ ''എല്ലാ പകകളും അസൂയകളും ഉപേക്ഷിക്കുക. മനുഷ്യകുലത്തോടു അനുകമ്പയുള്ളവരാകുക.'' (ഗവൺമെന്റ് അഗ്രേസി ഔർ ജിഹാദ് റൂഹാനി ഖസായിൻ വാള്യം 17 പേജ്- -14)

വാഗ്ദത്ത മസീഹ്(അ) പറയുന്നു: ''ധാരാളമാളുകളുണ്ട്. അവരിൽ തങ്ങളുടെ സഹോദരങ്ങളോടു അൽപം പോലും അനുകമ്പയില്ലാത്തതായി ഞാൻ കാണുന്നു. ഒരു സഹോദരൻ വിശന്ന് മരിച്ചാൽ ഇതരൻ അതു ശ്രദ്ധിക്കുന്നില്ല. അയാളെ സഹായിക്കാൻ ഒട്ടും തയ്യാറാകുന്നില്ല. അയാൾ മറ്റേതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടിലാണെങ്കിൽ തന്റെ ധനത്തിൽ നിന്ന് കുറച്ച് അവനുവേണ്ടി ചെലവഴിക്കാനും തയ്യാറാകുന്നില്ല. ഹദീഥ് ശരീഫിൽ അയൽവാസിയെ സംരക്ഷിക്കാനും അവനോടു അനുകമ്പയോടെ പെരുമാറാനും കല്പന വന്നിട്ടുണ്ട്. എത്രത്തോളമെന്നാൽ അവർക്ക് കൊടുക്കുന്നതിനുവേണ്ടി നിങ്ങൾ ഇറച്ചിക്കറി വെക്കുകയാണെങ്കിൽ ചാർ കൂടുതലാക്കി ഉണ്ടാക്കാൻവരെ കല്പന വന്നിട്ടുണ്ട്. ഇപ്പോൾ എന്താണ് നടക്കുന്നത്? തങ്ങളുടെതന്നെ വയറു നിറച്ചുകൊണ്ടിരിക്കുന്നു. അയൽവാസികൾ വീട്ടിന്റെ പരിസരത്ത് മാത്രം വസിക്കുന്നവരാണെന്ന് മനസ്സിലാക്കരുത്.നൂറു മൈൽ ദൂരത്താണ് താമസമെങ്കിലും നിങ്ങളുടെ സഹോദരനും അയൽവാസി തന്നെയാണ്. (മൽഫൂദാത്ത് വാള്യം 4 പേജ്- -215,എഡിഷൻ 2003)

വാഗ്ദത്ത മസീഹിന്റെ ഹൃദയത്തിൽ അലയടിച്ചിരുന്ന മനുഷ്യരാശിയോടുള്ള സ്നേഹവികാരം എത്തരത്തിലുള്ളതായിരുന്നുവെന്നാൽ അതിനു സമാനമായിട്ടുള്ളതു ലഭിക്കുക ദുഷ്കരമാണ്. ആ സ്നേഹവികാരം ആ മഹാത്മാവ് ഇങ്ങനെ വിവരിക്കുന്നു: ''ലോകത്ത് എനിക്ക് ഒരു ശത്രുവുമില്ല. ഒരു വാത്സല്യനിധിയായ മാതാവ് തന്റെ കുട്ടികളെ സ്നേഹിക്കുന്നതിനെക്കാളുപരി ഞാൻ മനുഷ്യരാശിയെ സ്നേഹിക്കുന്നു. സത്യത്തെ ഇല്ലായ്മ ചെയ്യുന്ന വ്യർഥമായ വിശ്വാസങ്ങൾ മാത്രമാണ് എന്റെ ശത്രു. മനുഷ്യരോടു അനുകമ്പ കാണിക്കൽ എനിക്കു നിർബന്ധമാണ്. കളവ്, ബഹുദൈവാരാധന, അക്രമം, എല്ലാ ഓരോ ദുഷ്കർമങ്ങളിൽനിന്നും അനീതികളിൽനിന്നും ദുസ്സ്വഭാവങ്ങളിൽ നിന്നുമുള്ള ജാഗ്രതയുമാണ് എന്റെ അടിസ്ഥാന തത്ത്വം.'' (അർബഈൻ, റൂഹാനി ഖസായിൻ വാള്യം 17, പേജ്- 344)

ആ മഹാത്മാവ് പറയുന്നു:''-ഫാതിഹ എന്ന അധ്യായം അല്ലാഹു സമർപിച്ചിട്ടുള്ളതുതന്നെ ഇതുകൊണ്ടാണ്. അതിൽ ഏറ്റവുമാദ്യം റബ്ബുൽആലമീൻ എന്ന സ്വിഫത്താണ് അതായത് സർവ്വലോക പരിപാലകൻ എന്ന ഗുണവിശേഷമാണ് വിവരിച്ചിട്ടുള്ളത്. ഇതിൽ എല്ലാ സൃഷ്ടികളും ഉൾപ്പെടുന്നു. ഇതേ നിലയിൽ ഒരു വിശ്വാസിയുടെ സഹാനുഭൂതിയുടെ മൈതാനം പ്രാഥമികമായി എത്രമാത്രം വിശാലമായിരിക്കണമെന്നാൽ എല്ലാ ജീവജാലങ്ങളും പറവകളും സർവ്വ സൃഷ്ടികളും അതിൽ വരേണ്ടതാണ്. രണ്ടാമതായി റഹ്മൻ അഥവാ പരമകാരുണികൻ എന്ന പദമാണ് പ്രയുക്തമായിട്ടുള്ളത്. ഇതിൽ നിന്ന് കിട്ടുന്ന പാഠം എല്ലാ ജീവജാലങ്ങളോടും പ്രത്യേക അനുകമ്പയോടുകൂടി പെരുമാറണമെന്നാണ്. പിന്നീട് കരുണാമയൻ എന്നർഥം വരുന്ന റഹീം എന്ന പദത്തിൽ മനുഷ്യരാശിയോടുള്ള സഹാനുഭൂതിയുടെ പാഠമാണ് നൽകപ്പെട്ടിരിക്കുന്നത്. ചുരുക്കത്തിൽ ഫാത്തിഹ അധ്യായത്തിൽ വിവരിക്കപ്പെട്ടിട്ടുള്ള അല്ലാഹുവിന്റെ ഗുണവിശേഷങ്ങൾ ഉന്നതനായ ദൈവത്തിന്റെ സ്വഭാവവൈശിഷ്ടങ്ങളാണ്. അവയെ ദാസൻ തന്റെ ഭാഗമാക്കേണ്ടതാണ്. അതായത് ഒരു വ്യക്തി നല്ല അവസ്ഥയിലാണെങ്കിൽ തന്റെ സമസൃഷ്ടികളോടു എല്ലാ തരത്തിലുള്ള സാധ്യമായ സഹാനുഭൂതിയും പ്രകടിപ്പിക്കുക. ഇതരൻ അയാളുടെ ബന്ധുവോ സ്നേഹിതനോ ആരോ ആകട്ടെ, അവനിൽ നിന്ന് അകൽച്ച പുലർത്താതിരിക്കട്ടെ. അന്യനെപോലെ അയാളോടു പെരുമാറാതിരിക്കട്ടെ. അയാളോടുള്ള നിങ്ങളുടെ കടമകളെകുറിച്ചു നിങ്ങൾക്ക് ചിന്ത വേണ്ടതാണ്. അവന് ആരോടെങ്കിലും അടുപ്പമുണ്ടാകുകയും അവനോടും എന്തെങ്കിലും കടമകളുണ്ടെങ്കിൽ അതും നിറവേറ്റേണ്ടതാണ്.(മൽഫൂദാത്ത് വാള്യം- 2,പേജ് 262 എഡിഷൻ 2003)

ആ മഹാത്മാവ് പറയുന്നു: ദൈവവഴിയിൽ ജീവിതം സമർപണം ചെയ്യുക എന്നതാണ് യഥാർഥ ഇസ്ലാം. അത് രണ്ടു തരത്തിലുണ്ട്. ഒന്ന് ദൈവത്തെ തന്റെ ആരാധ്യനും സ്നേഹഭാജനവുമായി കരുതുക. രണ്ടാമത്തെ രീതിയെ കുറിച്ച് ആ മഹാത്മാവ് പറയുന്നു: അല്ലാഹുവിന്റെ മാർഗത്തിൽ ജീവിതം സമർപിക്കുന്നതിന്റെ രണ്ടാമത്തെ രീതി അവന്റെ ദാസന്മാർക്ക് സേവനം ചെയ്യുക, അവരോടു സഹാനുഭൂതിയോടെ പെരുമാറുക, അവരുടെ ആവശ്യങ്ങൾ പൂർത്തിയാക്കുക,അവരുടെ ഭാരങ്ങൾ ലഘൂകരിക്കുക, സത്യസന്ധമായ രൂപത്തിൽ അവരുടെ ദുഖങ്ങൾക്ക് സാന്ത്വനമേകുക തുടങ്ങിയവയാണ്. മറ്റുള്ളവർക്ക് സമാധാനം എത്തിക്കുന്നതിനുവേണ്ടി കഷ്ടപ്പെടുകയും സുഖമെത്തിക്കുന്നതിന്നായി സ്വയം വിഷമങ്ങൾ സഹിക്കുകയും ചെയ്യുക.''(ആയിനയെ കമാലാത്തെ ഇസ്ലാം, റൂഹാനി ഖസായിൻ വാള്യം 5 പേജ് 69).

ആ മഹാത്മാവ് പറയുന്നു: സൃഷ്ടികൾക്ക് എത്രത്തോളം ആവശ്യങ്ങളുണ്ടോ ഏതളവോളം വിവിധ കാരണങ്ങളുടേയും രീതിയുടേയും വഴികളിലൂടെ പ്രകൃതി നിയന്താവ് ചിലരെ ചിലരുടെ ആശ്രിതരാക്കിവെച്ചിരിക്കുന്നുവോ ഇക്കാര്യങ്ങളിലെല്ലാം അല്ലാഹുവിനുവേണ്ടിമാത്രം തന്റെ യഥാർഥവും നിസ്വാർഥവും സത്യസന്ധമായ സഹതാപവുംകൊണ്ട് - അത് സ്വന്തം അസ്തിത്വത്തിൽനിന്ന് പുറത്തുവരുന്നതാണ് -അവർക്ക് പ്രയോജനമെത്തിക്കുകയും സഹായത്തിനു ആശ്രിതരായ ഓരോരുത്തർക്കും തന്റെ ദൈവദത്ത

മായ ശക്തിയാൽ സഹായിക്കുകയും അവരുടെ ഇഹലോകവും പരലോകവും നന്നാക്കിത്തീർക്കുന്നതിനുവേണ്ടി ശക്തി ചെലുത്തുകയും ചെയ്യുക. സൃഷ്ടികളെ ഈ രീതിയിൽ സേവിക്കേണ്ടതാണ്.' (ആയിനയെ കമാലാത്തെ ഇസ്‌ലാം. പേജ് 61-62)

സൃഷ്ടികളുടെ പരിഷ്കരണത്തിനും സൃഷ്ടികളോടു സഹതാപത്തോടെ പെരുമാറാനുള്ള അവിടത്തെ തിളപ്പും കണ്ടു നില്ക്കാൻ കഴിയുമായിരുന്നില്ല. പഞ്ചാബിൽ പ്ലേഗ് രോഗം താണ്ഡവമാടിയ കാലം.എണ്ണമറ്റ ജനതതികൾ ഈ പകർച്ച വ്യാധിയാൽ മരിച്ചുവീണുകൊണ്ടിരുന്നു. സഹാനുഭൂതിയുടെ വികാരംകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അവസ്ഥ എന്തായിരുന്നുവെന്ന് ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടി(റ)പറയുന്നു. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തനിച്ചുനിന്ന് പ്രാർഥിക്കുന്നതായി കേട്ടു. ഈ ദൃശ്യം കണ്ട് അദ്ദേഹം അത്ഭുതസ്തബ്ധനായിപോയി. തുടർന്ന് അദ്ദേഹം പറയുന്നു: ''ഈ പ്രാർഥനകളിലും അദ്ദേഹത്തിന്റെ ശബ്ദങ്ങളിലും എത്രമാത്രം വേദനയും നീറ്റലും ഉണ്ടായിരുന്നുവെന്നാൽ കേൾക്കുന്നവരുടെ പിത്താശയം വെള്ളമായി പോകുമായിരുന്നു. ദൈവ സവിധത്തിൽ ആ മഹാത്മാവ് ചെയ്തു കൊണ്ടിരുന്ന തേങ്ങലുകൾ പ്രസവവേദന അനുഭവിക്കുന്ന അസ്വസ്ഥയായ സ്ത്രീയെ പോലെയായിരുന്നു. ഞാൻ ചെവിയോർത്തപ്പോൾ പ്ലേഗിന്റെ ശിക്ഷയിൽനിന്ന് മനുഷ്യരെ രക്ഷപ്പെടുത്താൻ അവിടന്ന് ഇങ്ങനെ പ്രാർഥിച്ചു കൊണ്ടിരിക്കുകയായിരുന്നു: എന്റെ നാഥാ! ഈ ജനത പ്ലേഗിന്റെ ശിക്ഷയാൽ കൊല്ലപ്പെട്ടാൽ നിന്നെ ആരാധിക്കാൻ പിന്നെ ആരുണ്ടാകും.''(സീറത്തെ ത്വയ്യിബ, പേജ് 54, സീറത്ത് മസീഹ് മൗഊദ്(അ) ശമാഇൽ വ അഖ്‌ലാഖ് വാള്യം 3, പേജ്--395 ഗ്രന്ഥകർത്താവ് ശേയ്ഖ് യഅ്ഖൂബ് അലി ഇർഫാനി(റ).)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: താൻ മുഖേന മറ്റുള്ളവർക്ക് പ്രയോജനമെത്തണമെന്നാഗ്രഹിക്കുന്ന വ്യക്തി പകയുള്ളവനാകാതിരിക്കേണ്ടതാണ്. ഇതാണ് സത്യമായ കാര്യം. അവൻ പകവച്ചുപുലർത്തുന്നവനാണെങ്കിൽ മറ്റുള്ളവർക്ക് എന്ത് പ്രയോജനം എത്താനാണ്? തനിക്കും തന്റെ വികാരത്തിനും വിഘാതമായി എവിടെ ഒരു കാര്യം വരുന്നോ അവിടെ പ്രതികാരം ചെയ്യാൻ തയ്യാറാകുന്നു. ആയിരക്കണക്കിന് കഠാരകൾകൊണ്ടു ഉപദ്രവം ഏൽപിക്കപ്പെട്ടാലും അതൊന്നും ഒരിക്കലും കാര്യമാക്കാത്തവനായിരിക്കേണ്ടതാണ്. രണ്ടു കാര്യങ്ങൾ ഓർത്തിരിക്കണമെന്നാണ് എന്റെ ഉപദേശം. ദൈവത്തെ ഭയപ്പെടുക എന്നതാണ് അതിൽ ഒന്ന്. രണ്ട് തന്നോടെന്ന പോലെ തന്റെ സഹോദരന്മാരോട് സഹാനുഭൂതിയോടെ പെരുമാറുകയെന്നതാണ്. ആരിൽ നിന്നെങ്കിലും ഒരു അബദ്ധമോ തെറ്റോ സംഭവിച്ചാൽ അദ്ദേഹത്തിന് മാപ്പ് ചെയ്തു കൊടുക്കുക. അയാളുടെമേൽ കാർക്കശ്യത്തോടെ പെരുമാറുകയോ വിദ്വേഷത്തിന്റെ രീതി അവലംബിക്കുകയോ ചെയ്യരുത്. തനിക്കെതിരിൽ ഒരു കാര്യവും വരരുതെന്ന് മനുഷ്യന്റെ ഇച്ഛ അവനെ നിർബന്ധിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ സിംഹാസനത്തിൽ ഇരിക്കാനാണ് അവൻ ആഗ്രഹിക്കുന്നത്. അതുകൊണ്ട് അതിൽ നിന്ന് രക്ഷപെടുക. സൃഷ്ടികളോട് തികഞ്ഞ സൽസ്വഭാവത്തോടെ പെരുമാറുക എന്നതും ഒരു മരണമാണെന്ന് സത്യമായും ഞാൻ പറയുന്നു. ആരെങ്കിലും ആരെയെങ്കിലും നീ എന്തോ മറ്റോ പറഞ്ഞു പോയതിന്റെ പേരിൽ അയാളുടെ പിന്നാലെ കൂടുന്നത് ഞാനിഷ്ടപ്പെടുന്നില്ല. മുമ്പിൽ നിന്ന് ആരെങ്കിലും ചീത്ത വിളിച്ചാൽപോലും ക്ഷമിച്ച് നിശബ്ദനായിരിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്.''(മൽഫൂദാത്ത് വാള്യം 5, പേജ് 69, എഡിഷൻ-2003)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ ഞാൻ പുറത്ത് നടക്കാൻ പോകുകയായിരുന്നു. വില്ലേജ് രജിസ്ട്രാർ അബ്ദുൽ കരീമും എന്റെ കൂടെയുണ്ടായിരുന്നു. അദ്ദേഹം അൽപം എന്നേക്കാളും മുന്നിലായിരുന്നു. വഴിയിൽ എഴുപതു എഴുപത്തഞ്ചു വയസ്സു തോന്നിക്കുന്ന ഒരു ക്ഷീണിതയായ വൃദ്ധയെ കണ്ടു മുട്ടി. ഒരു കത്ത് വായിച്ചു കൊടുക്കാൻ ആ വൃദ്ധ അദ്ദേഹത്തോടു പറഞ്ഞു. എന്നാൽ, അദ്ദേഹം അവരെ അവിടെനിന്ന് തള്ളിമാറ്റി. എന്റെ മനസ്സിൽ ഇത് മുറിവേൽപ്പിച്ചു. അവർ ആ കത്ത് എന്റെ കൈയിൽ തന്നു. ഞാനവിടെനിന്ന് നല്ലവണ്ണം ആ കത്ത് വായിച്ച് മനസ്സിലാക്കിക്കൊടുത്തു. ഇത് ആ വില്ലേജ് രജിസ്ട്രാറെ വളരെ ലജ്ജിതനാക്കി. കാരണം അദ്ദേഹത്തിന് അവിടെ നിൽക്കേണ്ടിയും വന്നു. പ്രതിഫലം നഷ്ടപ്പെടുകയും ചെയ്തു.''(മൽഫൂദാത്ത് വാള്യം 1, പേജ്-305, എഡിഷൻ-2003)

ആവശ്യക്കാർക്കും പ്രയാസം അനുഭവിക്കുന്നവർക്കും രോഗികൾക്കും ആ മഹാത്മാവ് എന്നും കാരുണ്യത്തിന്റെ സാഗരമായി ചലിച്ചു കൊണ്ടിരുന്നു. മനുഷ്യകുലത്തോടുള്ള അദ്ദേഹത്തിന്റെ ഔദാര്യത്തിന്റെ അറ്റമില്ലാത്ത ഉദാഹരണങ്ങളുണ്ട്. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സിയാൽക്കോട്ടി(റ) തന്റെ കൺമുന്നിൽ നടന്ന സംഭവം ഈ വാക്കുകളിൽ വിവരിക്കുന്നു:'' ഗ്രാമീണസ്ത്രീകളിൽ നിന്നുള്ള കുറേ പേർ അവരുടെ കുട്ടികളെ കാണിക്കാൻവേണ്ടി ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നു. ഇതിനിടയിൽ അകത്തുനിന്ന് ചില സേവകരായ സ്ത്രീകളും മധുര പാനീയവും മധുരവും വാങ്ങാൻ പാത്രങ്ങളുമായി വന്നു. ആ മഹാത്മാവിനാകട്ടെ ദീനീപരമായ ആവശ്യാർഥം ഒരു സുപ്രധാന ലേഖനം തിരക്കിട്ട് എഴുതേണ്ടതുമുണ്ടായിരുന്നു. യാദൃച്ഛികമായി ഞാനും അവിടെ വന്നു. ഒരു യൂറോപ്യൻ തന്റെ ഭൗതിക ജോലി നിർവ്വഹിക്കാൻ തയ്യാറെടുത്ത് നിൽക്കുന്നതുപോലെ ഹദ്റത്ത് സാഹിബും നിൽക്കുന്നതായി കണ്ടു. മരുന്നിന്റെ അഞ്ചോ ആറോ പെട്ടികൾ തുറന്നു വെച്ചിരിക്കുന്നു. ചെറിയ ചെറിയ കുപ്പികളിൽ നിന്ന് ചിലർക്ക് ചിലതും ചിലർക്ക് മറ്റു ചില മരുന്നുകളും നൽകികൊണ്ടിരുന്നു. മൂന്ന് മണിക്കൂറോളം ഇതേ തിരക്ക് തുടർന്നു. ആശുപത്രി പ്രവർത്തിച്ചു കൊണ്ടിരുന്നു. തിരക്കു കഴിഞ്ഞപ്പോൾ ഞാൻ പറഞ്ഞു: ഹദ്റത്ത്! ഇതു വളരെ ബുദ്ധിമുട്ടുള്ള പ്രവൃത്തിയാണ്. ഇങ്ങനെ വളരെ വിലപ്പെട്ട സമയം നഷ്ടപ്പെട്ടു പോകുന്നു. അല്ലാഹ്, അല്ലാഹ്! എത്ര വിശാലതയോടും ശാന്തിയോടുംകൂടിയാണ് എനിക്ക് അവിടന്ന് മറുപടി തന്നത്. പറഞ്ഞു: ഇതും മതപരമായ ജോലിയാണ്. ഇവർ വളരെ പാവപ്പെട്ടവരാണ്. ഇവിടെ ആശുപത്രി ഒന്നുമില്ല. ഇവർക്കുവേണ്ടി ഞാൻ എല്ലാ തരത്തിലുള്ള ഇംഗ്ലീഷ്, യൂനാനി മരുന്നുകൾ വരുത്തി വെക്കാറുണ്ട്.ഇത്തരം അവസരങ്ങളിൽ അവ പ്രയോജനപ്പെടുന്നു. ഇതു വളരെ പ്രതിഫലം കിട്ടുന്ന പ്രവൃത്തിയാണെന്നും അവിടന്ന് തുടർന്നു പറഞ്ഞു. വിശ്വാസിഇത്തരം പ്രവൃത്തികളിൽ അലസനും അശ്രദ്ധനും ആകരുത്.''(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഗ്രന്ഥകർത്താവ്. ഹദ്റത്ത് അബ്ദുൽ കരീം സിയാൽക്കോട്ടി, പേജ് 36)

ഇതു സംബന്ധമായി മറ്റൊരു സംഭവം സമർപ്പിക്കുകയാണ്: ഖാദിയാനിൽ നിഹാൽ സിംഗ് എന്ന് പേരുള്ള ഒരു മർക്കടമുഷ്ടിക്കാരനുണ്ടായിരുന്നു. ഇയാൾ ജമാഅത്തിന്റെ കഠിനവിരോധിയുമായിരുന്നു. ഇയാളുടെ ആഹ്വാനപ്രകാരം ഹക്കീമുൽ മില്ലത്ത് ഹദ്റത്ത് നൂറുദ്ദീൻ(റ)നും ചില അഹ്‌മദികൾക്കുമെതിരെ ഒരു ഭയാനകമായ ക്രിമിനൽകള്ളക്കേസ് കോടതിയിൽ കൊടുത്തിരുന്നു. മറ്റുള്ളവരോടൊപ്പം ചേർന്ന് അയാൾ എന്നും അഹ്‌മദികളെ ബുദ്ധിമുട്ടിച്ചിരുന്നു. ചീത്ത വിളി അയാളുടെ പതിവു സ്വഭാവമായിരുന്നു. കേസുകൾ നടന്നു കൊണ്ടിരിക്കുന്ന നാളുകൾക്കിടയിൽത്തന്നെ അയാളുടെ ചെറിയ മകന് കസ്തൂരിയുടെ ആവശ്യം നേരിട്ടു. മറ്റെവിടെനിന്നും ഇതു കിട്ടിയിരുന്നില്ല. എന്നു മാത്രമല്ല വളരെ വിലയുമുണ്ടായിരുന്നു. ഈ അവസ്ഥയിൽ ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ വാതുക്കലെത്തി അയാൾ കസ്തൂരി ചോദിച്ചു. അയാളുടെ വിളി കേട്ടപ്പോൾത്തന്നെ വാഗ്ദത്ത മസീഹ്(അ) ധിറുതിയിൽ വന്നു. ഒട്ടും അയാളെ കാത്തുനിൽക്കാൻ വിട്ടില്ല. അയാൾ ആവശ്യപ്പെട്ടപ്പോൾത്തന്നെ അല്പം നില്ക്കുക, ഇപ്പോൾ കൊണ്ടു വരാം എന്ന് പറഞ്ഞ് അകത്തു പോയി. പകുതി തോലയോളം കസ്തൂരി കൊണ്ടു വന്നു അയാൾക്കു കൊടുത്തു.''(സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ),യഅ്ഖൂബ് അലി ഇർഫാനി(റ), വാള്യം 2,പേജ്-306)

നമ്മളിലോരോരുത്തരും നമ്മുടെ ആത്മാവിന്റെ ബലഹീനതകൾ നോക്കുക. അതിനോടൊപ്പം സമൂഹമെന്ന നിലയിൽ നമ്മുടെ ബലഹീനതകൾ നോക്കേണ്ടതും അടയാളപ്പെടുത്തേണ്ടതും അവയെ ചികിത്സിച്ച് ഭേദമാക്കേണ്ടതും നിർബന്ധമാണ്.
(ഖു.ജു.13-2-2015)

**ഉപദേശനം ഹദ്റത്ത് അമീറുൽ മുഅ്മിനീൻ**

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യ**
**വാണിയമ്പലം**
**മലപ്പുറം ജില്ല. കേരള.**

## മഹ്ദി ഇമാമിന്റെ പ്രസ്താവം

"ഇസ്‌ലാം യഥാർഥ ഈശ്വരീയജ്ഞാനം പ്രദാനം ചെയ്യുന്നു.
അതു മുഖേന മനുഷ്യന്റെ
പങ്കിലീകൃത ജീവിതത്തിനുമേൽ മരണം വന്നെത്തുന്നു."

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**അബ്ദുൽ അമീർ& ഫാമിലി**
**അഹ്‌മദിയ്യാ ജമാഅത്ത് പത്തപ്പിരിയം**
**മലപ്പുറം ജില്ല, കേരള.**

സഹാനുഭൂതിയേയും, മാനവിക സേവനത്തേയും സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: സ്വന്തം സുഖത്തേക്കാൾ തന്റെ സഹോദരന്റെ സുഖത്തിന് കഴിയുന്നത്ര പ്രാധാന്യം കൊടുക്കുന്നതുവരെ മനുഷ്യന്റെ വിശ്വാസമൊരിക്കലും ശരിയാകുന്നതല്ലെന്ന് ഞാൻ സത്യമായും സത്യമായും പറയുന്നു. എന്റെ ഒരു സഹോദരൻ ക്ഷീണിതനും രോഗിയും ആയിരുന്നിട്ടും എന്റെ മുന്നിൽ തറയിൽ കിടന്നുറങ്ങുകയും ഞാൻ ആരോഗ്യവാനായിരുന്നിട്ടും കട്ടിൽ കൈയ്യടക്കുകയും ഞാനെഴുന്നേറ്റ് സ്നേഹത്തിന്റേയും അനുകമ്പയുടേയും വഴി സ്വീകരിച്ചുകൊണ്ട് സ്വന്തം കട്ടിൽ അയാൾക്ക് ഒഴിഞ്ഞ് കൊടുത്തുകൊണ്ട് സ്വയം തറയിൽകിടക്കാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നില്ലെങ്കിൽ എന്റെ അവസ്ഥ വളരെ കഷ്ടമാണ്.എന്റെ സഹോദരൻ രോഗിയും ഏതെങ്കിലും വേദനയാൽ പുളയുകയും ചെയ്യുമ്പോൾ ആരോഗ്യവാനായ ഞാൻ എന്നാലാകും വിധം അയാൾക്ക് സുഖം എത്തിക്കാൻ തുനിയാതെ സുഖമായി ഉറങ്ങുകയാണെങ്കിൽ എന്റെ അവസ്ഥ വളരെ ഖേദകരമാണ്. ഹൃദയം മൃദുലമാകാതെ ഒരു വ്യക്തിയും സത്യവാനായ വിശ്വാസിയാകുകയില്ല. സമൂഹത്തിന് സേവനം ചെയ്യുകയെന്നത് നേതാവാകുന്നതിന്റെ അടയാളമാണ്. പാവപ്പെട്ടവരോടു മൃദുലതയോടും വണക്കത്തോടുംകൂടി സംസാരിക്കുകയെന്നത് ദൈവസമക്ഷം സ്വീകാര്യനാകുന്നതിന്റെ അടയാളമാകുന്നു. തിന്മക്ക് നന്മകൊണ്ട് മറുപടി പറയുകയെന്നതു സൗഭാഗ്യത്തിന്റെ അടയാളമാണ്. കോപത്തെ സഹിക്കുകയെന്നതും കൈപ്പേറിയ കാര്യങ്ങൾ ക്ഷമിക്കുകയെന്നതും മഹത്തായ നിലവാരത്തിലുള്ള പുരുഷത്വമാണ്.''(ശഹാദത്തുൽ ഖുർആൻ, റൂഹാനി ഖസായിൻ വാല്യം 6, പേജ് 395)

തുടർന്ന് ആ മഹാത്മാവ് പറയുന്നു: അനുകമ്പയുടെ വൃത്തം എന്റെയടുക്കൽ വളരെ വിശാലമാണ്. ഒരു സമുദായത്തേയും വ്യക്തിയേയും വേർപെടുത്തരുത്. സ്വന്തം അനുകമ്പ കേവലം മുസ്ലീംകൾക്ക് മാത്രമാക്കി പ്രത്യേകപ്പെടുത്തുക എന്ന ഇക്കാലഘട്ടത്തിലെ വിഡ്ഢികളുടെ വർത്തമാനത്തെപോലെ ഞാൻ നിങ്ങളോടു പറയുകയില്ല. നിങ്ങൾ ദൈവത്തിന്റെ സകല സൃഷ്ടികളോടും അനുകമ്പ കാണിക്കുക എന്നാണ് ഞാൻ പറയുന്നത്; മുസ്ലിമോ ഹിന്ദുവോ മറ്റാരായാലും ശരി. സ്വന്തം ആളുകളിലേക്ക് മാത്രം സഹാനുഭൂതിയെ പരിമിതപ്പെടുത്താൻ ആഗ്രഹിക്കുന്നവരുടെ വാക്കുകൾ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല.''(മൽഫൂദാത്ത് വാല്യം 4, പേജ് 217)

അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റാൻ സദാ തയ്യാറായിരിക്കേണ്ടതാണ്. സൃഷ്ടികളോടുള്ള കടമകൾ പൂർത്തിയാക്കാത്തവൻ അല്ലാഹുവിനോടുള്ള കടമകൾ എങ്ങനെ പൂർത്തിയാക്കാനാണ്.? ഇതു സംബന്ധമായി ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) പറയുന്നു:

“ഒരു മുസ്ലിം അല്ലാഹുവിനോടുള്ള കടമകളും സ്വഷ്ടികളോടുള്ള കടമകളും നിറവേറ്റാൻ സർവ്വാത്മനാ തയ്യാറായിരിക്കേണ്ടതാണെന്ന് ഓർത്തു കൊള്ളുക. നാവുകൊണ്ടു ദൈവത്തെ അവന്റെ അസ്തിത്വത്തിലും വിശേഷഗുണങ്ങളിലും ഏകനും പങ്കുകാരനുമെന്നു മനസ്സിലാക്കുന്നതുപോലെ കർമപരമായും അവനെ കാണിച്ചു കൊടുക്കേണ്ടതാണ്. അവന്റെ സൃഷ്ടികളോടു സഹാനുഭൂതിയോടും മൃദുലതയോടും പെരുമാറുക. തന്റെ സഹോദരൻമാരോടു ഒരു തരത്തിലുള്ള കോപവും അസൂയയും പകയും വെച്ചു പുലർത്തരുത്. മറ്റുള്ളവരെ പറ്റി ദൂഷണം പറയുന്നതിൽ നിന്ന് പൂർണമായും വിട്ടു നിൽക്കേണ്ടതാണ്. നിങ്ങൾ ദൈവത്തോടൊപ്പം ആയിക്കൊണ്ട് അവനിൽ സ്വയം ലയിച്ചു ചേരുക എന്ന പ്രവൃത്തി ഇപ്പോൾ വിദൂരത്താണെന്ന് ഞാൻ കാണുന്നു. നാവു കൊണ്ട് സമ്മതിക്കുന്നതുപോലെ പ്രവൃത്തികൊണ്ടും കാണിക്കുക. ഇപ്പോൾ നിങ്ങൾ സൃഷ്ടികളോടുള്ള കടമകൾ അതർഹിക്കുന്ന രീതിയിൽ നിർവേറ്റുന്നില്ല. പരസ്പരം കുഴപ്പങ്ങളും ശത്രുതയും കാണിക്കുന്ന ധാരാളം പേരുണ്ട്. തന്നേക്കാൾ ദുർബലരും പാവപ്പെട്ടവരുമായവരെ നിന്ദാദൃഷ്ടിയോടെ നോക്കുന്നു. ദുസ്സ്വഭാവത്തോടെ പെരുമാറുന്നു. പരസ്പരം പരദൂഷണം പറയുന്നു. ഹൃദയങ്ങളിൽ കോപവും വെറുപ്പും വെച്ചുപുലർത്തുന്നു. എന്നാൽ, നിങ്ങൾ ഒരൊറ്റ ശരീരമായി മാറണമെന്നാണ് അല്ലാഹു പറയുന്നത്. നിങ്ങൾ ഒരു ശരീരമായി തീരുമ്പോഴാണ് ഇപ്പോൾ നിങ്ങൾ സ്വന്തം ആത്മാക്കളെ ശുദ്ധീകരിച്ചിരിക്കുന്നുവെന്ന് പറയാൻ കഴിയുക. കാരണം പരസ്പരമുള്ള നിങ്ങളുടെ കാര്യങ്ങൾ ശുദ്ധമാകാത്തിടത്തോളം അല്ലാഹുവിനോടുള്ള കാര്യങ്ങളും ശുദ്ധമാകുകയില്ല. ആ രണ്ടു തരത്തിലുള്ള കടമകളിൽ വലിയ കടമ ദൈവത്തോടുള്ളതാണ്. എന്നാൽ, അവന്റെ സൃഷ്ടികളോടു കാര്യങ്ങൾ ചെയ്യുക എന്നത് ഒരു കണ്ണാടി എന്ന നിലയ്ക്കുള്ളതാണ്. തന്റെ സഹോദരൻമാരോടു ആത്മാർഥമായ രീതിയിൽ കാര്യങ്ങൾ ചെയ്യാത്തവൻ ദൈവത്തിനോടുള്ള കടമകളും നിർവ്വഹിക്കുന്നില്ല.'' (മൽഫൂദാത്ത് വാല്യം 5, പേജ് 407, എഡിഷൻ-2003)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ശരീഅത്തിന് വലിയ രണ്ടു ഭാഗങ്ങളും വശങ്ങളുമാണുള്ളത്. അതു സംരക്ഷിക്കേണ്ടതു മനുഷ്യർക്കു അനിവാര്യമാണ്. ഒന്ന്, അല്ലാഹുവിനോടുള്ള കടമകൾ. രണ്ടാമത്തേത് മനുഷ്യരോടുള്ള കടമകൾ. അല്ലാഹുവിനോടുള്ള കടമകൾ എന്നു പറയുന്നത് അല്ലാഹുവിനോടുള്ള സ്നേഹം, അവനെ അനുസരിക്കൽ, ആരാധന, ഏകദൈവ വിശ്വാസം, സത്തയിലും(ദാത്ത്) വിശേഷഗുണങ്ങളിലും(സ്വിഫത്ത്) മറ്റൊന്നിനേയും പങ്കുചേർക്കാതിരിക്കൽ തുടങ്ങിയവയാണ്. മനുഷ്യരോടുള്ള കടമകൾ എന്നു പറയുന്നത് തന്റെ സഹോദരങ്ങളോട് അഹങ്കാരം, വിശ്വാസ വഞ്ചന, ഒരു തരത്തിലുള്ള അക്രമവും ചെയ്യാതിരിക്കുക എന്നതാണ്. ചുരുക്കത്തിൽ സ്വഭാവരംഗത്ത് ഒരു തരത്തിലുള്ള വിള്ളലും ഉണ്ടാകാൻ പാടില്ല. കേൾക്കാനിത് കേവലം രണ്ടു വാക്യമാണ്. എന്നാൽ, പ്രാവർത്തികമാക്കുക എന്നത് ഏറെ ദുഷ്കരമാണ്.

അല്ലാഹുവിന്റെ വളരെ വലിയ കൃപ മനുഷ്യന്റെ മേലുണ്ടെങ്കിൽ ഈരണ്ടു വശങ്ങളിലും അവന് നിലകൊള്ളാൻ സാധിക്കുന്നതാണ്. ചിലരിൽ കോപാശക്തി കൂടുതലായി ഉണ്ടാകുന്നു. അത് അലയടിച്ചുയരുമ്പോൾ അവന്റെ ഹൃദയവും നാവും പരിശുദ്ധമായിരിക്കുകയില്ല. മനസ്സുകൊണ്ടു തന്റെ സഹോദരനെതിരെ അവിശുദ്ധപദ്ധതികൾ ആസൂത്രണം ചെയ്യുകയും നാവു കൊണ്ടു ചീത്ത വിളിക്കുകയും പിന്നീട് പക സൃഷ്ടിക്കുകയും ചെയ്യുന്നു. ചിലരിൽ ശാരീരികേച്ഛ അതിജയിച്ചിരിക്കും. അവരതിൽ ബന്ധിതരായിക്കൊണ്ട് അല്ലാഹുവിന്റെ അതിർവരമ്പുകളെ ലംഘിക്കുന്നു. ചുരുക്കത്തിൽ, ധാർമികാവസ്ഥ തികച്ചും ശരിയാകാത്തിടത്തോളം അനുഗ്രഹിച്ചവരുടെ കൂട്ടത്തിൽ പ്രവേശിപ്പിക്കുന്ന ആ സമ്പൂർണ വിശ്വാസം -ഇതുമുഖേനയാണ് സത്യമായ ദൈവജ്ഞാനത്തിന്റെ പ്രകാശം ഉണ്ടാകുന്നത്-അവനിൽ കടക്കുന്നതല്ല. സത്യവാനായ ഏകദൈവ വിശ്വാസിയായതിനുശേഷം സ്വന്തം സ്വഭാവങ്ങൾ നന്നാക്കിത്തീർക്കുന്ന ശ്രമത്തിൽ രാവും കഴിയേണ്ടതാണ്.''(മൽഫൂദാത്ത് വാല്യം 4, പേജ് 214, എഡിഷൻ 2003)

മനുഷ്യകുലത്തോടു പുലർത്തേണ്ട സഹാനുഭൂതിയെ സംബന്ധിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)ന്റെ ചില നിർദ്ദേശങ്ങൾകൂടി സമർപ്പിക്കുകയാണ്. ആ മഹാത്മാവ്(അ)പറയുന്നു: "ഓരോ വ്യക്തിയും താൻ എത്രത്തോളം ഇക്കാര്യങ്ങൾ വകവെക്കുന്നുവെന്നും എത്രത്തോളം തന്റെ സഹോദരങ്ങളോടു നന്നായി പെരുമാറുന്നുവെന്നും നിത്യവും ആത്മപഠനം നടത്തിക്കൊണ്ടിരിക്കേണ്ടതാണ്. ഇതിന്റെ ഭാരിച്ച അന്വേഷണം മനുഷ്യന്റെ ഉത്തരവാദിത്വമാണ്. ഒരു സ്വഹീഹായ ഹദീഥിൽ വന്നിരിക്കുന്നു: ഖിയാമത്തുനാളിൽ അല്ലാഹു പറയും: ''ഞാൻ പട്ടിണിയിലായിരുന്നു; നിങ്ങളെനിക്ക് ആഹാരം തന്നില്ല. ഞാൻ ദാഹിയായിരുന്നു; നിങ്ങളെനിക്ക് വെള്ളം തന്നില്ല. ഞാൻ രോഗിയായിരുന്നു; നിങ്ങളെന്നെ കാണാൻ വന്നില്ല.' അവർ പറയും: '' ഞങ്ങളുടെ നാഥാ! ഞങ്ങൾ ഭക്ഷണം തരാൻ നീ എപ്പോഴാണ് പട്ടിണിയിലായത്? ഞങ്ങൾ വെള്ളം തരാൻ നീ ദാഹിയായതെപ്പോഴാണ്? നിന്നെ സന്ദർശിക്കാൻ നീ എപ്പോഴാണ് രോഗിയായത്? അല്ലാഹു പറയും: എന്റെ ഇന്ന ദാസൻ ആവശ്യക്കാരനായിരുന്നു. എന്നാൽ, നിങ്ങൾ അദ്ദേഹത്തോടു ഒരു ദയയും കാട്ടി


## മഹ്ദി ഇമാമിന്റെ പ്രസ്താവം

“ഇസ്ലാമിന്റെ സംരക്ഷണത്തിനും സത്യത പ്രകടിപ്പിക്കുന്നതിനും ഏറ്റവും ആദ്യം വേണ്ടത് നിങ്ങൾ സത്യസന്ധരായ മുസ്ലീംകളുടെ മാതൃക കാണിക്കുക എന്നതാണ്.”

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**മർഹൂം മുഹമ്മദ് സലീം & ഫാമിലി**
**അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്**
**കോഴിക്കോട്, കേരള.**



## മഹ്ദി ഇമാമിന്റെ പ്രസ്താവം

“ഏതൊരു നബിയുടെ അനുഗ്രഹങ്ങളും ഉദാരതകളുമാണോ അനശ്വരമായി ഒഴുകിക്കൊണ്ടിരിക്കുന്നത് ആ നബി മാത്രമെ ജീവിച്ചിരിക്കുന്ന നബിയാകുകയുള്ളു”

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*

**DREAMS FURNITUR**
**VANIYAMBALAM**
**(KERALA) MOB.NO.9447382251**

യില്ല. അവനോടുള്ള സഹാനുഭൂതി എന്നോടു സഹാനുഭൂതി കാണിക്കലാണ്!

ഇതേ പ്രകാരം മറ്റൊരു വിഭാഗത്തോട് അല്ലാഹു പറയും: ''-ശാബാശ്! നിങ്ങളെന്നോടു അനുകമ്പയോടെ പെരുമാറി. ഞാൻ പട്ടിണിയിലായിരുന്നു; നിങ്ങളെനിക്ക് ആഹാരം നൽകി. ഞാൻ ദാഹിയായിരുന്നു; നിങ്ങളെനിക്ക് വെള്ളം നൽകി.' അവർ ചോദിക്കും: ''ഞങ്ങളുടെ നാഥാ ! ഞങ്ങളെപ്പോഴാണ് നിന്നോടിങ്ങനെ ചെയ്തത്?' അല്ലാഹു മറുപടി പറയും: ''എന്റെ ഇന്ന ദാസനോടു നിങ്ങൾ ചെയ്ത ഔദാര്യം യഥാർഥത്തിൽ എന്നോടു ചെയ്ത ഔദാര്യമാണ്.' അല്ലാഹുവിന്റെ സ്വഷ്ടികളോടു ഔദാര്യത്തോടെ പെരുമാറുക എന്നത് വളരെ വലിയ കാര്യമാണ്. അവൻ അത് വളരെ ഇഷ്ടപ്പെടുന്നു. ഇതിനേക്കാൾ വലിയ ഔദാര്യം അവൻ മറ്റെന്താണ് വെളിപ്പെടുത്താനുള്ളത്. പൊതുവേ ഭൗതികലോകത്തും ഇതേ രീതിയാണുള്ളത്. ഒരു വ്യക്തിയുടെ സേവകൻ അവന്റെ സ്നേഹിതന്റെ അടുക്കൽ ചെല്ലുമ്പോൾ അവൻ തെല്ലും ആ സേവകനെ പരിഗണിക്കാതിരുന്നാൽ ആ സേവകന്റെ ഉടമസ്ഥൻ തന്റെ സ്നേഹിതനെ ഇഷ്ടപ്പെടുമോ? ഒരിക്കലുമില്ല. യഥാർഥത്തിൽ, അയാളെ ആ സ്നേഹിതൻ ബുദ്ധിമുട്ടിക്കുകയൊന്നും ചെയ്തില്ല. എന്നാൽ, കാര്യം അതല്ല. ആ സേവകനോടുള്ള സേവനവും സൽപെരുമാറ്റവും ഉടമസ്ഥനോടുള്ള സൽപെരുമാറ്റമാണ്. തന്റെ സ്വഷ്ടികളോട് ആരെങ്കിലും നിർദയനായി പെരുമാറുന്നത് അല്ലാഹുവിനും ദ്വേഷമാണ്. കാരണം അവന് തന്റെ സ്വഷ്ടി വളരെ പ്രിയപ്പെട്ടതാണ്. അതുകൊണ്ട് ദൈവസ്വഷ്ടിയോടു അനുകമ്പ കാണിക്കുന്നവൻ തന്റെ ദൈവത്തെയാണ് തൃപ്തിപ്പെടുത്തുന്നത്.'' (മൽഫൂദാത്ത്, വാള്യം 4 പേജ് 215 എഡിഷൻ - 2003)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ''ഓർത്തു കൊള്ളുക,! തന്റെ സഹോദരങ്ങളോട് നെറിയോടെ പെരുമാറുക എന്നത് എളുപ്പമുള്ളതല്ല. മറിച്ച്, വളരെ ദുഷ്കരമായ പ്രവൃത്തിയാണ്. കാപട്യത്തോടെ പരസ്പരം ഇടപെടുകയെന്നത് മറ്റൊരു കാര്യമാണ്. എന്നാൽ, സത്യസന്ധമായ സ്നേഹവും സഹാനുഭൂതിയും കാണിക്കൽ മറ്റൊരു കാര്യമാണ്. ഓർത്തു കൊള്ളുക! ഈ ജമാഅത്തിൽ സത്യസന്ധമായ സഹാനുഭൂതി ഇല്ലെങ്കിൽ ഇതും നശിച്ചു പോകും. ഇതിന്റെ സ്ഥാനത്ത് ദൈവം മറ്റേതെങ്കിലും ജമാഅത്തിനെ ഉണ്ടാക്കുന്നതാണ്.... ഓർത്തു കൊള്ളുക! താൻ ഒരിക്കലും അവിശുദ്ധമായതിനേയും വിശുദ്ധമായതിനേയും ഒരുമിപ്പിക്കുകയില്ലെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇതാണ് സ്വന്തം മാറ്റത്തിനുള്ള സമയം. ഓർത്തുകൊള്ളുക! മനുഷ്യഹൃദയം ദൈവത്തിന്റെ വീടു പോലെയാണ്. മനുഷ്യൻ തന്റെ ഹൃദയത്തെ പൂർണമായും സംശുദ്ധീകരിക്കാത്തിടത്തോളം തന്റെ സഹോദരനുവേണ്ടി ദുഃഖം സഹിക്കാൻ തയ്യാറാകാത്തിടത്തോളം അല്ലാഹുവുമായിട്ടുള്ള ബന്ധം ശരിയാകുകയില്ല.''(മൽഫൂദാത്ത് വാള്യം 5, പേജ് 408, എഡിഷൻ 2003)

പ്രിയ വായനക്കാരേ! ഇസ്ലാം നൽകിയിരിക്കുന്ന ശാശ്വത അധ്യാപനമാണ് മാനവികസേവനവും മനുഷ്യസമൂഹത്തോടുള്ള അനുകമ്പയും. ഇതിലൂടെ ഹദ്റത്ത് മുഹമ്മദ് നബി(സ)യും അദ്ദേഹത്തിന്റെ സേവകനായ ഹദ്റത്ത് വാഗ്ദത്ത മസീഹും(അ) നടന്നു കാണിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിന്റെ അതുല്യമായ മാതൃകകളും സ്ഥാപിച്ചു. സ്വഷ്ടിസേവനരംഗത്ത് അഹ്മദിയ്യാ ജമാഅത്ത് തങ്ങളുടെ പ്രിയപ്പെട്ട ഇമാമിന്റെ തണലിൽ ഇന്നു മുന്നോട്ടു കുതിക്കാത്തതായ ഒരു മൈതാനവുമില്ല. അല്ലാഹു നമുക്ക് ഖിലാഫത്തിന്റെ കീഴിൽ മാനവിക സേവനം ചെയ്യാനും മാനവരാശിയോടു സഹതാപം കാണിക്കാനും ഏറ്റവും കൂടുതൽ സൗഭാഗ്യം തന്നരുളുമാറാകട്ടെ. ആമീൻ

✦

---

**പേജ് 1 ൽ നിന്ന്**

ഇസ്ലാമിന്റെ ഉള്ളിൽ കടന്നുകൂടിയിരുന്ന തെറ്റായ വിശ്വാസാദർശങ്ങളും ചിന്താഗതികളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കുകയും അതിനോടൊപ്പം മറ്റു മതങ്ങളിലെ തെറ്റായ വിശ്വാസാദർശങ്ങളുടെ ദോഷങ്ങളും അവർക്ക് വെളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തു. വളരെ സ്നേഹത്തോടും യഥാർഥ സഹതാപത്തോടും കൂടി ശരിയായ മാർഗത്തിലേക്ക് അവരെ വഴികാട്ടി.

ഈസാനബി ജീവിച്ചിരിക്കുന്നുവെന്ന വിശ്വാസക്കാരായ മുസ്ലീംകളെ തെറ്റുതിരുത്തി നല്ല നിലയിലാക്കി. ശക്തമായ തെളിവുകൾകൊണ്ട് അദ്ദേഹത്തിന്റെ മരണം സ്ഥാപിച്ചു. മുസ്ലീംകൾ ഓരോ സംവാദത്തിലും ക്രിസ്ത്യാനികളിൽനിന്ന് അടിക്കടി പരാജയം ഏറ്റുവാങ്ങിയിരുന്ന ഒരു വിശ്വാസമായിരുന്നു അത്. മുസ്ലീംകൾ അധികമായി ക്രിസ്തുമതം സ്വീകരിക്കുകയായിരുന്നു. കാരണം ഈ വിശ്വാസം നബി(സ)തിരുമേനിയെക്കാൾ ഹദ്റത്ത് ഈസാ(അ) ശ്രേഷ്ഠനാണെന്ന് സ്ഥാപിക്കുന്നതായിരുന്നു. ഈ ഭയാനകനായ വിശ്വാസത്തെ അവിടന്ന് പരിഷ്കരിച്ചു. രക്തക്കൊതിയനായ മഹ്ദി വരുമെന്നുള്ള വിശ്വാസം മുസ്ലീംകളിൽനിന്നകറ്റി. ഇസ്ലാം വാളിന്റെ ശക്തിയാൽ വ്യാപിച്ച മതമാണെന്നുള്ള വിശ്വാസവും അകറ്റുകയുണ്ടായി. ഈ ആക്ഷേപം ഇസ്ലാമിന്നെതിരെ ക്രിസ്ത്യാനികൾ ഉന്നയിച്ചിരുന്ന വളരെ ശക്തമായ ആക്ഷേപമായിരുന്നു. പക്ഷേ, ദൗർഭാഗ്യകരമെന്നു പറയട്ടെ, ചില മുസ്ലീംകളിലും ഈ വിശ്വാസം കടന്നുകൂടിയിരുന്നു! ദൈവത്തിന്റെ മുഖം ജനങ്ങൾക്ക് കാണിച്ചുകൊടുത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്ന കാലഘട്ടത്തിൽ ദൈവത്തിന്റെ മുഖം ലോകത്തിന്റെ ദൃഷ്ടിയിൽനിന്ന് മറഞ്ഞുകഴിഞ്ഞിരുന്നു. അവനുമായുള്ള യഥാർഥ ബന്ധം തികച്ചും അറ്റുപോയിരുന്നു. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) ദിവ്യദൃഷ്ടാന്തങ്ങൾ കാണിച്ചുകൊണ്ട് തികഞ്ഞ സവിശേഷഗുണങ്ങളോടുകൂടി ദൈവത്തെ ലോകത്തിന് പ്രകടമാക്കിക്കൊടുത്തു."(ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണം 1927ഡിസംബർ 28, ജൽസ സാലാന ഖാദിയാൻ)

മുസ്ലീംകളിലെ സുന്നികൾ, അല്ലാഹുവിന്റെ വലിയ്യുമാരുടേയും സ്വൂഫികളുടേയും സംഘവും അവരുടെ അനുയായികളുമൊഴികെ പ്രവാചകന്മാർ പാപരഹിതരാണെന്ന വിശ്വാസത്തിന്നെതിരായിരുന്നു. ചിലർ സാധ്യതകളുടെ പരിധിയിൽ നിന്നു. പക്ഷേ, ധാരാളംപേർ പ്രവാചകന്മാർ പാപം ചെയ്യുന്നവരാണെന്ന് പറഞ്ഞിരുന്നു. അതു പറയാൻ അവർക്കു ഒരു മടിയുമുണ്ടായിരുന്നില്ല. ഹദ്റത്ത് ഇബ്റാഹിം(അ) മൂന്ന് കളവ് പറഞ്ഞിട്ടുണ്ടെന്നാണ് പറഞ്ഞിരുന്നത്. ഹദ്റത്ത് യൂസുഫ്(അ)നെ കുറിച്ച് അദ്ദേഹം മോഷണം നടത്തിയതായി പറഞ്ഞു. ഹദ്റത്ത് ഇൽയാസ്(അ) അല്ലാഹുവിനോട് ദ്വേഷപ്പെട്ടു എന്ന് പറഞ്ഞു. ഹദ്റത്ത് ദാവൂദ്(അ)നെ സംബന്ധിച്ചു അദ്ദേഹം മറ്റൊരാളുടെ ഭാര്യയിൽ ആകൃഷ്ടനായെന്നും ഭർത്താവിനെ യുദ്ധത്തിന് പറഞ്ഞുവിട്ടു കൊല്ലിച്ചുവെന്നും പറഞ്ഞു. ഈ രോഗം എത്രമാത്രം മൂർച്ഛിരുന്നുവെന്നാൽ നബി(സ) തിരുമേനിയും ഇതിൽനിന്നു മുക്തനായിരുന്നില്ല. ഈ വക കാര്യങ്ങളെല്ലാം തികച്ചും തെറ്റാണെന്നും ഈ വിവരിക്കുന്നതെല്ലാം കളവാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. ഇതൊരിക്കലും സംഭാവ്യമല്ല. നബിയിൽനിന്ന് ഒരു പാപവുമുണ്ടാകുകയില്ല."(ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ പ്രഭാഷണം 1927 ഡിസംബർ 28, ജൽസ സാലാന ഖാദിയാൻ)

വിശുദ്ധ ഖുർആനെ സംബന്ധിച്ചും പല രീതിയിലുള്ള തെറ്റുകളിലും മുസ്ലീംകൾ അകപ്പെട്ടിരിക്കുകയായിരുന്നു. ഇപ്പോഴും അങ്ങനെതന്നെയാണ്. ഒരു ഭയാനകമായ വിശ്വാസം ഖുർആനിൽ കാലഹരണപ്പെട്ട വചനങ്ങളുണ്ടെന്നതായിരുന്നു. ഖുർആനിലുള്ള വിശ്വാസംതന്നെ നഷ്ടപ്പെട്ടുപോകുന്നതായിരുന്നു ഇത്. ഖുർആനുമായി ബന്ധപ്പെട്ട മറ്റൊരു അപകടകരമായ വിശ്വാസമാണ് വിശുദ്ധഖുർആൻ ഹദീഥിനു താഴെയാണെന്ന കാര്യം!ഹദ്റത്ത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനെ സംബന്ധിച്ചു ഉടലെടുത്തിട്ടുള്ള എല്ലാ അബദ്ധങ്ങളും തെറ്റായ അഭിപ്രായങ്ങളും ദൂരീകരിക്കുകയുണ്ടായി. മലക്കുകളെ സംബന്ധിച്ചുള്ള തെറ്റായ ധാരണകൾ അകറ്റി. അവരുടെ യഥാർഥമായ സ്ഥാനവും പദവിയും പറഞ്ഞു. ദുആയെ സംബന്ധിച്ച് അവിടന്ന് ഒരുപാടു കാര്യങ്ങൾ എഴുതി. കർമപരമായി ദുആ സ്വീകാര്യതയുടെ ദൃഷ്ടാന്തങ്ങൾ കാണിച്ചു; മുസ്ലീംകൾ ദുആ മുഖേനയുള്ള ദിവ്യാത്ഭുതത്തെ സംബന്ധിച്ച് തികച്ചും അജ്ഞരായിരിക്കുമ്പോഴാണിത്. എത്രത്തോളമെന്നാൽ, സർ സയ്യിദ് അഹ്മദിനെപ്പോലുള്ള പണ്ഡിതരെന്ന് പറയുന്ന പ്രശസ്ത വ്യക്തികൾപോലും ദുആ സ്വീകാര്യതയെ നിഷേധിച്ചിരുന്നു. അല്ലാഹുവിന്റെ ഇൽഹാമുകളും, ഭാഷണങ്ങളും തികച്ചും നിലച്ചുപോയിരിക്കുന്നു എന്നായിരുന്നു മുസ്ലീംകളുടെ വിശ്വാസം. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആ അനിസ്ലാമികമായ വിശ്വാസത്തേയും പരിഷ്കരിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) അവസാനകാലത്തെ പരിഷ്കർത്താവെന്ന നിലയിൽ മറ്റുമതസ്ഥരുടെ തെറ്റുകൾ അവർക്ക് വെളിപ്പെടുത്തികൊടുക്കുകയും ഇസ്ലാം മാത്രമാണ് യഥാർഥ സമ്പൽസമൃദ്ധിയുടേയും മോക്ഷത്തിന്റേയും ജാമ്യം നല്കുന്നതെന്ന് വളരെയധികം സ്നേഹത്തോടും അങ്ങേയറ്റം കരുണയോടും സ്ഥാപിച്ചു കാണിക്കുകയും ചെയ്തു.

ക്രിസ്ത്യാനികൾക്ക് തൗഹീദിനെ (ഏക ദൈവവിശ്വാസത്തെ)കുറിച്ചുള്ള പാഠം നൽകുകയും, ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും ഏകനായ ഒരാളാണെന്നും ത്രിയേകത്വ വിശ്വാസം തെറ്റാണെന്നും അത് പ്രപഞ്ചനിയമത്തിനെതിരാണെന്നും മനസ്സിലാക്കികൊടുക്കുകയും ചെയ്തു. അതുപോലെ ഹദ്റത്ത് ഈസാ(അ) കുരിശിൽ മരിച്ച് ശപ്തനായിട്ടില്ലെന്നും അവിടന്ന് വിവരിക്കുകയുണ്ടായി. ശപ്തനായിട്ടുള്ള ഒരാൾക്ക് അല്ലാഹുവുമായിട്ട് ഒരണുപോലും ബന്ധമുണ്ടാകുകയില്ല എന്നതാണ് ശാപത്തിന്റെ വിവക്ഷിതം. എന്നാൽ, അതുകൊണ്ട് അർഥമാക്കുന്നത് ദൈവം അവനിൽ അസംതൃപ്തനും അവൻ ദൈവത്തിൽ അസംതൃപ്തനുമാണെന്നാണ്. അങ്ങനെയിരിക്കെ ഹദ്റത്ത് ഈസാ(അ)നെ പോലുള്ള മഹാനായ നബിയെ ശപ്തനായി ചിത്രീകരിക്കുക എന്നത് അദ്ദേഹത്തിനോട് കാണിക്കുന്ന അങ്ങേയറ്റത്തെ അക്രമമാണ്. കുരിശുമരണത്തിൽനിന്ന് അല്ലാഹു അദ്ദേഹത്തെ ജീവനോടെ രക്ഷിക്കുകയും ആരോഗ്യത്തോടുകൂടി അഫ്ഗാനിസ്ഥാൻ വഴി ഇന്ത്യയിലേക്കെത്തിക്കുകയും നൂറ്റിഇരുപത് വയസ്സുവരെ ജീവിച്ചതിനു ശേഷം മരിച്ചു കശ്മീരിലെ ശ്രീനഗറിലുള്ള ഖാൻയാർ തെരുവിൽ ഖബറടക്കപ്പെടുകയും ചെയ്തു.

ഹിന്ദുക്കളിലെ എല്ലാ കക്ഷികളേയും മൊത്തത്തിൽ അവിടന്ന് തൗഹീദിലേക്ക് വിളിച്ചു. പ്രപഞ്ചത്തിലെ ഓരോ അണുവും അവന്റെ സ്വഷ്ടിയാണെന്ന് സ്ഥാപിച്ചു. പ്രതാപവാനായ അല്ലാഹുവിന് പുറമെ ഒരു വസ്തുവും അനാദിയോ അനന്തമോ ആയിട്ടില്ല. ആത്മാക്കളും ശരീരങ്ങളുമെല്ലാം അല്ലാഹുവിന്റെ സ്വഷ്ടിയാണ്. പുനർജന്മ സിദ്ധാന്തത്തെ മഹിമയോടും തേജസോടുംകൂടി നല്ല നിലയിലും ശക്തമായ തെളിവുകളോടുംകൂടി ഖണ്ഡിച്ചു. ഹിന്ദുക്കളിലെ ഒരു വിഭാഗമായ ആര്യാമതത്തിന്റെ നിയോഗവിശ്വാസത്തെ(കുട്ടികളുണ്ടാകാത്ത ഭർത്താവ് തന്റെ ഭാര്യയെ അന്യപുരുഷനുമായി ബന്ധപ്പെടുത്തി കുട്ടികളെ ഉണ്ടാക്കുക. ഇങ്ങനെ 12 കുട്ടികൾവരെ സ്വഷ്ടിക്കാം എന്ന വിശ്വാസമാണ് നിയോഗം.വിവ:) അങ്ങേയറ്റം നാണം കെട്ട വിശ്വാസമാണെന്നും മനുഷ്യത്വരഹിതമായ പണിയാണെന്നും പറഞ്ഞു. പറഞ്ഞു: "എന്റെ അഭിപ്രായത്തിൽ ഇത് വേദത്തിന്റെ അധ്യാപനമല്ല."

"ശബാശ്! അല്ലയോ സനാദനധർമമേ! നീ എല്ലാ ഓരോ കണികയേയും ഓരോ ജീവനേയും നിന്നെത്തന്നെയും പരമേശ്വരനാണെന്ന് മനസ്സിലാക്കിയില്ല. നിയോഗമെന്ന വൃത്തികെട്ട സമ്പ്രദായത്തെ നിന്റെ വിശ്വാസത്തിൽ കടത്തിയതുമില്ല. അതുകൊണ്ട് ഞാൻ സത്യമായും പറയുന്നു, പരമേശ്വരന്റെ സ്നേഹത്താൽ ഭരിതരാകുകയും അവന്റെ സാമീപ്യം പ്രാപിക്കുകയും ചെയ്ത ദൈവപ്രാപ്തരായ യോഗീവര്യന്മാരെപ്പോലെ നീ മുന്നോട്ടു ചുവടു വെക്കുകയും മൂർത്തീപൂജയെ നിന്റെ മടിത്തട്ടിൽനിന്ന് എടുത്തെറിയുകയും ചെയ്താൽ ആര്യസമാജക്കാർക്കെതിരിൽ ഓരോ രംഗത്തും നിനക്ക് വിജയമാണ്. അവർ ഒരു വഴിയിലൂടെ നിന്നെ നേരിടാൻ വരുമ്പോൾ ഏഴ് വഴിയിലൂടെ ഓടുകയും ചെയ്യും. ഇത് പുതിയ കാര്യമല്ല. പണ്ടുമുതലേ യോഗിവര്യന്മാർ സ്നേഹാഗ്നിയിൽ ഹോമിക്കപ്പെട്ടവരായിരു

ന്നു. ഇതാണ് പരമേശ്വരന്റെ മതം. ബാക്കിയൊന്നിനും ഒരു വിലയുമില്ല." (സനാദനധർമ്, റൂഹാനീ ഖസായിൻ, വാള്യം 19, പേജ് 479)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില നിർദ്ദേശങ്ങൾ താഴെ രേഖപ്പെടുത്തുകയാണ്. അവിടന്ന് പറഞ്ഞു: "ഓർമിക്കുക! മസീഹിന്റെ ആഗമനത്തെ സംബന്ധിച്ച് രണ്ടുതരത്തിലുള്ള പ്രവചനങ്ങൾ സുവിശേഷങ്ങളിലുണ്ട്. ഒന്ന്, അന്ത്യനാളിലെ ആഗമനത്തെപറ്റിയുളള വാഗ്ദാനം. ആ വരവ് ആത്മീയസ്വഭാവമുള്ളതും യേശുവിന്റെ കാലത്തെ പ്രവാചകനായ ഏലിയാവിന്റെ രണ്ടാം വരവിനോടു സാദൃശ്യമുളളതുമത്രെ. ഏലിയാവിനെപോലെ അദ്ദേഹം ഇക്കാലത്ത് പ്രത്യക്ഷപ്പെട്ടു. അത് ഈ വരികളെഴുതുന്ന ഈയുള്ളവൻ തന്നെയാണ്. യേശുവിന്റെ നാമത്തിൽ വാഗ്ദത്ത മശീഹാ ആയി അവതരിച്ച ഒരു മനുഷ്യവംശദാസൻ." (മസീഹ് ഹിന്ദുസ്ഥാൻ മേ, റൂഹാനീ ഖസായിൻ, വാള്യം 15, പേജ് 38)

സയ്യിദുനാ മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ഇരുണ്ട കാലഘട്ടത്തിലെ വെളിച്ചമാകുന്നു ഞാൻ. ഇരുട്ടിൽ നടക്കുന്നവർക്കായി പിശാച് ഒരുക്കിവച്ച പടുകുഴികളിൽ വീഴുന്നതിൽനിന്ന് എന്നെ പിന്തുടരുന്നവർ രക്ഷിക്കപ്പെടും. സമാധാനത്തിലൂടേയും വിനയമാർഗത്തിലൂടേയും സത്യദൈവത്തിലേക്ക് ജനങ്ങളെ വഴിനടത്തുന്നതിനും ഇസ്‌ലാമിൽ ധാർമികതയ്ക്കുള്ള സ്ഥാനം ഊന്നിയുറപ്പിക്കുന്നതിനുമായിട്ടത്രെ എന്നെ അല്ലാഹു അയച്ചിട്ടുളളത്. സത്യാന്വേഷികൾക്ക് സംതൃപ്തി പ്രദാനം ചെയ്യുന്ന സ്വർഗീയാടയാളങ്ങൾ അല്ലാഹു എനിക്കുവേണ്ടി വെളിപ്പെടുത്തിയിരിക്കുന്നു. എനിക്ക് പിന്തുണ നൽകിക്കൊണ്ട് അല്ലാഹു അത്ഭുതങ്ങൾ കാണിച്ചു. ദിവ്യദൗത്യം വാദിക്കുന്ന സത്യാത്മാക്കളുടെ അടയാളമായി വേദഗ്രന്ഥങ്ങൾ വിവരിച്ചുതരുന്ന പ്രകാരം അദൃശ്യകാരണങ്ങളെക്കുറിച്ചും ഭാവിയെ പറ്റിയുമുള്ള രഹസ്യവിവരങ്ങൾ എനിക്ക് അല്ലാഹു വെളിപ്പെടുത്തിത്തന്നിരിക്കുന്നു. അവൻ എനിക്ക് പാവനവും വിശുദ്ധവുമായ ജ്ഞാനം നല്കി എന്നെ അനുഗ്രഹിച്ചിരിക്കുന്നു. അതുകൊണ്ട് സത്യത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ആത്മാക്കൾ എനിക്കെതിരായിത്തിരിഞ്ഞു. എന്നാൽ, എനിക്ക് ആകുവോളം ഞാൻ മനുഷ്യവംശത്തിനോടു അനുകമ്പാലു ആയിരിക്കുന്നതാണ്.

ഈ കാലഘട്ടത്തിൽ ക്രിസ്ത്യാനികളോടുള്ള ഏറ്റവും വലിയ അനുകമ്പാ പ്രകടനം അവരുടെ ശ്രദ്ധ സത്യദൈവത്തിലേക്ക് ക്ഷണിക്കുക എന്നതുതന്നെയാണ്. ആ സത്യദൈവം ജനിക്കുകയും മരിക്കുകയും കഷ്ടമനുഭവിക്കുകയും ചെയ്യാത്ത ദൈവമാകുന്നു. ആദ്യത്തെ ഖേചരങ്ങളെ ഗോളാകൃതിയിൽ സൃഷ്ടിച്ചവനാണ് ദൈവം. ഗോളത്തിനെന്നപോലെ ദൈവത്തിൽ ഏകീഭാവവും ഉൻമുഖരാഹിത്യവുമാണുള്ളത്. അതത്രെ ഈ പ്രകൃതിനിയമം വഴി നല്കിയിട്ടുള്ള ആത്മീയദർശനത്തിലടങ്ങിയ തത്ത്വസാരം! അതുകൊണ്ടുതന്നെയാണ് ശൂന്യമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഒന്നുംതന്നെ ത്രികോണാകൃതിയിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ലാത്തത്. എന്നുവച്ചാൽ ദൈവം ആദ്യത്തിൽ സൃഷ്ടിച്ച ഭൂമി, ആകാശം, സൂര്യചന്ദ്രന്മാർ, നക്ഷത്രങ്ങൾ, ധാതുക്കൾ തുടങ്ങിയവയെല്ലാംതന്നെ ഗോ ളരൂപത്തിലുളളത്രെ. ഈ ഗോളരൂപം ഐക്യരൂപത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഏതൊരു ദൈവത്തിന്റെ സൃഷ്ടികൾ ദൈവം ത്രിത്വസങ്കല്പത്തിൽനിന്ന് മുക്തമാണെന്ന് പ്രഖ്യാപിക്കുന്നുവോ ആ പ്രത്യേകദൈവത്തിലേക്ക് ക്രിസ്ത്യാനികളെ വഴി നടത്തുക എന്നതിനെക്കാൾ ഉപരിയായിട്ടുളള അനുകമ്പാപ്രകടനം മറ്റൊന്നുംതന്നെയില്ല.

മുസ്‌ലീംകളോടു കാണിക്കാനുള്ള ഏറ്റവും വലിയ സഹാനുഭൂതി അവരിൽ ധാർമിക പരിഷ്കരണം വരുത്തുകയും രക്തക്കൊതിയൻ മഹ്ദീമസീഹിന്റെ ആവിർഭാവം സംബന്ധിച്ച് അവർ പുലർത്തിപ്പോരുന്ന ഇസ്‌ലാമിക പാഠങ്ങൾക്ക് വിരുദ്ധമായ വിശ്വാസപ്രതീക്ഷകൾ അവരിൽനിന്ന് അകറ്റിക്കളയുകയും ചെയ്കയെന്നതത്രെ. ഇസ്‌ലാമിനെ വാൾമുനകാട്ടി പ്രചരിപ്പിക്കുന്ന ഒരു യോദ്ധ്യമഹ്ദി വെളിപ്പെടുമെന്ന് ഇക്കാലത്തെ ചില ആലിംകൾ പ്രചരിപ്പിക്കുന്ന വിശ്വാസപ്രതീക്ഷകൾ ഖുർആനിന്റെ പാഠങ്ങൾക്ക് വിരുദ്ധമായിട്ടുളളതും അത്യാർത്തിയുടേയും സ്വാർഥവിചാരത്തിന്റേയും ഫലമായിട്ടുള്ളതും ആണെന്ന് ഞാൻ മുകളിൽ വ്യക്തമാക്കി കഴിഞ്ഞു.അതിനാൽ നേർക്കുനേരെ ചിന്തിക്കുന്ന സത്യസ്നേഹിയായ ഒരു മുസ്‌ലിമിന് ഇത്തരം വിശ്വാസങ്ങളും ആശയങ്ങളും ഉപേക്ഷിക്കാൻ ഖുർആൻ ശ്രദ്ധാപൂർവം വായിക്കുകയും ഇസ്‌ലാമിലേക്ക് ഒരാളെ മാർഗം കൂട്ടുന്നതിന് കൊല്ലുമെന്ന ഭീഷണി പ്രയോഗിക്കുന്നത് ദിവ്യവചനങ്ങൾക്ക് തികച്ചും എതിരായിട്ടുളളതാണെന്ന് ചിന്തിച്ചറിയുകയും മാത്രമേ വേണ്ടു."(മസീഹ് ഹിന്ദുസ്ഥാൻമെ, റൂഹാനി ഖസായീൻ, വാള്യം 15, പേജ് 13)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹു എല്ലാ എതിരാളികളേയും കുറ്റക്കാരും മറുപടിയില്ലാത്തവരുമാക്കുന്നതിന് എന്നെ അവതരിപ്പിച്ചിരിക്കുന്നു. ദൈവികമായ അടയാളങ്ങളിലും ദൈവസ്വീകാരങ്ങളിലും അനുഗ്രഹങ്ങളിലും ഹിന്ദുക്കളിലോ ക്രിസ്ത്യാനികളിലോ സിക്കുകാരിലോ എന്നെ നേരിടാൻ ഒരാൾപോലുമില്ലെന്ന് ഞാൻ തീർച്ചയായും അറിയുന്നു. അതുകൊണ്ട് ദൈവികാടയാളങ്ങൾ ഉൾക്കൊള്ളുകയും ഗുണദോഷവിവേചനത്തിന്റെ പൂർണമായ പ്രകാശം തലയിൽ വിളങ്ങുകയും ചെയ്യുന്ന മതമാണ് ജീവനുള്ള മതമെന്നത് പ്രകടമാണ്. അത് ഇസ്‌ലാമാണ്. ക്രിസ്ത്യാനികളിലോ സിക്കുകാരിലോ ഹിന്ദുക്കളിലോ ആരെങ്കിലുമുണ്ടോ ഇതിൽ എന്നെ നേരിടാൻ? അതുകൊണ്ട് എന്റെ സത്യസാക്ഷ്യത്തിന് ഇത് മതിയായ തെളിവാണ്. എനിക്കെതിരിൽ ഒരു ചുവടും ഉറച്ചു നില്ക്കുകയില്ല. ഇനി നിങ്ങളാഗ്രഹിക്കുന്നതുപോലെ നിങ്ങൾ സമാധാനം കൊള്ളുക. എന്റെ വെളിപ്പെടലോടെ ആ പ്രവചനം പൂർത്തിയായിരിക്കുന്നു. വിശുദ്ധഖുർആനിലെ **ഹുവല്ലദീ അർസല റസൂലഹു ബിൽ ഹുദാ വദീനിൽ ഹഖ്ഖി ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ** എന്ന വചനമനുസരിച്ചുള്ള ബറാഹീനെ അഹ്മദിയ്യായിലെ പ്രവചനം എന്റെ വരവോടെ പൂർത്തിയായി."(തർയാഖുൽ ഖുലൂബ്, റൂഹാനി ഖസായീൻ, വാള്യം 19, പേജ് 249)

അല്ലാഹുവിനോടു ദുആ ചെയ്യുന്നു. ലോകത്ത് തൗഹീദിന്റെ കാറ്റ് വീശിയടിക്കാൻ അവൻ അനുഗ്രഹിക്കുമാറാകട്ടെ. ജനമനസ്സുകളിൽ തൗഹീദിനോടുള്ള സ്നേഹം ഉണ്ടാക്കുമാറാകട്ടെ. മനുഷ്യരാശിയെ ഇസ്‌ലാമിലേക്ക് കൊണ്ടുവന്ന് അവരുടെ മോക്ഷത്തിനും അനശ്വരമായ സന്തോഷത്തിനുമുളള സാഹചര്യം ഒരുക്കുകയും ചെയ്യുമാറാകട്ടെ. ആമീൻ.

**(മൻസൂർ അഹ്മദ് മസ്റൂർ. പരിഭാഷ: മൗലവി ശബീൽ അഹ്മദ് പഴയങ്ങാടി)**

## ബദ്ർ ആഴ്ചപ്പതിപ്പ് സ്വയം വായിക്കുക; തങ്ങളുടെ സുഹൃത്തുക്കൾക്കുവേണ്ടി വരിക്കാരാകുക.

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽ അസീസ് ബദ്ർ ആഴ്ചപ്പതിപ്പിന്റെ സ്പെഷ്യൽ പതിപ്പിലേക്ക് സന്ദേശം അയച്ചുകൊണ്ട് പറഞ്ഞു: ''ജമാഅത്തംഗങ്ങളുടെ ആത്മീയ പരിഷ്കരണത്തിനും അഭിവൃദ്ധിക്കുംവേണ്ടിയാണ് ബദ്ർ ആഴ്ചപ്പതിപ്പ് ആരംഭിച്ചിട്ടുള്ളതെന്ന് അതിന്റെ പ്രവർത്തകരും വായനക്കാരും എപ്പോഴും ഓർക്കേണ്ടതാണ്. നമ്മുടെ പൂർവിക മഹാത്മാക്കൾ പ്രതികൂലാവസ്ഥയിലും അത് തുടർന്നു കൊണ്ടുവരാൻ ആത്മാർഥമായി ശ്രമിച്ചു. അവരുടെ ദുആകളുടേയും തെളിമയാർന്ന ശ്രമങ്ങളുടേയും അനുഗ്രഹത്താൽ ഇന്നുവരെ അത് നടന്നുവരുന്നു. ഇക്കാര്യം വിളിച്ചോതുന്നത് ഏറ്റവും കൂടുതൽ അഹ്മദികൾ അത് വായിക്കണമെന്നും പ്രയോജനപ്പെടുത്തണമെന്നുമാണ്. അല്ലാഹു അവന്റെ കൃപകൊണ്ട് ഭാരതത്തിലെ അഹ്മദികൾക്ക് മറ്റു ലോകഅഹ്മദികളെ അപേക്ഷിച്ച് പ്രത്യേകമായും ഇത് വായിക്കാനും ഇതുമായി ബന്ധപ്പെട്ട അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കാനും സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ.''

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസിന്റെ (അയ്യദഹുല്ലാഹ്) സുപ്രധാനവും ഉൾക്കാഴ്ചാദരിതവുമായ മേൽനിർദേശത്തിന്റെ വെളിച്ചത്തിൽ, ഓരോ വീട്ടിലും ബദ്ർ ആഴ്ചപ്പതിപ്പിന്റെ വായന നടപ്പിൽ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഭാരതത്തിലെ ജമാഅത്തംഗങ്ങളെ ഓർമിപ്പിക്കുകയാണ്. ഇതിൽ വിശുദ്ധഖുർആൻ, തിരുഹദീഥ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾക്കു പുറമെ ഖലീഫത്തുൽ മസീഹിന്റെ ജുമുഅ ഖുത്ബകളും പ്രഭാഷണങ്ങളും അതുപോലെതന്നെ അവിടന്ന് വിവിധരാജ്യങ്ങളിൽ നടത്തുന്ന പര്യടനങ്ങളുടെ ഹൃദ്യവും ഈമാൻ ദൃഢീകരിക്കുന്നതുമായ റിപ്പോർട്ടുകളും കൃത്യമായി പ്രസിദ്ധീകരിച്ചുവരുന്നു. ഇതു വായിക്കേണ്ട ത് ഓരോ അഹ്മദിക്കും നിർബന്ധമാണ്. ദൈവകൃപയാൽ ഇപ്പോൾ ഈ ആഴ്ചപ്പതിപ്പ് ഹിന്ദി, ബംഗ്ല, തമിൾ, തെലുങ്ക്, മലയാളം, ഒഡിയ ഭാഷകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇതുവരെ വരിക്കാരായിട്ടില്ലാത്ത അഹ്മദികൾ, വരിക്കാരാകുകയും സ്വയം വായിക്കുകയും കുട്ടികളേയും വീട്ടിലെ മറ്റുള്ളവരേയും വായിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ബദ്ർ ആഴ്ചപ്പതിപ്പ് ലഭ്യമാകുന്നതിനേയും വരിസംഖ്യ നല്കുന്നതിനേയും സംബന്ധിച്ച് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ താഴെ കാണുന്ന നമ്പറുകളിൽ ബന്ധപ്പെടുക. +911872224757, +919417020616, managerbadrqnd@gmail.com


**മഹ്ദി ഇമാമിന്റെ പ്രസ്താവം**

"അഭിമാനംകൊള്ളുന്ന ഈ ജീവിതം നിഷ്ഫലമാണ്.
അനശ്വരമായ സന്തോഷത്തിന്റെ ജീവിതം
മരണശേഷമാണ് പ്രദാനം ചെയ്യപ്പെടുന്നത്."

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**മർഹൂം സി.കെ.മുഹമ്മദ് അബ്ദുൽ ഗഫൂർ & ഫാമിലി**
**അഹ്മദിയ്യാ ജമാഅത്ത് വാണിയമ്പലം**
**മലപ്പുറം ജില്ല, കേരള**

**മഹ്ദി ഇമാമിന്റെ പ്രസ്താവം**

"അല്ലാഹുവിന്റെ കൃപയും ദയയും കൂടാതെ
ജീവിക്കാൻ കഴിയില്ലെന്ന കാര്യം
നിങ്ങൾ മറക്കരുത്."

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**ജമാഅത്തംഗങ്ങൾ,**
**മാത്തോട്ടം അഹ്മദിയ്യാ ജമാഅത്ത്**
**കോഴിക്കോടു ജില്ല, കേരള**

# അഹ്മദിയ്യാ ജമാഅത്തിന്റെ മാനവിക സേവനവും മറ്റുള്ളവരുടെ പ്രതികരണങ്ങളും

**എച്ച്. ശംസുദ്ദീൻ കാവശ്ശേരി, എഡിറ്റർ മലയാളം ബദ്ർ വാരിക**
**മൊഴിമാറ്റം: മൗലവി മുഹമ്മദ് മൻസിൽ മുറിയക്കണ്ണി**

**ഇസ്‌ലാം പരിപൂർണമായ ജീവിതവ്യവസ്ഥിതി സമർപിക്കുന്ന സന്തുലിതമതമാണ്. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ജീവിതം നന്നാവുന്നതിനാവശ്യമായ എല്ലാ പ്രവർത്തനങ്ങളേയും അത് പ്രോത്സാഹിപ്പിക്കുന്നുണ്ട്. അതുകൊണ്ടുതന്നെയാണ് അല്ലാഹുവിനോടുള്ള കടമകളും സൃഷ്ടികളോടുള്ള കടമകളും ഇസ്‌ലാമിന്റെ അടിസ്ഥാന നിയമമാക്കപ്പെട്ടിരിക്കുന്നത്. രണ്ട് കടമകളും പാലിക്കുന്നയാൾ ദൈവത്തിന്റെ തൃപ്തി മാത്രമല്ല കരസ്ഥമാക്കുന്നത്. മറിച്ച്, ദൈവത്തിന്റെ സൃഷ്ടികളുടെ പ്രശംസയ്ക്കും അർഹനായിത്തീരുന്നു.**

**പ്രവാചകചരിത്രത്തിലെ അത്യപൂർവ്വമായ ഉദാഹരണങ്ങൾ:**

മാനവിക സേവനത്തിന്റെ സവിശേഷമായ ഉദാഹരണങ്ങൾ നമുക്ക് പ്രവാചകന്മാരുടെ ചരിത്രത്തിൽ കാണാൻ സാധിക്കുന്നതാണ്. ഹദ്റത്ത് സ്വാലിഹ്(അ)ന്റെ സമുദായം അദ്ദേഹത്തെ ശക്തമായി എതിർത്തിരുന്നവരായിട്ടും അദ്ദേഹത്തിന്റെ സൽപേരിനെ അംഗീകരിക്കാൻ നിർബന്ധിതരായിരുന്നു. പറയുന്നു: **യാ സ്വാലിഹു ഖദ് കുൻത ഫീനാ മർജൂവ്വൻ ഖബ്‌ല ഹാദാ** "ഓ സ്വാലിഹ്! ഇതിനു മുമ്പേ നീ ഞങ്ങളുടെ ഇടയിൽ ഒരു ആശാകേന്ദ്രമായിരുന്നു.' (11:63)

എല്ലാ ഓരോ പ്രവാചകനേയും അദ്ദേഹത്തിന്റെ ജമാഅത്തിനേയും സംബന്ധിച്ച് മാനവിക സേവനത്തിൽ എപ്പോഴും മുൻപന്തിയിലാണെന്ന് സമുദായം സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇത്തരം സുന്ദരചരിത്രത്തിന്റെ ഉന്നത മാതൃക നമ്മുടെ പ്രിയങ്കരനായ യജമാനൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പരിശുദ്ധജീവിതത്തിൽ കാണാൻ സാധിക്കുന്നതാണ്. അവിടന്ന് പറയുന്നു: "മുഴുവൻ സൃഷ്ടികളും അല്ലാഹുവിന്റെ കുടുംബമാണ്. അല്ലാഹുവിന്റെ കുടുംബത്തെ സ്നേഹിക്കുന്നവരേയും അവർക്ക് സേവനം ചെയ്യുന്നവരേയും അല്ലാഹുവും സ്നേഹിക്കുന്നു. ഒരു സന്ദർഭത്തിൽ ഭാരം ചുമന്നുകൊണ്ട് നടന്നുപോകുന്ന ഒരു വൃദ്ധയെ സഹായിക്കുന്നതിന് അവിടന്ന് സ്വയം തന്നെ സമർപിച്ചു. ആ വൃദ്ധയുടെ ചുമട് അവരുടെ വീട്ടിലെത്തിച്ച് മടങ്ങുമ്പോൾ ആ പ്രായംചെന്ന ഉമ്മ ചില ഉപദേശങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു:" മകനേ! ശ്രദ്ധിക്കുക, കാലം വളരെ മോശമാണ്. മുഹമ്മദ് എന്നു പേരുള്ള ഒരുത്തൻ ഒരു പുതിയ മതവുമായി ഇറങ്ങിയിട്ടുണ്ട്. അവൻ ജനങ്ങളെ വഴിതെറ്റിച്ചുകൊണ്ടിരിക്കുകയാണ്. നീ അവന്റെ മാന്ത്രികവലയത്തിൽ പെട്ടുപോകരുത്.' ഇതുകേട്ട് നബി(സ) പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "ഉമ്മാ, ഏതൊരു മുഹമ്മദിനെ കുറിച്ച് നിങ്ങളെന്നെ ഭയപ്പെടുത്തുന്നുവോ ആ മുഹമ്മദ് ഞാൻ തന്നെയാണ്.' ഈ വാക്കുകൾ കേട്ടതും സൽപ്രകൃതക്കാരിയായ ആ സ്ത്രീ പറഞ്ഞു: "അങ്ങനെയെങ്കിൽ ഞാൻ താങ്കളിൽ വിശ്വസിക്കുന്നു.' **അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വ ബാരിക് വ സല്ലിം ഇന്നക്ക ഹമീദുൻ മ്മജീദ്**

നബി(സ)തിരുമേനിയുടെ കഠിനശത്രുവായിരുന്ന അബൂസുഫ്‌യാൻ, ഹിർഖൽ രാജാവിന്റെ ദർബാറിൽ അവിടത്തേക്ക് അനുകൂലമായി സാക്ഷ്യം വഹിക്കാൻ നിർബന്ധിതനാവുന്നു. അവിടത്തെ വിശാലമനസ്കതയിൽ പ്രഭാവിതരായിക്കൊണ്ട് വരൾച്ച ബാധിച്ച തങ്ങളുടെ ആളുകൾക്ക് ധാന്യം എത്തിക്കാൻ ശത്രുക്കൾ നബി(സ)തിരുമേനിയോട് അപേക്ഷിക്കുന്നു. അപ്പോൾ അവരുടെ ശത്രുതയെ പിൻപുറംതള്ളിക്കൊണ്ട് അവർക്ക് ധാന്യം എത്തിക്കാൻ നബി(സ)തിരുമേനി കല്പന നൽകുന്നു.

ക്രിസ്ത്യൻ എഴുത്തുകാരനായ വില്യം മ്യൂർ എഴുതുന്നു:- ഇസ്‌ലാമികഭരണകൂടത്തിന്റെ രീതി തടവുകാർക്ക് ഒരിക്കലും പ്രയാസം ഉണ്ടാക്കുന്നതായിരുന്നില്ല. അവർ ഇന്നുള്ള രാജോചിതരായ തടവുകാരെക്കാളും സുഖം അനുഭവിക്കുന്നവരായിരുന്നു. നബി(സ)തിരുമേനിയുടെ പ്രബലമായ അധ്യാപനങ്ങളും ഭരണകൂടത്തിന്റെ സൂക്ഷ്മമായ മേൽനോട്ടങ്ങളും കാരണത്താൽ നിഷേധികളിൽ നിന്നുള്ള തടവുകാർ മുസ്‌ലിംകളിലെ ഏതൊക്കെ കുടുംബങ്ങളിലായിരുന്നുവോ താമസിച്ചിരുന്നത് അവരുടെ വേലക്കാരായോ സേവകരായോ അല്ല താമസിച്ചിരുന്നത്. മറിച്ച്, അവർ കുടുംബത്തിലെ അംഗങ്ങളായി ഗണിക്കപ്പെട്ടിരുന്നു എന്നു മാത്രമല്ല അതിഥികളെപോലെ അവർ സൽക്കരിക്കപ്പെടുകയും ചെയ്തിരുന്നു. ബദ്റിലെ തടവുകാർ ഇസ്‌ലാമിന്റെ കഠിനശത്രുക്കളായിരുന്നു. മുസ്‌ലിംകൾ അവരെ വളരെ സുഖസൗകര്യങ്ങളോടെ താമസിപ്പിച്ച കാരണത്താൽ മുസ്‌ലിംകളുടെ ഈ പ്രവൃത്തിയെ ശ്ലാഘിക്കുകയും അവരിൽ ഒരുപാട് പേർ മുസ്‌ലിംകളുടെ സൽപെരുമാറ്റത്തിൽ പ്രഭാവിതരായിക്കൊണ്ട് മുസ്‌ലിംകളാവുകയും ചെയ്തു. (സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് എം.എ(റ), പേജ് 465)

ഇതുപോലെതന്നെ അവിടത്തെ സേവകൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം മാനവകുലത്തെ അങ്ങേയറ്റം സ്നേഹിച്ചിരുന്നു. ഒരു സന്ദർഭത്തിൽ അവിടന്ന് പറയുകയുണ്ടായി. "വാത്സല്യനിധിയായ മാതാവ് തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ അതിനെക്കാളധികം ഞാൻ മാനവകുലത്തെ സ്നേഹിക്കുന്നു." (റൂഹാനീ ഖസായീൻ, വാള്യം 17, അർബയീൻ നമ്പർ 1, പേജ് 344)

ഹദ്റ്ത്ത മസീഹ് മൗഊദ്(അ) പറയുന്നു:

*അഹിന്നു ഇലാ മൻ ലാ യഹിന്നു മഹബ്ബത്തിൻ*
*വ അദ്ഊ ലിമൻ യദ്ഊ അലയ്യ വ യഹ്ദറൂ*

എന്നിലേക്ക് തിരിയാത്തവരിലേക്കും ഞാൻ തിരിയുന്നത് സ്നേഹം കാരണമായാണ്. എനിക്കെതിരിൽ ശാപപ്രാർഥന നടത്തുന്നവർക്കുവേണ്ടിയും വ്യർഥമായി പുലമ്പുന്നവർക്കുവേണ്ടിയും ഞാൻ ദുആ ചെയ്യുന്നു.

**അഹ്മദിയ്യാ ജമാഅത്തിന്റെ മാനവിക സേവനവും അന്യരുടെ പ്രതികരണങ്ങളും:**

ഇന്ത്യാ-പാക്ക് വിഭജനത്തിന് ആറോ ഏഴോ വർഷത്തിനുശേഷം 1955ൽ പഞ്ചാബിലെ പല ജില്ലകളും ഭയാനകമായ വെള്ളപ്പൊക്കത്തിന്റെ കെടുതിയിൽ അകപ്പെട്ടു. ഖാദിയാനിൽ അക്കാലത്ത് അഞ്ഞൂറോളം അഹ്മദികളാണുണ്ടായിരുന്നത്. അവരും ദുരിതബാധിതരായിരുന്നു. എന്നാൽ, അവർ തങ്ങളുടെ നഷ്ടങ്ങൾക്ക് ഒരു വിലയും കല്പിക്കാതെ അവരുടെ പക്കലുള്ള ഗോതമ്പും അരിയും മറ്റു ആഹാരസാധനങ്ങളും മതപരമായ ഭിന്നിപ്പുകൾ ഒന്നു തന്നെ നോക്കാതെ വെള്ളപ്പൊക്ക ദുരിതബാധിതരിൽ വിതരണം ചെയ്യുകയുണ്ടായി. ആ അഹ്മദികൾക്ക് തങ്ങളെക്കാളധികം മറ്റുള്ളവരുടെ ചിന്തയായിരുന്നു ഉണ്ടായിരുന്നത്. അവർ ഖാദിയാനിൽനിന്ന് പുറത്ത് കടന്ന് മാനവിക സേവനത്തിന്റെ ഉന്നതമായ മാതൃക കാഴ്ചവച്ചു. ഇക്കാര്യം സമ്മതിച്ചുകൊണ്ട് ബീട്ട് ബിയാസ് പ്രദേശത്തെ സബ് തഹ്സീൽദാർ ആയിരുന്ന സർബിഷൻ സിംഗ് സാഹിബ് പറയുന്നു: "1955 ഒക്ടോബർ 26-ാം തിയ്യതി ഞാൻ ബേട്ട് പ്രദേശത്തുള്ള വെള്ളപ്പൊക്കദുരിതബാധിതർക്ക് സഹായം നൽകുന്നതിന് വരികയായിരുന്നു. ഇത്തരുണത്തിൽ ഒരുപാട് അഹ്മദി സുഹൃത്തുക്കൾ ഈ ഗ്രാമങ്ങളിൽ വൈദ്യസഹായങ്ങളും മറ്റു സഹായങ്ങളും വളരെ താൽപര്യത്തോടും ആവേശത്തോടും എത്തിക്കുന്നതുകണ്ട് വളരെയധികം സന്തോഷം തോന്നുന്നു. പേറോചച്ചി എന്ന സ്ഥലത്ത് ജമാഅത്തിന്റെ വകയായി ഒരു റിലീഫ് ക്യാമ്പും തുടങ്ങിയിരിക്കുന്നു. അവിടെ രോഗികൾക്കും ദുരിതബാധിതർക്കും എല്ലാതരത്തിലുള്ള സഹായങ്ങളും എത്തിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയുവാക്കളുടെ സന്നദ്ധ സേവകർ മരുന്നുകളും റേഷനും വസ്ത്രങ്ങളും എടുത്തുകൊണ്ട് വെള്ളപ്പൊക്ക ബാധിതപ്രദേശങ്ങളിൽ സഹായം എത്തിച്ചുകൊണ്ടിരിക്കുന്നു. ഖാദിയാനിലെ അഹ്മദി സുഹൃത്തുക്കൾ സഹാനുഭൂതിയോടും സേവനതൽപരതയോടുംകൂടി ചെയ്തുകൊണ്ടിരിക്കുന്ന സേവനം ബേട്ട് പ്രദേശത്തുള്ള ദുരിതബാധിതർക്ക് വളരെയധികം ആശ്വാസം പകർന്നിരിക്കുന്നു എന്ന് പറയുന്നതിൽ എനിക്ക് വളരെയധികം സന്തോഷം ഉണ്ട്."(ബദർ പത്രം 1955 നവംബർ 14)

1990ൽ ഇറാനിൽ ശക്തമായ ഭൂകമ്പം ഉണ്ടായി. ആയിരക്കണക്കിന് ആളുകൾ മരിച്ചൊടുങ്ങി. തദവസരത്തിൽ അഹ്മദിയ്യാ ജമാഅത്ത് ഉടനെ ഇറാൻ ഭരണകൂടത്തിന് രണ്ട് ലക്ഷത്തിഇരുപതിനായിരം രൂപയുടെ സഹായധനം എത്തിച്ചു. അതിന് നന്ദി പറഞ്ഞുകൊണ്ട് ഡൽഹിയിലുള്ള ഇറാൻ അംബാസിഡർ പറയുന്നു: "ഭൂകമ്പത്തിന്റെ അവസരത്തിൽ അഹ്മദിയ്യാ ജമാഅത്ത് ചെയ്ത ഈ ഉത്തമ സേവനത്തിന് ഞങ്ങൾ ഹൃദയത്തിന്റെ ആഴങ്ങളിൽനിന്ന് നന്ദി രേഖപ്പെടുത്തുകയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിനും അതിന്റെ ആളുകൾക്കും ഞങ്ങളുടെ നന്ദി അറിയിക്കുക."(ബദർ പത്രം, 2000 നവംബർ 23, പേജ് 138)

പാക്കിസ്താൻ ഭരണകൂടം "കാർവാനെ സഖ്ത്ത് ജാൻ" എന്ന പേരിൽ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിൽ ഇന്ത്യാ-പാക്ക് വിഭജന ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പാക്കിസ്താൻ ഭരണകൂടത്തിന്റെ പ്രതിരോധവകുപ്പ് പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിൽ ഖാദിയാനെ സംബന്ധിച്ച് എഴുതുന്നു:

"ഈ പ്രദേശം വ്യവസായപരമായും വാണിജ്യപരമായും അറിയപ്പെടുന്നതു കൂടാതെ അഹ്മദിയ്യാ ജമാഅത്തിന്റെ കേന്ദ്രമെന്ന കാരണത്താലും പ്രസിദ്ധമാണ്. ഈ സ്ഥലത്തിന്റെ ചുറ്റുപാടു മുഴുവൻ സിഖുകാരാണ് വസിക്കുന്നത്. ആകയാൽ കുഴപ്പങ്ങളുടെ കാലത്ത് ഇരുപതിലേറെ മൈൽ ദൂരത്തുള്ള മുസ്‌ലിംകളും അഭയത്തിനായി പരിശുദ്ധ ഖാദിയാനിലായിരുന്നു എത്തിയിരുന്നത്." (ഖുത്ബാത്തെ ത്വാഹിർ, വാള്യം 4, പേജ് 187)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) ഇന്ത്യാ-പാക്ക് വിഭജനത്തിന്റെ അവസ്ഥകൾ വിവരിച്ചുകൊണ്ട് പറയുന്നു: "ഈ അഭയാർഥികൾക്ക് സ്ഥിരമായി ഭക്ഷണം നൽകിക്കൊണ്ടിരുന്നത് എനിക്ക് ഓർമയുണ്ട്. അത് അതിഭയാനകമായ അവസ്ഥയായിരുന്നു. അതുകൊണ്ടുതന്നെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വളരെ നയതന്ത്രപരമായി അവസ്ഥകൾ പരിശോധിച്ചുകൊണ്ട് ജൽസാ സാലാനയുടെ ആവശ്യങ്ങൾക്ക് ആവശ്യമുള്ളതിലും എത്രയോ അധികം ഗോതമ്പ് ശേഖരിച്ചിട്ടുണ്ടാ

യിരുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവിടെ ഒരൊറ്റ മുസൽമാനും വിശപ്പ് സഹിച്ച് മരിക്കേണ്ടതായി വന്നില്ല. എന്നുമാത്രമല്ല അപ്പോഴത്തെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് വിവാഹാവസരത്തിൽ ലഭിക്കുന്ന വിലപിടിപ്പുള്ള വസ്ത്രങ്ങൾപോലും വിതരണം ചെയ്യപ്പെട്ടു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്) സ്വയം തന്റെ സഹധർമിണിയുടെ വിലപിടിപ്പുള്ള വസ്ത്രങ്ങൾ വിതരണം ചെയ്തുകൊണ്ട് ഈ പ്രവർത്തനത്തിന് തുടക്കം കുറിച്ചു. ഹദ്റത്ത് ബീഗം സാഹിബ മാലേർകോട്‌ലയിലുള്ള നവാബ് കുടുംബവുമായി ബന്ധമുള്ളവരായിരുന്നു. അവരുടെ വസ്ത്രങ്ങളിൽ ചിലത് വളരെ വിലപിടിപ്പുള്ളതും കുടുംബപാരമ്പര്യ വേഷങ്ങളിൽപെട്ടതുമായിരുന്നു. അവ കേടുവരാതിരിക്കാൻ അവർ സ്വയവും അത് അണിഞ്ഞിരുന്നില്ല. എന്നാൽ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഹ്(റഹ്) ഏറ്റവുമാദ്യം തന്റെ വീട്ടിലെ വസ്ത്രങ്ങളുടെ പെട്ടി തുറന്നുകൊണ്ട് ദരിദ്രരായ ജനങ്ങളിൽ അവർക്ക് സ്വപ്നത്തിൽപോലും ചിന്തിക്കാൻ സാധ്യമല്ലാത്ത തരത്തിലുള്ള വളരെ മേത്തരം വസ്ത്രങ്ങൾ വിതരണം ചെയ്തു. അത് സ്വീകരിച്ചവരിൽ ഏകദേശം ഭൂരിഭാഗമാളുകളും അനഹ്മദി മുസ്‌ലിംകളായിരുന്നു. ശേഷം ഓരോ വീടിന്റേയും ഓരോ മുറിയുടേയും വാതിലുകളും ഓരോ പെട്ടിയുടേയും മൂടികളും തുറക്കപ്പെട്ടു. അവയിലെന്തൊക്കെയാണോ ഉണ്ടായിരുന്നത് ഏകദേശം മുഴുവൻ സാധനങ്ങളും ദുരിതബാധിതരായ അനഹ്മദി മുസ്‌ലിം സഹോദരങ്ങളിൽ വിതരണം ചെയ്തു. ഞാൻ അവസാനമായി ഖാദിയാനിൽനിന്നും പോരുമ്പോൾ എന്റെ കൈയിലുണ്ടായിരുന്നത് കാക്കി നിറത്തിലുള്ള ഒരു സഞ്ചിയായിരുന്നു. അതിൽ വെറും ഒരു ജോഡി വസ്ത്രം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഒന്നും കൊണ്ടുവരാൻ കഴിയാഞ്ഞിട്ടല്ല. മറിച്ച് എല്ലാ സാധനങ്ങളും വിതരണം ചെയ്ത കാരണത്താൽ ഞങ്ങളുടെ വീട് കാലിയായിരുന്നു.

എന്തുകൊണ്ടെന്നാൽ ഈ അഭയാർഥികളെ കലാപകാരികൾ കൊള്ളയടിച്ച് നിർധനരും ദരിദ്രരുമാക്കിയിരുന്നു. അതുകൊണ്ട് ഖാദിയാൻവാസികൾ ഈ പാവങ്ങളുടെ സംരക്ഷണചുമതല ഏറ്റെടുത്തു. ജീവിതാവശ്യങ്ങൾക്ക് പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ദിനങ്ങളിൽ ഇത്രയും വലിയ ജനസമൂഹത്തിന് ഭക്ഷണവും താമസസൗകര്യവും ഒരുക്കുക എന്നത് ഒരു നിസ്സാര കാര്യമല്ല. അതിനാൽ ഈ ക്ഷണിക്കപ്പെടാത്ത അതിഥികൾ ഗവർമ്മെന്റിന്റെ ഭാഗത്തുനിന്നും കുഴപ്പക്കാരെ തടയുന്നതുവരെ ഖാദിയാന്റെ സംരക്ഷണത്തിൽ കഴിഞ്ഞുകൂടി. (കാർവാനെ സഖ്ത്ത് ജാർ, പേജ് 143 –144, പ്രസാധകർ: അദാരയെ റാബിത്വ ഖുർആനി ദഫ്തർ മുഹാസിബാത്ത് ദിഫായെ പാകിസ്താൻ, 1951 മാർച്ച്, ഖുത്ബാത്തെ ത്വാഹിർ വാല്യം 4, പേജ് 187)

സമീന്ദാർ പത്രം എഴുതുന്നു: "ബട്ടാലയിലെ അഭയാർഥികളുടെ അവസ്ഥ വളരെ മോശമാണ്. തല ചായ്ക്കാനൊരിടമില്ല. ഭക്ഷിക്കാനൊരു വസ്തുവുമില്ല. കലാപകാരികൾ ഖിയാമത്തിന്റെ ദൃശ്യമാണ് കാണിച്ചിരിക്കുന്നത്. ആഭരണങ്ങളും സാധനസാമഗ്രികളും കൊള്ളയടിച്ചുകൊണ്ടേയിരുന്നു. സ്ത്രീകളുടെ മാനാഭിമാനത്തിലും കൈവെച്ചുകൊണ്ടിരിക്കുന്നു. രണ്ടാമത്തെ ക്യാമ്പ് ശ്രീഹരി ഗോവിന്ദ്പൂരിലാണ്. അവിടെത്തെ ഭയാനകാവസ്ഥയും ബട്ടാലയിലേതിൽ ചെറുതല്ല. മൂന്നാമത്തെ ക്യാമ്പ് ഖാദിയാനിലാണ്. മിർസായികൾ ശ്ലാഘനീയമായ നിലയിൽ മുസ്‌ലിംകൾക്ക് സേവനം ചെയ്തു എന്നതിൽ ഒരു സംശയവുമില്ല. ആയിരക്കണക്കിന് അഭയാർഥികൾ ഇപ്പോൾ അഹ്മദികളുടെ വീടുക

Humanity First




ളിൽനിന്ന് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നു. ഖാദിയാനിലെ മുസ്‌ലിംകൾ ഭരണകൂടത്തോട് റേഷനുവേണ്ടി അഭ്യർഥന നടത്തിയിട്ടില്ല." (സമീന്ദർ, 1947 ഒക്ടോബർ 16, അവലംബം ഖുത്ബാത്തെ ത്വാഹിർ, വാല്യം 4, പേജ് 187)

1968 ഫെബ്രുവരി 29ന് ഗുരുദാസ്പൂർ ചീഫ് മെഡിക്കൽ ഓഫീസർ ജനാബ് വി.കെ. ഗുപ്ത ഖാദിയാൻ പര്യടനവേളയിൽ അഹ്മദിയ്യാ ആശുപത്രി സന്ദർശിച്ചു. മുഴുവൻ സ്റ്റാഫിന്റേയും മരുന്നിന്റേയും ചെലവ് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായാണ് വഹിക്കുന്നതെന്ന് അദ്ദേഹത്തോട് പറയപ്പെട്ടു. പൊതുവെ രോഗികളുടെ ചികിത്സ സൗജന്യമായിട്ടാണ് നടത്തുന്നത്. കൂടാതെ 1948 ജനുവരി മുതൽ 1967 ഡിസംബർ വരെയുള്ള കാലയളവിൽ 370978 മുസ്‌ലിംകൾക്കും 273790 അമുസ്‌ലിംകൾക്കും ചികിത്സ നൽകി. ഡോക്ടർ വി.കെ ഗുപ്ത സാഹിബ് വിശദമായിതന്നെ ആശുപത്രിയുടെ മുഴുവൻ വിഭാഗങ്ങളിലും പരിശോധന നടത്തി. പ്രവർത്തകർ 19 വർഷമായി ഒരുവിധ മതസാമുദായിക വ്യത്യാസങ്ങളില്ലാതെ ചെയ്തുകൊണ്ടിരിക്കുന്ന മഹത്തായ സൃഷ്ടിസേവനത്തെ പ്രകീർത്തിക്കുകയുണ്ടായി. വിസിറ്റേർസ് ബുക്കിൽ അദ്ദേഹം ഇംഗ്ലീഷിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തിയതിന്റെ വിവർത്തനം ഇപ്രകാരമാണ്: ആശുപത്രി സന്ദർശിച്ച മുസ്‌ലിംകളിലും അമുസ്‌ലിംകളിലും അതിന് ഒരുപോലെ വളരെയധികം സ്വീകാര്യതയുള്ളതായി കാണപ്പെട്ടു. ഈ ദിനങ്ങളിൽ ആശുപത്രിയുടെ ഇൻചാർജ് ആയി സേവനം ചെയ്തിരുന്നത് ഡോക്ടർ ഗുലാം റബ്ബാനി സാഹിബായിരുന്നു." (താരീഖെ അഹ്മദിയ്യത്ത്, വാല്യം 24, പേജ് 762)

2016ൽ സിയറ ലിയോൺ ജൽസാസാലാനയിൽ പങ്കെടുത്ത നാഷണൽ കൗൺസിൽ ഓഫ് പാരാമൗണ്ട് ചീഫ്സിന്റെ ഡെപ്യൂട്ടി ചെയർമാൻ തന്റെ പ്രസംഗത്തിൽ ജമാഅത്തിന്റെ വൈജ്ഞാനിക മേഖലയിലേയും ആതുരസേവനരംഗത്തേയും മതരംഗത്തേയും സേവനരംഗങ്ങൾക്ക് അഭിവാദനങ്ങളർപ്പിക്കുകയുണ്ടായി. അദ്ദേഹം ക്രിസ്തുമത വിശ്വാസിയായിരുന്നു. എന്നാൽ, ജൽസാസാലാനയുടെ ബർക്കത്തുകൊണ്ടും അഹ്മദിയ്യത്തിന്റെ സത്യതയിൽ പ്രഭാവിതരായിക്കൊണ്ടും ജൽസയിൽ വെച്ച് താൻ ഇസ്‌ലാം സ്വീകരിക്കുന്നതായി പ്രഖ്യാപിക്കുകയുണ്ടായി. അൽഹംദുലില്ലാഹി അലാ ദാലിക്.

അനഹ്മദികളുടെ BO ഡിസ്ട്രിക്ട് ചീഫ് ഇമാം അൽഹാജ് മുസ്തഫാ കോകാ തന്റെ പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു: "അഹ്മദിയ്യാ ജമാഅത്ത് ദീർഘകാലമായി വിദ്യാഭ്യാസരംഗത്ത് മാത്രമല്ല സേവനം ചെയ്യുന്നത്. മറിച്ച് സമുദായത്തിന്റേയും രാജ്യത്തിന്റേയും പുരോഗതിക്കുവേണ്ടി ദിനരാത്രങ്ങൾ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ ചുവടുവയ്പിന് അഭിവാദനങ്ങൾ അർപ്പിക്കുന്നു."

സിയറ ലിയോൺ (Sierra Leone) മുസ്‌ലിം കോൺഗ്രസിന്റെ ജനറൽ സെക്രട്ടറി അൽഹാജ് പ്രൊഫസർ എ.ബി കരീം തന്റെ ആശയം പ്രകടിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി: "അഹ്മദിയ്യാ ജമാഅത്ത് സിയറ ലിയോണിൽ വിദ്യാഭ്യാസമേഖലയിലും ആതുരസേവനരംഗത്തും ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങൾ ഒരിക്കലും അവഗണിക്കാവതല്ല.' അദ്ദേഹം പറയുകയുണ്ടായി: "ഈ ജൽസയിൽ ക്രിസ്ത്യാനികളുടേയും മുസ്‌ലിംകളുടേയും സാന്നിധ്യം സിയറ ലിയോണും അഹ്മദിയ്യത്തും തമ്മിലുള്ള മതസഹിഷ്ണുതയ്ക്ക് തെളിവാണ്.'

സിയറ ലിയോൺ (Sierra Leone)പ്രസിഡണ്ട് Hon Dr Ernest Bai Koroma പറയുന്നു: "സിയറ ലിയോണിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങളെ ഞങ്ങൾ എല്ലാ നിലയിലും ആദരിക്കുന്നു. ജനങ്ങളെ സമാധാനത്തോടെ സമൂഹത്തിൽ വസിക്കാൻ പഠിപ്പിച്ചത് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്താണ്. ഇസ്‌ലാമിന്റെ സന്ദേശമായ സമാധാനം, സാഹോദര്യം, അഭ്യുദയാകാംക്ഷ മുതലായവ നമുക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ രാജ്യാന്തര സേവനങ്ങളിൽ കാണാൻ സാധിക്കുന്നു."

"ഇബോള മഹാമാരിയുടെ സമയത്ത് അഹ്മദിയ്യാ ജമാഅത്ത് ചെയ്ത സേവനത്തിന് ഇത്തരുണത്തിൽ നന്ദി രേഖപ്പെടുത്തുകയാണ്. അഹ്മദിയ്യാ ജമാഅത്ത് Humanity First ന്റെ പ്രവർത്തനപരമായ മാതൃക കാണിക്കുകയുണ്ടായി." (അൽഫള്ൽ, ഇന്റർനാഷണൽ, 2016 നവംബർ 11, പേജ് 16)

ബെനിൻ(Benin)നിലെ അമീർ സാഹിബ് എഴുതുന്നു: "Natitingou പ്രദേശത്തിന്റെ റീജിയണൽ കമ്മീഷണർ നമ്മുടെ ക്ഷണപ്രകാരം മിഷൻഹൗസിൽ വന്നു. അദ്ദേഹം പറഞ്ഞു: ബെനിനിൽ "അഹ്മദിയ്യാ ജമാഅത്ത് വളരെ വേഗം പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. ജമാഅത്തിന് വല്ല ഗൂഢലക്ഷ്യവുമുണ്ടോ എന്ന് ഞങ്ങൾ ആദ്യം ഭയപ്പെട്ടു. അതുകൊണ്ട് അഹ്മദികളുടെമേൽ ഭരണകൂടം അതീവ രഹസ്യമായി അന്വേഷണം നടത്തി. അതിനുശേഷം ജമാഅത്ത് സമാധാനകാംക്ഷികളായി മാനവിക സേവനത്തിൽ മുന്നോട്ട് ഗമിച്ചുകൊണ്ടേയിരിക്കുന്ന ഒരു ജമാഅത്താണെന്ന് ഞങ്ങൾക്ക് ബോധ്യമായി. ജനങ്ങൾ എന്തുതന്നെ പറഞ്ഞാലും ഞങ്ങൾക്ക് നിങ്ങളെ സംബന്ധിച്ച് നല്ലപോലെ അറിയാം. അതുകൊണ്ട് തന്നെയാണ് ഞാൻ നിങ്ങളുടെ ക്ഷണം സ്വീകരിച്ച് ഇവിടെ വന്നിരിക്കുന്നതും." (അൽഫള്ൽ ഇന്റർനാഷണൽ, 2016 ജനുവരി 1)

ഹെയ്റ്റി(Haiti)യിൽ കുറച്ച് വർഷങ്ങൾക്ക് മുമ്പേ ശക്തമായ ഭൂകമ്പമുണ്ടായപ്പോൾ ജമാഅത്തിന് അവിടെയുള്ള ദുരിതബാധിതരെ നല്ലനിലയിൽ സേവിക്കാനുള്ള തൗഫീഖ് ലഭിച്ചു. അൽഹംദുലില്ലാഹ്. 2015ൽ സംഘടിപ്പിച്ച ബെനിൻ ജൽസ സാലാനയിൽ പങ്കെടുത്ത ഹെയ്റ്റി അംബാസിഡർ പറയുകയുണ്ടായി: "അഹ്മദിയ്യാ ജമാഅത്ത് ഞങ്ങൾക്ക് വളരെയധികം സേവനം ചെയ്തു. ഞങ്ങൾ ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുന്നു." (അൽഫള്ൽ ഇന്റർനാഷണൽ, 2016, ഏപ്രിൽ 1)

Priyanka Radhi Krishna(Labour Party)- പറയുന്നു: "നിങ്ങളുടെ ജമാഅത്ത് സമാധാനം സ്ഥാ










പിക്കുന്നതിനുവേണ്ടി ചെയ്യുന്ന പ്രവർത്തനങ്ങളും എല്ലാത്തരം ഭീകരതയ്ക്കുമെതിരിൽ ധൈര്യത്തോടെ എഴുന്നേറ്റുനിൽക്കാനുള്ള അതിന്റെ അസാധാരണ ആവേശവും മാനവികസേവനത്തിനായി മുഴുലോകത്തും ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും പ്രശംസാർഹമാണ്.''

Honourable Peseta Sam lotu Lign (Minister for Ethnic Communites) പറയുന്നു: ഞാൻ അഹ്മദിയ്യാ ഖിലാഫത്തിന്റെ സമാധാന സന്ദേശത്തെ പ്രശംസിക്കാനാഗ്രഹിക്കുകയാണ്. അന്താരാഷ്ട്രതലത്തിൽ മനുഷ്യാവകാശ സംരക്ഷണത്തിനും ന്യൂനപക്ഷങ്ങളുടേയും സ്ത്രീകളുടേയും അവകാശ സംരക്ഷണത്തിനുംവേണ്ടി ശബ്ദമുയർത്തുന്ന നിങ്ങൾ തീർച്ചയായും പ്രശംസാർഹരാണ്. അഹ്മദിയ്യാ ഖിലാഫത്ത് തീർച്ചയായും സമാധാനത്തിന്റേയും ഐക്യത്തിന്റേയും സ്നേഹത്തിന്റേയും പാഠമാണ് നല്കുന്നത്.'' (അൽഫള്ൽ ഇന്റർനാഷണൽ, 2016 ഏപ്രിൽ 22)

കെനിയ(Kenya)യിലെ കൊസോമോ റീജയണിൽ മസ്ജിദ് മസ്റൂറിന്റെ ഉദ്ഘാടനവേളയിൽ ബഹുമാന്യനായ അഡ്വിൻ അചോയിൻ സാഹിബ് CDF Holo മുൻചെയർമാൻ തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് പറയുന്നു: ''ജമാഅത്ത് ഒരുവിധ ഭിന്നതകളുമില്ലാതെ ജനങ്ങളെ സേവിക്കുകയും ഈ പ്രദേശത്തെ വിദ്യാർഥികളെ സഹായിക്കുകയും ദരിദ്രരേയും അനാഥരേയും അഗതികളേയും സേവിക്കുന്നതിൽ എപ്പോഴും മുൻപന്തിയിലാണെന്ന കാര്യവും എനിക്ക് വ്യക്തിപരമായിത്തന്നെ അറിയുന്നതാണ്. ഈ പ്രദേശത്ത് കുടിവെള്ളത്തിനായി കിണറുകൾ കുഴിക്കുകയും ബോർവെൽ സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. ഇതെല്ലാം ജമാഅത്തിന്റെ Love for All Hatred for none എന്ന മോട്ടോയുടെ ചിത്രമാണ്. മേലിലും ജമാഅത്ത് ഈ സേവന പരമ്പര തുടർന്നുകൊണ്ടേയിരിക്കും എന്ന് ഞാൻ പ്രതീക്ഷിക്കുന്നു.'' (അൽഫള്ൽ ഇന്റർനാഷണൽ 2016, ആഗസ്ത്)

ബെനിൻ പ്രസിഡണ്ട് Hon.Thomas Yayi Boni തന്റെ സന്തതസഹചാരികൾക്കൊപ്പം സയ്യിദുനാ ഹുദൂർ അയ്യദഹുല്ലായുമായി കൂടിക്കാഴ്ച നടത്താൻ പ്രസിഡണ്ടിന്റെ മന്ദിരത്തിലെ ലോഞ്ചിൽ വന്നു. അദ്ദേഹം പറയുന്നു: ''നിങ്ങൾ ചെയ്യുന്ന സേവനങ്ങൾ വളരെ വലിയ പ്രവൃത്തിയാണ്. അങ്ങ് ഞങ്ങളോടൊപ്പം സാമൂഹിക സേവനത്തിൽ പങ്കാളിയായതിൽ ഞാൻ താങ്കൾക്ക് നന്ദി രേഖപ്പെടുത്തുന്നു.'' (അൽഫള്ൽ ഇന്റർനാഷണൽ, 2008 ജൂൺ 6–12, പേജ് 10)

1969 ജൂൺ 17ലെ നവായെ വഖ്ത് ലാഹോർ ദിനപത്രത്തിൽ പേജ് 5ൽ സൃഷ്ടിസേവനത്തിന്റെ മഹത്തായ പ്രകടനം എന്ന ശീർഷകത്തിൽ വന്ന ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു. കഴിഞ്ഞ ദിവസം റബ്‌വയുടേയും ചീനിയോട്ടിന്റേയും ഇടയിൽ ഒരു ട്രെയിൻ എഞ്ചിൻ പാളം തെറ്റിയ കാരണത്താൽ റെയിൽവേ ഗതാഗതത്തെ ബാധിച്ചു. റബ്‌വ സ്റ്റേഷനിൽ ഒരുപാട് വണ്ടികൾ നിറുത്തിയിടേണ്ടിവന്നു. നട്ടുച്ചനേരത്തെ കൊടും ചൂടിൽ റബ്‌വയിലെ കുട്ടികളും യുവാക്കളും സംഘടിതമായി യാത്രക്കാർക്ക് ശീതളപാനീയവും ഭക്ഷണവും എത്തിച്ചുകൊണ്ടിരുന്നു. സൃഷ്ടിസേവനത്തിന്റെ മഹത്തായ മാതൃക സമർപിച്ച ഈ കുട്ടികളും യുവാക്കളും സ്വയം ദാഹവും വിശപ്പും സഹിച്ചുകൊണ്ട് ഒരുവിധ പ്രതിഫലവും സ്വീകരിക്കാതെയായിരുന്നു ഈ പ്രവൃത്തികളെല്ലാം ചെയ്തുകൊണ്ടിരുന്നത് എന്നതും സ്മരണീയമാണ്. ഏകദേശം ആറായിരം ആളുകൾക്ക് അവർ ഭക്ഷണവും വെള്ളവും വിതരണം ചെയ്തു.'' (താരീഖെ അഹ്മദിയ്യത്ത്, വാള്യം 5, പേജ് 82)

ബെനിനിലെ സോഷ്യൽ അഫയർസ് മിനിസ്റ്റർ തന്റെ എട്ടംഗ സംഘത്തോടൊപ്പം ഹുദൂറു(അയ്യദഹു)മായി കൂടിക്കാഴ്ച നടത്തിയപ്പോൾ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് അതിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കൊപ്പം ഈ വർഷം ബലിപെരുന്നാളിന്റെ അവസരത്തിൽ അനാഥർക്കായി 50 ആടുകൾ അറുക്കുകയുണ്ടായി. അതോടൊപ്പം മോറു, കോഫൂ എന്നീ സംസ്ഥാനങ്ങളിലെ സാധാരണക്കാർക്കായി ഭക്ഷണം എത്തിക്കുകയും സൗജന്യ ചികിത്സാ ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്തതിൽ ഹുദൂറിനോട് അവർ പ്രത്യേകം നന്ദി രേഖപ്പെടുത്തി. (അൽഫള്ൽ ഇന്റർനാഷണൽ, 2008 ജൂൺ 13–19, പേജ്10)

നൈജീരി(Nigeria)യായിലെ പ്രായപൂർത്തിയായവരുടെ പ്രതിനിധി അൽഹാജ് ഇബ്റാഹിം സാഹിബ് പറയുന്നു: ''ഖലീഫത്തുൽ മസീഹ് ഇവിടെ ഇസ്ലാമിക സെന്ററിന് അടിത്തറയിടുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇത് അനുഗൃഹീതമായ ചുവടുവയ്പും ഇസ്ലാമിക പ്രചാരണത്തിന് സഹായകരവും എന്നത് വളരെ ശരിയാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ മുഴുവൻ പദ്ധതികളും അവ വിദ്യാഭ്യാസപരമാവട്ടെ, സംവിധാനപരമാവട്ടെ അവയെല്ലാംതന്നെ മനുഷ്യത്വത്തിന് പ്രയോജനം ചെയ്യുന്നതായിരിക്കും. ഞാൻ അഹ്മദിയ്യാ ജമാഅത്തിലെ എല്ലാ സുഹൃത്തുക്കൾക്കും ഭാവുകങ്ങൾ നേരുന്നു.'' (അൽഫള്ൽ ഇന്റർനാഷണൽ, 2008 ജനുവരി 20–26)

യൂറോപ്യൻ പാർലമെന്റ് മെമ്പർ ശ്രീമതി ബെറൂനസ് ഇമാം നിക്ലാസ് ഖിലാഫത്ത് നൂറാംവാർഷികത്തിന് അനുമോദനങ്ങൾ അർപിച്ചുകൊണ്ട് പറയുന്നു: ''അഹ്മദിയ്യാ ജമാഅത്ത് ലോകത്ത് ഐക്യവും സമാധാനവും ഉണ്ടാക്കുകയും മാനവിക സേവനത്തിനായി പ്രശംസനീയമായ പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ പ്രവൃത്തിയിൽ ബ്രിട്ടൻ ഭരണകൂടവും നിങ്ങളോടൊപ്പമാണ്.'' (അൽഫള്ൽ ഇന്റർനാഷണൽ 2008, ആഗസ്ത് 15–21, പേജ് 2)

ട്രിനിഡാഡ് ടൊബാഗോ(Trinidad and Tobago)യുടെ പ്രസിഡണ്ട് തന്റെ സന്ദേശത്തിൽ പറയുന്നു: ''നൂറുവർഷം എന്നത് ദീർഘമായ കാലയളവാണ്. ഒരു ജമാഅത്തിന്റെ പ്രവർത്തനങ്ങളെ പരിശോധിക്കുന്നതിന് ഈ കാലയളവ് മതിയായതാണ്. അഹ്മദിയ്യാ ജമാഅത്ത് ഈ കാലയളവിൽ ചെയ്ത മാനവിക സേവനം വളരെയധികം അനുകരണാർഹമാണ്. എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ് എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ മോട്ടോ മുഴുലോകത്തും സ്വീകാര്യത നേടിക്കഴിഞ്ഞിരിക്കുന്നു.'' (അൽഫള്ൽ ഇന്റർനാഷണൽ, 2008 സെപ്തംബർ 5–11, പേജ് 2)

ലൈബീരിയാ(LIberia)യിലെ ഇൻഫർമേഷൻ ആന്റ് ടൂറിസം മിനിസ്റ്റർ ബഹുമാന്യനായ വേസ്ലി മോമോ ജാനിസ് 2008ൽ യു.കെ. ജൽസാസാലാനയിൽ ലൈബീരിയ ഭരണകൂടത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് പങ്കെടുക്കുകയും ഈ അവസരത്തിൽ ലൈബീരിയയുടെ പ്രസിഡണ്ടിന്റേയും പൊതുജനങ്ങളുടേയും സലാം അറിയിച്ചുകൊണ്ട് ഇങ്ങനെ പറയുകയും ചെയ്തു: ''ലൈബീരിയായിലെ അഹ്മദിയ്യാ മിഷൻ, രാജ്യം മുഴുവനും വളരെ വിജയകരമായ നിലയിൽ ശാന്തിസന്ദേശം എത്തിച്ചുകൊണ്ടിരിക്കുന്നു. ലൈബീരിയക്ക് സമാധാന സംസ്ഥാപനത്തിന്റേയും സാമുദായിക ഐക്യത്തിന്റേയും ദാരിദ്ര്യനിർമാർജനത്തിന്റേയും ആവശ്യമുണ്ട്. ഈ കാര്യത്തിൽ രാജ്യത്തിനും ജനങ്ങൾക്കും അഹ്മദിയ്യാ ജമാഅത്തിന്റെ പരിപൂർണ്ണമായ സഹകരണം ലഭ്യമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ സഹായസഹകരണത്താൽ ലൈബീരിയ പുരോഗതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.'' (അൽഫള്ൽ ഇന്റർനാഷണൽ, 2008 സെപ്തംബർ 26– ഒക്ടോബർ 2, പേജ് 2)

പഞ്ചാബ് മുൻമന്ത്രി നത്താസിംഗ് ജി ദാലം ഗുജ്റാത്തിൽ ഭൂകമ്പമുണ്ടായപ്പോൾ ഖാദിയാനിൽനിന്ന് റിലീഫ് അയക്കുന്ന വേളയിൽ പറയുകയുണ്ടായി: ''രോഗികളുടേയും ആവശ്യക്കാരുടേയും പ്രയാസപ്പെട്ടുകൊണ്ടിരിക്കുന്ന മാനവകുലത്തിന്റേയും സേവനമാണ് ലോകത്ത് ഏറ്റവും വലിയ സേവനം. ലോകത്തുള്ള സകല മതങ്ങളും മാനവിക സേവനത്തിന്റേയും പരസ്പര സ്നേഹത്തിന്റേയും അധ്യാപനമാണ് നൽകുന്നത്.'' നത്താസിംഗ് ജി ദാലം സാമൂഹികനന്മയ്ക്കായി അഹ്മദിയ്യാ ജമാഅത്ത് ചെയ്യുന്ന പ്രവർത്തനങ്ങളെ പ്രശംസിച്ചുകൊണ്ട് പറഞ്ഞു: ''ഈ ജമാഅത്ത് ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും പ്രത്യേകം സഹായങ്ങൾ ചെയ്യുന്നതോടൊപ്പം രാജ്യത്ത് പ്രകൃതിക്ഷോഭങ്ങൾ വന്നപ്പോഴൊക്കെ മുൻനിരയിൽനിന്നുകൊണ്ട് ദുഃഖിതരായ ജനസമൂഹത്തിന് സേവനം ചെയ്തു. ഗുജറാത്ത് ഭൂകമ്പത്തിലെ ദുരിതബാധിതർക്കായി 35 ലക്ഷം രൂപയുടെ സഹായമെത്തിച്ചു.'' അദ്ദേഹം പറയുന്നു: ''ജമാഅത്ത് ഗുജറാത്ത് മുഖ്യമന്ത്രിയുടെ ഗുജറാത്ത് റിലീഫ് ഫണ്ടിലേക്ക് വലിയ സംഖ്യ നല്കിക്കൊണ്ട് സഹായിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ലണ്ടനിൽനിന്നും മറ്റുരാജ്യങ്ങളിൽനിന്നും വന്ന ടീമുകൾ ഏറ്റവും കൂടുതലായി ദുരിതം ബാധിച്ച പ്രദേശമായ ദുജ്‌ലിൽ ചെന്നുകൊണ്ട് സേവനം ചെയ്തത് വളരെയധികം പ്രശംസനീയമാണ്.'' (ദൈനിക് ജാഗിരൺ ദിനപത്രം, ജലന്തർ 2001 മാർച്ച് 23)

1992–ൽ ഇന്ത്യയിലെ ഉത്തർപ്രദേശിൽ ഉണ്ടായ കലാപസമയത്ത് അഹ്മദിയ്യാ ജമാഅത്ത് ചെയ്ത സേവനത്തെ സ്മരിച്ചുകൊണ്ട് ഒരു പത്രം എഴുതുന്നു: കലാപദുരിതബാധിതർക്ക് സേവനം ചെയ്യാനായി അഹ്മദിയ്യാ ജമാഅത്ത് റിലീഫ് കമ്മിറ്റി രൂപീകരിച്ചിരിക്കുന്നു. അവിടെനിന്ന് പല ക്യാമ്പുകളിലും സഹായമെത്തിച്ചുകൊണ്ടിരിക്കുന്നു. ആഹാരസാധനങ്ങൾ, പുതപ്പ്, പാത്രങ്ങൾ കൂടാതെ മരുന്ന് മുതലായവ സംഘടിപ്പിച്ചു നല്കികൊണ്ടിരിക്കുന്നു. ഇപ്പോഴും പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അഹ്മദിയ്യാ റിലീഫ് കമ്മിറ്റി സകലതും നഷ്ടപ്പെട്ട ഒരുപാടാളുകൾക്ക് അവരുടെ നാട്ടിലേക്ക് പോകാനുള്ള ടിക്കറ്റുകൾ എടുത്തുകൊടുത്തു. ക്യാമ്പുകളിലുണ്ടായിരുന്ന ഗർഭിണികളെ നഴ്സിംഗ്ഹോമിൽ പ്രവേശിപ്പിക്കുകയും ചെലവിനുള്ള സംവിധാനം ചെയ്യുകയും ചെയ്തു. ചില യാളുകൾക്ക് വീടുണ്ടാക്കികൊടുക്കാനും അഹ്മദിയ്യാ റിലീഫ് കമ്മിറ്റി ആഗ്രഹിക്കുന്നു. അതിനു വേണ്ട പരിശോധന നടന്നുവരികയാണ്.'' (ഹിന്ദ് സമാചാർ പത്രം, 1993. അവലംബം ജമാഅത്ത് അഹ്മദിയ്യായുടെ സാമൂഹിക സേവനങ്ങൾ, 2005)

അഹ്മദിയ്യാ ജമാഅത്ത് ലോകം മുഴുവൻ ഇസ്ലാമിക ഖിലാഫത്തിന്റെ മേൽനോട്ടത്തിൽ സൃഷ്ടിസേവനത്തിന്റെ മഹത്തായ ഉത്തരവാദിത്വം അല്ലാഹുവിനുവേണ്ടി പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധഖുർആനിലെ **ഇൻ അജ്‌രിയ ഇല്ലാ അലാ റബ്ബിൽആലമീൻ** {എന്റെ പ്രതിഫലം സർവലോകനാഥന്റെ ബാധ്യതയിൽ മാത്രമുള്ളതാണ്(26:16)} **ലാ നുരീദു മിൻകും ജസാഅൻ വ്വലാ ശുകൂറാ** {നിങ്ങളിൽനിന്ന് എന്തെങ്കിലും പ്രതിഫലമോ കൃതജ്ഞതയോ ഞങ്ങൾ ഉദ്ദേശിക്കുന്നില്ല(76:10)} എന്നീ അടിസ്ഥാനപരമായ തത്ത്വത്തിൽ മാനവികസേവനത്തിന്റെ വഴിയിൽ ചുവടുവച്ച് മുന്നോട്ടുപോകുകയാണ്.

അല്ലാഹു ഈ ജമാഅത്തംഗങ്ങൾക്ക് തങ്ങളുടെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ നിഷ്കളങ്കമായ അളവറ്റ സേവനം ചെയ്യാൻ തൗഫീഖ് നൽകുമാറാകട്ടെ (ആമീൻ)



# ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്); ഹോമിയോപ്പതിയും ആതുരശുശ്രൂഷയും

ഫലാഹുദ്ദീൻ ഖമർ മുറബ്ബി സിൽസില
മൊഴിമാറ്റം: മൗലവി അബുദുന്നാസ്വിർ പത്തപ്പിരിയം

അല്ലാഹു മനുഷ്യനെ ഉത്തമമായ രീതിയിലാണ് സൃഷ്ടിച്ചിട്ടുള്ളത്. അതായത് അവന്റെ സൃഷ്ടിപ്പ് സന്തുലിതവും സമീകൃതവുമാണ്. ആരോഗ്യകരമായ ശരീരനിർമിതിക്കാവശ്യമായ മാർഗദർശനവും അവൻ നൽകിയിരിക്കുന്നു. എന്നാൽ, മനുഷ്യൻ ചിലപ്പോൾ തന്റെ അസന്തുലിതമായ ജീവിതം കാരണം മഹത്തായ ഈ അനുഗ്രഹത്തെ നഷ്ടപ്പെടുത്തിക്കളയുന്നു. പക്ഷേ, അല്ലാഹു കാരുണ്യവാനും ഔദാര്യവാനുമാണ്. അവൻ മനുഷ്യന്റെ ആരോഗ്യം വീണ്ടെടുക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. **വ ഇദാ മരിള്ത്തു ഫഹുവ യശ്ഫീൻ(6:81)** എന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ പറഞ്ഞിരിക്കുന്നു; ഞാൻ രോഗിയാവുമ്പോൾ നീ തന്നെയാണ് എനിക്ക് ശമനം നൽകുന്നത്.

ഹദീഥിൽ വന്നിരിക്കുന്നു: **ലി കുല്ലി ദാഇൻ ദവാഉൻ ഇല്ലൽമൗത്തി** അതായത് എല്ലാ രോഗത്തിനും മരുന്നുണ്ടെന്ന്.

ഹീദിഥിൽ ഇപ്രകാരം വന്നിരിക്കുന്നു. ഹദ്റത്ത് ഇമാം ശാഫി(റഹ്) അരുൾ ചെയ്യുന്നു: **അൽഇൽമു ഇൽമാനി ഇൽമുൽ അബ്ദാനി വ ഇൽമുൽ അദ്‌യാനി** ജ്ഞാനം കേവലം രണ്ടുവിധം മാത്രം. ഒന്ന് ശരീരത്തെക്കുറിച്ചുള്ള ജ്ഞാനം അഥവാ വൈദ്യശാസ്ത്രം. മറ്റൊന്ന് മതങ്ങളെക്കുറിച്ചുള്ള അറിവ്.

ഇക്കാലത്ത് മസീഹ് മൗഊദ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മുഖേന ഈ രണ്ട് അറിവുകളുടേയും അരുവികൾ ഒഴുകിക്കൊണ്ടിരിക്കുകയാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഭാഗത്ത് ലോകത്തിന് ആത്മീയജ്ഞാനം പകർന്നപ്പോൾ മറുഭാഗത്ത് അവിടത്തെ ആത്മീയസുതൻ നാലാമത്തെ ഖലീഫ ഹോമിയോപ്പതി മുഖേന അല്ലാഹുവിന്റെ സൃഷ്ടികളെ അവിരാമം സേവിക്കുകയുണ്ടായി. ഇതുസംബന്ധമായി ഹോമിയോപ്പതി മുഖേന അദ്ദേഹം ചെയ്ത സൃഷ്ടിസേവനത്തെപ്പറ്റി രണ്ട് വാക്ക് പറയട്ടെ-

**മാതാവിന്റെ ആഗ്രഹവും അതിന്റെ സമ്പൂർത്തീകരണവും:**

അദ്ദേഹം ഒരു ഡോക്ടറാകണമെന്നത് അദ്ദേഹത്തിന്റെ മാതാവിന്റെ അദമ്യമായ ആഗ്രഹമായിരുന്നു. ഇക്കാര്യം പരാമർശിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതുന്നു: ''ഞാൻ ഒരു ഡോക്ടറാവണമെന്നത് എന്റെ ഉമ്മായുടെ ആഗ്രഹമായിരുന്നു. ''നന്നായി പഠിക്കുക, ഡോക്ടറാവുക' എന്ന് എന്നോട് എപ്പോഴും പറയുമായിരുന്നു.''

അദ്ദേഹം കുറിക്കുന്നു: ''ഞാൻ സ്കൂൾ, കോളേജ് പഠനത്തിൽ അധികം ശ്രദ്ധിച്ചിരുന്നില്ല. കോഴ്സിലെ പുസ്തകങ്ങൾ വായിച്ച് വിദ്യാഭ്യാസ മേഖലകൾ താണ്ടിക്കൊണ്ടിരുന്നു. എന്നാൽ, ഈ വിജയങ്ങൾ മെഡിസിന് അഡ്മിഷൻ വാങ്ങത്തക്ക നിലവാരത്തിലുള്ളതായിരുന്നില്ല. അതിനാൽ ഞാൻ എന്റെ പഠനകാലത്ത് ഈ ഭാഗത്തേക്ക് ശ്രദ്ധിച്ചതേയില്ല. അല്ലാഹു തന്റെ പ്രിയപ്പെട്ടവരുടെ അഭിലാഷങ്ങൾ പൂർത്തിയാക്കുന്നില്ലെങ്കിൽ അത്തരം അഭിലാഷങ്ങളെ സ്വീകാര്യമായ ദുആയിലേക്ക് പരിവർത്തനം ചെയ്യുന്നുവെന്നത് അവന്റെ നടപടിക്രമമാണ്. അങ്ങനെ തന്റെ വിശേഷമായ യുക്തിയുടെ വെളിച്ചത്തിൽ ഉദാത്തമായ രീതിയിൽ അത് സ്വീകരിക്കുന്നു.''

ഉമ്മെ ത്വാഹിർ(റഹ്) വളരെയധികം സ്വീകാര്യത കിട്ടിയ ദുആകൾക്ക് അവകാശിയായിരുന്നു. അല്ലാഹു അവരുടെ ദുആകൾ ഏതുരീതിയിൽ സ്വീകരിച്ചുവോ അതിനെ കുറിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) പറയുന്നു:

''അല്ലാഹു എന്നെ ഹോമിയോപ്പതി ഡോക്ടറാക്കി. ഞാൻ മുഴുവൻ ലോകത്തേയും സേവിച്ചുകൊണ്ടിരിക്കുന്നു. ഗ്രന്ഥങ്ങൾ എഴുതി ജനങ്ങൾക്ക് മരുന്നുകൾ എത്തിക്കുന്നു. അങ്ങനെ എന്റെ ഉമ്മയുടെ ആഗ്രഹവും പൂർത്തിയായി. എനിക്കാണെങ്കിൽ സേവനത്തിനുള്ള അവസരവും കിട്ടി. ഞാൻ ഡോക്ടറായിരുന്നെങ്കിൽ എന്നെ ഇപ്പോൾ ഏല്പിക്കപ്പെട്ട കർത്തവ്യം നിറവേറ്റുക ദുഷ്കരമാകുമായിരുന്നു.'' (അൽഫള്ൽ, 2001 ജനുവരി 29)

**ഹോമിയോപ്പതിയുടെ പ്രചാരണം:**

ഖിലാഫത്തിന് മുമ്പേതന്നെ ഹോമിയോപ്പതി മുഖേന സൗജന്യചികിത്സ ചെയ്യാനുള്ള അഭിവാഞ്ഛ അദ്ദേഹത്തിൽ കുടികൊണ്ടിരുന്നു. 1960നോടടുത്ത് അദ്ദേഹം തന്റെ വസതിയിൽ ചികിത്സയാരംഭിച്ചിരുന്നു. പിന്നീട് 1968-ൽ വഖ്ഫെ ജദീദിന് കീഴിൽ സൗജന്യഹോമിയോ ചികിത്സാകേന്ദ്രം തുടങ്ങുകയും രോഗികളെ ചികിത്സിച്ചുവരികയും ചെയ്തു. 1994 മാർച്ച് 23 മുതൽ അദ്ദേഹം എം.ടി.എയിലൂടെ ഹോമിയോപ്പതി ക്ലാസുകൾ ആരംഭിക്കുകയുണ്ടായി. രോഗത്തെപ്പറ്റിയും മരുന്നുകളുടെ സ്വഭാവത്തെപ്പറ്റിയും ശമനത്തിന്റെ അത്ഭുത സംഭവങ്ങളുമൊക്കെത്തന്നെ വളരെ വിശദമായി അതിൽ വിവരിക്കപ്പെടുകയുണ്ടായി. ഏകദേശം 170 ക്ലാസുകൾ റിക്കോർഡ് ചെയ്തത് ഹോമിയോപ്പതി അഥവാ അതുല്യചികിത്സ എന്ന പേരിൽ ഗ്രന്ഥരൂപത്തിൽ പിന്നീട് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിന്റെ നിരവധി പതിപ്പുകൾ നാളിതുവരെ പ്രസിദ്ധീകൃതമായിട്ടുണ്ട്. ധാരാളം സൗജന്യ ഹോമിയോ ഡിസ്പെൻസറികൾ സ്ഥാപിച്ച് അതിലൂടെ സൗജന്യ ചികിത്സ നൽകണമെന്നും ജമാഅത്തംഗങ്ങളെ ഇക്കാര്യം അറിയിക്കണമെന്നും ഹുദൂർ തിരുമനസ്സ് ആഹ്വാനം ചെയ്യുകയുണ്ടായി. തൽഫലമായി ബ്രിട്ടനുൾപ്പെടെ നിരവധി രാജ്യങ്ങളിൽ ഇത്തരം കേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ട്. അഹ്മദി അനഹ്മദി എന്ന വ്യത്യാസം കൂടാതെ ജനങ്ങൾ ചികിത്സ തേടിക്കൊണ്ടിരിക്കുന്നു. ഹുദൂർ തിരുമനസ്സിന്റെ പ്രഭാഷണങ്ങളുടേയും പുസ്തകത്തിന്റേയും ഫലമായി വീടുകൾതോറും ചെറിയ ചെറിയ ഹോമിയോപ്പത് ഉണ്ടായിട്ടുണ്ട്. അവർ സാധാരണ അസുഖങ്ങൾക്ക് പ്രാഥമിക ചികിത്സ നൽകാൻവിധം പ്രാപ്തരായിരിക്കുന്നു. ഹോമിയോരംഗത്തെ പല വിദഗ്ദ്ധരും ഹുദൂർ തിരുമനസ്സിന്റെ അനുഭവങ്ങളും മഹത്ത്വവും അംഗീകരിക്കുന്നവരാണ്.



ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരിക്കൽ ഇപ്രകാരം ഇൽഹാം ഉണ്ടായി: **“ഇൻദീ മുആലിജാത്തുൻ.”** 1902 ഒക്ടോബർ 18ന് ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബിന്റെ ഭാഗത്തുനിന്നും ഒരു പെട്ടിനിറയെ മരുന്നുകളും കുറേ കുപ്പികളും വന്നതായിട്ട് ഹദ്റത്ത് അഹ്മദ്(അ)ന്റെ സഹധർമിണി(അമ്മാജാൻ)സ്വപ്നത്തിൽ കാണുകയുണ്ടായി. ഹുദൂറിന്റെ കാലത്ത് ലോകമൊട്ടുക്ക് ഹോമിയോപ്പതിയുടെ പ്രചാരണവും മരുന്നുകളുടെ വ്യാപനവും മുഖേന ഈ ദർശനം പൂർത്തിയാവുകയുണ്ടായി. (അൽഫള്ൽ 1999 ആഗസ്ത് 16, അൽഫള്ൽ ദിനപത്രം സയ്യിദുനാ ത്വാഹിർ പതിപ്പ്, 2003 ഡിസംബർ 27, പേജ് 35)

**ഹോമിയോപ്പതിയും ഹുദൂറിന്റെ സഹായവും:**

ഈ ചികിത്സാരീതി കണ്ടുപിടിച്ചത് ജർമൻ ഡോക്ടറായിരുന്നു; ഹാനിമാൻ സാമുവൽ. എന്നാൽ, ഒരു സംഘടിത ആഗോളപ്രസ്ഥാനത്തിലൂടെ ഇതിനെ ലോകം മുഴുവൻ സ്വീകാര്യമാക്കിയതിന്റേയും നിരവധി രോഗികളെ ചികിത്സിക്കുന്നതിനുള്ള ഒരു ആഗോള വ്യവസ്ഥിതിതന്നെ കെട്ടിപ്പടുത്തതിന്റേയും ശ്രേയസ്സ് നാലാം ഖലീഫയ്ക്കാണ്. അത് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് സാഹിബ്(റഹ്)ന് മാത്രം അവകാശപ്പെട്ടതാണ്. അദ്ദേഹത്തിന്റെ പരിശുദ്ധ ഹൃദയം എപ്പോഴും വേദനിക്കുന്ന മനുഷ്യർക്കായി പിടഞ്ഞുകൊണ്ടിരിക്കുകയും വേദനിക്കുകയും ചെയ്തിരുന്നു. (അൽഫള്ൽ 2003, ഡിസംബർ 25)

ഹോമിയോപ്പതിയോടൊപ്പം ശരിയായ ഹോമിയോപ്പതി തത്ത്വങ്ങൾ വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. അല്ലെങ്കിൽ ഹോമിയോപ്പത് സ്വയം ഈ തത്ത്വങ്ങളെ കുറിച്ച് അജ്ഞരാവുകയോ അല്ലെങ്കിൽ മനഃപൂർവ്വം വിസ്മരിച്ചിരിക്കുകയോ ചെയ്തിരുന്നു. എന്നാൽ, ഏതൊരു തത്ത്വത്തിലാണോ ഹോമിയോപ്പതിയുടെ അടിസ്ഥാനം ഉള്ളത് അവ സ്വായത്തമാക്കാതെ കണ്ട് ഈ ചികിത്സാരീതിയിൽനിന്ന് ഫലമെടുക്കാൻതന്നെ സാധ്യമല്ല. ഹോമിയോപ്പതിയുടെ യഥാർഥ തത്ത്വങ്ങളിലേക്കും ശരിയായരീതിയിൽ ഹോമിയോ പ്രാക്ടീസ് നടത്തുന്നതിലേക്കും ശ്രദ്ധ ക്ഷണിച്ചു എന്നുള്ളത് ഖലീഫത്തുൽ മസീഹ് നാലാമന്റെ ഒരു വലിയ ഔദാര്യം തന്നെയാണ്. പണത്തിനും കച്ചവടത്തിനുമായി ഹോമിയോപ്പതിയുടെ രൂപം മാറ്റുന്നതിനെ അദ്ദേഹം വിലക്കുകയും ചെയ്തു.

ഹോമിയോ ചികിത്സ നടത്തുമ്പോൾ ഹോമിയോപ്പതിയുടെ തത്ത്വമായ വ്യക്തിഗതത്തിലേക്ക്(Individualization)ശ്രദ്ധയൂന്നാൻ അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. ഓരോ രോഗിയുടേയും ലക്ഷണങ്ങൾ വ്യത്യസ്തമായിരിക്കും. വ്യത്യസ്ത രോഗികളെ ശരിയായി നിരീക്ഷിച്ച് മരുന്ന് നിർദ്ദേശിക്കേണ്ടതാണ്. രോഗത്തിന്റെ പേരുകേട്ട് മരുന്ന് നിർദ്ദേശിക്കുന്നതിനു പകരം രോഗിയുടെ ലക്ഷണമനുസരിച്ച് മരുന്ന് നിർദ്ദേശിക്കേണ്ടതാണെന്നും അദ്ദേഹം പറയുകയുണ്ടായി.

ഹുദൂർ തിരുമനസ്സ് പറയുന്നു: ''ഹോമിയോപ്പതിയിൽ പൊതുവായ ഒരു കുറിപ്പടിയില്ല. അല്പനേരത്തേക്ക് രോഗത്തെ മറന്ന് രോഗിയെ നിരീക്ഷിച്ച് അവന്റെ വ്യക്തിഗതമായ ലക്ഷണങ്ങൾ വിലയിരുത്തുക എന്നത് പരമപ്രധാനമാണ്. ചൂടിന്റേയും തണുപ്പിന്റേയും മരുന്നുകൾ പ്രത്യേകം പ്രത്യേകം ഓർമവെക്കേണ്ടതാണ്. ഇത് വളരെ ഗുണകരമായിരിക്കും. ഉദാഹരണമായി രോഗിയുടെ പ്രകൃതം ഉഷ്ണമാണെങ്കിൽ അവർക്ക് ശീതമരുന്നുകൾ നൽകുന്നത് ഗുണത്തേക്കാളേറെ ദോഷമായിരിക്കും ഉണ്ടാക്കുക. ഏത് രോഗിക്ക് ഉഷ്ണം ദോഷം ചെയ്യുമെന്നും ഏത് രോഗിക്ക് ശീതം ബുദ്ധിമുട്ടുകൾ വർധിപ്പിക്കുമെന്നും അല്ലെങ്കിൽ ഇളക്കം ബുദ്ധിമുട്ടുണ്ടാക്കുമെന്നും അല്ലെങ്കിൽ വിശ്രമം ബുദ്ധിമുട്ടുകൾ വർധിപ്പിക്കുമെന്നും എന്നിങ്ങനെ രോഗിയുടെ പ്രകൃതത്തിന്റെ ദിശ ശരിക്കും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇക്കാര്യങ്ങൾ ഓർത്തുവെക്കുകയാണെങ്കിൽ രോഗിയോട് സംസാരിക്കുമ്പോൾ രോഗത്തിൽനിന്ന് മാറി രോഗിയിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ കഴിയുന്നതായിരിക്കും.'' (അൽഫള്ൽ പത്രം, 1995 ഏപ്രിൽ 15)

ലോക അഹ്മദികളുടെ ഹൃദയത്തിൽ ഹോമിയോപ്പതി ചികിത്സാരീതിയോട് അദ്ദേഹം ഒരു പ്രതിപത്തി ഉണ്ടാക്കുകയുണ്ടായി. അങ്ങനെ വീടുകൾതോറും ഗ്രാമങ്ങൾതോറും പട്ടണങ്ങൾതോറും ഹോമിയോപ്പതി ഡിസ്പെൻസറികൾ തുറക്കുന്നതിൽ അദ്ദേഹം നിർണായകമായ ഭാഗധേയം നടത്തി. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ചാനലിലൂടെ അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേട്ടും അതേപ്രകാരം 1996-ൽ ഇറങ്ങിയ ഹോമിയോപ്പതി അഥവാ തത്തുല്യചികിത്സ എന്ന ഗ്രന്ഥത്തിൽനിന്ന് ഫലമെടുത്തുകൊണ്ടും വീടുകൾതോറും ചികിത്സകരുണ്ടായി. മാനവകുലത്തിന് ഈ ചികിത്സാരീതിയിലൂടെ ഫലമെത്തിക്കുന്നതിൽ അദ്ദേഹത്തിന്റെ പരിശ്രമം അതുല്യമാണ്. ഒരു മഹത്തായ ആത്മീയനേതാവായ കാരണത്താൽ ശാരീരിക ചികിത്സയിലും ശമനത്തിലും അദ്ദേഹത്തിന് പ്രാഗത്ഭ്യം നേടാനായി. എന്തുകൊണ്ടെന്നാൽ അല്ലാഹുവിന്റെ സഹായവും താങ്ങും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. ചികിത്സയില്ലാത്ത നൂറുകണക്കായ രോഗികൾ അദ്ദേഹത്തിന്റെ ചികിത്സയിലും പ്രാർഥനയിലും പുതുജീവൻ നേടുകയുണ്ടായി.

**ഹുദൂറിന്റെ ഹോമിയോപ്പതി ക്ലാസുകളും പ്രഭാഷണങ്ങളും:**

ഹോമിയോ ചികിത്സാവിധിയെ എല്ലാ തുറയിലുള്ളവരിലേക്കും എത്തിച്ചു എന്നുള്ളത് മാനവിക കുലത്തിനുമേൽ അദ്ദേഹത്തിന്റെ ഒരു വലിയ ഔദാര്യമാണ്. എം.ടി.എയി

ലൂടെ ലോകത്തിന് ഹോമിയോ ചികിത്സാരീതിയെ പരിചയപ്പെടുത്തി. അങ്ങനെ ഏതാനും വർഷങ്ങൾകൊണ്ട് ആയിരക്കണക്കായ ജനങ്ങൾ ഈ ജ്ഞാനത്തിൽ വൈദഗ്ദ്ധ്യം നേടുകയുണ്ടായി. ലോകമൊട്ടുക്ക് ജനങ്ങൾ ഈ ചികിത്സാവിധിയിൽനിന്ന് ഫലമെടുക്കാൻ തുടങ്ങി. 1994 മാർച്ച് 23ന് അദ്ദേഹം ഹോമിയോപ്പതി ക്ലാസുകൾക്ക് സമാരംഭം കുറിച്ചു. പ്രസ്തുത ക്ലാസുകളിൽ അദ്ദേഹം ഹോമിയോപ്പതിയെ കുറിച്ച് പ്രഭാഷണം നടത്തുകയും വിവിധ രോഗങ്ങൾക്ക് ചികിത്സിക്കുന്നതിനാവശ്യമായ മരുന്നുകൾ നിർദ്ദേശിക്കുകയും രോഗനിർണയം, നിർദ്ദിഷ്ട ഔഷധങ്ങളുടെ സേവനരീതി എന്നിവ സവിസ്തരം പ്രതിപാദിക്കുകയുമുണ്ടായി. അദ്ദേഹത്തിന്റെ ഈ പാഠങ്ങൾ പിന്നീട് ലോകം മുഴുവൻ വ്യാപിക്കുകയുണ്ടായി. തന്മൂലം ഹോമിയോ ചികിത്സാരീതി ഒരു സാധാരണക്കാരന്റെ കൈപ്പിടിയിലൊതുങ്ങുന്നതായി മാറി. ഇന്ന് ഈ ഗ്രന്ഥം ലോകമൊട്ടുക്കുമുള്ള ചികിത്സകരുടെ നല്ലൊരു വഴികാട്ടിയാണ്. ഇതിന്റെ ഇംഗ്ലീഷിലേക്കുള്ള മൊഴിമാറ്റം Homoeopathy like cures likeഎന്ന പേരിൽ ലഭ്യമാണ്.

ഹോമിയോപ്പതിയുടെ ഈ പൊതുജന പ്രയോജനത്തെക്കുറിച്ച് സയ്യിദ് സാജിദ് അഹ്മദ് അമേരിക്ക എഴുതുന്നു: ‘‘ഈ ക്ലാസുകൾ കാരണം ഞങ്ങൾ വർഷങ്ങളായി വിവിധ കാലാവസ്ഥകളിൽ ഉണ്ടാകുന്ന രോഗങ്ങളെ തുച്ഛമായ വിലക്കുള്ള മരുന്നുകൾകൊണ്ട് വീട്ടിൽവച്ചുതന്നെ പ്രതിരോധിക്കുന്നു. ഒരിക്കൽ ഒരു ഡോക്ടർ എന്നോട് ഓപ്പറേഷനായി ആയിരക്കണക്കിന് അമേരിക്കൻ ഡോളർ ചെലവ് വരുമെന്ന് പറഞ്ഞു. ആദ്യം ഹോമിയോപ്പതി ഒന്നു പരീക്ഷിച്ചു നോക്കാമെന്ന് ഞാൻ കരുതി. ഹുദൂറിന്റെ ക്ലാസിൽനിന്നും ഗ്രന്ഥത്തിൽനിന്നും മനസ്സിലാക്കിയതനുസരിച്ച് മരുന്നു കഴിക്കാൻ തുടങ്ങുകയും ദുആ ചെയ്യുകയും ചെയ്തു. ഏതാനും നാളുകൾക്കുശേഷം എന്റെ മൂക്ക് പരിശോധിച്ചപ്പോൾ എല്ലാ പൊളിപ്സും(Polyps) അപ്രത്യക്ഷമായതു കണ്ട് ഡോക്ടർ അത്ഭുതപ്പെട്ടുപോയി. മരുന്നുകൾ ഏതാനും ഡോളർ മാത്രം വിലയുള്ളതായിരുന്നെന്നറിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും അത്ഭുതംകൂറി.’’ (ഖുലഫായെ അഹ്മദിയ്യത്ത് കി തഹ്രീക്കാത്ത് ഔർ ശീരീൻ ഥമറാത്ത് പേജ് 468–469)

**ഡോക്ടർ എന്ന നിലയിൽ സുദീർഘ സേവനം:**

ഹുദൂർ തിരുമനസ്സ് വിജയിയായ ഒരുത്തമ ഹോമിയോപ്പത് ആയിരുന്നു. അദ്ദേഹത്തിന് ബാഹ്യമായ ഒരു ഡിഗ്രിയുമുണ്ടായിരുന്നില്ല. ഏതെങ്കിലുമൊരു മെഡിക്കൽ കോളേജിൽ അഡ്മിഷനും വാങ്ങിയിരുന്നില്ല. എന്നാൽ, അല്ലാഹു തന്റെ പ്രത്യേക അനുഗ്രഹത്താൽ ഒരു വിജയശ്രീലാളിതനായ ചികിത്സകനെന്ന രീതിയിൽ ലോകത്ത് സമർപിക്കപ്പെടും വിധം ഈ ജ്ഞാനം ആവോളം അദ്ദേഹത്തിന് നൽകുകയുണ്ടായി.

ഹോമിയോപ്പതിയിൽ ഹ്ദറത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ സേവനങ്ങൾ അന്തർദേശീയമായിരുന്നു. അദ്ദേഹത്തിന്റെ അനുഗ്രഹത്തിന്റെ ഈ വൃത്തം ഏതെങ്കിലും രാജ്യത്തിലോ സമുദായത്തിലോ പരിമിതമായിരുന്നില്ല. മറിച്ച്, ലോകത്തെ എല്ലാ രാജ്യങ്ങളിൽനിന്നുമുള്ള നാനാതരം രോഗങ്ങളാൽ വലഞ്ഞിരുന്നവർ അദ്ദേഹവുമായി ബന്ധപ്പെടുകയും ദൈവാനുഗ്രഹത്താൽ രോഗശമനം നേടുകയും ചെയ്തു. അദ്ദേഹത്തിന്റെ കരങ്ങളാൽ ശമനത്തിന്റെ അത്ഭുതകരവും വിശ്വാസവർധകവുമായ അസംഖ്യം സംഭവങ്ങൾ വെളിച്ചത്തുവരികയുണ്ടായിട്ടുണ്ട്. അത്ഭുതശമനം ലഭിച്ച ഇത്തരക്കാരുടെ അത്ഭുതകരമായ സംഭവങ്ങൾ ലോകത്തിന്റെ കിഴക്കും പടിഞ്ഞാറുമൊക്കെത്തന്നെ ഉണ്ടായിട്ടുണ്ട്.

**ഹുദൂർ തന്നിൽ നടത്തിയ പരീക്ഷണങ്ങൾ:**

ഹുദൂർ തന്നിൽത്തന്നെ ഒരുപാട് വിജയപ്രദമായ പരീക്ഷണങ്ങൾ നടത്തുകയുണ്ടായി. വീട്ടുകാരിലും കൂട്ടുകാരിലും വിജയപ്രദമായി ചികിത്സ നടത്തി. പിന്നീട് പൊതുജനങ്ങൾക്കും മരുന്ന് നൽകാൻ തുടങ്ങി. ക്രമേണ അദ്ദേഹം ഒരു വിജയിയായ ചികിത്സകനായി മാറി. അദ്ദേഹം തന്നിൽത്തന്നെ നടത്തിയ വിജയപ്രദമായ പരീക്ഷണങ്ങളുടെ ചില ഉദാഹരണങ്ങൾ വിവരിക്കാം.

അദ്ദേഹം എഴുതുന്നു: ‘‘ഇന്ത്യാവിഭജനത്തിനുശേഷം പാക്കിസ്താന്റെ ആദ്യനാളുകളിലുള്ള സംഭവമാണ്. എനിക്ക് അടിക്കടി തലവേദന വരുമായിരുന്നു. ഇതിനെ ഇംഗ്ലീഷിൽ മൈഗ്രെയ്ൻ(Migraine) എന്നു പറയും; ഉർദുവിൽ ‘‘ദർദെ ശഖീഖ’ എന്നും. ഇത് വളരെ കഠിനമായ വേദനയായിരിക്കും. ഇതോടൊപ്പം ഓക്കാനവും ഛർദ്ദിയും നാഡിവ്യൂഹത്തിൽ തളർച്ചയും അനുഭവപ്പെടും. ഞാൻ ദിവസങ്ങളോളം ഈ രോഗത്തിന്റെ പിടിയിലാകുമായിരുന്നു. ചികിത്സയെന്നോണം ആസ്പിരിൻ ഉപയോഗിക്കുമായിരുന്നു. ഇതുകാരണം ആമാശയം-വൃക്കകൾ എന്നിവയെ ഇത് സാരമായി ബാധിച്ചിരുന്നു. ഹൃദയമിടിപ്പും വേഗത്തിലാകുമായിരുന്നു. എന്റെ പിതാവ് സാൻഡോൽ(Sandole) എന്ന ഒരു അലോപ്പതി മരുന്ന് കരുതിവെക്കുമായിരുന്നു. അദ്ദേഹത്തിനും അത് ആവശ്യമായി വരാറുണ്ടായിരുന്നു. ഇന്ത്യാവിഭജനശേഷം ഈ മരുന്ന് പാക്കിസ്താനിൽ ലഭ്യമായിരുന്നില്ല. കൽക്കത്തയിൽനിന്ന് വരുത്തേണ്ടിവന്നിരുന്നു. ഇതുമുഖേന എനിക്ക് പെട്ടെന്ന് ആശ്വാസം വരുമായിരുന്നു.’’

മറ്റൊരിടത്ത് അദ്ദേഹം എഴുതുന്നു: എനിക്ക് 1960ലോ 1963ലോ ആദ്യമായി അപ്പന്റിക്സ് ഉണ്ടായി. ഞാൻ ആർണിക്ക(Arnica) എന്ന മരുന്ന് കഴിച്ചപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അത് പൂർണമായും ഭേദമായി. അതിനുശേഷം ചിലപ്പോഴൊക്കെ ഈ പ്രശ്നം ഉണ്ടാകുമായിരുന്നു. ഈ മരുന്നുകൊണ്ടുതന്നെ അത് ഭേദമാകുമായിരുന്നു. ശസ്ത്രക്രിയയുടെ ആവശ്യമൊന്നും ഉണ്ടായില്ല. കൂടാതെ 1972ൽ യാത്രയ്ക്കിടയിൽ ശക്തമായ രോഗാക്രമണമുണ്ടായി. ഞാൻ കാറോടിക്കുകയായിരുന്നു. കുട്ടികളും കൂടെയുണ്ടായിരുന്നു. പനി കുറയുന്നുണ്ടായിരുന്നില്ല. ഞാൻ നിരന്തരം മരുന്ന് കഴിച്ചുകൊണ്ടിരുന്നു. 400 മൈൽ യാത്ര ചെയ്ത് അങ്ങനെ ഞാൻ കറാച്ചിയിലെത്തി. ഡോക്ടർ ഓപ്പറേഷൻ ചെയ്തപ്പോൾ അത്ഭുതപ്പെട്ടുപോയി. അപ്പെന്റിക്സ് പൊട്ടിയിരുന്നു. അതിൽ പലയിടത്തും സുഷിരങ്ങളുണ്ടായിരുന്നു. ചലം ഒഴുകി വറ്റിപ്പോയിരുന്നു. അദ്ദേഹത്തിന്റെ വിശകലനമനുസരിച്ച് ഇത്തരം രോഗികൾ മണിക്കൂറുകൾക്കകം മരിക്കേണ്ടതായിരുന്നു. എന്നാൽ, ഈ കുറിപ്പടി അപകടകരമായ സാഹചര്യത്തിൽ എന്നെ സംരക്ഷിച്ചുനിറുത്തുകയുണ്ടായി.’’ (ഹോമിയോപ്പതി ഇലാജ് ബിൽമിഥ്ൽ, പേജ് 118)

**രോഗശമനത്തിന്റെ ചില സംഭവങ്ങൾ:**

ഹുദൂർ തിരുമനസ്സ് തന്നിലും തന്റെ ബന്ധുമിത്രാദികളിലും വിജയപ്രദമായ നിരവധി പരീക്ഷണങ്ങൾക്കുശേഷം പൊതുജനങ്ങളെ ചികിത്സിച്ചു തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലക്ഷക്കണക്കായ രോഗികൾ ഹുദൂർ തിരുമനസ്സിന്റെ ചികിത്സയിലൂടെ രോഗശമനം നേടുകയുണ്ടായി.

അപസ്മാര ചികിത്സയെ പ്രതിപാദിച്ചുകൊണ്ട് ഹുദൂർ പറയുന്നു: ദൈനംദിന ചികിത്സയിൽ ഓർത്തിരിക്കേണ്ട ഒരു കാര്യം ആഴത്തിലും പഴക്കവുമുള്ള രോഗത്താൽ അതായത് ആസ്തമ, അപസ്മാരം പോലുള്ള രോഗത്താൽ പീഢിതനായൊരു രോഗിക്ക് പൊതുവായ കുറിപ്പടി നൽകുന്നത് ശരിയാവുകയില്ല. മറിച്ച് സമയമെടുത്ത് അത്തരം രോഗികളെ വിശദമായ വിവരാന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്. രോഗത്തെക്കുറിച്ചുള്ള സകല കാര്യങ്ങളും ചോദിച്ചറിഞ്ഞ് അവരുടെ പ്രകൃതത്തിനനുസരിച്ചുള്ള മരുന്ന് കണ്ടത്തേണ്ടതാണ്. അപസ്മാരരോഗത്തിൽ ചില മരുന്നുകളുടെ പേരു കാണുകയില്ല. ഉദാഹരണമായി ഒരു രോഗിക്ക് തലയിൽ വലിയ ശബ്ദം അനുഭവപ്പെട്ടിരുന്നു. ശബ്ദം കാരണം മുറിവേറ്റപോലെയാകുമായിരുന്നു. ഇതുമൂലം ഭയം ഉണ്ടാവുകയും ഉറക്കം നഷ്ടപ്പെടുകയും ചെയ്യുമായിരുന്നു. തലയും ഹൃദയവും കൈപ്പിടിയിൽ ഒതുക്കിയതുപോലെ തോന്നുമായിരുന്നു. അദ്ദേഹത്തിന് ഞാൻ കേക്റ്റസ് (Cactus)നൽകി. അതുമൂലം അദ്ദേഹത്തിന്റെ അവസ്ഥതന്നെ മാറിമറിയുകയും സമാധാനത്തോടുകൂടി ഉറങ്ങാൻ തുടങ്ങുകയും ചെയ്തു. അദ്ദേഹത്തിന് അപസ്മാരത്തിൽനിന്ന് മുക്തി ലഭിക്കുകയും ചെയ്തു. എന്നാൽ, അപസ്മാരത്തിനുള്ള മരുന്നുകളിൽ കേക്റ്റസിനെ കുറിച്ചുള്ള ഒരു പരാമർശവുമില്ല.’’ (ഹോമിയോപ്പതി ഇലാജ് ബിൽമിഥ്ൽ, പുതിയ പതിപ്പ് വാള്യം 1,2 ആമുഖം പേജ് ഃശ)

വൃക്ക വേദനക്കുള്ള ചികിത്സാ സംബന്ധമായി അദ്ദേഹം പറയുന്നത് വിട്ടുമാറാത്ത രോഗങ്ങളിൽ രോഗിയെ മുന്നിലിരുത്തി നിർബന്ധമായും വിശദമായ അന്വേഷണം നടത്തേണ്ടതാണെന്നാണ്. ഒരിക്കൽ ഒരു വൃക്കരോഗിയുടെ കാര്യത്തിൽ എനിക്ക് ഇത്തരമൊരു അനുഭവമുണ്ടായി. ഞാൻ അദ്ദേഹത്തിന് രോഗത്തിന്റെ പെട്ടെന്നുള്ള ആക്രമണത്തെ പെട്ടെന്ന് ചെറുക്കുന്നതിനായി അക്വനേറ്റം(Aconitum) ബെല്ലഡോണ(Belladonna) എന്നിവയുടെ പ്രസിദ്ധമായ കുറിപ്പടി നല്കി. എന്നാൽ, അല്പം പോലും ആശ്വാസം ഉണ്ടാകുന്നുണ്ടായിരുന്നില്ല. അപ്പോൾ ഞാൻ രോഗിക്ക് ചൂട് ദോഷം ചെയ്യുന്ന തണുപ്പ് ഗുണം ചെയ്യുന്ന രോഗിക്ക് നൽകുന്ന മരുന്നാണല്ലോ നൽകുന്നതെന്ന് ഓർത്തുപോയി. ആ രോഗിക്ക് തണുത്ത വെള്ളത്തിൽ കുളിക്കുമ്പോൾ കഠിനമായ ബുദ്ധിമുട്ട് അനുഭവപ്പെടുമായിരുന്നു. ഇക്കാര്യം പരിഗണിച്ചുകൊണ്ട് ഞാൻ അദ്ദേഹത്തിന് മെഗ്ഫോസും (Mag Phos)കോളോസിന്തിസും(Colocynthis) ചേർത്തുനൽകിയപ്പോൾ നോക്കിനിൽക്കെതന്നെ അതു സുഖമാവുകയുണ്ടായി.’’ (ഹോമിയോപ്പതി ഇലാജ് ബിൽമിഥ്ൽ, പുതിയ പതിപ്പ് വാള്യം 1,2 ആമുഖം പേജ് xii)

ഗാംഗ്രീൻ വ്രണം പോലുള്ള മാരകരോഗത്തിൽനിന്ന് സുഖം പ്രാപിച്ച സംഭവം വിവരിച്ചുകൊണ്ട് ഖലീഫത്തുൽമസീഹ് പറയുന്നു: ഒരു യുവാവിന്റെ കൈ മെഷിനിൽ കുടുങ്ങി ചതഞ്ഞിരുന്നു. അദ്ദേഹത്തിന്റെ മുറിവ് ഉണങ്ങുന്നു

**ഹദീഥുന്നബ്വി(സ)**

നബി(സ)തിരുമേനി പറഞ്ഞു:
“ആദം സൃഷ്ടിപ്പിന്റെ ആദ്യ ഘട്ടങ്ങളിൽ ആയിരിക്കുമ്പബോൾത്തന്നെ ഞാൻ അല്ലാഹുവിന്റെയടുത്ത് ലൗഹെമഹ്ഫൂളിൽ ഖാത്തമുന്നബിയ്യീനായി കഴിഞ്ഞിരുന്നു.”

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*
**എച്ച്. ഇ നജീബ്**
**സ്വദ്ർ അഹ്മദിയ്യാ ജമാഅത്ത് കാക്കനാട്**
**എറണാകുളം ജില്ല, കേരള**

**ഹദീഥുന്നബ്വി(സ)**

നബി(സ)തിരുമേനി പറഞ്ഞു:
“സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനുവേണ്ടി ഞാൻ നിയമിക്കപ്പെട്ടിരിക്കുന്നു.” അതായത് ഞാൻ നല്ലതും ഉന്നതവുമായ സൽസ്വഭാവങ്ങളുടെ സമ്പൂർത്തീകരണത്തിനു വേണ്ടി നിയമിതനായിരിക്കുന്നു. (മുവത്ത ഇമാം മാലിക്)

**ജൽസസാലാന ഖാദിയാൻ 2017**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

*ത്വാലിബെ ദുആ:*

**THUPPLIKKADAN JASEEL AHMED & FAMILY**
**JAMATH AHMADIYYA KARULAI**
**(KERALA)**

ണ്ടായിരുന്നില്ല. പിന്നീടത് ഗാംഗ്രീൻ (വ്രണം)ആയി മാറി. ഡോക്ടർമാർ നിരാശരായി. ആദ്യം തള്ളവിരലും പി ന്നീട് കൈതന്നെയും മുറിച്ച് മാറ്റാൻ നിർദ്ദേശിച്ചു. ഞാൻ അദ്ദേഹത്തോട് ആർസനിക്(Arsenic)CM ഒരുലക്ഷം പവർ നിർദ്ദേശിച്ചു. എട്ട് പത്ത് ദിവസം കൂടുമ്പോൾ ആവർത്തിക്കാനും പറഞ്ഞു. ഏതാനും നാളുകൾക്കുശേഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം പൂർണമായും സുഖംപ്രാപിച്ചു. കൈ മുറിച്ചുമാറ്റുന്നതുപോയിട്ട് വിരൽപോലും മുറിച്ചുമാറ്റേണ്ടിവന്നില്ല.'' (ഉപര്യുക്ത ഗ്രന്ഥം പേജ് 96)

കാൻസർപോലുള്ള അപകടകരമായ രോഗത്തിൽനിന്ന് അത്ഭുതകരമായി സുഖംപ്രാപിച്ച സംഭവം വിവരിച്ചുകൊണ്ട് ഹുദൂർ പറയുന്നു: പ്രോസ്റ്റേറ്റ് ഗ്രന്ഥി (പുരുഷഗ്രന്ഥി), വൃക്ക, മൂത്രാശയം എന്നിവയുടെ രോഗങ്ങളിൽ ആർസനിക്കി(Arsenic)ന്റെ ലക്ഷണങ്ങൾ കാണപ്പെടുകയും എന്നാൽ, ആർസനിക് ഒറ്റക്ക് മതിയാകാതെ വരികയും ചെയ്യുമ്പോൾ ഫോസ്ഫറസ് അതിന്റെ സഹായ ഔഷധമായി വർത്തിക്കുന്നു. രണ്ടും ഒന്നിനുശേഷം ഒന്നായി മാറിമാറി നൽകുകയും എന്റെ അനുഭവത്തിൽ വളരെ ഫലപ്രദമാണെന്ന് തെളിയുകയും ചെയ്തിട്ടുണ്ട്. കാൻസറിനും ഇതേ കുറിപ്പടി വളരെയധികം ഫലപ്രദമാണ്. ഈ കുറിപ്പടി ഒരാഴ്ചയിലധികം ജീവിച്ചിരിക്കുകയില്ല എന്ന് ഡോക്ടർമാർ വിധിയെഴുതിയ ഒരു രോഗിയിലും പ്രയോഗിച്ചുനോക്കിയപ്പോൾ അദ്ദേഹത്തിന് ഈ മരുന്നുകൾകൊണ്ട് പ്രത്യക്ഷമായ മാറ്റമുണ്ടായി. അതിനുശേഷം അദ്ദേഹം ഒരു വർഷത്തോളം ഒരുവിധ ബുദ്ധിമുട്ടും കൂടാതെ ജീവിച്ചിരുന്നു. (ഉപര്യുക്ത ഗ്രന്ഥം, പേജ് 97)

പോളിയോചികിത്സയെക്കുറിച്ച് പറയുന്നു: ''പോളിയോ ബാധിച്ചതുകാരണം ഒരു കുട്ടിയുടെ കാലുകൾ വളഞ്ഞുപോയിരുന്നു. അവനും സൾഫറും (Sulpher)ബരീട്ടാകാർബും (Baryta Carb)നൽകുകയുണ്ടായി. അതുമുഖേന അവനിൽ പ്രകടമായ മാറ്റമുണ്ടാവുകയും ഇന്നവൻ സാധാരണ ജീവിതം നയിക്കുകയും ചെയ്യുന്നു. പൂർണ ആരോഗ്യവാനല്ലെങ്കിലും ഓടിച്ചാടി നടക്കുന്നുണ്ട്. എന്നാൽ, പ്രായത്തിനനുസരിച്ച് ഇവന്റെ പ്രശ്നങ്ങൾ വർധിക്കുമെന്നായിരുന്നു ഡോക്ടർമാർ പറഞ്ഞിരുന്നത്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 131)

**ശ്വാസകോശത്തിൽ ഉണ്ടായ സുഷിരങ്ങൾ അടഞ്ഞതുമായി ബന്ധപ്പെട്ട അത്ഭുതചികിത്സയെക്കുറിച്ച് ഹുദൂർ പറയുന്നു:**

''ഒരു സ്ത്രീയുടെ ശ്വാസകോശങ്ങൾക്ക് ടിബി കാരണം സുഷിരങ്ങൾ വീണിരുന്നു. ഡോക്ടർമാരുടെ അഭിപ്രായത്തിൽ അതിന് ഫലപ്രദമായ ഒരു ചികിത്സ ഉണ്ടായിരുന്നില്ല. ഹോമിയോപ്പതി ചികിത്സാ വിധിപ്രകാരം അവർക്ക് മെർക്ക്‌ഡോൾ(Merc Sol 200) കാലികാർബ് (Kali Ca rb 30 ) എന്നിവ നൽകിയപ്പോൾ ഏതാനും മാസങ്ങൾകൊണ്ട് അവർ പൂർണ സുഖംപ്രാപിച്ചു. ആശുപത്രിയിൽ ഡോക്ടർമാർ എക്സ്റേ എടുത്തുനോക്കിയപ്പോൾ സുഷിരങ്ങളുടെ ഒരടയാളംപോലും കാണാനുണ്ടായിരുന്നില്ല. ഇത് അതേ രോഗിയാണെന്ന് അവർ അംഗീകരിക്കാൻപോലും തയ്യാറായില്ല.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 164)

ആസ്തമയെന്ന ആശങ്കാജനകമായ രോഗത്തിന്റെ ചികിത്സയെക്കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു: ''ഒരിക്കൽ ആസ്തമ (ശ്വാസംമുട്ടൽ)യുടെ ഒരു രോഗി അതേ അവസ്ഥയിൽ (നെഞ്ച് കഫത്താൽ നിറഞ്ഞ്)ആയിരുന്നു. അവസ്ഥ വളരെയധികം ആശങ്കാജനകമായിരുന്നു. ഞാൻ ഉടൻതന്നെ അവർക്ക് കാർബോവെജ് (Carbo Veg) നൽകുകയുണ്ടായി. അതുമുഖേന അവരുടെ ശരീരത്തിന് കുറച്ച് ശക്തിയുണ്ടായി. കഫം പുറത്തുവന്നു. നിലച്ചുകൊണ്ടിരുന്ന ശ്വാസം വീണ്ടും നേരെയാവാൻ തുടങ്ങി. അതിനുശേഷം ആസ്തമയ്ക്ക് ചികിത്സ നൽകി. അങ്ങനെ ആ രോഗി സുഖംപ്രാപിച്ചു. കാർബോവെജ് വളരെ സങ്കീർണഘട്ടങ്ങളിൽ ഉപയുക്തമാകുന്ന ഒരു ഔഷധമാണ്. ആസ്തമയുടെ അവസ്ഥയിൽ ശരീരത്തിൽ തണുത്ത വിയർപ്പുണ്ടാകുന്നതും ശരീരം നനയുന്നതും ഇതിന്റെ പ്രത്യേക ലക്ഷണമാണ്. എന്നാലും അവർക്ക് കാറ്റ് ആവശ്യമായി വരും. ചിലപ്പോൾ മുഖത്ത് ശക്തമായി വീശിക്കൊടുക്കേണ്ടതായും വരും.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 242, 243)

താടിയെല്ലിലെ കാൻസർ ചികിത്സയെക്കുറിച്ച് പറയുന്നു: ''ഈ രോഗം കാരണം ഒരു സ്ത്രീ കഠിനമായ പ്രയാസത്തിലായിരുന്നു. ഒരു ഭാഗത്തെ കവിൾ നന്നായി വീർത്തിട്ടുണ്ടായിരുന്നു. കണ്ണിൽ വലിയ സമ്മർദ്ദം അനുഭവപ്പെട്ടിരുന്നു. അലറിവിളിക്കത്തക്കവിധം കഠിനമായ വേദനയുണ്ടായിരുന്നു. ദിവസങ്ങളോളം ഒരു നല്ല ആശുപത്രിയിൽ ചികിത്സയിലായി. എന്നാൽ, ഡോക്ടർമാർക്ക് ഒന്നും ചെയ്യാനുണ്ടായിരുന്നില്ല. അവസാനം ഇതിന് ഇനി ചികിത്സയില്ലെന്നു പറഞ്ഞു ആശുപത്രിയിൽനിന്ന് പറഞ്ഞുവിടുകയും ചെയ്തു. ഞാൻ അവർക്ക് സൾഫർ ഒരു ലക്ഷം(Sulpher CM)പവറിൽ ഒരു ഡോസ് നൽകി. അതുമുഖേന അവരുടെ വേദന കുറഞ്ഞുവന്നു. രണ്ടാഴ്ചക്കുള്ളിൽത്തന്നെ നീറ്റലിന് കാര്യമായ കുറവുണ്ടായി. പിന്നീട് ഞാൻ അവർക്ക് സിലീഷ്യയുടെ ലക്ഷം(Silicea CM)പൊട്ടൻസിയിലുള്ള ഒരു ഡോസ് നൽകി. അതുമൂലം രോഗശമനത്തിന്റെ വേഗം, അത് നിലച്ചുപോയിരുന്നതാണ് വീണ്ടും പൂർവസ്ഥിതിയിലായി. അതിന് കുറച്ച് നാളുകൾക്കുശേഷം സൾഫർ സി.എമ്മിന്റെ ഒരു ഡോസ് കൂടി നൽകി. അങ്ങനെ രോഗത്തിന്റെ അടയാളംപോലും ഇല്ലാതായി. ഈ സംഭവത്തിന് ഇന്ന് ഒരുപാട് വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇന്നുവരേയും അവർ പൂർണസുഖത്തിലും ആരോഗ്യവതിയുമാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 427, 428)

**അപ്പെന്റിക്സിൽനിന്ന് അത്ഭുതകരമായ ശമനം:**

''ഞാൻ ഐറിസ് ടെനക്സ്(IrixTenax)ആർണിക്കയോടും(Arnica) ബ്രയോണിയ (Bryonia) യോടും ചേർത്ത് 200 പൊട്ടൻസിയിൽ അപ്പെന്റിക്സിന്റെ രോഗത്തിന് പലതവണ ഉപയോഗിക്കുകയും വളരെയധികം ഫലപ്രദമായ കുറിപ്പടിയാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.ഇതു അത്ഭുതകരമായ ഫലസിദ്ധി നൽകുന്നു. കടച്ചിലിന്റെ ലക്ഷണം കൂടുതൽ പ്രകടമാണെങ്കിൽ ബ്രയോണിയയ്ക്കു പകരം ബെല്ലഡോണ ഉപയോഗിക്കേണ്ടതാണ്. ചിലപ്പോൾ അപ്പെന്റിക്സ് കാരണം വളരെ അപകടകരമായ സാഹചര്യങ്ങളും ഉണ്ടാവുകയും സങ്കീർണമായ സ്ഥിതിയിലേക്ക് എത്തിച്ചേരുകയും ചെയ്യാറുണ്ട്. ഈ മൂന്ന് മരുന്നുകളും ചേർന്ന് ഈ സാഹചര്യത്തെ നിയന്ത്രണവിധേയമാക്കുന്നതാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 480, 481)

രക്തക്കുരുവിനെ ചികിത്സിക്കുന്നതിനെ കുറിച്ച് പറയുന്നു: ''കുടലുകളിലോ അല്ലെങ്കിൽ മറ്റെവിടെയെങ്കിലുമോ മുറിവോ അല്ലെങ്കിൽ രക്തക്കുരുക്കളോ കാണപ്പെടുകയാണെങ്കിൽ രോഗിയുടെ ലക്ഷണങ്ങൾ ഏതെങ്കിലും പൊട്ടാഷ്യം ലവണങ്ങളുമായി ചേരുന്നതാണോ എന്ന് നോക്കേണ്ടതാണ്. ഒരു രോഗിയുടെ കാലിൽ വളരെ ആഴത്തിലുള്ളതും പഴകിയതുമായ ഒരു രക്തക്കുരു ഉണ്ടായിരുന്നു. ഞാൻ അദ്ദേഹത്തിന് കാലി അയോഡൈഡ്(Kali Iodatum)നൽകിയപ്പോൾ പെട്ടെന്നുതന്നെ ആ ചോരക്കുരു അപ്രത്യക്ഷമായി. ഇതിനു മുമ്പേ അദ്ദേഹം മുന്തിയ സൈനിക ആശുപത്രിയിൽ ചികിത്സ നേടിയിരുന്നു. അദ്ദേഹത്തിന്റെ മറ്റു ലക്ഷണങ്ങൾ പൊട്ടാസ്യവുമായി സാമ്യമുള്ളതുകൊണ്ട് മാത്രമായിരുന്നു ഞാൻ അദ്ദേഹത്തിന് ഈ മരുന്ന് നിർദ്ദേശിച്ചത്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 486)

**മദ്യപാനത്തിൽനിന്നും മുക്തി:**

''ഒരാൾ മദ്യപാനിയായിരുന്നു. മദ്യംകൂടാതെ ഒരു മണിക്കൂർപോലും അദ്ദേഹത്തിനിരിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ, ഈ ശാപത്തിൽനിന്ന് രക്ഷനേടാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നു. പക്ഷേ, ഒരിക്കലും ഒരു ചികിത്സകൊണ്ടും അദ്ദേഹത്തിന് ഒരുവിധ പ്രയോജനവും ഉണ്ടായില്ല. ഞാൻ അദ്ദേഹത്തോട് സൾഫ്യൂരിക് ആസിഡിന്റെ ഒരു തുള്ളി ഒരു ഗ്ലാസ് വെള്ളത്തിൽ ചേർത്ത് അത് ദിവസം മൂന്ന് നേരമായി കുടിക്കാൻ നിർദ്ദേശിച്ചു. രണ്ടുമൂന്ന് മാസങ്ങൾക്കുശേഷം അദ്ദേഹം പൂർണസുഖം പ്രാപിച്ചതായി എനിക്ക് വിവരം കിട്ടി. വാസ്തവത്തിൽ ഏതാനും ദിവസങ്ങൾകൊണ്ടുതന്നെ അദ്ദേഹത്തിന്റെ അവസ്ഥ മാറിമറിഞ്ഞിരുന്നു. അദ്ദേഹത്തിന് മദ്യത്തോട് വിരക്തി അനുഭവപ്പെട്ടുതുടങ്ങിയിരുന്നു.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 797)

**ചികിത്സയില്ലെന്ന് വിധിച്ച രോഗികൾ**

**ഹുദൂറിന്റെ (റഹ്) ചികിത്സകൊണ്ട് സുഖംപ്രാപിച്ചു:**

''ഡോക്ടർമാർ ചികിത്സയില്ലെന്ന് വിധിച്ച അല്ലെങ്കിൽ ഓപ്പറേഷൻ മാത്രമേ വഴിയുള്ളൂ എന്ന് വിധിച്ച ചില രോഗികളുടെ രോഗശമനത്തിന്റെ ചില സംഭവങ്ങൾ ഞാൻ താഴെ കുറിക്കുന്നു:

ഹുദൂർ(റഹ്) വെരിക്കോസ് വെയിനി(Varicose Veins)നെക്കുറിച്ച് പറയുന്നു: ''ചിലപ്പോൾ കാലിൽ നീല ഞരമ്പുകൾ വീർത്ത് ഒരു വലപോലെയായിത്തീരുന്നു. ഇതിനെ വെരിക്കോസ് വെയ്ൻ(Varicose Veins)എന്നു പറയുന്നു. സ്ത്രീകളിലാണ് ഈ പ്രശ്നം കൂടുതലായി കാണപ്പെടുന്നത്. ഞരമ്പുകളിൽ ഈ രക്തം കുറുകി കട്ടയാവാൻ തുടങ്ങുന്നു. അലോപ്പതിയിൽ ഓപ്പറേഷൻ മുഖേന മാത്രമേ ഇതിന് ചികിത്സിക്കാറുള്ളൂ. എന്നാൽ, ഹോമിയോപ്പതിയിൽ ഈ ഞരമ്പുകളെ നന്നാക്കിയെടുക്കുന്ന ധാരാളം മരുന്നുകളുണ്ട്. സൾഫറും അത്തരം മരുന്നുകളിൽപെട്ട ഒന്നാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 801- 802)

**കരൾ ക്യാൻസർ:**

കരളിന്റെ അർബുദത്തെക്കുറിച്ച് ഹുദൂർ പറയുന്നു: ''ഡോക്ടർമാർ കരളിലെ അർബുദമാണെന്ന് കൃത്യമായി രോഗനിർണയം നടത്തിയ ചില കേസുകളിൽ എല്ലാതരത്തിലുള്ള റേഡിയേഷനും മരുന്നുകളും നൽകിയതിനുശേഷം ചികിത്സയില്ലെന്ന് പറയപ്പെട്ട ചില രോഗികൾ- അവർ രണ്ടുമൂന്ന് നാളത്തേക്കുള്ള അതിഥികൾ മാത്രമാണെന്ന് കരുതി ആശുപത്രിയിൽനിന്ന് വീട്ടിലേക്ക് തിരിച്ചയക്കപ്പെട്ടിരുന്നു. അന്നേരം അവർക്ക് ഈ കുറിപ്പടി(സൾഫർ 30 (Sulphur 30), ബ്രയോണിയ 200 (Bryonia 200), കാർഡോസ് മാരിയാനസ്(Carduss Marianus)കൊണ്ട് ചികിത്സയാരംഭിച്ചപ്പോൾ മൂന്നു ദിവസംകൊണ്ട് മരിക്കുന്നതിനു പകരം ആരോഗ്യത്തിലേക്ക് തിരിച്ചുവരുന്നതിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിച്ചുതുടങ്ങി.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 190) ഇദ്ദേഹം, ഉഥ്മാൻ അഹ്മദ് വഖ്ഫെ ജദീദിലെ ഒരു ക്ലാർക്കായിരുന്നു. ഇതിനുശേഷം 14 വർഷം ജീവിച്ചിരുന്നു.

സൂര്യഗ്രഹണംകൊണ്ട് അന്ധനായ ഒരാളുടെ കാര്യം ഹുദൂർ(റഹ്) വിവരിക്കുന്നുണ്ട്: ''സൂര്യഗ്രഹണ സമയത്ത് സൂര്യനെ നോക്കുമ്പോൾ കണ്ണിന്റെ റെറ്റിനയെ അത് സാരമായി ബാധിക്കുന്നതാണ്. ഉടനെ അത് അനുഭവപ്പെടണമെന്നില്ല. വർഷങ്ങൾകൊണ്ട് പടിപടിയായി അതിന്റെ സ്വാധീനം കണ്ടുതുടങ്ങുന്നു. പലയിടത്തും കറുത്തപാടുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങുന്നു. ചിലപ്പോൾ വലതുകണ്ണിന്റെ കാഴ്ച കുറഞ്ഞുവരുന്നു; മറ്റു ചിലപ്പോൾ ഇടതിന്റേയും. ക്രമേണ പൂർണമായും അന്ധനായിത്തീരുന്നു. ഇത്തരം അന്ധതയ്ക്കുള്ള ചികിത്സ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. ഇക്കാലത്ത് ചില രശ്മികൾ മുഖേന ചികിത്സ നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ, അതിന് താൽക്കാലിക ഫലം മാത്രമാണുണ്ടാവുക. മെർക് കോർ ഇതിന് ഉത്തമമായ ഔഷധമാണ്. ഒരു മാസത്തെ ഇടവേളയിൽ ഒരു ലക്ഷം പൊട്ടൻസിയുടെ രണ്ടു ഡോസുകൾ നൽകിയാൽ ദൈവകൃപയാൽ വളരെ ഫലപ്രദമാവുന്നതാണ്.''(ഉപര്യുക്ത ഗ്രന്ഥം, പേജ് 556)

**അലോപ്പതിയിൽ ചികിത്സ ലഭ്യമാകാത്ത**

**രോഗങ്ങളുടെ കാര്യത്തിൽ ഹുദൂറിന്റെ പരിശ്രമങ്ങൾ:**

പുതിയ പുതിയ രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ പുതിയ മരുന്നുകളുടെ കണ്ടുപിടിത്തവും ആധുനിക ചികിത്സാരീതിയിൽ അവലംബിക്കുന്നതുമൊക്കെ ഇന്നും വൈദ്യശാസ്ത്രരംഗത്ത് ഒരു ചിന്താവിഷയമാണ്. എന്നാൽ, ഇക്കാലത്തെ ചില പ്രത്യേക രോഗങ്ങൾക്കുള്ള പ്രതിവിധി ഹുദൂർ ഹോമിയോപ്പതിയിലൂടെ കണ്ടെത്തിയിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കാം.

**(1) എയ്ഡ്സിനുള്ള ചികിത്സ:–**

ഇക്കാലത്ത് എയ്ഡ്സ് എന്ന രോഗം ലോകത്തിന് വലിയൊരു ഭീഷണിയായി നിലനിൽക്കുകയാണ്. ഇതിന് ഫലപ്രദമായ ഒരു ചികിത്സ അലോപ്പതിയിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ, ഹുദൂർ(റഹ്) എം.ടി.എ (MTA) ചാനലിലൂടെ ഈ രോഗത്തിനുള്ള ഹോമിയോപ്പതി കുറിപ്പടി വിളംബരം ചെയ്യുകയുണ്ടായി. ഇതിന് സിലീഷ്യ(SiliceaCM) നിർദ്ദേശിക്കുകയുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ കുറിപ്പടി ഉപയോഗിച്ച് എയ്ഡ്സ് എന്ന മാരകരോഗത്തിൽനിന്ന് രക്ഷപ്രാപിച്ച രണ്ടു ഉദാഹരണങ്ങളും സമർപ്പിക്കുകയുണ്ടായി.

അത്ഭുതകരമായ ഈ രോഗശമനത്തെ പരാമർശിച്ച് ഹുദൂർ (റഹ്) പറയുന്നു:''എയ്ഡ്സും കാൻസറിനെപോലെ ചികിത്സയില്ലാത്ത ഒരു രോഗമായി കരുതപ്പെടുന്നു. വിവിധ രാജ്യങ്ങളിൽ എന്റെ മേൽനോട്ടത്തിൽ സിലീഷ്യ പരീക്ഷിക്കപ്പെട്ടു. നിരവധി രോഗികളിൽ സിലീഷ്യ അത്ഭുതകരമാം വിധം ഫലം ഉണ്ടാക്കിയിരിക്കുന്നു.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 257)

**ആണവ തരംഗങ്ങളിൽനിന്ന് സുരക്ഷ:**

ലോകം ഇന്ന് ആണവ തരംഗങ്ങളുടെ കാര്യത്തിൽ ചകിതരാണ്. ഇന്ത്യയും പാക്കിസ്താനും ആണവപരീക്ഷണങ്ങൾ നടത്തിയപ്പോൾ ഇന്ത്യൻ ഉപഭൂഖണ്ഡത്തിലുള്ളവർ പ്രത്യേകിച്ചും ലോകത്തുള്ളവർ പൊതുവേയും ആറ്റോമിക തരംഗങ്ങളിൽനിന്ന് രക്ഷനേടുന്നതിനായി ഹുദൂർ(റഹ്)

മരുന്നുകൾ നിർദ്ദേശിച്ചിരുന്നു. കാർസിനോസിൻ(Carcinosin CM) ഒരു ലക്ഷം പൊട്ടൻസിയിലും റേഡിയം ബ്രോമൈഡ് (Radium Bromide CM)ഒരു ലക്ഷം പൊട്ടൻസിയിലും ഉപയോഗിക്കാൻ നിർദ്ദേശിച്ചിരുന്നു. ഈ മരുന്നുകൾ ധാരാളമായി ഉപയോഗിക്കപ്പെടുകയുണ്ടായി.

**അലൂമിനിയത്തിന്റെ വിഷത്തിൽനിന്ന് സംരക്ഷണം:**

വളരെ കാലമായി അലൂമിനിയം പാത്രങ്ങൾ സർവ്വസാധാരണമായി ഉപയോഗിച്ചുവരുന്നു. എന്നാൽ, അലൂമിനിയത്തിന്റെവിഷംപടിപടിയായിമനുഷ്യശരീരത്തിൽഅടിഞ്ഞുകൂടുകയും അതുമുഖേന പല ആഴത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഈ പാ ത്രങ്ങളുടെ ദൂഷ്യങ്ങളെക്കുറിച്ച് നമ്മെ ബോധവാന്മാരാക്കി എന്നത് ഹുദൂർ(റഹ്)ന്റെ മാനവകുലത്തോടുള്ള ഒരു വലിയ ഔദാര്യമാണ്. ഇത്തരം പാത്രങ്ങൾ ഉപേക്ഷിക്കാൻ ഹുദൂർ(റഹ്) നിർദ്ദേശിക്കുകയുണ്ടായി. അദ്ദേഹം ഇതിന്റെ വിഷത്തിൽനിന്ന് രക്ഷനേടുന്നതിന് അലൂമിന(Alumina 1000)എന്ന മരുന്ന് ഉപയോഗിക്കാൻ ഉപദേശിക്കുകയും ചെയ്തു. (അൽഫള്ൽ ദിനപത്രം, 2003 ഡിസംബർ 27, പേജ് 66)

**കാൻസറിന്റെ മുഴകളുടെ ചികിത്സ:**

''കാൻസിന്റെ മുഴകൾ പുറമെ പ്രത്യക്ഷപ്പെട്ടാൽ കോനിയം അതിന് വളരെ ഫലപ്രദമാണ്. എന്തുകൊണ്ടെന്നാൽ തുടക്കത്തിൽത്തന്നെ കാൻസർ തിരിച്ചറിയാൻ കഴിയുന്നു. അത്തരം മുഴകളിൽ മുറിവുണ്ടാകാൻ തുടങ്ങിയാൽ ശുദ്ധമായ തേൻ പുരട്ടുകയാണെങ്കിൽ പ്രകടമായ മാറ്റം കാണാവുന്നതാണ്. ഒരു ലേപനവും ഫലം കാണാത്തിടത്ത് ശുദ്ധമായ തേൻ പുരട്ടുന്നത് അത്ഭുതകരമായ രീതിയിൽ ഫലപ്രാപ്തമാണെന്ന് വൈദ്യപരീക്ഷണങ്ങളിൽ തെളിഞ്ഞിട്ടുള്ളതാണ്.'' (അൽഫള്ൽ ഇന്റർനാഷണൽ, 2000 മാർച്ച് 31, പേജ് 10)

''ഘാനയിലെ ബഹുമാന്യ മൗലവി അബ്ദുൽ കരീം ഖാലിദ് സാഹിബിന് ബ്ലഡ് കാൻസർ (ലുക്കീമിയ) ബാധിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ചികിത്സയോടനുബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന് ദുആക്കായി എഴുതുകയുണ്ടായി. ഹുദൂർ അദ്ദേഹത്തിന്റെ മെഡിക്കൽ റിപ്പോർട്ട് ആവശ്യപ്പെട്ടു. തുടർന്ന് ലണ്ടനിൽ അഹ്മദിയ്യാ ഡോക്ടർമാരുടെ ഒരു ബോർഡിന് രൂപം നൽകുകയും പ്രസ്തുത റിപ്പോർട്ടിന്റെ വെളിച്ചത്തിൽ തങ്ങളുടെ അഭിപ്രായങ്ങൾ വ്യക്തമാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഈ രോഗത്തിന് ഫലപ്രദമായ അലോപ്പതി ചികിത്സ ലഭ്യമല്ലാത്തതിനാൽ ഹുദൂർ ബോർഡിന്റെ കൂടി അഭിപ്രായം മാനിച്ച് ഹോമിയോപ്പതി ചികിത്സ തുടങ്ങാൻ നിർദ്ദേശിക്കുകയും ദുആ ചെയ്യുകയും ചെയ്യുകയുണ്ടായി. ഓരോ ആഴ്ചയിലും രക്തം മാറ്റിക്കൊണ്ടിരുന്ന ഒരു സാഹചര്യമായിരുന്നു അന്ന്. രക്തസമ്മർദ്ദവും വളരെ താഴ്ന്നാണ് (Low)ഇരുന്നത്. അദ്ദേഹം അക്രയിലെ ഒരു വലിയ മെഡിക്കൽകോളേജിൽ പ്രവേശിക്കപ്പെട്ടിരിക്കുകയായിരുന്നു. പല പ്രൊഫസർമാരുടേയും മേൽനോട്ടത്തിലാണ് ചികിത്സ നടന്നുവന്നത്. എന്നാൽ, രോഗത്തിന് ഒരു കുറവും ഉണ്ടായില്ല. അദ്ദേഹത്തിന് ഹോമിയോ ചികിത്സ ലഭ്യമാക്കി. ഹുദൂർ തിരുമനസ്സിന്റെ വേദനാനിർഭരമായ ദുആയുടെ ഫലമായി അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൗലവി സാഹിബിന്റെ ആരോഗ്യനില അത്ഭുതകരമായ നിലയിൽ മെച്ചപ്പെടാൻ തുടങ്ങി. ഏതാനും ആഴ്ചകൾകൊണ്ട് അദ്ദേഹം സുഖംപ്രാപിച്ചു. ഇത് എങ്ങനെ സാധ്യമായി എന്ന കാര്യത്തിൽ ഡോക്ടർമാർ അത്ഭുതപരതന്ത്രരായി. അവസാനം ഡോക്ടർമാർ ടെസ്റ്റ് നടത്തി ആരോഗ്യവാനെന്ന് കണ്ടെത്തി വീട്ടിലേക്ക് തിരിച്ചയക്കുകയുണ്ടായി.''

ഈയവസരത്തിൽ (ഹഖീഖത്തുൽ വഹ്യ്, പേജ് 480-481 -ൽ രേഖപ്പെടുത്തിയ) ആ അബ്ദുൽ കരീമിന്റെ ഓർമ പൊന്തിവരുന്നുണ്ട്. ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ കാലത്ത് അദ്ദേഹത്തെ പേപ്പട്ടി കടിച്ചിരുന്നു. പേ ഇളകി! പേവിഷചികിത്സ നടത്തുന്ന കസൗലിയിലെ ഡോക്ടർമാർ അദ്ദേഹത്തിന്റെ കാര്യത്തിൽ Nothing can be done for Abdul Karim എന്ന് പറഞ്ഞിട്ടു. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ ബർക്കത്തു കൊണ്ട് മരണത്തിൽനിന്ന് രക്ഷപ്പെട്ട് ഒരു പുതുജീവൻ നേടി.

ചുരുക്കത്തിൽ മൗലവി അബ്ദുൽ കരീം ഖാലിദ് സാഹിബ് ആരോഗ്യം വീണ്ടെടുത്ത് തിരിച്ച് ബ്രാങ് അഹാഫൂവിലെത്തി മുബല്ലിഗായി തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി തുടങ്ങി. (സീറത്ത് വ സവാനിഹ് ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഏക് കാമിയാബ് ഹോമിയോപ്പതി)

**പരീക്ഷണങ്ങളുടെ വെളിച്ചത്തിൽ ഹോമിയോപ്പതി ചികിത്സ:**

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ഹോമിയോപ്പതി പുസ്തകത്തിൽ വിവിധ സന്ദർഭങ്ങളിൽ വിശദമായിത്തന്നെ ചില കാര്യങ്ങൾ വ്യക്തമാക്കുകയുണ്ടായി. അതായത് ചില രോഗങ്ങൾ ബാഹ്യമായി സ്വഭാവപരവും ആത്മീയവുമാണെന്ന് തോന്നാമെങ്കിലും അവ യഥാർഥത്തിൽ ശാരീരിക രോഗങ്ങളാണെന്ന് പറഞ്ഞിട്ടുണ്ട്. അതിനുള്ള ചികിത്സ ഹോമിയോപ്പതി മരുന്നിലൂടെ വളരെ നല്ലരീതിയിൽ ചെയ്യാവുന്നതാണ്. ഉദാഹരണമായി അവയിൽ ചിലത് സമർപിക്കുന്നു.

ലേക്കാസിസ്(Lachesis) എന്ന ഹോമിയോമരുന്നിനെ കുറിച്ച് പറഞ്ഞു: ''ലേക്കാസിസിന്റെ രോഗി അപകടരമാംവിധം സംശയത്തിന് അടിമപ്പെടുന്നു. ആരംഭത്തിൽ എല്ലാവരും തനിക്കെതിരെ സംസാരിക്കുന്നുവെന്നും അല്ലെങ്കിൽ തന്റെ ഭക്ഷണപാനീയങ്ങളിൽ വിഷം കലർത്തിയിട്ടുണ്ടാകുമെന്നും കരുതുന്നു. അത്തരമൊരാൾ തന്റെ അടുത്ത ബന്ധുക്കളെപോലും സംശയിക്കുന്നു. പിന്നീട് ഈ ലക്ഷണങ്ങൾ വർധിച്ചുവരുന്നു. ഇത്തരം രോഗികൾക്ക് ലേക്കാസിസ് നൽകേണ്ടത് അനിവാര്യമാണ്.'' (ഹോമിയോപ്പതി ഗ്രന്ഥം, ഒന്നും രണ്ടും ഭാഗമടങ്ങിയതും ഭേദഗതിയോടുകൂടി പ്രസിദ്ധീകരിച്ചതുമായ പുതിയപതിപ്പ്, പ്രസാധകർ ഇസ്‌ലാമാബാദ് യു.കെ, ന്യൂ എഡിഷൻ, പേജ് 547)

ഇതേ മരുന്നു സംബന്ധമായി അദ്ദേഹം പറയുന്നു: ''രോഗിയായ ഒരു പെൺകുട്ടിയെ എന്റെ അടുത്തു കൊണ്ടുവന്നു. അവൾക്ക് മോഷണശീലമുണ്ടായിരുന്നു. ചോദിച്ചാൽ അല്ലാഹുവിന്റെ കല്പനയുള്ളതുകൊണ്ട് ചെയ്യുന്നു എന്ന മറുപടിയാണ് കിട്ടിയിരുന്നത്. ദൈവത്തിന്റെ കല്പനയാൽ അവനെത്തന്നെ ധിക്കരിക്കുന്ന ഇത്തരം രോഗികളെ ലേക്കാസിസ് കൊണ്ട് ചികിത്സിക്കേണ്ടതാണ്. മതപരമായ നിലപാടുകൾ അസാധാരണമാംവിധം ചിലപ്പോൾ തീവ്രമാകാറുണ്ട്. ഈ തീവ്രത ലേക്കാസിസുമായി ബന്ധപ്പെട്ടതാണ്. എന്നാൽ, അതിന്റെ ഭയാനകമായ ഒരു ലക്ഷണം ആരെയെങ്കിലും കൊല്ലണമെന്നത് അല്ലാഹുവിന്റെ കല്പനയാണെന്ന് തോന്നുകയും ചിലപ്പോൾ ശരിക്കും കൊല നടത്തുകയും അല്ലെങ്കിൽ കൊല നടത്താൻ ശ്രമിക്കുകയും ചെയ്യുമെന്നതാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പുതിയ പതിപ്പ്, 548)

തുടർന്നു പറയുന്നു. ''ഡോക്ടർ കെന്റിന്റെ അഭിപ്രായത്തിൽ ഈ മരുന്ന് ഏതെങ്കിലും പ്രത്യേക പ്രദേശവുമായി ബന്ധപ്പെട്ടതല്ല. മറിച്ച് ലോകത്തെല്ലായിടത്തും ഈ മരുന്ന് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ലേക്കാസിസിന്റെ വിഷത്തിൽ കാണപ്പെടുന്ന കാഠിന്യവും തീവ്രതയും ലോകത്തുള്ള ദുഷ്കർമികളായ എല്ലാ മനുഷ്യരിലും വിഘടിത സ്വഭാവക്കാരിലും കാണപ്പെടുന്നു. അതായത് കടുത്ത അസൂയയും, കാഠിന്യവും കുഴപ്പവും.''(ഉപര്യുക്ത ഗ്രന്ഥം, പേജ് 540)

സൾഫർ എന്ന ഹോമിയോമരുന്നിനെ കുറിച്ച് ഹുദൂർ(റഹ്) പറയുന്നു: സൾഫറിന്റെ രോഗിക്ക് ഫിലോസഫറാകാനുള്ള വലിയ താൽപര്യമുണ്ടാകും. ചിലർ പ്രകൃത്യാ ഫിലോസഫർമാർ തന്നെയായിരിക്കും. ഈ താൽപര്യം ഭ്രാന്തമായ നിലയിലേക്കെത്തിയാൽ ഉയർന്ന പൊട്ടൻസിയിൽ സൾഫർ ഒന്നുരണ്ട് ഡോസ് നൽകുന്നതുകൊണ്ട് കാര്യമായ മാറ്റമുണ്ടാകുന്നതാണ്. അവരിൽ ചിലർ സാമ്പത്തിക ഫിലോസഫർമാരായിരിക്കും- അവർ എപ്പോഴും ഓരോ സ്കീമുകൾ മെനഞ്ഞുകൊണ്ടിരിക്കും. എന്നാൽ, പ്രായോഗികതലത്തിൽ ഒന്നുംതന്നെ ഉണ്ടാവുകയില്ല. വളരെ അലസരായിരിക്കും. ഒരു ജോലിക്കും മനസ്സ് വരികയില്ല. തങ്ങളുടെ ചിന്തയിൽത്തന്നെ ബന്ധിതരായിരിക്കും. അവർക്കുള്ള ചികിത്സയും ഉയർന്ന പൊട്ടൻസിയിലുള്ള സൾഫർ ആണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 784)

ഹുദൂർ കെമോമില(Chamomilla)എന്ന മരുന്ന് നൽകേണ്ട രോഗിയുടെ ലക്ഷണങ്ങളും മറ്റും വിവരിച്ചുകൊണ്ട് പറയുന്നു: ''കെമോമില പ്രകൃതത്തിൽ അത്തരം രോഗികൾക്ക് ഹൃദയവിശാലത കുറവായിരിക്കും. സ്വഭാവത്തിൽ ഒരുതരത്തിലുള്ള മുരടിപ്പ് കാണപ്പെടും. മറ്റുള്ളവരെ വകവെക്കുകയില്ല. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയോ മറ്റുള്ളവരുടെ ആവശ്യങ്ങൾ ശ്രദ്ധിക്കുകയോ ചെയ്യുകയില്ല. എന്നാൽ, സ്വന്തം കാര്യങ്ങളിൽ ആവശ്യത്തിലധികം ഉത്സുകരായിരിക്കും. എപ്പോഴും സ്വന്തം വ്യക്തിത്വത്തോടു ഒട്ടിനിൽക്കുന്നു. സ്വാർഥലാഭങ്ങൾ മാത്രം മുന്നിലുള്ളവനായിരിക്കും. മറ്റുള്ളവരോട് പെട്ടെന്ന് ദ്വേഷപ്പെടുന്നതും ഇതിന്റെ ലക്ഷണത്തിൽപെട്ടതാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 271)

നാട്രംമൂർ(Natrum Mur) എന്ന ഒരു സുപ്രധാന മരുന്നിനെക്കുറിച്ച് പറയുന്നു: ''നാട്രം മൂറിന്റെ രോഗി സാങ്കല്പിക പ്രേമത്തിലായിരിക്കും. ചില വൃദ്ധകളായ സ്ത്രീകളും ഇത്തരം സാങ്കല്പികപ്രേമത്തിൽ വീണുപോവാറുണ്ട്. പ്രേമത്തിനുള്ള ചികിത്സ മരുന്നുകൊണ്ട് സാധ്യമാവുമെങ്കിൽ ഇത്തരം സ്ത്രീകൾക്കുള്ള ചികിത്സ നാട്രംമൂറിലൂടെ നടത്താവുന്നതാണ്.'' (ഉപര്യുക്ത ഗ്രന്ഥം, പേജ് 619)

**സമാപനം:**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്) ഹോമിയോ ചികിത്സാവിധിയെ ജമാഅത്തിന് പരിചയപ്പെടുത്തിയും അതുമുഖേന സൗജന്യചികിത്സ വ്യാപകമാക്കിയുംകൊണ്ട് മാനവികതയോട് വലിയ ഔദാര്യം കാണിച്ചിരിക്കുന്നു. സംശയലേശമന്യേ ലക്ഷക്കണക്കിന് അഹ്മദികൾ ഇപ്പോൾ ദൈനംദിന പ്രശ്നങ്ങൾ ഹോമിയോമരുന്നിലൂടെ സ്വയം പരിഹരിച്ചുകൊണ്ടിരിക്കുന്നു. ഇതുമൂലം അവരുടെ ആരോഗ്യം നന്നായിരിക്കുമെന്ന് മാത്രമല്ല ഡോക്ടർമാരുടെ ഉയർന്ന ഫീസിൽനിന്നും ആശുപത്രികൾതോറുമുള്ള കയറ്റിറക്കത്തിൽനിന്നും മരുന്നുകളുടെ ഭാരിച്ച ചെലവുകളിൽനിന്നും സുരക്ഷിതരുമായിരിക്കുന്നു. തങ്ങളുടെ ചുറ്റുവട്ടത്ത് അവർ ഹോമിയോപ്പതി മുഖേന സൗജന്യ ചികിത്സ നടത്തിക്കൊണ്ട് മാനവകുലത്തിന്റെ സേവനത്തിൽ വ്യാപൃതരുമാണ്.

നമ്മുടെ ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽ മസീഹ് ഖാമിസ് (അയ്യദഹു) ഡോക്ടർമാരേയും, ഗവേഷകരേയും, രോഗികളേയും ഉപദേശിച്ചുകൊണ്ട് പറയുന്നു: ''ഓരോ അഹ്മദി ഡോക്ടർമാരും, ഗവേഷകരും തങ്ങളുടെ രോഗികൾക്കായി മാനവികസഹാനുഭൂതിയോടുകൂടി പ്രവർത്തിക്കേണ്ടതാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ഡോക്ടർമാർ (റബ്‌വയിലെ ആശുപത്രികളിലും ആഫ്രിക്കയിലും) തങ്ങളുടെ കുറിപ്പടിക്ക് മുകളിൽ ''ഹുവശ്ശാഫീ' എന്നെഴുതുന്നു. എല്ലാ ഡോക്ടർമാരും ലോകത്ത് എല്ലായിടത്തും ഇങ്ങനെയെഴുതുകയാണെങ്കിൽ കൂടെ അതിന്റെ അർഥവും എഴുതിയാൽ ഇതും മറ്റുള്ളവരിൽ ഒരു നല്ല സ്വാധീനം ചെലുത്തുന്നതായിരിക്കും. അല്ലാഹുവിന്റെ അനുഗ്രഹവും വലിച്ചടുപ്പിക്കുന്നതായിരിക്കും. ഇക്കാരണത്താൽ അല്ലാഹു അവരുടെ കരങ്ങളിലൂടെ ശിഫായും വർധിപ്പിക്കുന്നതായിരിക്കും. അതുപോലെ ഇന്ന ഡോക്ടർ ചികിത്സിച്ചാൽ ഞാൻ ശരിയാവും അല്ലെങ്കിൽ ഇന്ന ആശുപത്രി ഏറ്റവും നല്ലതാണ്, അവിടെപോയാൽ എന്റെ രോഗം ഭേദമാകും എന്ന് കരുതാൻ പാടില്ല.

''സൗകര്യങ്ങളിൽനിന്ന് ഫലമെടുക്കേണ്ടതാണ്. എന്നാൽ, അവരിൽ ഭരമേൽപിക്കരുത്. മറിച്ച്, ശിഫ നൽകുന്നത് അല്ലാഹുവിന്റെ അസ്തിത്വമാണെന്ന് കരുതേണ്ടതാണ്.'' (ഖുത്വ്ബ ജുമുഅ, 2008 ഡിസംബർ 19, മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ, ഹുവശ്ശാഫീ ലണ്ടൻ ജൂലായ് 2009 പേജ് 2-3)

ഹുദൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ഹോമിയോപ്പതി ചികിത്സാവിധി മനസ്സിലാക്കാനും അതിൽനിന്ന് ഫലമെടുക്കാനും അല്ലാഹു നമുക്ക് സൗഭാഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. അല്ലാഹു എല്ലാ അഹ്മദികൾക്കും ശാരീരികമായും ആത്മീയമായും പൂർണ ആരോഗ്യം പ്രദാനം ചെയ്യുമാറാകട്ടെ. എല്ലാ രോഗികൾക്കും ശമനം നൽകുമാറാകട്ടെ. വേദനിക്കുന്ന മനുഷ്യന് പൂർണവും സ്വീകാര്യവുമായ സേവനം ചെയ്യാനുള്ള സൗഭാഗ്യം നമുക്ക് നൽകുമാറാകട്ടെ. ആമീൻ.

**എന്നെ തിരിച്ചറിഞ്ഞവൻ അനുഗൃഹീതനാണ്. ഞാൻ അല്ലാഹുവിന്റെ സകല വഴികളിലുംവെച്ച് അവസാന വഴിയാകുന്നു.**

# നബി(സ)തിരുമേനി; പ്രപഞ്ചമഖിലത്തിനും കാരുണ്യം

**മുഹമ്മദ് ഇബ്‌റാഹീം സർവർ, മുറബ്ബിയെ സിൽസില ഖാദിയാൻ**
**മൊഴിമാറ്റം: മൗലവി മുഹമ്മദ് ആരിഫ് കോഴിക്കോട്**

നബി(സ)തിരുമേനി കാരുണ്യത്തിന്റെയും അനുകമ്പയുടെയും മൂർത്തീമത്ത് ഭാവമാണെന്ന് വിവരിച്ചു കൊണ്ട് അല്ലാഹു പറയുന്നു:
**ലഖദ് ജാഅക്കും റസൂലുൻ മ്മിൻഅൻഫുസിക്കും അസീസുൻ അലയ്ഹി മാ അനിത്തും ഹരീസ്വുൻ അലയ്ക്കും ബിൽമുഅ്മിനീന റഊഫുൻ ർറഹീം(9:128)**
(അല്ലയോ സത്യവിശ്വാസികളേ!) സത്യമായും നിങ്ങളിൽനിന്നുതന്നെയുള്ള ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. നിങ്ങൾ വിഷമത്തിലാവുന്നത് അദ്ദേഹത്തിന് അസഹ്യമാണ്. നിങ്ങളുടെ ക്ഷേമകാര്യങ്ങളിൽ ഉൾക്കടമായ ആഗ്രഹമുള്ള ആളാണ് അദ്ദേഹം; സത്യവിശ്വാസികളോട് കൃപയും കാരുണ്യവുമുള്ള ആളുമാണ്.

മനുഷ്യരാശിയുടെ മാർഗദർശനത്തിനുവേണ്ടി എല്ലാ കാലങ്ങളിലും സാഹചര്യങ്ങൾക്കനുസരിച്ച് പ്രവാചകന്മാരെയും ദൂതന്മാരെയും നിയോഗിക്കുക എന്നത് ദൈവത്തിന്റെ സനാതന നിയമമാണ്. **റഹ്മത്തീ വസിഅത്ത് കുല്ല ശയ്ഇൻ** എന്നതനുസരിച്ച് ദൈവകാരുണ്യം സകലതിനെയും വലയം ചെയ്തിരിക്കുന്നതു പോലെ അവൻ നിയോഗിച്ച ദൂതന്മാർ തങ്ങളുടെ ആത്മീയ ശക്തിപ്രഭാവമനുസരിച്ച് തങ്ങളുടെ സമുദായത്തിന് അനുഗ്രഹമാണ്. എന്നാൽ, ദീനിനെ പൂർത്തീകരിക്കാനായി അല്ലാഹു നബി(സ)തിരുമേനിയെ നിയോഗിച്ചതോടൊപ്പം **വമാ അർസൽനാക്ക ഇല്ലാ റഹ്മത്തൻ ല്ലിൽ ആലമീൻ** എന്ന വചനം മുഖേന ശാശ്വതമായ ബഹുമതിയും തിരുമേനിക്ക് തന്നരുളുകയുണ്ടായി. ഇതു മുഖേന തന്നിൽ അർപ്പിതമായ ചുമതല നബി(സ)തിരുമേനി ജീവിതകാലം മുഴുവനും മനോഹരമായി നിർവഹിച്ചു. സ്വന്തക്കാരോ ബന്ധുക്കളോ ആകട്ടെ, ശത്രുവോ മിത്രമോ ആകട്ടെ, അയൽക്കാരോ സ്ത്രീകളോ കുട്ടികളോ അടിമകളോ ഉടമകളോ ആകട്ടെ, പക്ഷി മൃഗാദികളോ വൃക്ഷങ്ങളോ കല്ലുകളോ ആകട്ടെ, എല്ലാവരിലും തന്റെ കാരുണ്യത്തിന്റെ അനുഗ്രഹം വർഷിച്ചു.

ഖുദ്സിയായ ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു: **ലൗലാക്ക ലമാ ഖലഖ്തുൽ അഫ്‌ലാക്** (ബഹാറുൽഅൻവാർ) അതായത്, അല്ലയോ മുഹമ്മദ്(സ)! നിന്നെ സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ ഈ പ്രപഞ്ചംതന്നെ ഞാൻ സൃഷ്ടിക്കില്ലായിരുന്നു. പ്രപഞ്ചത്തിലെ ഓരോ അണുവും നബി(സ) തിരുമേനിയുടെ കാരുണ്യാതിരേകത്തിന് വിധേയമാണെന്ന് ഇതു തെളിയിക്കുന്നു. കാരണം, ഈ പ്രപഞ്ചസൃഷ്ടിപ്പിന്റെ ലക്ഷ്യംതന്നെ അവിടന്നായിരുന്നുവല്ലോ.

ഇനി ഞാൻ, നബി(സ)തിരുമേനി സർവലോകങ്ങൾക്കും കാരുണ്യമെന്ന നിലയിൽ സ്ത്രീകളോടും കുട്ടികളോടും അടിമകളോടും മൃഗങ്ങളോടും കാണിച്ച ഔദാര്യങ്ങൾ സംഭവങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കാം. ലോകത്തിന് നബി(സ) തിരുമേനി കാരുണ്യമായിത്തീരുന്നതെങ്ങനെയെന്ന് ഈ സംഭവങ്ങളിൽനിന്ന് വ്യക്തമാകുന്നതാണ്.

## സ്ത്രീകളോടുള്ള പെരുമാറ്റം:

നബി(സ)തിരുമേനി അവതരിച്ച കാലത്ത് ലോകം ആത്മീയവും ധാർമികവും മതപരവും സാമൂഹികവുമായ നിലയിൽ അധ:പതിച്ച നിലയിലായിരുന്നു. പലവിധത്തിലുള്ള ദുർവൃത്തികളിലും നീചകൃത്യങ്ങളിലും അറേബ്യൻസമൂഹം അകപ്പെട്ടിരുന്നതിന്റെ ഫലമായി അനേകം അനാചാരങ്ങൾ അവിടെ സ്ഥലം പിടിച്ചു. പല ഗോത്രങ്ങളും പെൺകുട്ടിയുടെ ജനനം അപമാനമായി മനസ്സിലാക്കിക്കൊണ്ട് അവരെ ജീവനോടെ കുഴിച്ചു മൂടാൻ പോലും മടി കാണിച്ചിരുന്നില്ല. ഈ സംഗതിയെക്കുറിച്ച് വിശുദ്ധ ഖുർആനും എടുത്തു കാട്ടുന്നുണ്ട്. അതു പറയുന്നു: **വ ഇദാ ബുശ്ശിര അഹദുഹും ബിൽ ഉൻഥാ ള്ളല്ല വജ്ഹുഹൂ മുസ്‌വദ്ദൻ വഹുവ കളീം. യതവാറാ മിനൽ ഖൗമി മിൻ സൂഇ മാ ബുശ്ശിറ ബിഹീ.**(16: 59–60) അതായത്, അവരിലൊരാൾക്ക് പെൺകുട്ടി ജനിച്ചുവെന്ന് സന്തോഷവാർത്ത അറിയിക്കപ്പെട്ടാൽ അവന്റെ മുഖം കരിവാളിച്ചു പോകുന്നു. അവൻ കോപം ഉള്ളിലടക്കി നിറുത്തുന്നവനായിരിക്കും. അവന് അനുമോദനം നല്കപ്പെട്ടതിന്റെ ദോഷം നിമിത്തം അവൻ ജനങ്ങളിൽനിന്ന് ഒളിക്കുന്നു.

വളരെ താഴ്ന്ന സ്ഥാനമായിരുന്നു സ്ത്രീകൾക്ക് സമൂഹത്തിലുണ്ടായിരുന്നത്. അനന്തരാവകാശ സ്വത്തിലെ ഒരിനമായി അവർ കരുതപ്പെട്ടിരുന്നു. സ്ത്രീകളെ സംബന്ധിച്ചിടത്തോളം നബി(സ)തിരുമേനിയുടെ ആഗമനം എല്ലാ നിലയിലും കാരുണ്യവും അനുഗ്രഹവുമായിരുന്നു.

ഇക്കാലഘട്ടത്തിലെ ഏറ്റവും വലിയ ദുരന്തമെന്നു പറയുന്നത് പാശ്ചാത്യ സംസ്കാരത്തെ അനുകരിച്ചുകൊണ്ട് മറ്റു സമൂഹങ്ങളും വീട്ടിലെ "രാജ്ഞി'യായി വാഴേണ്ട സ്ത്രീയെ ഗാനനൃത്ത "സദസ്സുകളിലെ ഹൈറ്റമായി' മാറ്റിയിരിക്കുന്നു എന്നതാണ്. അവളുടെ സ്ത്രൈണതയെയും കോമളതയെയും പിച്ചിച്ചീന്തിക്കൊണ്ട് പരസ്യക്കമ്പനികളുടെയും മറ്റും കച്ചവടച്ചരക്കായി മാത്രം ഒതുക്കിയിരിക്കുകയാണ്. സ്ത്രീകളിൽ അന്തർലീനമായിരിക്കുന്ന ഈ ദൗർബല്യങ്ങൾ കാരണമായാണ് വാസ്തവത്തിൽ അവളെ വീട്ടിലെ ചുമതലകൾ ഏല്പിച്ചിരിക്കുന്നത്.

ഇന്ന് ലോകത്ത് സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദം ഉയർത്തുന്നവരും Glass with Care എന്നും Ladies First എന്നും മുദ്രാവാക്യം മുഴക്കുന്നവരുമായ പാശ്ചാത്യ ജനതകൾ, കാരുണ്യത്തിന്റെ മൂർത്തീമത്ത്ഭാവമായ നബി(സ)തിരുമേനി 1500 വർഷം മുമ്പേതന്നെ സ്ത്രീകളോട് നല്ല രീതിയിൽ പെരുമാറുന്നതിനെക്കുറിച്ച് തന്റെ സമുദായത്തോടു **ഖവാരീർ** എന്നും **അലൈക്കെ ബിൽ മർഅത്തി** എന്നും താക്കീതുചെയ്തു പറഞ്ഞിരുന്നുവെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. ഇന്ന് ലോകത്തിലെ ഒരു നിയമത്തിനും സ്ത്രീപക്ഷ സംഘടനകൾക്കും നല്കാൻ സാധിക്കാത്ത വിധം ഉന്നതമായ സ്ഥാനവും പദവിയുമാണ് നബി(സ) തിരുമേനി സ്ത്രീകൾക്ക് നല്കിയത്.

അല്ലാഹു പറയുന്നു: **വ ആശിറൂഹുന്ന ബിൽ മഅ്റൂഫി ഫ ഇൻ കരിഹ്തുമൂഹുന്ന ഫ അസാ അൻ തക്റഹൂ ശയ്അൻ യജ്അലല്ലാഹു ഫീഹി ഖയ്റൻ കഥീറാ.**(4:20) നിങ്ങൾ അവരോട് നല്ലനിലയിൽ വർത്തിക്കുവിൻ. ഇനി നിങ്ങൾ അവരെ വെറുക്കുന്നുവെങ്കിൽ(നിങ്ങൾ മനസ്സിലാക്കുക) നിങ്ങൾ ഒരു വസ്തുവിനെ വെറുക്കുകയും അല്ലാഹു അതിൽ ധാരാളം നന്മ വെച്ചിരിക്കുകയും ചെയ്തെന്നു വരാം. ഈ ദൈവിക നിർദേശപ്രകാരം സ്ത്രീകളോട് നല്ലനിലയിൽ വർത്തിക്കാൻ നബി(സ) തിരുമേനി പറയുകയുണ്ടായി. ഹദ്റത്ത് ആയിശാ(റ) നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: **ഖയ്റുക്കും ഖയ്റുക്കും ലി അഹ്‌ലിഹി വ അന ഖയ്റുക്കും ലിഅഹ്‌ലീ.** (തുർമുദി, കിതാബുൽ മനാഖിബ്).അതായത്, നിങ്ങളിൽ ഏറ്റവും ഉത്തമൻ സ്വന്തം ഭാര്യമാരോട് നല്ല രീതിയിൽ പെരുമാറുന്നവനാണ്. ഞാൻ നിങ്ങളിൽ എന്റെ ഭാര്യമാരോട് ഏറ്റവും നല്ല രീതിയിൽ പെരുമാറുന്നവനാകുന്നു.

ഒരിക്കൽ ഒരു യാത്രാ വേളയിൽ നബി(സ)തിരുമേനിയോടൊപ്പം പത്നിമാരും യാത്ര ചെയ്യുകയായിരുന്നു. ഒരു അബിസീനിയൻ അടിമ ഗാനം ആലപിച്ചതിനെത്തുടർന്ന് ഒട്ടകം വേഗതയിൽ ഓടാൻ തുടങ്ങി. ആരെങ്കിലും വീണു പോകുമോ എന്ന അവസ്ഥവരെ എത്തി. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: **റുവയ്ദക്ക സൂഖൻ ബിൽ ഖവാരീറി.** അതായത് ഇതിന്മേലിരിക്കുന്ന പളുങ്ക് പൊട്ടിപ്പോകാതിരിക്കാൻ ഒട്ടകത്തെ മെല്ലെ ഓടിക്കുക.

ഒരിക്കൽ നബി(സ)തിരുമേനിയുടെ പത്നി ഹദ്റത്ത് സ്വഫിയ(റ)അവിടത്തോടൊപ്പം ഒട്ടകപ്പുറത്ത് യാത്ര ചെയ്യുകയായിരുന്നു. ഒട്ടകത്തിന്റെ കാൽ വഴുതി രണ്ടു പേരും താഴെ വീണു. അടുത്തുണ്ടായിരുന്ന ഹദ്റത്ത് ത്വൽഹ(റ) ഉടനെത്തന്നെ നബി(സ)തിരുമേനിയുടെ അടുത്തേക്ക് വന്നു. അവിടന്ന് പറഞ്ഞു: **അലയ്ക്ക ബിൽ മർഅത്തി, അൽ മർഅത്തു അൽമർഅത്തു** അതായത് ആദ്യം സ്ത്രീയെ ശ്രദ്ധിക്കൂ, ആദ്യം സ്ത്രീയെ ശ്രദ്ധിക്കൂ എന്ന്!

ഹദ്റത്ത് ആയിശാ(റ) നിവേദനം: നബി(സ)തിരുമേനി ഒരിക്കലുംതന്നെ ഒരു മോശമായ കാര്യം പറയുമായിരുന്നില്ല. എല്ലാവരേക്കാളും മൃദുലമായി സംസാരിക്കുകയും ഔദാര്യം കാണിക്കുകയും ചെയ്യുമായിരുന്നു. വീട്ടിലുള്ളവരോടു പെരുമാറുന്നതുപോലെ ഒരുവിധ ഔപചാരികതയുമില്ലാതെ പെരുമാറിയിരുന്നു. നബി(സ)തിരുമേനി ഒരിക്കലും ദ്വേഷപ്പെട്ടിരുന്നില്ല. എപ്പോഴും മന്ദഹസിച്ചു കൊണ്ടിരുന്നു. ഹദ്റത്ത് ആയിശാ(റ)യിൽ നിന്ന് വീണ്ടും നിവേദനം: നബി(സ)തിരുമേനി ഒരിക്കലും തന്റെ ഭാര്യമാരേയോ സേവകരേയോ അടിച്ചിരുന്നില്ല. ഹദ്റത്ത് ഖദീജ ജീവിച്ചിരുന്നപ്പോൾ, അവർ വഫാത്തായതിനു ശേഷവും, അവിടന്ന് വർഷങ്ങളോളം പുനർവിവാഹം ചെയ്തിരുന്നില്ല. ഹദ്റത്ത് ഖദീജയുടെ സ്നേഹോഷ്മളമായ പെരുമാറ്റം അവിടന്ന് എന്നും ഓർത്തിരിന്നു. ഹദ്റത്ത് ഖദീജയിൽ പിറന്ന എല്ലാ സന്താനങ്ങൾക്കും അവിടന്ന് നല്ല ശിക്ഷണം നല്കി. അവരോടുള്ള കടമകൾ നിർവഹിക്കുകമാത്രമല്ല, ഖദീജ(റ)യുടെ അമാനത്താണെന്നു മനസ്സിലാക്കി അവരെ സ്നേഹിക്കുകയും ചെയ്തു. ഖദീജയുടെ സഹോദരി ഹാല വന്നാൽ, അവരുടെ വരവിനെ സ്നേഹത്തോടെ വരവേൽക്കുമായിരുന്നു. മൃഗത്തെ അറുത്താൽ ഖദീജയുടെ കൂട്ടുകാരികൾക്ക് കൊടുത്തയക്കുമായിരുന്നു. ഇതു കണ്ട് സഹിക്കാനാവാതെ ഹദ്റത്ത് ആയിശാ(റ) പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എത്ര നല്ല ഭാര്യമാരെയാണ് താങ്കൾക്ക് അല്ലഹു തന്നിട്ടുള്ളത്, ഇനിയെങ്കിലും ആ വൃദ്ധയെക്കുറിച്ചുള്ള പരാമർശം ഒഴിവാക്കിക്കൂടെ? അവിടന്ന് പറഞ്ഞു: "ഇല്ല, ഇല്ല, സഹായിത്തിനാരുമില്ലാതെ വിഷമിച്ചപ്പോൾ എന്നെ സഹായിച്ചവളാണ് ഖദീജ. എല്ലാ സമ്പത്തും അവൾ എനിക്ക് സമർപ്പിച്ചു. അല്ലാഹു എനിക്ക് അവളിൽ സന്താനങ്ങളെ നല്കി അനുഗ്രഹിച്ചു. ജനങ്ങൾ എന്നെ വ്യാജനെന്ന് പറഞ്ഞ് തള്ളിയപ്പോൾ അവൾ എന്നിൽ വിശ്വസിച്ചു.''(മുസ്‌ലിം)

ഹദ്റത്ത് ആയിശാ(റ) നിവേദനം ചെയ്യുന്നു: ഞാൻ വിവാഹം കഴിഞ്ഞു വന്നതിനു ശേഷവും വീട്ടിൽ കളിക്കോപ്പുകൾ കൊണ്ട് കൂട്ടുകാരികളോടൊപ്പം കളിക്കാറുണ്ടായിരുന്നു. നബി(സ)തിരുമേനി വീട്ടിലെത്തിയാൽ കൂട്ടുകാരികൾ സ്ഥലം വിടുമായിരുന്നു. എന്നാൽ, അവിടന്ന് എന്നോടൊപ്പം കളിക്കോപ്പുകളെടുത്ത് കളിക്കുമായിരുന്നു. (ബുഖാരി)

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു: നബി(സ) പറഞ്ഞു: “രണ്ടു പെൺമക്കളെ നല്ല രീതിയിൽ ശിക്ഷണം നല്കി പരിപാലിക്കുന്നവൻ സ്വർഗത്തിൽ എന്നോടൊപ്പം രണ്ടു വിരലുകൾ പോലെ സമീപസ്ഥനായിരിക്കും’(തുർമുദി).

സ്ത്രീകളെ അടിക്കുകയോ മറ്റു വല്ല വിധേനയും ഉപദ്രവിക്കുകയോ ചെയ്യുന്നതിൽനിന്ന് കർശനമായി വിരോധിച്ചിരുന്നു. മകൾ ഫാത്തിമ(റ), നബി(സ) തിരുമേനിയെ സന്ദർശിക്കാൻ വരുമ്പോൾ അവിടന്ന് അവരെ എഴുന്നേറ്റുനിന്ന് സ്വീകരിക്കുമായിരുന്നു. അവരുടെ കൈയിൽ മുത്തംവച്ച് തന്റെയടുത്ത് ഇരുത്തുമായിരുന്നു.(തുർമുദി).

കാരുണ്യത്തിന്റെ നിറകുടമായ ആ പുണ്യാത്മാവ് തന്റെ പിതൃവ്യൻ ഹദ്റത്ത് ഹംസ(റ)യുടെ കരൾ കടിച്ചുതുപ്പിയ ഹിന്ദക്കുപോലും പ്രതികാരത്തിനു ശക്തിയുണ്ടായിട്ടും മാപ്പു നല്കുകയാണുണ്ടായത്. നിത്യവും നബി(സ) തിരുമേനിയുടെ മേൽ ചപ്പുചവറുകൾ എറിഞ്ഞ സ്ത്രീക്ക് സുഖമില്ലാതായപ്പോൾ നബി(സ)തിരുമേനി അവരുടെ സുഖവിവരങ്ങൾ അന്വേഷിച്ചു. ഒരു വൃദ്ധയുടെ ചുമട് തോളിലേറ്റി വീട്ടിലെത്തിച്ച അദ്ദേഹത്തോട് മുഹമ്മദ് എന്ന ഇന്ദ്രജാലക്കാരനിൽ നിന്ന് വിട്ട് നില്ക്കാൻ ഉപദേശിച്ചപ്പോൾ ആ മുഹമ്മദ് താൻ തന്നെയാണ് എന്നായിരുന്നു അവിടത്തെ മറുപടി. എങ്കിൽ നിന്റെ ഇന്ദ്രജാലം എന്നിലും ഫലിച്ചല്ലോ എന്നു പറഞ്ഞ് അവർ ആ മഹാത്മാവിനെ വിശ്വസിക്കുകയായിരുന്നു. അതുപോലെ ചാരപ്പണി ചെയ്തിരുന്ന ഒരു യഹൂദി സ്ത്രീക്കും അവിടന്ന് മാപ്പു നല്കുകയുണ്ടായി.

നബി(സ)തിരുമേനി മരണാസന്നനായി ശ്വാസം വലിച്ചുകൊണ്ടിരിക്കുമ്പോൾ ഹദ്റത്ത് ആയിശാ(റ)യോടു പറഞ്ഞു: “ആയിശാ! ഖയ്ബറിൽവച്ച് യഹൂദികൾ ഒരു സ്ത്രീ മുഖേന എനിക്ക് നല്കിയ വിഷത്തിന്റെ സ്വാധീനവും എരിച്ചിലും ഇപ്പോഴും എന്റെ ശരീരത്തിൽ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ, അവിടന്ന് വ്യക്തിപരമായി ആരോടും പ്രതികാരം ചെയ്യാറുണ്ടായിരുന്നില്ല. ആ സ്ത്രീക്കും ആ മഹാത്മാവ് പൊറുത്തു കൊടുത്തു.(ബുഖാരി, കിതാബുൽ മഗാസി)

ഹജ്ജത്തുൽ വിദായിൽവച്ച് അവിടന്ന് ചെയ്ത പ്രഭാഷണത്തിലും സ്ത്രീകളോട് നല്ല നിലയിൽ പെരുമാറുന്നതിനെക്കുറിച്ച് പ്രതിപാദിച്ചു. പ്രതിരോധ യുദ്ധങ്ങളിൽപോലും സ്ത്രീകളെയും കുട്ടികളെയും വധിക്കരുതെന്ന സുവർണ്ണ തത്ത്വമാണ് അവിടന്ന് അനുചരരെ പഠിപ്പിച്ചത്. കൃഷിയിടങ്ങൾ നശിപ്പിക്കുകയോ മരങ്ങൾ വെട്ടിക്കളയുകയോ ചെയ്യരുതെന്ന പ്രത്യേക നിർദേശം അവിടന്ന് യുദ്ധവേളകളിൽ നല്കുകയുണ്ടായി. ചെറിയ കാര്യങ്ങളെപോലും അവിടന്ന് ശ്രദ്ധിച്ചിരുന്നുവെന്ന് ഇതിൽ നിന്ന് പ്രസ്പഷ്ടമണ്. അവിടത്തെ ഈ കരുണാകടാക്ഷം തന്റെ പത്നിമാരിൽ മാത്രം പരിമിതമായിരുന്നില്ല. തന്റെ സമുദായത്തിലെ എല്ലാ ദുർബല വിഭാഗങ്ങളോടും നല്ല രീതിയിൽ വർത്തിക്കണമെന്ന നിർദേശമാണ് അവിടന്ന് നല്കിയത്. പെൺകുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചു; അവർക്ക് ശിക്ഷണം നല്കാനും അവർക്കു വേണ്ടി ചെലവഴിക്കാനും ഉപദേശിച്ചു. ജീവിക്കാനുള്ള അവകാശം മാത്രമല്ല, അവരുടെ അസ്തിത്വം തന്നെദൈവകാരുണ്യംലഭിക്കുന്നതിനുകാരണഭൂതമാകുമെന്ന് അവിടന്ന് പഠിപ്പിച്ചു. എന്നല്ല, അവർക്ക് നല്ല ശിക്ഷണം നല്കുന്നവർ സ്വർഗത്തിൽ പോകുമെന്നുവരെ സുവിശേഷം നല്കുകയുണ്ടായി. സ്വർഗം മാതാവിന്റെ കാൽ ചുവട്ടിലാണെന്ന സുവാർത്ത തന്റെ സമുദായ ത്തിന് അവിടന്ന് നല്കി. ഭാര്യയോടുള്ള പെരുമാറ്റത്തെക്കുറിച്ച് പറഞ്ഞപ്പോൾ തന്റെ ഭാര്യയുടെ വായിൽ ഒരു ഉരുള ഭക്ഷണം ഇട്ടു കൊടുക്കുന്നത് ദൈവത്തിൽനിന്ന് പ്രതിഫലം ലഭിക്കുന്ന പുണ്യകർമാണെന്ന് അവിടന്ന് പറഞ്ഞു. ചുരുക്കത്തിൽ, സ്ത്രീയെ അധഃപതനത്തിന്റെ ആഴങ്ങളിൽ നിന്ന് ആദരവിന്റെ കിരീടം അണിയിക്കുകയാണ് അവിടുന്ന് ചെയ്തത്. മാതാവ്, മരുമകൾ, ശ്വശ്രു, ഭാര്യ എന്നീ നിലകളിൽ അവളുടെ എല്ലാ അവകാശങ്ങളും നല്കുകയുണ്ടായി. അവളെ ആദരിക്കണമെന്ന് കല്പിച്ചു. സ്ത്രീകളുടെ എല്ലാ അവകാശങ്ങളും പതിച്ചു നല്കി. അവൾക്ക് വിദ്യ കരസ്ഥമാക്കാനുള്ള അവകാശം നല്കി. “വൊലി’ പിതാവാണെങ്കിലും, വിവാഹത്തിനു മുമ്പേ താൻ വിവാഹം കഴിക്കാൻ പോകുന്നയാളെ കണ്ട് ഇഷ്ടപ്പെടാനും ഇഷ്ടപ്പെടാതിരിക്കാനുമുള്ള അവകാശം സ്ത്രീക്ക് നല്കിക്കൊണ്ട് അവളുടെ സമ്മതത്തിനാണ് ഇസ്‌ലാം പ്രാമുഖ്യം നല്കുന്നത്. അവളുടെ അവകാശം ധ്വംസിക്കപ്പെടാതിരിക്കാൻ നിക്കാഹ് വിളംബരപ്പെടുത്താനും വിവാഹ മൂല്യം നിശ്ചയിക്കാനും കല്പിക്കുകയും സ്ത്രീയുടെ എല്ലാ ചെലവും ഭർത്താവിന്റെ ചുമതലയിലാക്കുകയും ചെയ്തു. അതുപോലെ സ്ത്രീയുടെ സ്വത്ത് അവൾക്കുമാത്രം അവകാശപ്പെട്ടതാണ്. എങ്കിലും, അവൾ ആഗ്രഹിക്കുന്നെങ്കിൽ വീട്ടുചെലവ് വഹിക്കാവുന്നതാണ്. വിധവയ്ക്ക് സ്വയം ഭർത്താവിനെ തിരഞ്ഞെടുക്കാനുള്ള അവകാശമുണ്ട്. കുടുംബപ്രശ്നമുണ്ടായാൽ കേസ് ഖളായിൽ എത്തിക്കാനുള്ള അവകാശവും സ്ത്രീക്കുണ്ട്. ഭർത്താവിന്റെ അതിക്രമത്തിൽ സ്വയം വിവാഹബന്ധം വിച്ഛേദിക്കാനുള്ള അവകാശവും അവൾക്കുണ്ട്. ദായക്രമത്തിൽ മാതാപിതാക്കളിൽ നിന്നും ഭർത്താവിൽനിന്നും മക്കളിൽനിന്നും അനന്തരവകാശിയാണ്. ദീനീകാര്യങ്ങളിലും സദസ്സുകളിലും അവർക്ക് പങ്കെടുക്കാം. സാക്ഷ്യം പറയാനുള്ള അവകാശം സ്ത്രീക്ക് ഉണ്ട്. ഇമാമത്ത് വഹിക്കാനുള്ള അവകാശമുണ്ട്. പർദ ആചരിച്ചുകൊണ്ട് ജോലി ചെയ്യാനുള്ള അവകാശവും സ്ത്രീക്ക് ഇസ്‌ലാം നല്കുന്നുണ്ട്. സാമൂഹികപ്രശ്നങ്ങളിൽ ഇടപെടാനും വേണ്ട നിർദേശങ്ങൾ നല്കാനുമുള്ള അവകാശമുണ്ട്. യുദ്ധവേളകളിൽ ചേർന്ന് പ്രവർത്തിക്കാനുമുള്ള അവകാശമുണ്ട്. എല്ലാവിധ ആരാധനാകർമങ്ങളും നിർവഹിക്കാനും ആത്മീയനിലവാരങ്ങൾ കരസ്ഥമാക്കാനുമുള്ള അവകാശമുണ്ട്.

## കുട്ടികൾക്ക് സമ്പൂർണ കാരുണ്യം

ബുദ്ധിയുറക്കാത്തതും വിവേകം അതിന്റെ പൂർണ ദശയിലെത്താത്തതുമായ കാലമാണ് കുട്ടിക്കാലം. മാതാപിതാക്കളുടെ സ്നേഹാതിരേകങ്ങളെ കുട്ടികൾ ആശ്രയിക്കുന്ന കാലം. ഇങ്ങനെ പെരുമാറുന്നവരിലേക്ക് കുട്ടികൾ സ്വാഭാവികമായും അടുക്കുന്നു. സാമീപ്യവും സ്നേഹവുംകൊണ്ട് സാധ്യമാകുന്ന സംസ്കരണം വഴക്കു പറഞ്ഞുകൊണ്ടും കയർത്തുപറഞ്ഞു കൊണ്ടും പ്രതീക്ഷിക്കുക സാധ്യമല്ല. ഇതേ കാരണംകൊണ്ടാണ് നബി(സ)തിരുമേനി തന്റെ ജീവിതമാസകലം കുട്ടിക ളെ തന്റെ സാമീപ്യത്തിൽത്തന്നെ നിറുത്തുന്ന സൽക്കർമങ്ങൾ ചെയ്തുകൊണ്ടിരുന്നത്. കളികളിലും കുട്ടികളെ ആ മഹാത്മാവ് പ്രത്യേകം പരിഗണിച്ചിരുന്നു. തന്റെ സ്വന്തം ആൺ പെൺമക്കളോടും, ചെറുമക്കളോടും മറ്റെല്ലാ കുട്ടികളോടും അവിടന്ന് സമ്പൂർണ്ണ സ്നേഹം പ്രകടിപ്പിച്ചിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ശദ്ദാദ് (റ) തന്റെ പിതാവിൽ നിന്ന് വിവരിക്കുന്നു: ഒരിക്കൽ നബി(സ) തിരുമേനി തന്റെ കൂടെ ഹദ്റത്ത് ഹസനേയോ ഹുസയ്നേയോ നമസ്കാരത്തിനായി കൂടെ കൊണ്ടു വന്നു. അവിടന്ന് നമസ്കരിപ്പിച്ചു. നമസ്കാരത്തിനിടയിൽ സുജൂദ് നീണ്ടു പോയി. ഹദ്റത്ത് ശദ്ദാദ്(റ) പറയുന്നു, ‘-ഞാൻ തലയുയർത്തി നോക്കിയപ്പോൾ കാണുന്നത് നബി(സ)തിരുമേനിയുടെ മുതുകിൽ കുട്ടി കയറിയിരിക്കുന്നതാണ്. അവിടന്ന് സുജൂദിലാണ്. അതുകൊണ്ട് ഞാൻ വീണ്ടും സുജൂദിലേക്ക് പോയി. നമസ്കാരം പൂർത്തിയായപ്പോൾ സ്വഹാബാക്കൾ പറഞ്ഞു, ‘അല്ലാഹുവിന്റെ ദൂതരേ! നമസ്കാരത്തിനിടയിൽ അങ്ങ് സുജൂദ് വളരെ ദീർഘിപ്പിച്ചു. എന്തോ സംഭവിച്ചിട്ടുണ്ടെന്ന് ഞങ്ങൾക്ക് സംശയമുണ്ടായി. അല്ലെങ്കിൽ വഹ്‌യ് ഇറങ്ങുകയായിരിക്കുമെന്ന് കരുതി.’ അവിടന്ന് പറഞ്ഞു: “സംഗതി അതായിരുന്നില്ല. എന്റെ മകൻ എന്റെ മുതുകിൽ കയറി ഇരിക്കുകയായിരുന്നു. കുട്ടിയുടെ ആവശ്യം പൂർത്തിയാകുന്നതുവരെ സുജൂദ് അവസാനിപ്പിക്കുന്നത് യോജിച്ച രീതിയല്ലെന്ന് എനിക്കുതോന്നി.”(മുസ്നദ് അഹ്മദ്, ഹദീഥ്: 16033, ഹദീഥ് ശദ്ദാദുബ്നുൽഹാദ്)

നബി(സ)തിരുമേനിയുടെ മകൻ ഹദ്റത്ത് ഇബ്റാഹീം(റ) വഫാത്തായതിനെ തുടർന്ന് ആ മഹാത്മാവ് വളരെ ദുഃഖിതനായി. അദ്ദേഹത്തിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകിക്കൊണ്ടിരുന്നു. അത്ഭുതം കൂറുന്ന വാക്കിൽ ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്(റ), താങ്കളും കരയുകയാണോ എന്ന് ചോദിച്ചു. അവിടന്ന് ഇപ്രകാരം പ്രതിവചിച്ചു: “ഇബ്നു ഔഫേ! ഇതു കരുണയാണ്. സംശയം വേണ്ട, കണ്ണീർ ഒഴുകുന്നുണ്ട്, ഹൃദയം ദുഃഖഭാരത്തിലുമാണ്. എന്നാൽ, ഈ ദുഖാവസ്ഥയിലും അല്ലാഹു തൃപ്തിപ്പെടുന്ന കാര്യം മാത്രമേ നാം പറയുകയുള്ളൂ.” ശേഷം അവിടന്ന് പറഞ്ഞു, ‘ഇബ്റാഹീമേ, നിന്റെ വേർപാടിൽ ഞാൻ ദുഖിതനാണ്.”(ബുഖാരി, ബാബ് ഖൗലുന്നബി അനാ ബിക്ക)

ഈ അവസ്ഥ ദർശിച്ച ഹദ്റത്ത് അനസ്(റ) പറയുന്നു: കുടുംബത്തോട് അങ്ങയേക്കാൾ കൂടുതൽ സ്നേഹം പ്രകടിപ്പിക്കുന്ന മറ്റാരേയും ഞാൻ കണ്ടിട്ടില്ല.”(മുസ്‌ലിം, ഹദീഥ് നമ്പർ 2316)

രോഗം ബാധിച്ച് മരണാസന്നനായ ഒരു യഹൂദിക്കുട്ടിയെ ഒരിക്കൽ അവിടന്ന് സന്ദർശിക്കാൻ പോയി. അവന്റെ മരണാവസ്ഥ കണ്ടപ്പോൾ ആ കാരുണ്യത്തിന്റെ നിറകുടം ആ കുട്ടിയോടു കലിമ ചൊല്ലാൻ പറഞ്ഞു. പിതാവ് തൃപ്തനാണെന്ന് കണ്ടപ്പോൾ അവൻ കലിമ ഉച്ചരിച്ചു. അവിടന്ന് ആ കുട്ടി നരകത്തിൽ നിന്ന് സുരക്ഷിതനായിരിക്കുമെന്ന സുവാർത്ത നൽകിയതിനു ശേഷം ഇപ്രകാരം പറഞ്ഞു: “തീയിൽ നിന്ന് അവനെ രക്ഷപ്പെടുത്തിയ അല്ലാഹുവിന് സർവസ്തുതിയും.-” ഇപ്രകാരം നബി(സ)തിരുമേനി ശിപാർശ ചെയ്യാനുള്ള അവകാശത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് അവന് പ്രയോജനമെത്തിച്ചു. പുറത്തു പോയി വീട്ടിലേക്ക് തിരിച്ചുവരുമ്പോൾ കുട്ടികൾ അങ്ങയുടെ അടുക്കലേക്ക് ഓടി വരും. അവിടന്ന് അവരെ തന്റെ മുമ്പിലും പിമ്പിലുമായി യാത്രാ വാഹനത്തിലിരുത്തും. ഒരിക്കൽ ഒരു ഗ്രാമീണനായ ബദ്ദു വന്നു. അവിടന്ന് കുട്ടികളെ സ്നേഹിക്കുന്നതായി അയാൾ കണ്ടു. തനിക്ക് ഇത്ര കുട്ടികളുണ്ടെന്നും താനൊരിക്കലും കുട്ടികളെ ഈ വിധത്തിൽ സ്നേഹിക്കാറില്ലെന്നും പറഞ്ഞു. അവിടന്ന് പറഞ്ഞു: ദൈവം നിന്റെ മനസ്സിൽ നിന്ന് സ്നേഹം എടുത്ത് മാറ്റിക്കളഞ്ഞെങ്കിൽ എനിക്കെന്ത് ചെയ്യാൻ സാധിക്കും? തുടർന്ന് ആ മഹാത്മാവ് പറഞ്ഞു: ജനങ്ങളോടു കരുണ കാണിക്കാത്തവരോടു ദൈവവും കരുണ കാണിക്കുകയില്ല.”(അൽ അദബുൽ മുഫ്റദ് ലിൽ ബുഖാരി, ബാബ് ഖിബ്‌ലത്തു സ്വിബിയാൻ)

കുട്ടികളെ നബി(സ)തിരുമേനി അതിരറ്റ് സ്നേഹിച്ചിരുന്നു. അവരോടു ഉന്നതമായ നിലയിലാണ് പെരുമാറിയിരുന്നത്. കുട്ടികളെ കാണുമ്പോൾ സലാം പറയുക പതിവായിരുന്നു. ഹദ്റത്ത് അനസ്(റ) റിപ്പോർട്ട് ചെയ്യുന്നു: “കുറച്ചു കുട്ടികൾ കളിക്കുകയായിരുന്നു. അവിടന്ന് അവരുടെ സമീപത്തൂടെ കടന്നുപോയപ്പോൾ സലാം പറയുന്നതിൽ മുന്തിച്ചു.”(സുനൻ അബീദാവൂദ്, കിതാബുസ്സലാം, ബാബ് ഫിസ്സലാമി അലസ്സിബിയാൻ)

മഹത്തായ സ്വഭാവ ഗുണങ്ങളിൽ സർവ മനുഷ്യരിലും മുന്നിലായിരുന്നു നബി(സ)തിരുമേനി എന്ന് ഹദ്റത്ത് അനസ്(റ)റിപ്പോർട്ട് ചെയ്യുന്നു. അദ്ദേഹം പറയുന്നു: ‘ഒരു ദിവസം ആ മഹാത്മാവ് എന്നോട് എന്തോ ഒരു ജോലി ചെയ്യാൻ പറഞ്ഞപ്പോൾ അല്ലാഹുവാണ! ഞാൻ പോവുകയില്ലെന്ന് വ്യക്തമായി മറുപടി നൽകി. യഥാർഥത്തിൽ എനിക്ക് അവിടന്ന് പറഞ്ഞ ആ ജോലി ചെയ്തു വരണമെന്നുണ്ടായിരുന്നു. അദ്ദേഹം തുടരുന്നു, ‘ശേഷം ഞാൻ വീട്ടിൽനിന്ന് പുറത്തു വന്നു.(നബിതിരുമേനി ഏല്പിച്ച ജോലി ചെയ്യാൻ വേണ്ടി പുറപ്പെട്ടു).എന്നാൽ, പോകുന്ന വഴിയിൽ ബാസാറിൽ കളിച്ചു കൊണ്ടിരിക്കുന്ന കുട്ടികളുടെ അടുത്തൂടെ പോകാൻ ഇടയായി. അങ്ങനെ ഞാനും അവരോടൊപ്പം കളിക്കാൻ തുടങ്ങി. പെട്ടെന്നവിടെ അവിടന്ന് വന്നു. എന്റെ പിടലിയിൽ പിന്നിൽ നിന്ന് പിടിച്ചു. ഞാൻ തിരിഞ്ഞ് നോക്കിയപ്പോൾ അല്ലാഹുവിന്റെ റസൂൽ പുഞ്ചിരിക്കുകയായിരുന്നു. ശേഷം എന്നോട് പറഞ്ഞു: “ഉനയ്സേ!(സ്നേഹത്തോടെ വിളിച്ചതാണ്)എവിടേക്കാണോ അയച്ചത് അവി

ടേക്ക് പോകുക.' ഞാൻ പറഞ്ഞു, 'യാ റസൂലല്ലാഹ്!, ഞാൻ പോകുകയാണ്.''(സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ബാബ് ഫിൽ ഹുകും.)

നബി(സ)തിരുമേനി കുട്ടികളോട് വളരെ തുറന്ന രീതിയിലായിരുന്നു പെരുമാറിയിരുന്നത്. കുട്ടികൾക്ക് വളരെ സ്നേഹം നൽകുകയും അവരെ ശ്രദ്ധിക്കുകയും ചെയ്തിരുന്നു.അവരോടു തമാശ പറയുകയും അവരെ സ്തുതിക്കുകയും അവരെ സന്തോഷിപ്പിക്കുകയും ചെയ്തിരുന്നു.

ഹദ്റത്ത് ജാബിർ ബിൻ സുംറ(റ) പറയുന്നു: ഞാൻ നബി(സ)യോടൊപ്പം പ്രഭാത നമസ്കാരം നിർവഹിച്ചു. നമസ്കാരശേഷം അവിടന്ന് വീട്ടിലേക്ക് പോയി. ഞാനും കൂടെ പോയി. അവിടെ എത്തിയപ്പോൾ കുട്ടികൾ നബി(സ)തിരുമേനിയെ സ്വീകരിക്കാൻ നിൽക്കുന്നുണ്ടായിരുന്നു. നബി(സ) തിരുമേനി അവരുടെയടുക്കൽ നിന്നു. ഓരോ കുട്ടിയുടേയും മുഖത്ത് ലാളനയോടെ തടവി. അദ്ദേഹം പറയുന്നു, 'ഞാൻ നബി(സ)തിരുമേനിയോടൊപ്പം പോയതാണെങ്കിലും ശേഷം അവിടന്ന് എന്റേയും മുഖത്ത് തടവി. എന്റെ മുഖത്ത് തടവിയപ്പോൾ അവിടത്തെ കൈയ്യിൽ നിന്ന് തണുപ്പും സുഗന്ധവും എനിക്ക് അനുഭവപ്പെട്ടു. നബി(സ)തിരുമേനി അത്തറിന്റെ സഞ്ചിയിൽ നിന്ന് തന്റെ കൈ പുറത്തെടുത്തത് പോലെ.''(മുസ്‌ലിം,കിതാബുൽ ഫളായിൽ, ബാബ് ത്വയ്യിബ് റായിഹത്തുന്നബി)

ഹദ്റത്ത് അബൂഖത്താദ(റ) റിപ്പോർട്ട് ചെയ്യുന്നു: ഒരു ദിവസം ഞങ്ങൾ ളുഹ്റോ അസ്റോ നമസ്കാരത്തിനുവേണ്ടി പ്രതീക്ഷിച്ച് മസ്ജിദുന്നബവിയിൽ ഇരിക്കുകയായിരുന്നു. നമസ്കാരത്തിന് വരുന്നതിനുവേണ്ടി നബി(സ)തിരുമേനിയെ ഹദ്റത്ത് ബിലാൽ(റ) അറിയിച്ച് കഴിഞ്ഞിരുന്നു. എങ്കിലും താമസിച്ചു കൊണ്ടിരുന്നു. അങ്ങനെ ഞങ്ങൾ കാത്തിരിക്കുമ്പോൾ അവിടന്ന് വന്നു. നബി(സ)തിരുമേനി അബുൽ ആസിൽ നിന്ന് ഹദ്റത്ത് സയ്നബിന്റെ മകൾ ഉമാമയെ തന്റെ തോളിലെടുത്തുകൊണ്ടാണ് വന്നത്. അതേ നിലയിൽത്തന്നെ നബി(സ)തിരുമേനി കുട്ടിയെ എടുത്ത് മുമ്പോട്ട് വരികയും തന്റെ നമസ്കാര സ്ഥലത്ത് വന്ന് നിൽക്കുകയും ചെയ്തു. ഞങ്ങളും പിന്നിൽ നിന്നു. എന്നാൽ, ഉമാമ തോളിൽത്തന്നെ ഇരുന്നു. ഇതേ അവസ്ഥയിൽ നബി(സ)തിരുമേനി തക്ബീർ ചൊല്ലി. ഞങ്ങളും തക്ബീർ ചൊല്ലി. ഉമാമയെ എടുത്തിരുന്ന നബി(സ)തിരുമേനി റുകൂഠ് ചെയ്യാൻ തുടങ്ങിയപ്പോൾ തോളിൽ നിന്ന് ഉമാമയെ താഴെ ഇരുത്തി. റുകൂഉം സുജൂദും നിർവഹിച്ചതിനുശേഷം ഉമാമയെ വീണ്ടും ചുമലിൽ ഇരുത്തി. നമസ്കാരത്തിൽ മുഴുക്കെ നബി(സ) ഇപ്രകാരം ചെയ്തു കൊണ്ടിരുന്നു. അവസാനം നബി(സ)തിരുമേനി നമസ്കാരം പൂർത്തിയാക്കി.''(സുനൻ അബീദാവൂദ്, കിതാബു സ്വലാത്ത്, ബാബ് അൽ–അമലു ഫിസ്വലാത്ത്)

ഹദ്റത്ത് സഹ്ൽ ബിൻ സഅ്ദ് (റ) വിവരിക്കുന്നു.: ഒരിക്കൽ നബി(സ)തിരുമേനിയുടെ മജ്‌ലിസിൽ കുടിക്കാൻ ഏതോ പാനീയം കൊണ്ടു വന്നു. അവിടന്ന് അതിൽ നിന്ന് കുടിച്ചു. ഇതിനു ശേഷം തന്റെ വലതു ഭാഗത്തുണ്ടായിരുന്ന കുട്ടിയിലേക്ക് നോക്കി. ഇടതു ഭാഗത്തു സ്വഹാബാക്കൾ ആയിരുന്നു ഉണ്ടായിരുന്നത്. നബി(സ)തിരുമേനി ആ കുട്ടിയോട് ഇപ്രകാരം അനുവാദം ചോദിച്ചു: നീ അനുവാദം തന്നാൽ ഈ പാനീയം മുതിർന്നവർക്ക് നൽകുന്നതയിരിക്കും.ആ കുട്ടി പറഞ്ഞു, 'ഒരിക്കലുമില്ല. അല്ലാഹുവാണ! (അങ്ങയിൽ നിന്ന് കിട്ടുന്ന അനുഗ്രഹത്തിൽ) എന്റെ അവകാശം മറ്റാർക്കും ഞാൻ വിട്ടു കൊടുക്കില്ല.' ഇതു കേട്ടപാടേ ആ പാത്രം നബി(സ)തിരുമേനി അവന്റെ കൈയ്യിൽവച്ചു കൊടുത്തു.''(ബുഖാരി, 2366, ബാബ് മൻ റആ അന്ന സാഹിബുൽ ഹൗളി).

നബി(സ)തിരുമേനി കുട്ടികളുടെ അവകാശങ്ങൾ നിർവഹിക്കുന്ന കാര്യത്തിലേക്ക് എത്ര പ്രാധാന്യം നൽകിയിരുന്നുവെന്ന് ഈ ഹദീഥ് സൂചന നൽകുന്നു. നമുക്ക് വ്യക്തമായ ഉപദേശമാണിത്. കുട്ടികളുടെ അവകാശങ്ങൾ തിരിച്ചറിഞ്ഞ് അത് നിർവഹിക്കുന്ന ശീലം വളർത്തേണ്ടതാണ്.

ഹദ്റത്ത് ഉസാമ(റ)വിവരിക്കുന്നു: ''നബി(സ)തിരുമേനിയുടെ മകൾ ഹദ്റത്ത് സയ്നബ്(റ) തന്റെ മകൻ മരിക്കാൻ പോകുന്നു എന്ന് പറഞ്ഞുകൊണ്ട് നബി(സ)തിരുമേനിയെ വിളിക്കാൻ ആളെ വിട്ടു. ''നബി(സ)തിരുമേനി സയ്നബിന് സലാം പറയാനും ക്ഷമിക്കാനും അല്ലാഹു നൽകുന്നതും അല്ലെങ്കിൽ തിരിച്ചെടുക്കുന്നതുമെല്ലാം അവന്റേതു തന്നെയാണെന്നും എല്ലാ വസ്തുക്കളും ഒരു നിശ്ചിത സമയത്തേക്ക് മാത്രമുള്ളതാണെന്നും പ്രതിഫലം കിട്ടാൻ ക്ഷമ കൈക്കൊള്ളാനും സയ്നബിനോടു പറയാൻ പറഞ്ഞുവിട്ടു.'(നബി(സ)തിരുമേനി ഇപ്രകാരം പറയാൻ കാരണം കുട്ടികൾ വേദനിക്കുന്ന നേരത്ത് അത് കാണാൻ തനിക്ക് സാധിക്കാത്തതു കൊണ്ടാണെന്നാണ് എനിക്കുതോന്നുന്നത്)

ഹദ്റത്ത് സയ്നബ്(റ) രണ്ടാമതും ആളെ വിട്ടു. അവിടന്ന് തീർച്ചയായും വരണമെന്ന് ആണയിട്ട് പറഞ്ഞു. അപ്പോൾ നബി(സ)തിരുമേനി മജ്‌ലിസിൽ നിന്നെഴുന്നേറ്റു. അദ്ദേഹത്തോടൊപ്പം സഅ്ദ് ബിൻ ഉബാദ(റ), മുആദ് ബിൻ ജബൽ(റ), സയ് ദ് ബിൻ ഥാബിത്ത് (റ)തുടങ്ങിയവരും എഴുന്നേറ്റു. ഹദ്റത്ത് സയ്നബിന്റെ വീട്ടിലെത്തിയപ്പോൾ കുട്ടിയെ നബി(സ)തിരുമേനിയുടെ മടിയിൽ കൊടുത്തു. അവന്റെ ശ്വാസം വേറിട്ടു കൊണ്ടിരുന്നു. നിറഞ്ഞ പാത്രത്തിൽ നിന്ന് വെള്ളം പുറത്തു വരുന്നതു പോലെ ശ്വാസമെടുക്കുമ്പോൾ ശബ്ദം ഉണ്ടായിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി കുട്ടിയെ മടിയിൽ കിടത്തി. അവനിലേക്ക് നോക്കി. അനിയന്ത്രിതമായി കണ്ണീരൊഴുകാൻ തുടങ്ങി. സഅ്ദ്(റ) ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഇതെന്താണ്? താങ്കളെന്തിനാണ് കരയുന്നത്? നബി(സ) തിരുമേനി പറഞ്ഞു: ഇത് കാരുണ്യത്തിന്റെ വികാരമാണ്. ദൈവം തന്റെ ദാസൻമാരുടെ ഹൃദയത്തിൽ വെച്ചിട്ടുള്ളതാണിത്. ദൈവം തന്റെ ദാസൻമാരിൽ കാരുണ്യം കാണിക്കുന്നവരോടു കരുണ കാണിക്കുന്നു.''(സ്വഹീഹ് ബുഖാരി, കിതാബുൽ ജനായിസ്, ബാബ് യുഅദ്ദിബുൽ മയ്യിത്ത)

നബി(സ)തിരുമേനിയുടെ വളർത്തു മകനാണ് ഹദ്റത്ത് സയ്ദ് (റ). അദ്ദേഹത്തെ വിശുദ്ധ ഖുർആനിലും സ്മരിക്കപ്പെട്ടിട്ടുണ്ട്. ഇദ്ദേഹം ഒരു അടിമയായിരുന്നു. അറബികളിൽ അടിമകൾക്ക് ഒരുവിധ സ്ഥാനവുമുണ്ടായിരുന്നില്ല. ഈ വിഭാഗം വളരെയധികം മർദ്ദിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തിരുന്നു. ഉടമ താനിച്ഛിക്കും വിധമാണ് അവരോടു പെരുമാറിയിരുന്നത്. അവരുടെ അവസ്ഥ നാൽക്കാലികളേക്കാൾ ദയനീയമായിരുന്നു. നബി (സ) തിരുമേനി സയ്ദിനെമാത്രമല്ല സ്നേഹിച്ചിരുന്നത്. മറിച്ച്,അദ്ദേഹത്തിന്റെ മകൻ ഉസാമയേയും വളരെ സ്നേഹിച്ചിരുന്നു. സ്വന്തം മക്കളെ പോലെ അവനേയും ശ്രദ്ധിച്ചിരുന്നു. അതുപോലെതന്നെ അധിക സമയത്തും ഉസാമയുടെ മൂക്ക് നബി(സ) തിരുമേനിയാണ് വൃത്തിയാക്കി കൊടുത്തിരുന്ന തും. നബി(സ)തിരുമേനി തന്റെ ദൗഹിത്രൻ ഹുസയ്നെ തന്റെ ഒരു തുടയിലും ഉസാമയെ മറ്റേ തുടയിലും ഇരുത്തിയിരുന്നു. ഇരുവരേയും നെഞ്ചോടുചേർത്ത് പിടിച്ച് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു, 'അല്ലാഹുവേ, ഞാൻ ഇവരെ സ്നേഹിക്കുന്നു. നീയും ഇവരെ സ്നേഹിച്ചാലും.'(സുനൻ തുർമുദി, കിതാബുൽ മനാഖിബ്, ബാബ് മനാഖിബ്)

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു. നബി(സ)തിരുമേനി പറഞ്ഞു: **അക്‌രിമൂ ഔലാദക്കും വ അഹ്സിനൂ അദബഹും.** സ്വന്തം മക്കളെ ആദരിക്കുക. അവരോട് ആദരവോടെ പെരുമാറുക. അവർക്ക് സൗശീലങ്ങൾ പഠിപ്പിക്കുക.'' (സുനൻ ഇബ്നു മാജ, കിതാബുൽ അദബ്)

യുദ്ധവേളയിൽ കുട്ടികളെ ബുദ്ധിമുട്ടിക്കുന്നതും വധിക്കുന്നതും നബി(സ)തിരുമേനി വിരോധിച്ചു.

## അടിമകളുടെ മോചകൻ

നുബുവ്വത്ത് വാദം പുറപ്പെടുവിച്ച ആരംഭകാലത്തിൽത്തന്നെ നബി(സ)തിരുമേനി നൽകിയ അധ്യാപനങ്ങളിൽപ്പെട്ട ഒരു കാര്യമായിരുന്നു അടിമകളോട് മൃദുലതയോടും സ്നേഹത്തോടും പെരുമാറുകയെന്നത്. ചില പദ്ധതികളും തുടക്കത്തിൽത്തന്നെ നടപ്പിലാക്കി. അടിമകളെ സ്വതന്ത്രമാക്കൽ ഒരു മഹത്തായ നന്മയാണെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അറബ് അടിമകളിൽ ഇത് ആഴമേറിയ സ്വാധീനമുണ്ടാക്കി. റഹ്മത്തുല്ലിൽ ആലമീനിനെ തങ്ങളുടെ രക്ഷകനായി അവർ കണ്ടു. ഇതേ കാരണം കൊണ്ടാണ് അടിമകളിലും ദുർബലരിലും ഇസ്‌ലാം പെട്ടെന്ന് വ്യാപിക്കുകയുണ്ടായത്. ഇസ്‌ലാമിലെ കൽപനകൾ ഘട്ടം ഘട്ടമായി ഇറങ്ങിക്കൊണ്ടിരുന്നതിന് അനുസരിച്ച് അടിമകളുടെ അവസ്ഥ പുരോഗതി പ്രാപിക്കുകയും ശക്തിപ്പെടുകയും ചെയ്യാൻ തുടങ്ങി. അവസാനം ഭൗതികമായും താഴെ കിടയിൽ കിടന്നിരുന്ന, നിസ്സാരർ എന്ന് ഗണിക്കപ്പെട്ടിരുന്ന ഈ വിഭാഗം അല്ലാഹുവിന്റെ കണ്ണിൽ റളിയല്ലാഹു അൻഹും വറളൂ അൻഹു എന്ന പ്രശസ്തിപത്രത്തിന്നർഹരായിത്തീർന്നു. (അല്ലാഹു അവരെ തൃപ്തിപ്പെട്ടിരിക്കുന്നു. അവർ അവനിലും തൃപ്തിപ്പെട്ടിരിക്കുന്നു). നബി(സ)തിരുമേനി അടിമത്തത്തിന്റെ നി ഷിദ്ധവും അക്രമപരവുമായ വഴികളെ ദുർബലപ്പെടുത്തി. സാധ്യമായതും അനിവാര്യവുമായ എല്ലാ വഴികളും അദ്ദേഹം സ്വീകരിച്ചു. അവരുടെ അവസ്ഥ നന്നാക്കാനും അവരെ സ്വതന്ത്രമാക്കാനു മുള്ള പദ്ധതികളും പരിപാടികളും കൽപ്പനകളും നൽകി. ആ സ്വാധീനം ചെലുത്തുന്ന അധ്യാപനവും പ്രവൃത്തിപരമായ മാതൃകകളും കണ്ടുകൊണ്ട് മുസ്‌ലീംകളും അദ്ദേഹത്തിന്റെ വിളിക്ക് ഉത്തരം നൽകി. പദ്ധതികളിൽ വളരെ നല്ലവണ്ണം അവരും പങ്കാളികളായി. ഇതിന്റെ ഫലമായി അടിമകളുടെ സ്ഥാനം സമൂഹത്തിൽ മറ്റുള്ളവർക്ക് തുല്യമായി. അവർക്കുള്ള അവകാശങ്ങൾ അവരെ മറ്റുള്ളവരുടെ കൂട്ടത്തിൽ കൊണ്ടുപോയി നിറുത്തി. അന്ത്യനാൾവരെ നബി(സ)തിരുമേനി അടിമകളുടെ വിമോചകനായും മഹത്തായ കാരുണ്യവാനായും വാഴ്ത്തപ്പെട്ടു. അവരോട് ആ മഹാത്മാവ് ചെയ്ത ഔദാര്യങ്ങളെകുറിച്ച് ഏതാനും കാര്യങ്ങൾ വിവരിക്കാം.

ഹദ്റത്ത് അനസ്(റ) വിവരിക്കുന്നു: എനിക്ക് പത്ത് വർഷം ആ മഹാത്മാവിന്റെ കൂടെ സേവനം ചെയ്തു ജീവിക്കാൻ കഴിഞ്ഞു. ഞാൻ തിരുദൂതരുടെയടുക്കൽ എത്തിയപ്പോൾ കുട്ടിയായിരുന്നു. എന്റെ യജമാനർ ആഗ്രഹിച്ചതുപോലെയായിരുന്നില്ല എന്റെ എല്ലാ ഓരോ പ്രവൃത്തിയും. എന്നാൽ, അത്തരം കാര്യങ്ങളിൽ അദ്ദേഹം എന്നോട് ഛെ എന്നുപോലും പറഞ്ഞിട്ടില്ല. ഇതെന്ത് കൊണ്ട് നീ ചെയ്തില്ല എന്നോ ഇതെന്തിന് ചെയ്തു എന്നോ എന്നോടൊരിക്കലും ചോദിച്ചിട്ടില്ല.''

ഒരു നിവേദനത്തിൽ ഇങ്ങനെ വന്നിരിക്കുന്നു: നബി(സ)പറഞ്ഞു,''നിങ്ങളുടെ സേവകൻ നിങ്ങളുടെ സഹോദരൻ ആണ്. ഉന്നതനായ ദൈവം അവരെ നിങ്ങളുടെ കീഴിലാക്കിയിരിക്കുന്നു. അപ്പോൾ ഏതു സഹോദരനാണോ തന്റെ കീഴിലുള്ളത് അവർക്ക് സ്വയം നിങ്ങൾ കഴിക്കുന്ന ഭക്ഷണം നൽകുക. നിങ്ങൾ ധരിക്കുന്ന വസ്ത്രം അവർക്കും നൽകുക.അവരുടെ കഴിവിനപ്പുറത്തുള്ള ഭാരം അവരെക്കൊണ്ട് എടുപ്പിക്കരുത്. അവരുടെ കഴിവിൽ കൂടുതൽ ജോലി അവർക്കു നൽകിയാൽ നിങ്ങളും അവരെ സഹായിക്കുക.''(ബുഖാരി–കിതാബുൽ ഇത്ഖ്)

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു: നബി(സ)തിരുമേനി പറയുമായിരുന്നു, മുസ്‌ലീംകളേ! എന്റെ അടിമയെന്നും എന്റെ അടിമ സ്ത്രീയെന്നും പറയരുത്. എന്റെ ആളെന്നും എന്റെ സ്ത്രീയെന്നും പറഞ്ഞു കൊള്ളുക. അടിമ തന്റെ യജമാനനെ റബ്ബ് അതായത് ഉടമസ്ഥൻ എന്ന് പറയരുത്. മറിച്ച്, നേതാവ് എന്നും മഹത്വവാൻ എന്നും പറഞ്ഞു കൊള്ളുക.''(ബുഖാരി,കിതാബുൽ ഇത്ഖ്)

ഒരിക്കൽ ഹദ്റത്ത് അബൂ മസ്ഊദ്(റ) തന്റെ അടിമയെ ഏതോ കാരണത്താൽ അടിച്ചുവെന്നുള്ള വിവരം കിട്ടിയപ്പോൾ നമ്മുടെ സ്നേഹ നിറകുടമായ നബി(സ)തിരുമേനി കോപത്തോടെ പറഞ്ഞു, 'അബൂ മസ്ഊദേ! നിങ്ങളുടെ ദൈവത്തിന് നിങ്ങൾക്ക് ആ അടിമയുടെ മേലുള്ളതിനേക്കാൾ കൂടുതൽ ശക്തിയുണ്ട്.'ഹദ്റത്ത് അബൂ മസ്ഊദ് (റ) ഉടൻതന്നെ ആ അടിമയെ സ്വതന്ത്രനാക്കി. അപ്പോൾ തിരുമേനി(സ) പറഞ്ഞു:നിങ്ങൾ ഇപ്രകാരം ചെയ്തില്ലായിരുന്നെങ്കിൽ നരകത്തീ നിങ്ങളുടെ മുഖത്തെ കരിച്ചുകളയുമായിരുന്നു.''(മുസ്‌ലിം,കിതാബുൽ ഈമാൻ)

ഹദ്റത്ത് അബൂ ഹുറയ്റ(റ)യിൽ നിന്ന് നിവേദനം. തിരു നബി(സ) ഇപ്രകാരം പറഞ്ഞു: 'ഏതെങ്കിലും അടിമയെ സ്വതന്ത്രനാക്കുന്ന മുസ്ലിമിന് തീയിൽ നിന്ന് സമ്പൂർണ സുരക്ഷ നൽകപ്പെടുന്നതാണ്.'' (ബുഖാരി, കിതാബുൽ ഈമാൻ വന്നുദൂർ)

മറ്റു മാർഗങ്ങളെക്കൂടാതെ ഉടമസ്ഥന്റെ സേവന ത്തിന് ശേഷം കിട്ടുന്ന ബാക്കി സമയം ഉപയോ ഗിച്ചുകൊണ്ടു സ്വന്തമായി ജോലിചെയ്തു സ്വയം സ്വതന്ത്രനാകാനുള്ള അവകാശവും അവർക്ക് ന ൽകി. ഉടമസ്ഥന് അനന്തരാവകാശികളാരുമില്ലെ ങ്കിൽ നബി(സ)തിരുമേനി അടിമകൾക്ക് അനന്ത രാവകാശ സ്വത്ത് പ്രാപിക്കാനുള്ള അവകാശം ന ൽകി. ഉടമസ്ഥനുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് സ്വതന്ത്രനാകാനുള്ള അവകാശവും നൽകി. നബി (സ)തിരുമേനി തന്റെ അവസാന വസിയ്യത്തിലും അടിമകളുടെ അവകാശങ്ങളെ കുറിച്ച് നിർദേശം നൽകിയിട്ടുണ്ട്.നിവേദനത്തിൽ ഇപ്രകാരം കാണ പ്പെടുന്നു: നബി(സ)തിരുമേനിയുടെ അനുഗൃഹീത നാവിൽനിന്ന് കേൾക്കപ്പെട്ട അവസാന വാക്കുകൾ ഇപ്രകാരമായിരുന്നു, 'നമസ്കാരത്തെ കുറിച്ചും അടിമകളെ സംബന്ധിച്ചും നൽകപ്പെട്ട അധ്യാപന ങ്ങൾ ഒരിക്കലും അവഗണിക്കരുത്.''(ഇബ്ന് മാജ, അബ്വാബുൽ വസിയ്യത്ത്)

അടിമകളോടുള്ള സൽപെരുമാറ്റം, ആഴത്തിലുള്ള സ്നേഹം, അവരുടെ വിജയം, അഭ്യുന്നതി, സാ ഹചര്യങ്ങളെ അനുകൂലമാക്കൽ ഇതെല്ലാം മുക ളിൽ സൂചിപ്പിച്ച ഹദീഥുകൾ നൽകുന്ന പാഠങ്ങ ളാണ്. എന്ന് മാത്രമല്ല, നബി(സ)തിരുമേനിയുടെ യഥാർഥ ലക്ഷ്യം അടിമകളെ മുസ്ലീംകൾ തങ്ങ ളുടെ സ്വന്തം സഹോദരങ്ങളെപ്പോലെ മനസ്സി ലാക്കണമെന്നായിരുന്നു. താൻ സ്വയം ചെയ്യു ന്നതുപോലെ അവരുടെ നാഗരിക ജീവിതത്തിലും സ്വതന്ത്ര മനുഷ്യർ അനുഭവിക്കുന്നതുപോലുള്ള ഉയർച്ച ഉണ്ടാകണം എന്നതായിരുന്നു നബി(സ) തിരുമേനിയുടേയും ലക്ഷ്യം. അവരുടെ ഹൃദയങ്ങ ളിൽ ആത്മവിശ്വാസവും സ്വയം പര്യാപ്തതയും ഉണ്ടാകാനും താഴ്ന്ന അവസ്ഥയും അപകർഷതാ ബോധവും തുടച്ചു നീക്കുവാനും നബി(സ)തി രുമേനി ആഗ്രഹിച്ചു. സ്വാതന്ത്ര്യം അനുഭവിച്ചു കൊണ്ട് സമത്വഭാവനയോടെയുള്ള അവകാശങ്ങൾ അവരും അനുഭവിക്കുകയും അങ്ങനെ സമുദായ ത്തിനും രാഷ്ട്രത്തിനും പ്രയോജനപ്പെടുന്ന നാഗ രികനായിത്തീരുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം.

ഉടമയുടെ മനസ്സിൽ നിന്ന് വലിപ്പത്തരത്തിന്റേയും അഹങ്കാരത്തിന്റേയും വികാരങ്ങൾ നീങ്ങിപ്പോകു ന്നതിനും സാധിക്കണം. ഈ അധ്യാപനത്തിന് സമാനമായ ഒന്ന് സുനിശ്ചിതമായും മറ്റൊരു മതത്തിലോ സമൂഹത്തിലോ കാണാൻ സാധി ക്കില്ല. ഇക്കാലഘട്ടത്തിൽ വളരെയധികം രാജ്യ ങ്ങൾ ഈ ലോകാനുഗ്രഹിയുടെ അധ്യാപനങ്ങൾ അവരുടെ ഭരണഘടനയിൽ ഉൾപ്പെടുത്താൻ നി ർബന്ധിതരായിരിക്കുന്നു.

ഹുനയ്ൻ യുദ്ധത്തിൽ ഹവാസൻ ഗോത്രക്കാ രെ ബന്ധികളാക്കി കൊണ്ടുവന്നു. ഈ ഗോത്ര ത്തലവൻ നബി(സ)തിരുമേനിയുടെ അടുക്കലെ ത്തി. ഹവാസൻ ഗോത്രത്തിൽ നബി(സ)തിരുമേനി മുലകുടി പ്രായം കഴിച്ചു കൂട്ടിയ കാര്യം ഓർമപ്പെ ടുത്തിക്കൊണ്ട് അദ്ദേഹം സംസാരിക്കാൻ തുടങ്ങി. ശേഷം അവരെ സ്വതന്ത്രമാക്കാൻ അപേക്ഷിച്ചു. അദ്ദേഹം കേവലം തന്റേയോ ബനീ മുത്തലിബ് ഗോത്രവുമായി ബന്ധമുള്ളവരേയോ മാത്രം സ്വത ന്ത്രരാക്കുന്നതിനു പകരം സ്വഹാബാക്കളുമായി കൂടിയാലോചിച്ച് എല്ലാ ബന്ധികളേയും സ്വതന്ത്ര രാക്കി. മറ്റൊരു റിപ്പോർട്ട് ഇപ്രകാരമാണ്:23 വർഷ മർദന കാലഘട്ടത്തിനുശേഷം നബി(സ)തിരുമേനി വിജയശ്രീലാളിതനായി മക്കയിൽ പ്രവേശിക്കുക യായിരുന്നു. അപ്പോൾ നബി(സ)തിരുമേനിയുടെ തിരുഹൃദയം ദൈവസ്തുതിയിൽ നിറഞ്ഞിരുന്നു. ദൈവത്തിന്റെ സൃഷ്ടികൾക്ക് വേണ്ടിയുള്ള സ്നേ ഹത്താലും ഹൃദയം നിർഭരമായിരുന്നു. പതിമൂന്ന് വർഷം മുമ്പേ തന്റെ പ്രിയനാട് ഉപേക്ഷിക്കാൻ നി ർബന്ധിതനാക്കപ്പെട്ടു. അന്ന് നബി(സ)തിരുമേനി ഭൗതികമായി ദുർബലനായിരുന്നു. ഇന്ന് അങ്ങ യുടെ കൈയിൽ ആധിപത്യവും ശക്തിയുമുണ്ട്. അതിനാൽ മക്കാ നിഷേധികളുടെ ഹൃദയങ്ങൾ ഭയപ്പെട്ടിരുന്നു. എന്നാൽ, അവരുടെ ഹൃദയങ്ങ ളിൽ മറഞ്ഞിരുന്ന ഒരു ശബ്ദം ഉണ്ടായിരുന്നു. 'മു ഹമ്മദേ,നീ കാരുണ്യത്തിന്റെ നിറകുടമാണ്.' പൊ തുമാപ്പിന്റെ പ്രഖ്യാപനത്തോടൊപ്പംതന്നെ നബി (സ)തിരുമേനി ഒരു നിസ്സാര അടിമയായി കരുത പ്പെട്ടിരുന്ന ഹബ്ശക്കാരനായ ഹദ്റത്ത് സയ്യിദുനാ ബിലാൽ(റ)നെ മറന്നില്ല. ഹദ്റത്ത് ബിലാലിനെ (റ)കൊണ്ട് ഒരു വിളംബരം ചെയ്യിച്ചു. അതിരു കടന്ന മർദന മുറകൾക്ക് വിധേയനായ ബിലാൽ അവരോട് പ്രഖ്യാപിച്ചു, 'അഭയം വേണമെങ്കിൽ ,ജീവന് സംരക്ഷണം വേണമെങ്കിൽ അവർ അവ രുടെ സഹോദരന്റെ പതാകയ്ക്ക് കീഴിൽ വരിക,' ഇപ്രകാരം നബി(സ)തിരുമേനി ഹദ്റത്ത് ബി ലാൽ(റ)ന്റെ വികാരങ്ങളെ മാനിച്ചു. അങ്ങനെ മധു രതരമായ പ്രതികാരം മുഖേന അദ്ദേഹത്തിന്റെ ഹൃദയത്തെ സമാശ്വസിപ്പിച്ചു. സുബ്ഹാനല്ലാഹ്! എത്ര ഉന്നതനായ സേവകന്റെ ഗാംഭീര്യം! എത്ര പ്രിയപ്പെട്ട നേതാവ്!

പ്രിയ വായനക്കാരേ ! കാരുണ്യവാനായ പ്രവാച കന്റെ സകല കൽപ്പനകളും കേവലം അക്കാല ഘട്ടത്തിൽ മാത്രം പരിമിതമായിരുന്നില്ല. അന്ത്യനാ ൾവരെയുള്ള സർവ ജനതക്കും ഒരു ശ്വാശ്വത പ്ര വർത്തന രൂപ രേഖയായും വഴിവിളക്കായും അതു നിലനിൽക്കുന്നു. ഇസ്ലാമിക ശരീഅത്തിന്റെ ഭാഗമാണിത്. എന്നാൽ, വെറുപ്പിനെ താലോലി ക്കുന്ന വിദ്വേഷത്തിലും ശത്രുതയിലും എരിഞ്ഞു കൊണ്ടിരിക്കുന്ന ചില ഇസ്ലാമിന്റെ ശത്രുക്കൾ ഇപ്പോഴും പറയുന്നത്, ഇസ്ലാം ആണ് അടിമത്തം കൊണ്ടു വന്നതെന്നാണ്.(നമ്മൾ അല്ലാഹുവിൽ അഭയം തേടുന്നു.)

പ്രിയ വായനക്കാരേ! അടിമത്തം ശീലമായ കാല ഘട്ടമായിരുന്നു അത്. മൃഗങ്ങളെപ്പോലെ അവരെ വാങ്ങുകയും വിൽക്കുകയും ചെയ്തിരുന്നു. അ ത്തരം കാലഘട്ടത്തിൽ സ്നേഹത്തിന്റെ നിറകുട മായ പരിശുദ്ധ നബി(സ) ഒന്നുമല്ലാതെ ഗണിക്ക പ്പെട്ടിരുന്ന ആ സമൂഹത്തെ വാനോളം സ്നേഹി ച്ചു. കുട്ടികൾ തങ്ങളുടെ പ്രിയ മാതാപിതാക്കളുടെ പരിലാളനകൾക്ക് കീഴിൽ ജീവിക്കാൻ ആഗ്രഹി ക്കുന്ന പ്രായത്തിൽ ഹദ്റത്ത് സയ്ദ്(റ), നബി(സ) തിരുമേനിയുടെ സ്നേഹമസൃണമായ പരിലാളന കൾക്ക് കീഴിൽ സ്വന്തം മാതാപിതാക്കളുടെകൂടെ പോകാൻ വിസമ്മതിക്കുകയും ജീവിതമാസകലം തന്റെ പ്രിയ നേതാവിന്റെ ദാസത്വത്തിൽ കഴിയാൻ ഇഷ്ടപ്പെടുകയും ചെയ്തു. നബി(സ)തിരുമേനി പൂ ർണ സ്നേഹ വികാരത്തോടു കൂടി തന്റെ മകൻ എന്ന് വിളിച്ച് അദ്ദേഹത്തെ ആദരിച്ചു. മത ചരിത്ര ത്തിൽ ഇതിന് സമാനതകൾ സമർപ്പിക്കുക അസാ ധ്യം.

## മൃഗങ്ങളോടുള്ള കാരുണ്യം:

മൃഗങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. വി ശുദ്ധ ഖുർആനിൽ മൃഗങ്ങളേയും നാൽക്കാലി കളേയും അടയാളമെന്ന നിലയിലും അവയിൽ ചിന്തിച്ചുകൊണ്ട് ഉപദേശം സ്വീകരിക്കാനുള്ള മാ ർഗമായും പറയുന്നുണ്ട്. ഒരധ്യായത്തിന്റെ പേ രുതന്നെ അൻആം അഥവാ മൃഗങ്ങൾ എന്ന് ന ൽകപ്പെട്ടിരിക്കുന്നു. എല്ലാവർക്കും കാരുണ്യമായി ട്ടാണ് നബി(സ)തിരുമേനി നിയോഗിക്കപ്പെട്ടിരിക്കു ന്നത്. അദ്ദേഹം മൃഗങ്ങളോട് അനുകമ്പയോടും കാരുണ്യത്തോടും പെരുമാറി ശ്രേഷ്ഠ മാതൃക കാണിച്ചിരിക്കുന്നു. മറ്റുള്ളവരോടും ഇങ്ങനെ പെ രുമാറണമെന്ന് നിർദേശിച്ചിരിക്കുന്നു.

ഒരിക്കൽ നബി(സ)തിരുമേനി ഒരു അൻസ്വാർ സ്വ ഹാബിയുടെ തോട്ടത്തിൽ പോയി. അവിടെ നബി (സ)തിരുമേനിയെ കണ്ടപ്പോൾ ഒരു ഒട്ടകം കര യാൻ തുടങ്ങി. അതിന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ഒഴുകാൻ തുടങ്ങി. നബി(സ)തിരുമേനി അനുക മ്പയോടെ അതിന്റെ ശരീരത്തിൽ തടവിയപ്പോൾ ശാന്തനായി. നബി(സ)തിരുമേനി ചോദിച്ചു, 'ഈ ഒട്ടകം ആരുടേതാണ്?'ഒരു അൻസ്വാരി പറഞ്ഞു, 'എന്റെ ഒട്ടകമാണ്.'നബി(സ)തിരുമേനി പറഞ്ഞു: ഈ ഒട്ടകം എന്നോട് പരാതി പറയുന്നത് നിങ്ങൾ ഇതിനെ പട്ടിണിക്കിടുന്നുവെന്നും കഴിവിലും കൂടു തൽ പണിയെടുപ്പിക്കുന്നുവെന്നുമാണ്. ദൈവം നിങ്ങളെ അതിന്റെ ഉടമസ്ഥനാക്കിയിരിക്കുന്നു. അതുകൊണ്ട് ദൈവത്തെ ഭയപ്പെടുക.'' (സുനൻ അബൂദാവൂദ്, കിതാബുൽ ജിഹാദ്).

ഹദ്റത്ത് സഹ്ൽ(റ) വിവരിക്കുന്നു: നബി(സ)തിരു മേനി ഒരു ഒട്ടകത്തിന്റെ സമീപത്തൂടെ കടന്നു പോ കുകയായിരുന്നു. അതിന്റെ വയറ് പട്ടണികൊണ്ട് ഒട്ടിയിരുന്നു. അതിനെ നോക്കി കൊണ്ട് നബി(സ) തിരുമേനി പറഞ്ഞു, 'ഇത് പറയാൻ കഴിയാത്ത മൃഗമാണ്. ഇതിനെ യാത്രയ്ക്കു ഉപയോഗിക്കു മ്പോൾ നല്ല ആരോഗ്യമുണ്ടാകണം. ഇത് ആരോ ഗ്യമുള്ള സ്ഥിതിയിലായിരിക്കുമ്പോഴാണ് ഇതിന്റെ മാംസവും കഴിക്കേണ്ടത്.''(സുനൻ ഇബ്നു ദാവൂദ്, കിതാബുൽ ജിഹാദ്, ബാബ് മാ യുഅ്മറു ബിഹി മിനൽ ഖിയാമി അലദ്ദവാബി വൽ ബഹായിമി)

ഒരു സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ്(റ) വിശദീ കരിക്കുന്നു: ''ഞങ്ങൾ ഒരു യാത്രയിൽ നബി(സ) തിരുമേനിയോടൊപ്പം ഉണ്ടായിരുന്നു. രണ്ട് കുഞ്ഞു ങ്ങളോടൊപ്പം ഉണ്ടായിരുന്ന ഒരു കിളി നബി(സ) തിരുമേനിയെ നോക്കി. ഞങ്ങൾ അതിന്റെ കുഞ്ഞു ങ്ങളെ എടുത്തിരുന്നു. അപ്പോൾ ആ കിളി ഞങ്ങ ളുടെ ചുറ്റും വട്ടമിട്ട് ചിലയ്ക്കാൻ തുടങ്ങി. നബി (സ)തിരുമേനി ഇതു കണ്ടപ്പോൾ ഇപ്രകാരം ചോ ദിച്ചു, 'ഈ കുഞ്ഞുങ്ങൾ കാരണത്താൽ പക്ഷിയെ ബുദ്ധിമുട്ടിച്ചതാരാണ്? അതിന്റെ കുട്ടികളെ കൂട്ടിൽ കൊണ്ടുപോയി വെക്കുക.' (സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ബാബ് ഖത്ലുദ്ദർ)

ഹദ്റത്ത് ആയിശാ(റ) വിവരിക്കുന്നു: 'ഒരു ദിവസം ഞാൻ കുഴപ്പക്കാരനായ ഒട്ടകത്തിന്റെ മുകളിൽ യാത്ര ചെയ്യാൻ കയറി. അത് എന്നെ ബുദ്ധിമുട്ടിക്കു കയായിരുന്നു.അപ്പോൾ ഞാനതിനെ അങ്ങോട്ടുമി ങ്ങോട്ടും ഓടിക്കാൻ തുടങ്ങി. നബി(സ)തിരുമേനി ഇതു കണ്ടപ്പോൾ പറഞ്ഞു, 'സൗമ്യമായി പെരു മാറുക.'(സ്വഹീഹ് മുസ്ലിം, കിതാബുൽ ബിർറി വസ്സില, ബാബ് ഫീ ഫള്ലിരിഫ്ഖ്)

നബി(സ)തിരുമേനി ഒരു സ്വഹാബിയുടെ കൂടെ യാത്രയിലായിരുന്നു. വഴിയിലൊരു സ്ഥലത്ത് ഒരു പക്ഷി മുട്ടയിട്ടുണ്ടായിരുന്നു. ഒരു വ്യക്തി ആ മുട്ട എടുത്തു. ആ പക്ഷി പാഞ്ഞു വന്ന് നബി(സ)തിരു മേനിയുടെ തലയ്ക്കുമീതെ ചിലച്ചുകൊണ്ട് വട്ടമിട്ട് പറക്കാൻ തുടങ്ങി. നബി(സ)തിരുമേനി പറഞ്ഞു, '-ഇതിനോട് കരുണ കാണിക്കൂ. അതിന്റെ മുട്ട അവിടെത്തന്നെ വെക്കുക.'

റിപ്പോർട്ടുകളിൽ കാണപ്പെടുന്നു. ദീർഘയാത്ര കൾ ചെയ്യുമ്പോൾ നബി(സ)തിരുമേനിയും സ്വ ഹാബാക്കളും മാറി മാറിയാണ് യാത്രാവാഹന ത്തിൽ ഇരിക്കാറുണ്ടായിരുന്നത്. കാരണം, ആ ദുഷ്കരമായതും മണൽ നിറഞ്ഞതുമായ വഴിയിൽ മൃഗത്തിന് കൂടുതൽ മുദ്ധിമുട്ടാകാതിരിക്കാനായി രുന്നു അപ്രകാരം ചെയ്തത്. കൂടുതൽ കഴിവി ല്ലാത്ത ഒട്ടകത്തിന്റെമേൽ കൂടുതൽ സാധനങ്ങൾ കയറ്റുന്നതും മൂന്ന് പേർ യാത്ര ചെയ്യുന്നതും നബി(സ)തിരുമേനി അനിഷ്ടപ്പെട്ടിരുന്നു. മൃഗ ങ്ങളുടെ സുഖത്തിനും ആവശ്യങ്ങൾക്കുംവേണ്ടി യാത്രാവേളകളിൽ ഇടയ്ക്ക് തമ്പടിക്കാറുണ്ടായിരു ന്നു. മൃഗങ്ങളെ അതിദാരുണമായി മുറിവേൽപ്പിക്കു ന്നതും പ്രതിജ്ഞയോ നേർച്ചയോ നിർവ്വഹിക്കാൻ വേണ്ടി ജീവനുള്ള മൃഗങ്ങളിൽ നിന്നു മാംസ ഭാഗം മുറിച്ചെടുക്കുന്നതിനേയും ശക്തമായി വിലക്കുക യും നീരസം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ ഉപയോഗിക്കപ്പെ ടുന്ന യുദ്ധക്കുതിരകളെ നബി(സ)തിരുമേനി വള രെയധികം സ്നേഹിച്ചിരുന്നു. മറ്റു പ്രവാചകൻമാ രുടെ ചരിത്രത്തിലെങ്ങും കാണപ്പെടാത്ത വിധം സ്വഹാബാക്കളിൽ ആ സ്നേഹം രൂഢമൂലമാക്കു കയും ചെയ്തു. അവരെ സേവകർ എന്ന് നാമക രണം ചെയ്തിരുന്നു. അവയെ ആരോഗ്യത്തോടും അന്നപാനീയങ്ങൾ നൽകിക്കൊണ്ടും വളർത്തു ന്നതിൽ പ്രത്യേകം ശ്രദ്ധിക്കാൻ നിഷ്കർഷിക്കു മായിരുന്നു. തന്റെ ഉമ്മത്തിനോടായി നബി(സ) തിരുമേനി പറഞ്ഞു: **അൽഖയ്ലു മഅ്ഖൂദുൻ ഫീ നവാസീഹൽഖയ്റു ഇലാ യൗമിൽഖിയാമത്തി.** അവസാന നാൾവരെ എന്റെ ഉമ്മത്തിന് കുതിരകളുടെ നെറ്റിത്തടം അനുഗൃഹീതമാക്കാൻ

അത്യുന്നതനായ അല്ലാഹു തീരുമാനിച്ചിരിക്കുന്നു. (ബുഖാരി, ഹദീഥ് നമ്പർ 2852)

ഒട്ടകത്തിന്റേയും ആടുകളുടേയും പ്രയോജനത്തെ കുറിച്ച് സ്മരിച്ചുകൊണ്ട് നബി(സ) പറയുന്നു: **അൽ ഇബ്‌ലു ഇസ്സുൻ ല്ലി അഹ്‌ലിഹാ, വൽ ഗന മു ബർക്കത്തുൻ.** ഒട്ടകം അതിന്റെ ഉടമക്ക് അഭി മാനവും അന്തസ്സുമാകുന്നു. ആടുകളെ പരിപാ ലിക്കുന്നവർക്ക് അവ അനുഗ്രഹത്തിനും കാരണ മാകുന്നു.

മറ്റൊരു ഹദീഥിൽ നബി(സ)തിരുമേനി പറയു ന്നു: ''പൂവൻകോഴിയെ ചീത്ത വിളിക്കരുത്. അത് നമസ്കരിക്കാൻ വേണ്ടി വിളിച്ചുണർത്തുന്നു.'' (അബൂ ദാവൂദ്, ബാബ് മാ ജാഅ ഫിദ്ദീകി,ഹദീഥ് നമ്പർ 5191)

ഒരു ദാഹിച്ച് വലഞ്ഞ നായക്ക് വെള്ളം കൊടുത്ത് സ്വർഗത്തിന് അവകാശിയായിത്തീർന്ന ഒരു വ്യഭി ചാരിയായ സ്ത്രീയുടെ സംഭവവും ഒരു പൂച്ചയെ പട്ടിണിക്കിട്ടത് കാരണത്താൽ നരകാവകാശിയായി ത്തീർന്ന സ്ത്രീയുടെ സംഭവവും വിവരിച്ചുകൊണ്ട് മൃഗങ്ങളോടുള്ള സൽപെരുമാറ്റത്തിലും അതിന്റെ വിശപ്പും ദാഹവും അകറ്റുന്നതുമുഖേനയും ഉന്ന തനായ ദൈവം എത്ര വലിയ പ്രതിഫലം വെച്ചിരി ക്കുന്നുവെന്ന കാര്യത്തിലേക്ക് നബി(സ)തിരുമേനി നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. ജാഹിലിയ്യാ(അജ്ഞ തയുടെ) കാലഘട്ടത്തിൽ മൃഗങ്ങളോട് വളരെ മോ ശമായ രീതിയിലാണ് പെരുമാറിയിരുന്നത്. ആചാ രങ്ങളുടെ പേരിൽ അതിന്റെമേൽ വിവിധങ്ങളായ അതിക്രമങ്ങൾ നടത്തിയിരുന്നു. ഇരു ലോകത്തി നും കാരുണ്യമായി അവതരിച്ച ആദരണീയ നബി (സ)തിരുമേനി അത്തരത്തിലുള്ള എല്ലാ ദുരാചാര ങ്ങൾ ചെയ്യുന്നതിൽ നിന്നും മൃഗങ്ങൾക്ക് അത്തരം ബുദ്ധിമുട്ട് ഏൽപ്പിക്കുന്നതിൽ നിന്നും തന്റെ ഉമ്മ ത്തിനെ വിലക്കുകയുണ്ടായി.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ് (റ) വിവ രിക്കുന്നു: നബി(സ) തിരുമേനി പറഞ്ഞു: **'തഹ് രീശുൻ ബയ്നൽ ബഹായിമി'** മൃഗങ്ങളെ പ ര സ്പരം പോരടിപ്പിക്കുന്നതിൽ നിന്ന് തടയാ റുണ്ടായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) വിവരിക്കു ന്നു: നബി(സ)തിരുമേനി പറഞ്ഞു: 'മൃഗങ്ങളുടെ ചെവിയും മൂക്കും മുറിക്കുന്നവന്റെമേൽ അല്ലാഹു വിന്റെ ശാപം ഉണ്ടാകുന്നു.'

കളിതമാശകൾക്കുവേണ്ടി ജീവനുള്ള മൃഗങ്ങളെ ഉപയോഗിക്കുന്നത് ഉന്നതനായ ദൈവത്തിന്റെ നീ രസത്തിന് കാരണമായിത്തീരുന്നതാണെന്നും ആ മഹാത്മാവ് താക്കീത് ചെയ്തിരിക്കുന്നു.

എന്നാൽ, ഉപദ്രവകാരിയും ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന മൃഗങ്ങളെ കൊല്ലുന്നതിനുള്ള കൽപ്പന തീർച്ചയായും നൽകിയിട്ടുണ്ട്. ഉദാഹരണമായി പാമ്പ്, തേൾ തുടങ്ങിയവ. പക്ഷേ, അവയെ കൊ ല്ലുമ്പോഴും അക്രമപരമായ രീതിയിൽ ചെയ്യരുത് എന്നുള്ള ഔദാര്യത്തിന്റേയും നന്മയുടേയും കൽപ്പ നയാണ് നബി(സ)തിരുമേനി നൽകിയിട്ടുള്ളത്. മൃഗങ്ങളെ തീയിലിട്ട് കൊല്ലരുതെന്ന് ലോകാനു ഗ്രഹി(സ)പറഞ്ഞിരിക്കുന്നു. അറുക്കപ്പെടുന്ന മൃഗ ങ്ങളോടും നല്ല രീതിയിൽ പെരുമാറാൻ നിഷ്കർ ഷിച്ചിരിക്കുന്നു.പറയുന്നു, 'അറുക്കുമ്പോൾ നല്ല രീതിയിൽ അവയെ അറുക്കുക. കത്തി നല്ല മൂർച്ച യുള്ളതാക്കുക. മൃഗങ്ങൾക്ക് ശാന്തത നൽകുക.'' (തുർമുദി,ബാബ് അന്നഹാ അനിൽ മുഥ്‌ലഃ).

ചുരുക്കത്തിൽ, നബി(സ)തിരുമേനിയുടെ കാരുണ്യ ത്തിന്റേയും ഔദാര്യത്തിന്റേയും പെരുമാറ്റം കേ വലം മനുഷ്യരിൽ മാത്രം പരിമിതമായിരുന്നില്ല. മറിച്ച് അദ്ദേഹത്തിന്റെ കാരുണ്യത്തിന്റെ ലോകം മൃ ഗങ്ങളേയും വലയം ചെയ്തിരുന്നു. അവരുടെ അ വകാശങ്ങൾക്കുവേണ്ടിയും അവിടന്ന് അദ്ധ്വാനിച്ചു. അവർക്കും തന്റെ കാരുണ്യത്തിന്റേയും ഔദാര്യത്തി ന്റേയും നിഴലിൽനിന്ന് സമ്പൂർണ ഓഹരി നൽകി.

മുഹബ്ബത്ത് സേ ഘായിൽ കിയാ ആപ് നേ
ദലായിൽ സേ ഖാഇൽ കിയാ ആപ് നേ
ജഹാലത് കൊ സായിൽ കിയാ ആപ് നേ
ശരീഅത്ത് കൊ കാമിൽ കിയാ ആപ് നേ
ബയാൻ കർ ദിയേ സബ് ഹലാൽ വ ഹറാം
അലയ്ക്കസ്സ്വലാത്തു അലയ്ക്കസ്സലാം

സ്നേഹം കൊണ്ട് അദ്ദേഹം മുറിവേൽപ്പിച്ചു. തെ ളിവുകൾ കൊണ്ട് മറ്റുള്ളവരെ അനുകൂലികളാക്കി. അജ്ഞതയെ അദ്ദേഹം തുടച്ചു നീക്കി. ശരീഅ ത്തിനെ അദ്ദേഹം സമ്പൂർണ്ണമാക്കി. എല്ലാ അനു വദനീയമായതിനേയും നിഷിദ്ധമായതിനേയും അ ദ്ദേഹം വിശദീകരിച്ചു. താങ്കളുടെമേൽ ശാന്തി ഉ ണ്ടാകട്ടെ,സമാധാനം താങ്കളുടെമേൽ ഉണ്ടാകട്ടെ.

സർവാനുഗ്രഹിയായ നബി(സ)തിരുമേനിയുടെ സ മ്പൂർണ നിഴലായ സയ്യിദുനാ ഹദ്റത്ത് വാഗ്ദത്തമ സീഹ്(അ)ന്റെ ഒരു ലിഖിത ശകലത്തോട് കൂടി ഈ ലേഖനത്തിന് വിരാമമിടുകയാണ്.

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാംഅഹ് മദ്(അ)പറയുന്നു: ''ഞാൻ എപ്പോഴും അത്ഭുതദൃ ഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നു പേരുള്ള ഈ അറബി പ്രവാചകൻ(ആയി രമായിരം സ്വലാത്തും സലാമും അവിടത്തെമേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ട പദവി യാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യംതന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോ കഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്ക പ്പെടുമാറായില്ല. ലോകത്തുനിന്ന് തികച്ചും അപ്ര ത്യക്ഷമായി കഴിഞ്ഞിരുന്ന ആ ''തൗഹീദ്' അഥവാ ഏകദൈവവിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്ന് ദൈവത്തോടു അങ്ങേയറ്റത്തെ സ്നേ ഹം പുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനു ഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പേയുള്ളവരും പിമ്പേയുള്ളവരുമായ സകല പ്ര വാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേ ഹത്തിന് നല്കുകയും അദ്ദേഹത്തിന്റെ ആഗ്ര ഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹ ത്തിനു സാധിപ്പിച്ചു കൊടുക്കുകയും ചെയ്തു.'' (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനി ഖസായിൻ വാ ള്യം 22,പേജ്–118)

''സത്യസന്ധമായ സഹാനുഭൂതിയോടെ മനുഷ്യ കുലത്തിന് ചെയ്യുന്ന ഒരു നബിയുടെ പ്രവർത്തനം ആ നബിയുടെ ശ്രേഷ്ഠതയായി സ്ഥപിതമാകുമെ ങ്കിൽ, അല്ലയോ ജനങ്ങളേ, എഴുന്നേൽക്കുക, സാ ക്ഷികളാകുക, ഈ ഗുണത്തിൽ മുഹമ്മദ്(സ)ക്ക് ഇഹലോകത്തിൽ പകരം വെക്കാൻ മറ്റൊരാളില്ല.... അന്ധരായ സൃഷ്ടി പൂജകർ സഹാനുഭൂതിയുടെ ആയിരക്കണക്കിന് മാതൃകകൾ കാഴ്ചവച്ച ഈ മഹാനായ നബിയെ തിരിച്ചറിഞ്ഞില്ല.''(തബ്‌ലീഗെ രിസാലത്ത്, വാള്യം 8 പേജ് 10)

നബി(സ)തിരുമേനിയുടെ ജീവിതം ഒരു മഹത്താ യ വിജയശ്രീലാളിതന്റേതായിരുന്നു. ശ്രേഷ്ഠ സ്വ ഭാവത്തിന്റെ കാര്യത്തിലായാലും ആത്മീയ പ്ര ഭാവത്തിന്റേയും ധൈര്യപൂർവ്വമായ തീരുമാനങ്ങളു ടേയും വെളിച്ചത്തിലായാലും അധ്യാപനത്തിന്റെ മികവിലും സമ്പൂർണതയിലുമായാലും, മാതൃക യിലും പ്രാർഥനാ സ്വീകാര്യതയുടെ വിഷയത്തി ലായാലും ചുരുക്കിപ്പറഞ്ഞാൽ, ഏതു രൂപത്തിലും ഏതു വശത്തിലും പ്രകാശിതമായ സാക്ഷ്യങ്ങളു ടേയും ദൃഷ്ടാന്തങ്ങളുടേയുംജീവിതം നയിച്ച ആ മഹാത്മാവിനെ അനാവശ്യ ശത്രുതയും വാശിയും ഉപേക്ഷിച്ചുകൊണ്ട് നോക്കുകയാണെങ്കിൽ വിഡ് ഢികളിൽ വിഡ്ഢികളായവർക്കു പോലും വ്യക്ത മായി ഈ യാഥാർഥ്യം അംഗീകരിക്കേണ്ടി വരു ന്നതാണ്. അതായത്,നബി(സ)തിരുമേനി *തഖല്ല ഖൂ ബി അഖ്‌ലാഖില്ലാഹ്* (അല്ലാഹുവിന്റെ സ്വ ഭാവങ്ങളെ സ്വീകരിക്കുക) എന്ന വാക്യത്തിന്റെ സമ്പൂർണ മാതൃകയും പൂർണ മനുഷ്യനുമായി രുന്നു.''(അൽഹക്കം നമ്പർ 13, വാള്യം 2, പേജ് 5, 10–4–1902)

യാ റബ്ബി സ്വല്ലി അലാ നബിയ്യിക്ക ദായിമൻ
ഫീ ഹാദിഹിദ്ദുൻയാ വ ബഅ്ഥിൻ ഥാനീ
(അല്ലാഹുവേ, നിന്റെ നബിയുടെമേൽ നീയെന്നും ശാന്തിയും സമാധാനവും ചൊരിയേണമേ; ഇഹ ലോകത്തും ഉയർത്തെഴുന്നേൽപു നാളിലും)

......☆......☆......☆......







## വാർഷിക ജൽസയിൽ പങ്കെടുക്കുന്നവർക്കായി ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ പ്രാർഥന

"ഈ സമ്മേളനത്തെ മറ്റു സമ്മേളനങ്ങളെപ്പോലെ നിങ്ങൾ കരുതരുത്. ഇതിന്റെ അടി സ്ഥാന ശില അല്ലാഹുതന്നെ അവന്റെ കൈകൊണ്ട് വെച്ചതത്രെ. അടുത്തുതന്നെ അതി ലേക്ക് കൂട്ടം കൂട്ടമായി വന്നെത്തുന്നതിന് ജനപദങ്ങളെ അവൻ ഒരുക്കിക്കഴിഞ്ഞിരിക്കു ന്നു. എന്തെന്നാൽ, ആരുടെ മുമ്പിൽ ഒന്നും അസാധ്യമായിട്ടില്ലയോ ആ സർവശക്തന്റെ പ്രവൃത്തിയത്രെ ഇത്.

"ഞാൻ ദുആ ചെയ്യുന്നു. ഈ ജൽസയിൽ പങ്കെടുക്കുന്നതിന് യാത്ര ചെയ്യുന്നവരോടൊ ഷം അല്ലാഹു ഉണ്ടായിരിക്കട്ടെ. അവർക്ക് മഹത്തായ പ്രതിഫലം നല്കുകയും അവരിൽ കരുണ ചൊരിയുകയും ചെയ്യട്ടെ. അവരുടെ ബുദ്ധിമുട്ടുകൾ ദൂരീകരിക്കുകയും അസ്വാ സ്ഥ്യങ്ങൾ നീക്കുകയും അവരെ എല്ലാ കഷ്ടപ്പാടുകളിൽനിന്ന് മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ. അവരുടെ സദുദ്ദേശ്യങ്ങളെല്ലാം പൂർത്തിയാക്കപ്പെടുമാറാകട്ടെ. ഉയി ർത്തെഴുന്നേൽപ്പുനാളിൽ അവർ അല്ലാഹുവിന്റെ അനുഗൃഹീത ദാസരോടൊഷം എഴു ന്നേല്പിക്കപ്പെടുകയും അവരുടെ യാത്രാന്ത്യത്തോടെ അവർക്കുശേഷം അവരുടെ പ്ര തിനിധിയുണ്ടായിരിക്കുകയും ചെയ്യുമാറാകട്ടെ. മഹത്ത്വമുടയവനും മഹാ ഔദാര്യവാനും കരുണാമയനും പ്രയാസങ്ങൾ അകറ്റുന്നവനുമായ അല്ലാഹുവേ! ഈ എല്ലാ ദുആകളും നീ സ്വീകരിക്കേണമേ. ഞങ്ങൾക്കു ഞങ്ങളുടെ എതിരാളികളുടെമേൽ വ്യക്തമായ അട യാളങ്ങൾകൊണ്ട് നീ വിജയം നല്കേണമേ. ആമീൻ ഥുമ്മ ആമീൻ."(1892 ഡിസംബർ 7)

# മൂന്നാംലോക മഹായുദ്ധവും മനുഷ്യരാശിയുടെ രക്ഷയും അഹ്മദിയ്യാ ജമാഅത്തിന്റെ സേവനവും

**ഹിദായത്തുല്ലാ മണ്ടാശി, ഖാദിയാൻ**

**മൊഴിമാറ്റം: മൗലവി അലിക്കുഞ്ഞ് എച്ച്. എ കരുളായ്**

ലോകം ഇന്ന് നാനാതരത്തിലുള്ള അസ്വസ്ഥതയിലും അരക്ഷിതാവസ്ഥയിലും അസമാധാനത്തിലും അതിക്രമത്തിലും അനീതിയിലും കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണ്. വ്യക്തികളും സമൂഹങ്ങളും രാഷ്ട്രങ്ങളും സദാ നാശത്തെക്കുറിച്ച് ഭയപ്പെട്ടുകൊണ്ടിരിക്കുന്നു. നിസ്സാര കാര്യങ്ങൾക്കുവേണ്ടി രാജ്യങ്ങൾ പരസ്പരം അണുബോംബ് ഭീഷണി മുഴക്കുന്നു. ഓരോ രാജ്യവും തങ്ങളുടെ സുരക്ഷയുടെ പേരിൽ ആയുധക്കൂമ്പാരങ്ങൾ ഒരുക്കൂട്ടുന്നു. അതിൽ മത്സരിച്ചുകൊണ്ടിരിക്കുന്നു.

ഇവ്വിധ സാഹചര്യങ്ങളിൽ വ്യക്തികളും സമൂഹങ്ങളും മഹാഭീഷണിയിൽ കഴിഞ്ഞുകൂടുകയാണ്. ഈ അവസ്ഥക്ക് കാരണം ദൈവത്തിൽനിന്നും ഖുർആനികാധ്യാപനങ്ങളിൽനിന്നുമുള്ള അകൽച്ചയാണ്. ഖുർആനികാധ്യാപനങ്ങൾക്കനുസൃതമായ പ്രവർത്തനമില്ലാതെയും ദൈവവുമായി ബന്ധമില്ലാതെയും സമാധാനം കൈവരിക്കാൻ സാധ്യമല്ല. അതിനുവേണ്ടിയാണ് അല്ലാഹു പരിഷ്ക്കർത്താക്കളേയും മുജദ്ദിദ്, ഔലിയാക്കളേയും ആക്കിത്തരുന്നത്.

ഹിജ്റ 14-ാം നൂറ്റാണ്ടിൽ റസൂൽ കരീം(സ)ന്റെ രണ്ടാം നിയോഗം വിധിക്കപ്പെട്ടതായിരുന്നു. ഖുർആനിലും ഹദീഥിലും പറയപ്പെട്ട ആ നിയോഗം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയിലൂടെ പൂർത്തീകരിക്കുകയുണ്ടായി. മസീഹ് വരുമ്പോൾ യുദ്ധം നിറുത്തലാക്കപ്പെടുമെന്ന് പ്രവചനമുണ്ട്. അതിനുള്ള ശ്രമങ്ങൾ അദ്ദേഹം നടത്തുകയുണ്ടായി. അദ്ദേഹം പറയുന്നു:

"ഞാൻ മര്യാദയോടും വിനയത്തോടുംകൂടി മുസ്‌ലിം പണ്ഡിതരേയും ക്രിസ്തീയ പാതിരിമാരേയും ഹിന്ദു പണ്ഡിതരേയും അറിയിക്കട്ടെ; ഞാൻ സ്വഭാവപരവും വിശ്വാസപരവും കർമപരവുമായ ബലഹീനതകളേയും തെറ്റുകളേയും തിരുത്തുന്നതിനുവേണ്ടി നിയോഗിക്കപ്പെട്ടിരിക്കുകയാണ്. എന്നെ ഈസാ(അ)ന്റെ മാതൃകയിൽ മസീഹായി നിയോഗിച്ചിരിക്കുന്നു. അത്ഭുതദൃഷ്ടാന്തങ്ങളും വിശുദ്ധ അധ്യാപനങ്ങളും മുഖേന സത്യത്തെ ലോകത്ത് പരത്താൻ എനിക്ക് കല്പന നൽകപ്പെട്ടിരിക്കുകയാണ്. മതത്തിനുവേണ്ടി വാളെടുക്കുന്നതിനും മനുഷ്യനെ വധിക്കുന്നതിനും ഞാൻ എതിരാകുന്നു. ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ, ലോകത്ത് ആരോടും എനിക്ക് ഒരു ശത്രുതയുമില്ല. വാത്സല്യനിധിയായ മാതാവിനേക്കാളുപരി ഞാൻ മനുഷ്യകുലത്തെ സ്നേഹിക്കുന്നു. സത്യത്തെ നശിപ്പിക്കുന്ന തെറ്റായ വിശ്വാസങ്ങളുടെ ശത്രുവാകുന്നു ഞാൻ. മനുഷ്യനോടുമുള്ള സഹതാപം എനിക്ക് നിർബന്ധമാണ്. കളവ്, ബഹുദൈവാരാധന, അക്രമം തുടങ്ങി സർവ്വവിധ ദുഷ്പ്രവർത്തികളോടും, അനീതികളോടും ദുസ്വഭാവങ്ങളോടും വിരക്തി എന്റെ ആദർശവുമാണ്." (അർബയീൻ, റൂഹാനിഖസായിൻ, വാല്യം 17, പേജ് 343-344)

ഇസ്‌ലാം സമാധാനത്തിന്റേയും ശാന്തിയുടേയും ഐക്യത്തിന്റേയും രഞ്ജിപ്പിന്റേയും മതമാണ്. മതാന്തരീക്ഷത്തിൽ സമാധാനം നിലനിറുത്താൻ മതകാര്യങ്ങളിൽ നിർബന്ധം പാടില്ല. അല്ലാഹു ഖുർആനിൽ പറയുന്നു: **ലാ ഇക്റാഹ ഫിദ്ദീൻ**(2:257) മതത്തിന്റെ കാര്യത്തിൽ ഒരുവിധത്തിലുള്ള ബലാൽക്കാരവുമില്ല. വീണ്ടും പറയുന്നു: **ഖുലിൽഹഖ്ഖു മിൻ റബ്ബിക്കും ഫമൻ ശാഅ ഫൽയുഅ്മിൻ വമൻശാഅ ഫൽയക്ഫുർ** (18:30)

പറയുക, ഇത് നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യമാണ്. അതുകൊണ്ട് ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ വിശ്വസിക്കട്ടെ. ഏതൊരാൾ ഉദ്ദേശിക്കുന്നുവോ അവൻ അവിശ്വസിക്കട്ടെ.

ലോകത്ത് സമാധാനം നിലനിറുത്തുന്നതിന് സർവ്വമതാചാര്യന്മാരേയും ആദരിക്കാനും ഖുർആനിൽ അല്ലാഹു കല്പന നല്കിയിരിക്കുന്നു. അവരെല്ലാവരും അല്ലാഹുവിൽ നിന്നുള്ളവരാണെന്നും ഖുർആൻ പറയുന്നു. **വലി കുല്ലി ഖൗമിൻ ഹാദ്(13:8)** എല്ലാ ഓരോ സമുദായത്തിനും അല്ലാഹുവിൽനിന്ന് മാർഗദർശനങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. **വ ഇൻ മിൻ ഉമ്മത്തിൻ ഇല്ലാ ഖലാ ഫീഹാ നദീർ(35:25)** എല്ലാ ഓരോ സമുദായത്തിലും താക്കീതുകാരൻ കഴിഞ്ഞുകടന്നിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഒരു സമുദായത്തിന്റെ മതനേതാക്കന്മാരേയും ഒരിക്കലും അധിക്ഷേപിക്കുകയോ കുറ്റപ്പെടുത്തുകയോ ചെയ്യാത്ത ഒരു പരിശുദ്ധ മതമാകുന്നു ഇസ്‌ലാം. വിശുദ്ധഖുർആൻ എല്ലാ ജാതിക്കാരുടേയും പ്രവാചകരെ അംഗീകരിച്ചുകൊണ്ട് വിവിധ ജാതികളുടേയും സമുദായങ്ങളുടേയും ഇടയിൽ സമാധാനത്തിന്റേയും സൗഹാർദ്ദത്തിന്റേയും അടിസ്ഥാനമിട്ടുതന്നിരിക്കുന്ന ഒരു പവിത്രഗ്രന്ഥവുമാണ്." (പയ്ഗാമെ സ്വുൽഹ്, പേജ് 30)

മനുഷ്യർ സൃഷ്ടികളിൽ ഉത്തമരാണെന്നും അവരെല്ലാം ആദം സന്തതികൾ എന്ന നിലക്ക് തുല്യരാണെന്നുമുള്ള ഇസ്‌ലാമിന്റെ അധ്യാപനം ജാതി ഗോത്ര സങ്കല്പങ്ങളെ ഇല്ലാതാക്കുകയും സമത്വം പ്രദാനം ചെയ്യുകയും ചെയ്തു. അല്ലാഹു പറയുന്നു. **വജഅൽനാക്കും ശുഊബൻവ്വ ഖബാഇല ലിതആറഫൂ ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ (49:14)** നിങ്ങൾ അന്യോന്യം പരിചയപ്പെടുന്നതിനുവേണ്ടിയാണ് നിങ്ങളെ വിവിധ സമുദായങ്ങളും ഗോത്രങ്ങളുമാക്കിയിരിക്കുന്നത്. തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) പറയുന്നത് നോക്കുക :

"അല്ലയോ മനുഷ്യരേ കേട്ടുകൊള്ളുവിൻ! നിങ്ങളുടെ നാഥൻ ഏകനാകുന്നു. നിങ്ങളുടെ പിതാവും ഏകനാകുന്നു. അറബികൾക്ക് അനറബികളുടെമേൽ ഒരു മേൽക്കോയ്മയും ഇല്ല. അതുപോലെ അനറബികൾക്ക് അറബികളുടെമേലും ഒരു മേൽക്കോയ്മയും ഇല്ല. വെളുത്തവർക്ക് കറുത്തവരുടെമേൽ ഒരു സവിശേഷതയുമില്ല. കറുത്തവർക്ക് വെളുത്തവരുടെമേലും ഒരു സവിശേഷതയുമില്ല."

ഇന്ന് ലോകം അസമാധാനത്തിലാണ്. നാനാഭാഗത്തും ഒരു ലോകമഹായുദ്ധത്തിനുള്ള തയ്യാറെടുപ്പാണ്. ഈ സമയത്ത് ഇസ്‌ലാമിന്റെ സമാധാന സന്ദേശം നടപ്പിലാക്കുകയെന്ന ഉപദേശമാണ് ലോകത്തിനാവശ്യം. യഥാർഥ സമാധാനം ദൈവനിയോഗിതർ മുഖേനയാണ് സാധ്യമാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ സ്നേഹസന്ദേശം ലോകത്ത് പരത്തുകയുണ്ടായി.

**ലോകസമാധാനത്തിന്**
**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ**
**പ്രയത്നങ്ങൾ:**

വാഗ്ദത്ത് മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) വിവരിച്ചുതന്ന മാർഗങ്ങളിലൂടെ മാത്രമേ ഇന്ന് നമുക്ക് സമാധാനമുണ്ടാക്കാൻ സാധ്യമാവുകയുള്ളൂ. അദ്ദേഹത്തിന്റെ ഖിലാഫത്തും ജമാഅത്തും അതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ജിഹാദിന്റെ യാഥാർഥ്യം ഖുർആനിന്റേയും ഹദീഥിന്റേയും അടിസ്ഥാനത്തിൽ അദ്ദേഹം വിവരിച്ചുതന്നിരിക്കുന്നു. അദ്ദേഹം പറയുന്നു:

"ജിഹാദിന്റെ ഈ രീതി കാരണം ഇക്കാലത്ത് അധികമാളുകളും മൃഗീയരായിത്തീരുകയാണ്. ഇത് ഇസ്‌ലാമിക ജിഹാദല്ല. ഇത് ദോഷപ്രവണമായ ആത്മാവിന്റെ ആവേശത്താൽ സ്വർഗത്തിനുള്ള തെറ്റായ ആഗ്രഹമാണ്. ഇത് മുസ്‌ലിംകളിൽ പരന്നിരിക്കുന്ന അനുവദനീയമല്ലാത്ത പ്രവർത്തനങ്ങളാകുന്നു." (ഗവർമ്മെന്റ് അൻഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ, വാല്യം 17 പേജ് 9-10) വീണ്ടും പറയുന്നു: യഥാർഥത്തിൽ ഇവരുടെ മനസ്സിലുള്ള ജിഹാദ് സംബന്ധമായ കാര്യങ്ങൾ ശരിയല്ല. അതിന്റെ ആദ്യപടിതന്നെ മാനുഷിക സഹാനുഭൂതിയെ നശിപ്പിക്കലാണ്. ഒരാൾ അങ്ങാടിയിലൂടെ നടന്നുപോകുന്നു. നാം അയാളെ അറിയുന്നില്ല. അയാൾക്ക് നമ്മേയും അറിയില്ല. അങ്ങനെയുള്ള ഒരാളെ വധിക്കുവാൻ ഉദ്ദേശിച്ച് നിറയൊഴിക്കുന്നത് മതമാണോ? ഇതാണ് നന്മയെങ്കിൽ മൃഗങ്ങൾ മനുഷ്യരേക്കാൾ കൂടുതൽ നന്മ ചെയ്യുന്നുവെന്ന് പറയേണ്ടിയിരിക്കുന്നു. ഒരു കുറ്റവുമില്ലാത്തവരെ ഇങ്ങനെ വധിക്കാൻ നമുക്ക് അല്ലാഹു അനുവാദം തരുന്നുണ്ടോ? നിരപരാധികളായ ആളുകളെ വധിക്കാൻ അനുവാദം നൽകുന്ന മതം ദൈവികമാകുമോ? വധിച്ചാൽ നിങ്ങൾ സ്വർഗത്തിൽ പ്രവേശിക്കുമോ? നിർഭാഗ്യകരവും ലജ്ജാകരവുമായ കാര്യമാണിത്. ഒരാൾ തന്റെ മക്കൾക്കുവേണ്ടി വല്ലതും വാങ്ങിക്കൊണ്ടിരിക്കുന്നു. അല്ലെങ്കിൽ മറ്റെന്തെങ്കിലും ചെയ്തുകൊണ്ടിരിക്കുന്നു. അയാളോട് നമുക്കും മുൻപരിചയമോ വൈരാഗ്യമോ ഒന്നുംതന്നെയില്ല. ഒരു നിമിഷം കൊണ്ട് അയാളുടെ കഥ കഴിക്കുക! കുട്ടികളെ യത്തീമാക്കുകയും ഭാര്യയെ വിധവയാക്കുകയും ചെയ്തുകൊണ്ട് ആ വീടിനെ ദുഃഖത്തിൽ വീഴ്ത്തുകയെന്ന് ഏത് ഹദീഥിലാണ് പറഞ്ഞിരിക്കുന്നത്? ഏത് ഖുർആനിക വചനത്തിലാണുള്ളത്? ഇതിന് മറുപടി തരാൻ ഏതെങ്കിലും മൗലവി ഉണ്ടോ? ഈ വിവരംകെട്ടവർ ജിഹാദെന്ന് കേട്ട് തങ്ങളുടെ സ്വച്ഛേകൾക്ക് അടിപ്പെട്ട് എന്തോ ചെയ്യുന്നു. അല്ലെങ്കിൽ വെറും ഭ്രാന്തരായി രക്തം ചിന്തുന്നു. മുസ്‌ലിംകളെന്ന കാരണത്താൽ മുസ്‌ലിംകളെ ആരും വധിക്കുന്നില്ലെങ്കിൽ പിന്നെ നിരപരാധികളായ ആളുകളെ ഏത് കല്പനയുടെ അടിസ്ഥാനത്തിലാണ് വധിക്കുന്നത്." (ഗവർമ്മെന്റ് അൻഗ്രേസി ഔർ ജിഹാദ്, റൂഹാനി ഖസായിൻ വാല്യം 17, പേജ് 11-13)

**ജിഹാദിനെക്കുറിച്ചുള്ള**
**തെറ്റായ ധാരണയുടെ തിക്തഫലം:**

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) കാബൂൾ അമീ

റിനെ ഇത് സംബന്ധിച്ച് ബോധവൽക്കരിക്കുകയും അതിന്റെ അപകടസാധ്യതകളെക്കുറിച്ച് അറിയിക്കുകയും ചെയ്തിരുന്നു. ഇന്ന് അതൊരു ജീവസ്സുറ്റ യാഥാർഥ്യമായി നമ്മുടെ മുമ്പിലുണ്ട്. അതുപോലെ ലോകസമാധാനം നിലനിറുത്തുന്നതിനുവേണ്ടി ക്രിസ്തീയ പാതിരിമാരേയും ഭരണാധികാരികളേയും ഉദ്ബോധിപ്പിക്കുകയും നീതിയിലധിഷ്ഠിതമായ ഭരണം നടത്താനും പ്രകോപനപരമായ കാര്യങ്ങളിൽനിന്നും വിട്ടുനിൽക്കാനും ഉപദേശിച്ചു.

ആ മഹാത്മാവ് പറയുന്നു: "ഖുർആൻ ഒരിക്കലും ജിഹാദിന്റെ അധ്യാപനം നല്കുന്നില്ലെന്ന് നാം പലപ്പോഴും എഴുതിക്കഴിഞ്ഞിട്ടുള്ളതാണ്. ആരംഭകാലത്ത് ഇസ്ലാമിന്റെ ചില എതിരാളികൾ വാളുകൊണ്ട് ഇസ്ലാമിനെ തടയാൻ എന്നല്ല ഉന്മൂലനംചെയ്യാൻ ഒരുങ്ങിയപ്പോൾ ഇസ്ലാം അതിന്റെ സംരക്ഷണത്തിന് വാളെടുത്തു എന്നതാണ് യാഥാർഥ്യം. അവരെ സംബന്ധിച്ചായിരുന്നു ഒന്നുകിൽ വധിക്കുക അല്ലെങ്കിൽ ഇസ്ലാം സ്വീകരിക്കുക എന്ന കല്പന. ഇതൊരു പ്രത്യേക കാലത്തേക്കായിരുന്നു. എന്നന്നേക്കുമായിട്ടല്ല. നുബുവ്വത്ത് കാലത്തിനുശേഷമുണ്ടായ തന്നിഷ്ടക്കാരും തോന്യവാസികളുമായ രാജാക്കന്മാരുടെ നടപടികൾക്ക് ഇസ്ലാം ഒരിക്കലും ഉത്തരവാദിയല്ല. അജ്ഞരായ മുസ്ലിംകളെ വഞ്ചിക്കുന്നതിനുവേണ്ടി ഇപ്പോൾ അടിക്കടി ജിഹാദെന്ന പ്രശ്നം ഓർമിപ്പിക്കുന്നവർ അവരുടെ വിഷലിപ്തമായ ശീലത്തിന് ജീവവായുവേകുകയാണ് ചെയ്യുന്നത്. **ലാ ഇക്റാഹ ഫിദ്ദീനി(2:257)** മതത്തിൽ ഒരുവിധ ബലാൽക്കാരവുമില്ലെന്ന അധ്യാപനം നിലനിൽക്കുന്ന വിശുദ്ധഖുർആനിൽ ജിഹാദില്ലെന്നും ബലാൽക്കാരം ചെയ്ത് ഇസ്ലാമിൽ ആളെ കൂട്ടുന്നതിന് കല്പനയില്ലെന്നുമുള്ള യഥാർഥവശം പാതിരിമാർ മനസ്സിലാക്കുകയും അതിൽ ഊന്നൽ നൽകുകയും ചെയ്തിരുന്നെങ്കിൽ ജിഹാദിന്റെ കല്പനയുണ്ടെന്ന് ഊഹിക്കാൻ പറ്റുമോ? നാം മൗലവിമാരെ എന്ത് പറയാൻ, പാതിരിമാരെ കുറിച്ചാണ് നമുക്ക് പരാതി. ഗവർമ്മെന്റിന്റെ പ്രവർത്തനത്തിനും പ്രയോജനപ്രദമാകുമായിരുന്ന സത്യത്തിന്റെ യഥാർഥവശത്തെ അവർ സ്വീകരിച്ചില്ല.'' (ഗവർമ്മെന്റ് അൻഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ,വാല്യം 17 പേജ് 31-32)

ആ മഹാത്മാവ് പറയുന്നു: "നമ്മുടെ ഔദാര്യമുടയവരായ ഗവർമ്മെന്റ് ഈ പാതിരിമാരെ ഭയാനകമായ ആരോപണങ്ങൾ മുഖേന അസ്വസ്ഥതയും കലഹവുമുണ്ടാകാവുന്ന കാര്യങ്ങളിൽനിന്ന് തടയേണ്ടതാണ്. പാതിരിമാരുടെ ആരോപണങ്ങൾ കൊണ്ട് മുസ്ലിംകൾ ഇസ്ലാം ഉപേക്ഷിക്കുകയില്ല. മറിച്ച്, അത് സാധാരണക്കാരായ മുസ്ലിംകളെ ഉറക്കത്തിൽനിന്ന് ഉണർത്തലും ജിഹാദിനെക്കുറിച്ച് ഓർമപ്പെടുത്തലുമാകും.' (ഗവർമ്മെന്റ് അൻഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ,വാല്യം 17 പേജ് 9)

ഐക്യവും സ്നേഹവും സ്ഥാപിക്കുന്നതിനുവേണ്ടി ആ മഹാത്മാവ് ചില നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുകയുണ്ടായി. അവിടന്ന് എഴുതുന്നു: "എന്റെ പക്കൽ ഉത്തമമായ രീതി റൂമി ഗവർമ്മെന്റ് ചെയ്തതുപോലെ പരീക്ഷണാടിസ്ഥാനത്തിൽ മറ്റ് വിഭാഗങ്ങളെക്കുറിച്ച് ഒരുവിധ ആരോപണങ്ങളും ആക്ഷേപങ്ങളും പ്രകടിപ്പിക്കാനുള്ള അനുവാദം നൽകാതിരിക്കുകയെന്നതാണ്. സ്വന്തം മതത്തിന്റെ സവിശേഷതകൾ എന്തു വേണമെങ്കിലും പറയാവുന്നതാണ്. അങ്ങനെ വരുമ്പോൾ പുതിയ വിദ്വേഷമുടലെടുക്കാതിരിക്കുകയും പഴയ കഥകൾ മറക്കുകയും ചെയ്യുന്നതാണ്. അങ്ങനെ ജനങ്ങളിൽ പരസ്പര സ്നേഹവും ഐക്യവും വളരുന്നതാണ്. അതിർത്തിയിലെ കാടന്മാർപോലും ജനതകളിലെ ഐക്യവും സ്നേഹവും കണ്ട് മുസ്ലിംകളോടെന്നപോലെ ക്രിസ്തീയരോടും സഹാനുഭൂതി കാണിക്കാൻ തുടങ്ങുന്നതാണ്.''(ഗവർമ്മെന്റ് അൻഗ്രേസി ഔർ ജിഹാദ് റൂഹാനീ ഖസായിൻ,വാല്യം 17 പേജ് 22)

നിർഭാഗ്യകരമെന്ന് പറയട്ടെ, നീതിമാനായ വിധികർത്താവായി ദൈവനിയോഗിതനായ ആളുടെ വാക്കുകളനുസരിച്ച് പ്രവർത്തിക്കാൻ ആളുകൾക്ക് ഭാഗ്യമുണ്ടായില്ല. അതിന്റെ ഫലമെന്തായി! ഇന്ന് നൂറുവർഷത്തിനുശേഷം ഭീകരവാദ പ്രവർത്തനങ്ങളുടെ സംഭവങ്ങൾ നിത്യവുമുള്ള മാമൂലായി കഴിഞ്ഞിരിക്കുന്നു. മുഴുലോകവും അസമാധാനത്തിന്റേയും കുഴപ്പങ്ങളുടേയും അഗാധഗർത്തത്തിലേക്ക് നിത്യവും കൂടുതൽ ആണ്ടുപോയി കൊണ്ടിരിക്കുകയാണ്.

**റബ്ബുൽആലമീൻ എന്ന വിശേഷഗുണം:**

സമാധാന സംസ്ഥാപനത്തിനായി ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ വിശേഷഗുണമായ റബ്ബുൽആലമീനെ സമർപിച്ചുകൊണ്ട് പറഞ്ഞു: ഏതുപോലെ അല്ലാഹു തന്നെ വിശ്വസിക്കുന്നവരോടും വിശ്വസിക്കാത്തവരോടും പെരുമാറുന്നുവോ അതുപോലെ നാം മനുഷ്യരെ മനുഷ്യരായി ദൈവത്തിന്റെ സൃഷ്ടികളായി കണ്ടുകൊണ്ട് അവരെ സ്നേഹിക്കുകയും അവരോട് സഹാനുഭൂതി കാണിക്കുകയും ചെയ്യുക; അവർ ഏത് മതസമുദായങ്ങളുമായി ബന്ധമുള്ളവരായാലും ശരി.

വീണ്ടും പറയുന്നു: "സർവ്വ മനുഷ്യരോടും സഹാനുഭൂതി കാണിക്കുകയെന്നതാണ് നമ്മുടെ രീതി. തന്റെ അയൽവാസിയായ ഹിന്ദുവിന്റെ വീടിന് തീ പിടിക്കുന്നതു കണ്ട് അത് അണയ്ക്കാൻ ശ്രമിക്കാത്തവൻ ഞാൻ സത്യമായും പറയുന്നു, എന്നിൽപെട്ടവനല്ല. ഒരു ക്രിസ്തീയ സഹോദരനെ മറ്റൊരാൾ വധിക്കാൻ ശ്രമിക്കുന്നത് എന്റെ അനുയായികളിൽപ്പെട്ട ഒരുവൻ കാണുകയും അയാളെ അതിൽനിന്ന് വിടുവിപ്പിക്കാൻ സഹായിക്കാതിരിക്കുകയും ചെയ്യുന്നവനും എന്നിൽപ്പെട്ടവനല്ല.........ഞാൻ ആണയിട്ടും സത്യമായും പറയുന്നു: എനിക്ക് ഒരു ജനതയോടും ശത്രുതയില്ല. അതേ! സാധിക്കുന്നിടത്തോളം അവരുടെ വിശ്വാസാദർശങ്ങൾ ശരിയാക്കാനാണ് ആഗ്രഹിക്കുന്നത്. ആരെങ്കിലും ചീത്തപറയുകയാണെങ്കിൽ നമ്മുടെ പരാതി അല്ലാഹുവിനോട് മാത്രമാണ്; മറ്റൊരു കോടതിയോടുമല്ല. എന്തായിരുന്നാലും മനുഷ്യവർഗത്തോടുള്ള സഹാനുഭൂതി നമ്മുടെ കടമയാണ്. (സിറാജെ മുനീർ, റൂഹാനിഖസായിൻ വാല്യം 12 പേജ് 28)

സർവ്വമതനേതാക്കളേയും ആദരിക്കണമെന്നും എല്ലാ മതങ്ങളിലും ദൈവപുരുഷന്മാർ നിയോഗിതരായിട്ടുണ്ടെന്നും അവരെല്ലാവരേയും ആദരിക്കൽ അനിവാര്യമാണെന്നും പഠിപ്പിച്ചുകൊണ്ട് പരസ്പര ഐക്യത്തിന് ആ മഹാത്മാവ് അസ്തിവാരമിട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പ്രിയ സുഹൃത്തുക്കളേ! ഓരോ സമുദായവും അന്യസമുദായങ്ങളുടെ പ്രവാചകന്മാരെ നിന്ദിച്ചു പറയുകയും ആക്ഷേപിക്കുകയും ചെയ്യുന്നത് കാലാന്തരത്തിൽ ജഡത്തിനുമാത്രമല്ല, ആത്മാവിനുകൂടി നാശം വരുത്തുന്നതും അങ്ങനെ മതപരവും ലൗകികവുമായ ജീവിതത്തെതന്നെ ഹനിച്ചു കളയുന്നതുമായ ഒരു ഭയങ്കരവിഷമാണെന്ന് ദീർഘകാലത്തെ അനുഭവങ്ങളും പലപ്പോഴായുള്ള പരീക്ഷണങ്ങളും നമ്മൾക്ക് തെളിയിച്ചു തന്നിരിക്കുന്നു. ഏതൊരു രാജ്യനിവാസികൾ അന്യോന്യം മാതാചാര്യന്മാരെ ആക്ഷേപിക്കുകയും അവരെ അവഹേളിച്ചു പറയുകയും ചെയ്തുകൊണ്ടിരിക്കുന്നുവോ അവർക്കു സമാധാന ജീവിതം സാധ്യമാകുന്നതല്ല. ഒരു സമുദായം മറ്റൊരു സമുദായത്തിന്റെ പ്രവാചകന്മാരേയും ഋഷിമാരേയും അവതാരപുരുഷന്മാരേയും അധിക്ഷേപിക്കുകയും ദുഷിച്ചു പറയുകയും ചെയ്യുന്നുവെങ്കിൽ ആ സമുദായങ്ങൾക്ക് അന്യോന്യം ഒരിക്കലും യഥാർഥമായ ഐക്യവും മൈത്രിയുമുണ്ടായിത്തീരുകയില്ല.'' (പയ്ഗാമെ സ്വുൽഹ് റൂഹാനീ ഖസായിൻ വാല്യം 23 പേജ് 452)

ഇന്ന് ദേശീയമോ അന്തർദേശീയമോ ആയ അവസ്ഥകളെ മോശമാക്കുന്ന ഇവ്വിധ കാര്യങ്ങളിൽ ഒന്ന് പഴയകാല സംഭവങ്ങളെ അത് കെട്ടിച്ചമച്ചതോ യാഥാർഥ്യമോ ആകട്ടെ, അവ പ്രചരിപ്പിച്ചുകൊണ്ട് പരസ്പരം വെറുപ്പ് സൃഷ്ടിക്കുകയെന്നതാണ്. കാലം മാറി, അക്രമം ചെയ്തവർ ഇന്ന് ഭൂമുഖത്തില്ല. പുതിയ തലമുറക്ക് അതുമായി ഒരു ബന്ധവുമില്ല. ഇവ്വിധ അവസ്ഥകളിൽ ഐക്യത്തിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ചില കാര്യങ്ങൾ മുന്നോട്ടുവെക്കുന്നു. അവിടന്ന് പറയുന്നു:

"മുസ്ലിം രാജാക്കന്മാർ സിക്കുകാർക്കെതിരിൽ ചില അക്രമങ്ങൾ അഴിച്ചുവിട്ടുവെന്നത് വ്യസനത്തോടെ ഞാൻ എഴുതട്ടെ. അതെല്ലാംതന്നെ യഥാർഥത്തിൽ ഭൗതികതയുടേയും വ്യക്തിതാല്പര്യങ്ങളുടേയും അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ളതാണ്. ഭൗതിക താൽപര്യങ്ങളാണ് അങ്ങനെയുള്ള കലഹങ്ങൾക്ക് വളമേകിയത്. ഭൗതികതൽപരതയിൽ മുഴുകിയ അത്തരക്കാരുടെ ഉദാഹരണങ്ങൾ എല്ലാ മതസമുദായത്തിലും കാണാവുന്നതാണ്. രാജത്വത്തിന്റേയും സാമ്രാജ്യത്വത്തിന്റേയും അവസ്ഥയിൽ സഹോദരൻ സഹോദരനേയും മകൻ പിതാവിനേയും പിതാവ് മകനേയും വധിച്ച സംഭവങ്ങളുണ്ട്. അങ്ങനെയുള്ളവർക്ക് മതവുമായിട്ടോ പരലോകവുമായിട്ടോ ഒരുവിധ ബന്ധവുമില്ല. എല്ലാ വിഭാഗങ്ങളിലേയും സഹൃദയരും മാന്യരുമായിട്ടുള്ളവർ ഇങ്ങനെയുള്ള രാജാക്കന്മാരുടെ കഥകൾ കൊണ്ടുവന്ന് ആധാരമാക്കാതിരിക്കേണ്ടതാണ്. അവരുടെ വെറുപ്പും വിദ്വേഷവും വെറും ഭൗതികതക്കുവേണ്ടിയായിരുന്നു. അവരുടെ കർമ്മങ്ങൾ അവർക്കാണ്; നമ്മുടെ കർമങ്ങൾ നമുക്കും. നമ്മുടെ വയലിൽ അവരുടെ മുള്ളുകൾ വിതക്കാതിരിക്കുക. നമ്മുടെ സമുദായത്തിൽ ഇങ്ങനെ കഴിഞ്ഞുപോയിട്ടുണ്ടെന്ന്പറഞ്ഞ് നമ്മുടെ മനസ്സുകളെ മലിനമാക്കാതിരിക്കുക.'' (സത്ബച്ചൻ, റൂഹാനി ഖസായിൻ വാല്യം 10 പേജ് 252)

ഈ മനോഹരമായ ആദർശം മുഖേന തലമുറ തലമുറയായി പകരുന്ന അക്രമങ്ങളേയും കുഴപ്പങ്ങളേയും ആ മഹാത്മാവ് അവസാനിപ്പിച്ചു. മനുഷ്യൻ ചെയ്യാത്ത കുറ്റത്തിന്റെ പാപഭാരമേറി നാശമടയുന്നതിൽനിന്നും രക്തം ചിന്തുന്നതിൽനിന്നും പിശാചായിമാറുന്നതിൽനിന്നും അത് മോചനമേകുന്നതാണ്. മുൻകഴിഞ്ഞ രാജാക്കന്മാരും സമുദായങ്ങളും അക്രമം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ തിക്തഫലങ്ങളും അവർതന്നെ സഹിക്കേണ്ടിവന്നിട്ടുണ്ട്. ആ കാര്യങ്ങൾ കൊണ്ടുവന്ന് നമ്മുടെ ചുറ്റുപാടിനെ എന്തിന് മലീമസമാക്കണം. നാം നമ്മുടെ കർമങ്ങളേയും സ്വഭാവങ്ങളേയും നന്നാക്കുക. അങ്ങനെ നാം ഐക്യവും സമാധാനവും ഉണ്ടാക്കുന്നുവെങ്കിൽ നമുക്ക് അതിന്റെ സദ്ഫലങ്ങൾ ലഭിക്കുന്നതാണ്.

ശാന്തസുന്ദരമായ ഇവ്വിധ തത്ത്വങ്ങളെ ഖുർആനിന്റേയും മുഹമ്മദ് മുസ്തഫാ(സ)ന്റെ ചര്യകളുടേയും വെളിച്ചത്തിൽ ലോകസമക്ഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) സമർപിക്കുകയുണ്ടായി. അതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജീവിതം ഉഴിഞ്ഞുവെച്ചു. മരണത്തിന്റെ തലേദിവസം ആ ദിവ്യാത്മാവ് ഇത്തരം തത്ത്വങ്ങളും ഉപദേശങ്ങളും അടങ്ങുന്ന ഒരു പുസ്തകം തന്നെ രചിക്കുകയുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് പറയുന്നു: ഇന്ന് ആത്മീയ പുരോഗതി ഹദ്റത്ത് മസീഹ് മൗഊദ്(അ)മായി ബന്ധപ്പെട്ടിരിക്കുന്നതുപോലെ ഭൗതികമായ ശാന്തിയുടേയും സമാധാനത്തിന്റേയും മാർഗവും ഹദ്റത്ത് മസീഹ് മൗഊദ്(അ) മുഖേനയാണ് സാധ്യമാകുന്നത്. നബി(സ)തിരുമേനിയുടെ പ്രവചനത്തെ പൂർത്തീകരിച്ചത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആണ്.

നബി(സ)തിരുമേനി മസീഹിനെക്കുറിച്ച് പറഞ്ഞത് **യളഉൽഹർബ്** യുദ്ധം നിറുത്തലാക്കുമെന്നാണ്. യുദ്ധം നിറുത്തലാക്കുന്നതിലൂടെയാണ് യഥാർഥ ശാന്തിയും സമാധാനവും ലോകത്ത് പരക്കുന്നത്. ഹദ്റത്ത് നബി(സ)തിരുമേനിയുടെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത്

മസീഹ് മൗഊദ്(അ) ഇക്കാലത്ത് അത് സ്ഥാപിച്ചു. അവിടത്തെ ഖിലാഫത്ത് അതിപ്പോൾ ലോകം മുഴുവൻ വ്യാപിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ന് മുസ്‌ലിം സമുദായം ഈ കാര്യം മനസ്സിലാക്കുകയാണെങ്കിൽ പാശ്ചാത്യർ ഇസ്‌ലാമിനെതിരെ ഉതിർക്കുന്ന ആക്ഷേപങ്ങൾക്കും അറുതിവരുന്നതാണ്. ഐക്യത്തിലാണ് ശക്തിയുള്ളത്. അതിനാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു നിയോഗിച്ചത്.'' (ഖുത്ബ ജുമുഅ 4.12.2009)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനത്തെ ലോകത്ത് പ്രചരിപ്പിക്കുന്നതിനായി ഇന്ന് അങ്ങയുടെ ഖിലാഫത്ത് സദാ പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്.

ഖലീഫത്തുൽ മസീഹ് ഒന്നാമൻ ഹദ്റത്ത് ഹക്കീം നൂറുദ്ദീൻ സാഹിബ്(റ) പറയുന്നു: ''അല്ലാഹുവിന്റെ സൃഷ്ടികളുടെമേൽ കാരുണ്യവും സ്നേഹവും വർഷിക്കുന്നതുപോലെ നിങ്ങളും അവന്റെ സൃഷ്ടികളുടെമേൽ സ്നേഹവും കാരുണ്യവും വർഷിക്കുക. സഹാനുഭൂതിയോടെ പരസ്പരം പെരുമാറുക. അല്ലാഹുവിന്റെ പരിപാലനത്തിൽനിന്ന് ദുർവൃത്തരും അശ്രദ്ധരും പോലും പ്രയോജനം പ്രാപിക്കുന്നു. നിങ്ങളും അല്ലാഹുവിന്റെ സൃഷ്ടികളോട് സ്നേഹത്തോടും സൽപെരുമാറ്റത്തോടുംകൂടി വർത്തിക്കുക. അതിൽ മുസ്‌ലിമെന്ന പരിധിവെക്കാതെ മനുഷ്യവർഗത്തോടു ഒന്നടങ്കം സഹാനുഭൂതിയോടും ഔദാര്യത്തോടുംകൂടി പെരുമാറുക. അല്ലാഹു റബ്ബുൽ ആലമീനാണ്.'' (ഖുത്ബാത്തെ നൂർ)

ഖലീഫത്തുൽ മസീഹ് അവ്വൽ വീണ്ടും പറയുന്നു. ''ലോകത്തിന്റെ പ്രവൃത്തി സമാധാനത്തിലാണ് നിലകൊള്ളുന്നത്. സമാധാനം നിലനില്ക്കുന്നില്ലെങ്കിൽ ഒരു പ്രവൃത്തിയും നടക്കുകയില്ല. എത്രത്തോളം സമാധാനമുണ്ടാകുമോ അത്രത്തോളം ഇസ്‌ലാം പുരോഗതി പ്രാപിക്കും. അതുകൊണ്ട് നമ്മുടെ നബി(സ)തിരുമേനി എപ്പോഴും സമാധാനത്തെ പിന്തുണയ്ക്കുന്ന ആളായിരുന്നു. മക്ക മുഅല്ലമയിലെ അരാജകത്വകാലത്തും അബ്സീനിയായിലെ ക്രൈസ്തവ ഭരണത്തിൻകീഴിലുമെല്ലാം നമ്മൾ എങ്ങനെ അമുസ്‌ലിം ഭരണത്തിൻ കീഴിൽ ജീവിക്കണമെന്ന കാര്യം പഠിപ്പിച്ചുതന്നു. അങ്ങനെയുള്ള ജീവിതത്തിൽ സമാധാനമുണ്ട്. സമാധാനമില്ലാത്ത അവസ്ഥയിൽ ആത്മീയവും ഭൗതികവുമായ ഒരു കാര്യവും ശരിയായ രൂപത്തിൽ ചെയ്യാൻ സാധ്യമല്ല. അതുകൊണ്ട് ഞാൻ ഊന്നിപറയുകയാണ്. നിങ്ങൾ സമാധാനം വർധിപ്പിക്കാൻ ശ്രമിക്കുക. സമാധാനമുണ്ടാക്കാൻ, ശക്തിയുടെ ആവശ്യമുണ്ട്. അത് ഗവർമ്മെന്റിന്റെ പക്കലാണുള്ളത്. അതുകൊണ്ട് സമാധാനപ്രിയരായ സംഘമായിത്തീരുക. അപ്പോൾ നിങ്ങൾ പുരോഗതിപ്രാപിക്കുന്നതാണ്. നിങ്ങൾ സമാധാനത്തോടെ കഴിഞ്ഞുകൂടുക. അതിന്റെ പ്രതിഫലം സൃഷ്ടികളോടല്ല, അല്ലാഹുവിനോട് തേടുക. സമാധാനമില്ലാതെ ഒരു മതവും വ്യാപിക്കുകയോ പുരോഗതി പ്രാപിക്കുകയോ ചെയ്യില്ല.'' (ഹഖാഇഖുൽ ഫുർഖാൻ വാള്യം 4, പേജ് 453–454)

ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ)പറയുന്നു: ''ഈ നാലു കാര്യങ്ങൾ കൂടാതെ സമാധാനം സാധ്യമല്ലായെന്നാണ് ഇസ്‌ലാം പറയുന്നത്. (1) നേതൃത്വത്തിന്റെ പക്കൽ സൈനികശക്തി വേണം (2) നീതിയുടേയും ന്യായത്തിന്റേയും അടിസ്ഥാനത്തിൽ രഞ്ജിപ്പുണ്ടാകണം (3) അംഗീകരിക്കാത്തവർക്കെതിരിൽ ഒറ്റക്കെട്ടായി നിന്ന് പോരാടണം (4) രഞ്ജിപ്പായാൽ രഞ്ജിപ്പുണ്ടാക്കുന്നവർ സ്വാർഥലാഭമെടുക്കാൻ ശ്രമിക്കരുത്. ഈ നാല് കാര്യങ്ങളാണ് ലീഗ് ഓഫ് നേഷൻസിനു വേണ്ടി ഖുർആൻ നിർദ്ദേശിക്കുന്നത്. ഏതുവരെ ഇതനുസരിച്ച് പ്രവർത്തിക്കുന്നില്ലയോ സമാധാനമുണ്ടാക്കാൻ സാധ്യമല്ല.

ആദ്യത്തെ ലീഗ് ഓഫ് നേഷൻസും പരാജയപ്പെട്ടു. രണ്ടാമത്തെ ലീഗ് ഓഫ് നേഷൻസും പരാജയപ്പെടുന്നതായിരിക്കും. അതുകൊണ്ട് ലോകം ഇസ്‌ലാമിന്റെ നിയമങ്ങൾ സ്വായത്തമാക്കേണ്ടതും അതനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിക്കേണ്ടതും നിർബന്ധമാണ്. കാരണം ഇവർ ന്യൂനപക്ഷമാണ് ഇവർ ഭൂരിപക്ഷമാണ്, ഇത് ദുർബല സർക്കാരാണ്, ഇത് പ്രബല സർക്കാരാണ് എന്നു തുടങ്ങിയുള്ള ഈ പാർട്ടി സിസ്റ്റം തുടരുവോളം, ഈ വിവേചനം നിലനില്ക്കുവോളം ലോകത്തിന്റെ സമാധാന സ്വപ്നം പൂവണിയുകയില്ല. അതിനാൽ ഈ വിവേചനം മനസ്സുകളിൽനിന്ന് വിപാടനം ചെയ്യേണ്ടതാണ്. ഇതു വലിയ ജീവനാണ് ഇത് ചെറിയ ജീവനാണ് എന്ന കാര്യം അവശേഷിക്കുവോളം ലോകം സമാധാനത്തിന്റേയും സ്വസ്ഥതയുടേയും ശ്വാസം വലിക്കുകയില്ല.

ഇസ്‌ലാമിന്റെ നിയമങ്ങളനുസരിച്ച് അത് ഉണ്ടാക്കുകയും ഇസ്‌ലാമിക കല്പനകളനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്യുമ്പോഴാണ് ലീഗ് ഓഫ് നേഷൻസ് വിജയിക്കുക. ലീഗ് ഓഫ് നേഷൻസിനു ശേഷം ലോകം സമാധാനം കരസ്ഥമാക്കാനാഗ്രഹിക്കുന്നെങ്കിൽ അവർ താഴെ പറയുന്ന നാല് കാര്യങ്ങൾ ഒരുമിച്ചു ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. ഈ നാലു കാര്യങ്ങളും ഒരുമിച്ചു ചെയ്യുകയാണെങ്കിൽ അവർക്ക് ലോകത്ത് ഒരു സർക്കാറിന്റെ പ്രതിനിധിയായിത്തീരാവുന്നതാണ്.

(1) കറൻസിയും എക്സ്ചേഞ്ചും (2) വാണിജ്യപരമായ ബന്ധങ്ങൾ (3) അന്താരാഷ്ട്ര കോടതി (4) യാത്രാ സൗകര്യങ്ങൾ. അതായത് ഒരു രാജ്യത്ത് നിന്ന് മറ്റൊരു രാജ്യത്തേക്ക് സ്വതന്ത്രമായി പോകാൻ ഓരോരുത്തർക്കും സൗകര്യം ലഭ്യമായിരിക്കേണ്ടതാണ്.

ഇക്കാര്യങ്ങൾ ലീഗ് ഓഫ് നേഷൻസിനും കൂടുതൽ നിർബന്ധമാണ്. കാരണം ലീഗ് ഓഫ് നേഷൻസിന്റെ ആവശ്യം ഇടയ്ക്കിടെ ഉണ്ടാകുന്നുണ്ട്. പക്ഷേ, യാത്രയും വാണിജ്യപരമായ ബന്ധങ്ങൾ തുടങ്ങിയവയും നിത്യേന ഉണ്ടാകുന്ന കാര്യങ്ങളാണ്. അന്യരാജ്യക്കാരായ ആരും തങ്ങളുടെ രാജ്യത്ത് പ്രവേശിക്കാൻ പാടില്ല എന്ന നിയമം ഉണ്ടാക്കിവച്ചിട്ടുള്ള ചില രാജ്യങ്ങളും ഇപ്പോഴുണ്ട്. ഉദാഹരണത്തിന് റഷ്യ. മറ്റു ചില രാജ്യങ്ങൾ അന്യരാജ്യക്കാരൻ തങ്ങളുടെ നാട്ടിൽ കടക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നു. ഞങ്ങളുടെ മുബല്ലിഗിനെ അവിടെ അയക്കുന്നതിനുവേണ്ടി പാസ്പോർട്ടെടുക്കാൻ ഞങ്ങൾ ഒരുപാട് ശ്രമിച്ചു. പക്ഷേ, പാസ്പോർട്ട് നല്കപ്പെട്ടില്ല. ആശയവിനിമയം നടത്താൻ അനുവദം ഉണ്ടാകാത്തിടത്തോളം ഐക്യം ഉണ്ടാകുകയില്ല. കാരണം ഭരണകൂടങ്ങളുടെ ഐക്യത്തിന് വ്യക്തികളുടെ ഐക്യം നിർബന്ധമാണ്. ആശയവിനിമയം ചെയ്യപ്പെടാത്തിടത്തോളം വ്യക്തികളുടെ ഐക്യം ഉണ്ടാകുകയില്ല. അതുകൊണ്ട് ആശയവിനിമയം നടത്തുക എന്നത് ഭരണകൂടങ്ങളുടെ ഐക്യത്തിനുള്ള ആദ്യത്തെ ചുവടാണ്. ഈ നാല് കാര്യങ്ങൾ സംഘടിപ്പിക്കാൻ കഴിഞ്ഞാൽ സമാധാനം സ്ഥാപിക്കാൻ കഴിയുന്നതാണ്.

ഇനി രാജ്യത്തെ ആഭ്യന്തരലഹളകളെ ദൂരീകരിക്കാൻ ഇസ്‌ലാം നിശ്ചയിച്ച ചില കാര്യങ്ങൾ വിവരിക്കാം. ഒന്നാമത്തെ കാര്യം വംശവിവേചനം ഇല്ലാതാക്കുകയെന്നതാണ്. അല്ലാഹു പറയുന്നത് നോക്കുക: ''നാം നിങ്ങളെ ആണിൽനിന്നും പെണ്ണിൽനിന്നും സൃഷ്ടിച്ചു. നിങ്ങൾ പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടി നിങ്ങളെ പല ഗോത്രങ്ങളും വിഭാഗങ്ങളുമാക്കി. എന്നാൽ, നിങ്ങളിൽ ഏറ്റവും അന്തസ്സാർജിക്കുന്നത് കൂടുതൽ തഖ്‌വ കരസ്ഥമാക്കുന്നവരാണെന്ന കാര്യം ഓർക്കുക. ഈ ജനതകളും ഗോത്രങ്ങളും കുടുംബങ്ങളും പരിചയപ്പെടുന്നതിനും തിരിച്ചറിയുന്നതിനുംവേണ്ടിയാണ്; തിരിച്ചറിയുന്നതിന് പേരു വെക്കുന്നതുപോലെ. എന്നാൽ പേരു കാരണത്താൽ, ഇവൻ അബ്ദുല്ലാ ആയതുകൊണ്ട് ചെറുതാണെന്നും റഹ്മാൻ ആയതുകൊണ്ട് വലുതാണെന്നും നിങ്ങൾ എപ്പോഴെങ്കിലും മനസ്സിലാക്കുമോ? ഈ നാമങ്ങൾ തിരിച്ചറിയാൻവേണ്ടിയുള്ളതാണ്. പക്ഷേ, ചിലയാളുകൾ തങ്ങളുടെ വിഡ്ഢിത്തംകൊണ്ട് തങ്ങളെ മറ്റുള്ളവരെക്കാൾ ശ്രേഷ്ഠരായി മനസ്സിലാക്കാൻ തുടങ്ങുന്നു. മുസ്‌ലീംകളിലുള്ള സയ്യിദും ഹിന്ദുക്കളിലുള്ള ബ്രാഹ്മണനും പൊതുവെ തങ്ങളെ ശ്രേഷ്ഠരായി മനസ്സിലാക്കുന്നവരാണ്. അതിനാൽ ഈ ജനതകളേയും ഗോത്രങ്ങളേയും തരംതിരിച്ചിട്ടുള്ളത് ഒരു മഹത്വവും ഉൾക്കൊള്ളുന്നില്ല. ഇതെല്ലാം തിരിച്ചറിയാനുള്ള മാർഗങ്ങൾ മാത്രമാണ്. എല്ലാവരുടേയും പേർ അബ്ദുർറഹ്മാനെന്നും എല്ലാവരുടേയും പേർ അബ്ദുല്ലാഹ് എന്നും എല്ലാവരുടേയും പേർ ചൗനിലാൽ എന്നും എല്ലാവരുടേയും പേർ രാംലാൽ എന്നും വെക്കുകയാണെങ്കിൽ തിരിച്ചറിയാൻ പ്രയാസമായിരിക്കും. അതുകൊണ്ട് ഈ പേരും ഗോത്രങ്ങളും രാജ്യങ്ങൾ തുടങ്ങിയവയും നമുക്ക് തിരിച്ചറിയാൻ എളുപ്പത്തിനുവേണ്ടിയുള്ള മാർഗമാണ്. അല്ലാതെ ഇസ്‌ലാം മനുഷ്യരിൽ ഒരാൾക്ക് മറ്റേ ആളേക്കാൾ ഗോത്രത്തിന്റെ പേരിലോ കുടുംബത്തിന്റെ പേരിലോ രാജ്യത്തിന്റെ പേരിലോ മേന്മയൊന്നും കല്പിക്കുന്നില്ല. മുഹമ്മദ് നബി(സ) ഒരിക്കൽ ഇപ്രകാരം പറഞ്ഞു: അറബിക്ക് അനറബിക്കുമേൽ ഒരു മേന്മയും ഇല്ല. അതുപോലെ അനറബിക്ക് അറബിയുടെമേലും മേന്മയൊന്നുമില്ല. സർവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്.

രണ്ടാമത്തെ കാര്യം സുഹൃത്തും സുഹൃത്തല്ലാത്തവരും തമ്മിലുള്ള വിവേചനം എടുത്തുമാറ്റുക എന്നതാണ്. ലോകത്ത് പൊതുവെ കണ്ടുവരുന്നത് ആളുകൾ തങ്ങളുടെ സുഹൃത്തുക്കളെ സഹായിക്കുന്നതാണ്. ആരെങ്കിലുമായി എന്തെങ്കിലും അഭിപ്രായഭിന്നതയുണ്ടെങ്കിൽ അവരെ ഇക്ഴത്തിക്കാണിക്കാൻ ശ്രമിക്കുന്നു. ഈ രീതി സമാധാനം കെടുത്തുന്നതാണ്. അല്ലാഹു പറയുന്നു: നാം നിങ്ങളെ കൂട്ടു കൂടുന്നതിൽനിന്ന് തടയുന്നില്ല. നിങ്ങൾ കൂട്ടുകാരെ സഹായിച്ചു കൊള്ളുക. എന്നാൽ, ആ നന്മ തഖ്‌വയുടെ പരിധിക്കുള്ളിലായിരിക്കണം. അവന് അർഹതപ്പെട്ടത് എത്തിച്ചുകൊടുക്കുക. സുഹൃത്തായതുകൊണ്ട് പാപത്തിന്റേയും ധിക്കാരത്തിന്റേയും അവസ്ഥയിലും അവനെ സഹായിച്ചുകൊണ്ടിരിക്കുക എന്നതല്ല. നബി(സ)തിരുമേനി ഒരിക്കൽ സ്വഹാബാക്കളോടു പറഞ്ഞു: **ഉൻസുർ അഖാക്ക ളാലിമൻ ഔ മള്ലൂമൻ** നീ നിന്റെ സഹോദരനെ സഹായിക്കുക; അവൻ അക്രമിയും അക്രമിക്കപ്പെട്ടവനുമായിരിക്കുമ്പോൾ. സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! അക്രമിക്കപ്പെട്ടവരെ സഹായിക്കുക എന്നു പറഞ്ഞത് ഞങ്ങൾക്കു മനസ്സിലായി. ഈ അക്രമിയെ എങ്ങനെയാണ് സഹായിക്കുക? അവിടന്ന് പറഞ്ഞു, ''അവനെ അക്രമം ചെയ്യുന്നതിൽനിന്ന് തടയുക.' അതായത് സഹോദരനെ സഹായിക്കുക എന്നത് ഏതവസ്ഥയിലും നിങ്ങൾക്കു നിർബന്ധമായ കാര്യമാണ്. അവൻ അക്രമിക്കപ്പെട്ടവനാണെങ്കിൽ അക്രമിയുടെ കൈ തടയുക. അവൻ സ്വയം അക്രമിയാണെങ്കിൽ അക്രമം ചെയ്യുന്നതിൽനിന്ന് അവനെ തടയുക. അനുവദനീയമായ സഹായത്തെ സംബന്ധിച്ച് ഇസ്‌ലാം കല്പിക്കുന്നു. പക്ഷേ, അനുവദനീയമല്ലാത്ത സഹായത്തെ ശക്തമായി തടയുകയും ചെയ്യുന്നു. സന്തോഷത്തിന്റെ ലഹരയിൽ അനുവദനീയമല്ലാത്ത എല്ലാ കാര്യങ്ങളും സമ്മതിച്ചുകൊണ്ടു പോകരുത്.

മൂന്നാമത്തെ കാര്യം ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം ഇല്ലാതാക്കാൻ ശ്രമിക്കുക. അല്ലാഹു പറയുന്നു: അല്ലാഹു തന്റെ ദൂതന് നല്കുന്ന നാട്ടുവാസികളുടെ ധനം അല്ലാഹുവിനും അവന്റെ റസൂലിനും ബന്ധുക്കൾക്കുമുള്ളതാണ്. ഇപ്രകാരംതന്നെ അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കുമുള്ളതാണ്. നാം ഈ നിയമം ഉണ്ടാക്കിയിട്ടുള്ളത് നിങ്ങളിലെ സമ്പന്നരുടെ ഉള്ളിൽമാത്രം കറങ്ങിക്കൊണ്ടിരിക്കുന്ന ഈ ധനം കൊണ്ട് ദരിദ്രരുടെ ആവശ്യങ്ങളും നിറവേറ്റപ്പെടുന്നതിനുവേണ്ടിയാണ്. സമ്പന്നരുടെ സമ്പത്ത്

പൂർണമായും പിടിച്ചു പറിക്കണമെന്ന് ഇസ്‌ലാം പറയുന്നില്ല. എല്ലാരീതിയിലും സമത്വം സ്ഥാപിക്കപ്പെടണം. എന്നല്ല അവൻ വ്യക്തിപരമായ സ്വാതന്ത്ര്യത്തിന്റെ അവകാശവും നിലനിറുത്തുന്നു. എന്നാൽ, അതിനോടൊപ്പം ദരിദ്രർ അഭിവൃദ്ധിപ്പെട്ടു വരുംവിധം നിങ്ങളുടെ ധനത്തെ ചെലവഴിക്കാൻ ഭരണവ്യവസ്ഥിതിയോടു പറയുകയും ചെയ്യുന്നു.

നാലാമത്തെ കാര്യം സാമുദായിക പക്ഷപാതിത്വം ഇല്ലാതാക്കുകയെന്നതാണ്. സമുദായം എന്ത് പറയുന്നു അത് ശരിയാണോ തെറ്റാണോ എന്നൊന്നും നോക്കാതെ അംഗീകരിക്കുക!അതുപോലെ നേതാക്കൾ പറയുന്നതെല്ലാം അംഗീകരിക്കുമെന്ന് അവരും പ്രതീക്ഷിക്കുന്നു. ഇസ്‌ലാം നല്ല കാര്യങ്ങളിൽ കൂടിയാലോചിക്കാൻ നിർദ്ദേശിക്കുമ്പോൾ പാപത്തിലും അതിക്രമത്തിലും പ്രവാചകനിഷേധത്തിലും സഹകരിക്കരുതെന്ന് പഠിപ്പിക്കുകയും ചെയ്യുന്നു. ഈ നാല് കാര്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയാണെങ്കിൽ സമാധാനം സ്ഥാപിക്കാൻ സാധ്യമാകുന്നതാണ്.'' (അൻവാറുൽ ഉലൂം വാല്യം 18 പേജ് 432–437)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമന്റെ കാലഘട്ടം ലോകം ഒരു കടുത്ത പ്രതിസന്ധി നേരിടുകയായിരുന്നു. സമൂഹത്തിലെ വെറുപ്പുകളെ വർധിപ്പിച്ച് ഒരു മൂന്നാം ലോകമഹായുദ്ധത്തിന് കോപ്പ് കൂട്ടുകയായിരുന്നു. അദ്ദേഹം ലോകത്തിന് സമാധാനത്തിന്റേയും ശാന്തിയുടേയും സന്ദേശം നൽകിക്കൊണ്ട് പറഞ്ഞു: ഞാൻ നൂറുക്കണക്കിന് പ്രാവശ്യം ഖുർആൻ വളരെയധികം ചിന്തിച്ചുകൊണ്ട് പാരായണം ചെയ്തിട്ടുണ്ട്. ഭൗതിക കാര്യങ്ങളിൽ മുസ്‌ലിംകളേയും അമുസ്‌ലിംകളേയും വേർതിരിക്കുന്ന ഒരായത്തുപോലും അതിലില്ല. ഇസ്‌ലാമിക ശരീഅത്ത് മനുഷ്യവർഗത്തിന് പൂർണമായും കാരുണ്യമാണ്. മുഹമ്മദ് റസൂലുല്ലാ(സ)യും സ്വഹാബാക്കളും ജനഹൃദയങ്ങളെ സ്നേഹംകൊണ്ടാണ് കീഴടക്കിയത്. ജനഹൃദയങ്ങളെ കീഴടക്കാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ നമ്മളും അവരുടെ കാലടികളെ പിൻപറ്റേണ്ടിവരും. ഖുർആനികാധ്യാപനങ്ങളുടെ സംഗ്രഹം ''എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്'' Love for all Hatred for none എന്നതാണ്. ഈയൊരു മാർഗമല്ലാതെ ഹൃദയങ്ങളെ ജയിച്ചടക്കാൻ മറ്റു മാർഗങ്ങളില്ല.'' (1980ലെ യു.കെ ജൽസാ സാലാന പ്രസംഗം, ദൗരയെ മഗ്‌രിബ് പേജ് 523–524)

ഇതിനു പുറമെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ്)ലണ്ടനിൽ, ബ്രിട്ടനും യൂറോപിനും എന്നല്ല മുഴുലോകത്തുമുള്ള ജനതകൾക്കും സമാധാന സന്ദേശമെത്തിക്കുകയും നാശകാരിയായ മൂന്നാം ലോക മഹായുദ്ധത്തെകുറിച്ച് മുന്നറിയിപ്പ് നല്കുകയും ചെയ്തു. അവിടന്ന് പറഞ്ഞു: സ്നേഹിതന്മാർക്കറിയാം ഞാൻ യൂറോപ്യൻ പര്യടത്തിനു പോയപ്പോൾ ലണ്ടനിൽ വാൻസ് വെർത്ത് ഹാളിൽ ഇംഗ്ലീഷിൽ ഒരു വിഷയം വായിച്ചിരുന്നു. ഇതിൽ ഇംഗ്ലണ്ടിലും യൂറോപ്പിലും വസിക്കുന്നവരെ മാത്രമല്ല മുഴുലോകത്തുമുള്ള ജനതകളെ സംബോധന ചെയ്തുകൊണ്ട് അവർ തങ്ങളുടെ രക്ഷിതാവിലേക്ക് മടങ്ങുകയുംമുഹമ്മദു റസൂലുല്ലായുടെ കൊടിക്കീഴിൽ അണിരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അതിഭയാനകമായ നാശം അവർക്കു വിധിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നുവെന്നും അത് അന്ത്യദിനത്തിന്റെ മാതൃകയായിരിക്കുമെന്നും പറഞ്ഞിരുന്നു.''(ഖുത്ബാത്തെ നാസിർ വാല്യം 1 പേജ് 930)

തന്റെ ഒരു പ്രസംഗത്തിൽ പറയുന്നു: ''ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രവചിച്ച രണ്ട് ലോകമഹായുദ്ധങ്ങളുടെ പ്രവചനം പുലരുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) മറ്റൊരു യുദ്ധത്തെക്കുറിച്ചും പറഞ്ഞിട്ടുണ്ട്. അത് കഴിഞ്ഞ രണ്ട് യുദ്ധത്തെക്കാളും ഭയാനകമായിരിക്കും. രണ്ട് വിഭാഗവും പെട്ടെന്നായിരിക്കും ഏറ്റുമുട്ടുക. ആകാശത്തുനിന്ന് നാശവും മരണവും മഴപോലെ വർഷിക്കുന്നതാണ്. ഭയാനകമായ തീജ്വാലകൾ ഭൂമിയെ അതിന്റെ വലയത്തിൽ എടുക്കുന്നതാണ്. രണ്ട് യുദ്ധസഖ്യവും അതായത് റഷ്യയും അവരുടെ കൂട്ടുകാരും അമേരിക്കയും അവരുടെ കൂട്ടുകാരും ഇരുകൂട്ടരും നാശമടയും. അവരുടെ ശക്തികളും സംസ്കാരവുമെല്ലാം തകർന്നടിയും. ഒരു പുതിയ സംസ്കാരം ഭൂമിയിൽ വരും. രക്ഷപ്പെടുന്നവർ ആശ്ചര്യത്തിലും അമ്പരപ്പിലുമായിത്തീരുന്നതാണ്.

''അവിടന്ന് പറയുന്നു: റഷ്യയിലെ ജനങ്ങൾ ഈ നാശത്തിൽനിന്ന് ആപേക്ഷികമായി രക്ഷപ്പെടുകയും അവർ പെട്ടെന്ന് തങ്ങളുടെ സ്രഷ്ടാവിലേക്ക് തിരിയുകയും അവരിൽ ഇസ്‌ലാം പരക്കുകയും യഥാർഥ തൗഹീദിന് അവർ അടിയറവെക്കുകയും ചെയ്യുന്നതാണ്.'' (ഖുത്ബാത്തെ നാസിർ, 930–935)

വീണ്ടും പറയുന്നു: ഇസ്‌ലാമിക വിജയത്തിന്റെ പ്രഭാതം പൊട്ടിവിടരുന്നതിന്റെ അടയാളങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. തീർച്ചയായും അത് പൂർണശോഭയോടെ വെളിപ്പെടുന്നതാണ്. എന്നാൽ, അതിന് മുമ്പേ ലോകം ഒരു ആഗോള നാശത്തിലൂടെ കടന്നുപോകുന്നതായിരിക്കും. എന്നാൽ, താക്കീതുപരമായ പ്രവചനങ്ങൾ തൗബയും ഇസ്തിഗ്ഫാറും മുഖേന നീട്ടിവെക്കപ്പെടുകയോ നീക്കപ്പെടുകയോ ചെയ്യാവുന്നതാണെന്ന കാര്യം ഓർക്കുക. തങ്ങളുടെ സമ്പത്തിനേയും ശക്തികളേയും സ്ഥാനങ്ങളേയും ദൈവമാക്കാതെ തങ്ങളുടെ നാഥനിലേക്ക് തിരിയുകയും തിന്മയിൽനിന്നും കാപട്യങ്ങളിൽനിന്നും രക്ഷപ്രാപിക്കുകയും ചെയ്താൽ രക്ഷപ്പെടാവുന്നതാണ്. ഇന്ന് ലോകം ഈ ഭൗതികതയുടെ ലഹരിയെ ഉപേക്ഷിക്കുന്നില്ലെങ്കിൽ ഈ പ്രവചനങ്ങൾ പുലരുകതന്നെ ചെയ്യും. ലോകത്തിലെ ഒരു ശക്തിക്കും അവർ ഉണ്ടാക്കിവെച്ചിട്ടുള്ള ദൈവങ്ങൾക്കും അതിനെ തടയാൻ സാധ്യമല്ല.'' (ഖുത്ബാത്തെ നാസിർ)

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ഖലീഫത്തുൽ മസീഹ് നാലാമൻ പറയുന്നു: ''ഭൗതിക രാഷ്ട്രീയങ്ങൾക്ക് നബി(സ)തിരുമേനിയുടെ അധ്യാപനം പരിചയപ്പെടുത്തികൊടുക്കുകയെന്നത് അഹ്മദിയ്യാ ജമാഅത്തിന്റെ നിർബന്ധ കടമയാണ്. അഹ്മദികൾ വസിക്കുന്ന എല്ലാ രാജ്യങ്ങളിലും അതിനായി ഒരു ജിഹാദ് തുടങ്ങട്ടെ. നിങ്ങളുടെ എല്ലാ നാശത്തിന്റേയും അടിസ്ഥാനം സ്വാർഥതയും അനീതിയുമാണെന്ന് അവരോട് പറയുക. നബി(സ)തിരുമേനിയുടെ അധ്യാപനം മാത്രമാണ് മനുഷ്യസമൂഹത്തിന് സമാധാനം പ്രദാനം ചെയ്യുന്നത്.'' (ഖുത്ബ ജുമുഅ നവംബർ 16 1990 മസ്ജിദ് ഫദ്ൽ ലണ്ടൻ)

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസ് അയ്യദഹുല്ലാഹ് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനും യുദ്ധംമൂലമുണ്ടാകാവുന്ന നാശങ്ങളിൽനന്നും രക്ഷിക്കുന്നതിനുമായി അഹോരാത്രം പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അദ്ദേഹം തന്റെ ഖുത്ബകളിലൂടെയും പ്രസംഗങ്ങളിലൂടെയും ലോകത്തെ ബോധവൽക്കരിച്ചുകൊണ്ടിരിക്കുന്നതിനു പുറമെ ലോകം മുഴുവനും പര്യടനങ്ങൾ നടത്തുകയും അവിടെത്തെ ജനങ്ങളേയും ഭരണാധികാരികളേയും ഇസ്‌ലാമിന്റെ സമാധാനപ്രിയമായ അധ്യാപനങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. 2008 ഒക്ടോബർ 22ന് ബ്രിട്ടീഷ് പാർലമെന്റ് ഹൗസിൽ ഇതുസംബന്ധമായി പ്രസംഗിച്ചു. 2012ന് ജർമനിയിലെ മിലിട്ടറി ഹെഡ്ക്വാർട്ടേർസിൽ പ്രസംഗിച്ചു. 2012ൽ ക്യാപിറ്റൽ ഹില്ല് വാഷിംഗ്ടണിൽ പ്രസംഗിച്ചു. ലണ്ടനിലെ പീസ് സിമ്പോസിയത്തിൽ ഈ വിഷയകമായി പ്രസംഗിച്ചു. 2012ൽ മുപ്പതോളം രാജ്യങ്ങളിലെ പ്രതിനിധികൾ സംബന്ധിച്ച യൂറോപ്യൻ പാർലമെന്റിൽ ഇത് സംബന്ധമായി പ്രസംഗിച്ചു.

ഇതിനെല്ലാം പുറമെ താഴെ പറയുന്ന രാഷ്ട്രീയ നേതാക്കന്മാർക്കും മതനേതാക്കന്മാർക്കും കത്തുകൾ അയക്കുകയുണ്ടായി.

1. Holiness Pope Benedict the XVI
2. Prime Minister of Israel
3. President of Islamic Republic of Iran
4. President of the United States of America
5. Prime Minister of Canada
6. Custodian of the Two Holy Places the King of the Kingdom of Saudi Arabia.
7. Premier of the State Council of the People's Republic of China
8. Prime Miister of United Kingdom
9. The Chancellor of Germany
10. President of the French Republic
11. Her Mejesty the Queen of the United Kingdom and Commonwealth Nations
12. The Supreme Leader of the Islamic Republic of Iran.

**പീസ് കോൺഫറൻസ്:**

ഇവകൾക്കെല്ലാം പുറമെ എല്ലാ വർഷവും പീസ് കോൺഫറൻസ് നടത്തുകയും അതിൽ പാർലമെന്റ് അംഗങ്ങൾ വിവിധ രാജ്യങ്ങളുടെ അംബാസിഡർമാർ മേയർമാർ തുടങ്ങി വിവിധ മേഖലകളിലെ ചിന്തകന്മാരും നേതാക്കളും സംബന്ധിക്കുന്നു. അതിൽ ലോകത്തിന്റെ അവസ്ഥകൾ മുൻനിറുത്തി അതുമായി ബന്ധപ്പെട്ട ഇസ്‌ലാമിക അധ്യാപനം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ കേൾപ്പിക്കുന്നു.

ഇതു കൂടാതെ പുറമെ ഖലീഫത്തുൽ മസീഹ് വിവിധ ടിവി, റേഡിയോ, പത്രപ്രതിനിധികൾക്ക് ജിഹാദിന്റെ യാഥാർഥ്യങ്ങൾ വിവരിച്ചുകൊടുക്കുകയും ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റു ധാരണകൾ നീക്കാനുമുള്ള ശ്രമങ്ങൾ നടത്തിവരുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ ഗ്രന്ഥമായ വേൾഡ് ക്രൈസിസ് & പാത്ത് വേ ടു പീസ് (World Crisis and the Pathway to Peace) വിവിധ ഭാഷകളിൽ തർജമ ചെയ്ത് ലോകം മുഴുവൻ അഹ്മദിയ്യാ ജമാഅത്ത് പ്രചരിപ്പിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമന്റെ ആത്മീയനേതൃത്വത്തിൻ കീഴിൽ ആഗോള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇസ്‌ലാമിന്റെ സമാധാന സന്ദേശം എത്തിക്കുന്നതിൽ വ്യാപൃതരാണ്. ഇസ്‌ലാമിന്റെ സമാധാനസന്ദേശം നമ്മിൽ സ്വയം ആവാഹിക്കുന്നതോടൊപ്പം മറ്റുള്ളവരിലേക്കും അതെത്തിക്കാനും അങ്ങനെ ലോകസമാധാനം നിലനിറുത്താനും നമുക്ക് സൗഭാഗ്യം ലഭിക്കുമാറാകട്ടെ. ആമീൻ.



# ആഗോളസമാധാന സംസ്ഥാപനവും ഖലീഫത്തുൽ മസീഹിന്റെ പരിശ്രമവും

**അബ്ദുൽ അലീം ആഫ്താബ് നൂറുൽഇസ്‌ലാം വകുപ്പ് ഖാദിയാൻ**

**മൊഴിമാറ്റം: മൗലവി സഫ്ർ അഹ്മദ് എച്ച്.എ**

ലോകം ഇന്ന് ഭയാനകമായൊരു അവസ്ഥയിലൂടെയാണ് കടന്നുപോകുന്നത്. ലോകത്ത് സംഘട്ടനവും അസ്വസ്ഥതയും കുഴപ്പവും വർധിച്ചുകൊണ്ടിരിക്കുകയാണ്. ചില രാജ്യങ്ങളിൽ പൊതുജനങ്ങൾ തമ്മിൽ കലഹിക്കുന്നു. ചില രാജ്യങ്ങളിൽ പൊതുജനങ്ങൾ ഭരണകൂടത്തോട് യുദ്ധം ചെയ്യുന്നു. അല്ലെങ്കിൽ അതിനെ നേരിടാൻ ഭരണകർത്താക്കൾ തങ്ങളുടെ പ്രജകൾക്കെതിരെ അണിനിരക്കുന്നു. ഭീകരവാദികൾ തങ്ങളുടെ ലക്ഷ്യം നേടിയെടുക്കുന്നതിന് കുഴപ്പങ്ങളുടേയും കലഹങ്ങളുടെയും അഗ്നിജ്വലിപ്പിക്കുകയും നിരപരാധികളായ സ്ത്രീകളേയും കുട്ടികളേയും വൃദ്ധന്മാരേയും വധിക്കുകയും ചെയ്യുന്നു. ചില സ്ഥലത്ത് രാഷ്ട്രീയപാർട്ടികൾ ഒന്നിച്ചുനിന്നുകൊണ്ട് തങ്ങളുടെ രാജ്യത്തിന്റെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനു പകരം സ്വന്തം ലക്ഷ്യം കരസ്ഥമാക്കുന്നതിനുവേണ്ടി അന്യോന്യം കലഹിച്ചുകൊണ്ടിരിക്കുന്നു. ചില രാജ്യങ്ങളും ഭരണകൂടവും മറ്റുള്ള രാജ്യങ്ങളുടെ പ്രകൃതിവിഭവങ്ങളെ അത്യാഗ്രഹദൃഷ്ടിയോടുകൂടി വീക്ഷിക്കുന്നു. ലോകത്തിലെ വൻശക്തികൾ തങ്ങളുടെ ഉന്നമനത്തിനുവേണ്ടിയും മേലധികാരം സ്ഥാപിക്കുന്നതിനുവേണ്ടിയും മുഴുവൻ ശ്രമങ്ങളും നടത്തുകയും ലക്ഷ്യം കരസ്ഥമാക്കുന്നതിനുവേണ്ടി ഏതായുധവും ഉപയോഗിക്കാൻ മടികാണിക്കുകയും ചെയ്യുന്നുമില്ല.

ആഗോള സാമ്പത്തിക മാന്ദ്യം കാരണമായി ഏകദേശം എല്ലാ ആഴ്ചയിലും പുതിയതും ആദ്യത്തേതിനെക്കാൾ വലിയതുമായ ഭീഷണികൾ ലോകം നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ ദിവസങ്ങൾ രണ്ടാംലോക മഹായുദ്ധത്തിന് തൊട്ടുമുമ്പേയുള്ള ദിനങ്ങളുമായി സാദൃശ്യമുള്ളതാണെന്ന് പറയപ്പെടുന്നു. അവസ്ഥകളും സംഭവങ്ങളും ലോകത്തെ അസാധാരണമായ വേഗത്തിൽ ഒരു ഭയാനകമായ മൂന്നാംലോക മഹായുദ്ധത്തിലേക്ക് തള്ളിവിടുകയാണെന്ന് വ്യക്തമായി മനസ്സിലാകുന്നു. പെട്ടെന്നാണ് അവസ്ഥകൾ കൈവിട്ടുപോകുന്നതെന്ന കാര്യം ശക്തമായി തോന്നിക്കൊണ്ടിരിക്കുന്നു. പൊതുരംഗത്തുവരികയും വിശ്വാസയോഗ്യമായ നിലയിൽ ശക്തവും ഗംഭീരവുമായ മാർഗദർശനം നല്കുകയും മനസ്സിലും ബുദ്ധിയിലും ഒരുപോലെ സ്വാധീനം ചെലുത്തുന്ന നിലയിൽ സംസാരിക്കുകയും സമാധാനത്തിന്റെ വഴിയാണെന്ന് പ്രതീക്ഷ നല്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ ജനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക കാലഘട്ടത്തിൽ ഒരു ആണവയുദ്ധത്തിന്റെ ഫലങ്ങൾ എത്രമാത്രം ഭയാനകവും നാശകാരിയുമായിരിക്കുമെന്നാൽ ശരിയായ അർഥങ്ങളിൽ അത് സങ്കല്പിക്കാനെ സാധ്യമല്ല.

അത്തരം അവസ്ഥകളിൽ മാനവരാശിക്കുവേണ്ടി അതിരറ്റ സഹതാപം ഉൾക്കൊള്ളുന്ന സമാധാനത്തിന്റെ ഒരു അമ്പാസിഡർ ദുഖാർത്തരായ മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുവേണ്ടി ഒറ്റയ്ക്കു മുന്നിൽ വരുന്നു. അദ്ദേഹത്തിന്റെ തെളിമയാർന്ന മുഖം ആരേയും ഒറ്റ നോട്ടത്തിൽ ഉന്മാദനാക്കുന്നു. അദ്ദേഹത്തിന്റെ ശബ്ദം പതുക്കെയാണ്. പക്ഷേ, ഹൃദയത്തിലും ബുദ്ധിയിലും ഇന്ദ്രജാലംപോലെ സ്വാധീനം ചെലുത്തുന്നു. അദ്ദേഹത്തിന്റെ ദൃഷ്ടി മിന്നൽ പോലെയുള്ള തിളക്കം ഉൾക്കൊള്ളുന്നതാണ്. അദ്ദേഹത്തിന്റെ ഒരു മന്ദഹാസം ലഭിക്കുന്നതിനു തന്റേതായതെല്ലാം ത്യജിക്കാൻ ഒരുവൻ തയ്യാറാകുന്നു. അദ്ദേഹത്തോടൊപ്പം എല്ലാ ഓരോ ചുവടും അന്ധകാരങ്ങളുടെ കൂരിരുട്ടിൽനിന്ന് പുറത്തെടുത്ത് സമ്പൂർണമായ പ്രകാശത്തിലേക്ക് കൊണ്ടുവരുന്നു. ഞാൻ പറഞ്ഞുവന്നത് അവസാനകാലത്തെ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ അഞ്ചാമത്തെ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസിനെക്കുറിച്ചാണ്. അദ്ദേഹം ലോകത്ത് സമാധാന സംസ്ഥാപനത്തിനുവേണ്ടി തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)യുടെ അധ്യാപനത്തിന്റെ വെളിച്ചത്തിലും അവസാനകാലത്തെ മസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനിയുടെ മാർഗദർശനത്തിലും വ്യവസ്ഥാപിതവും ശക്തവും വർത്തമാന കാലത്ത് അതുല്യവുമായ ചുവടാണ് ഉയർത്തിയിട്ടുള്ളത്.

അവിടന്ന് അഞ്ചാം ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടതിനുശേഷം ലോകത്ത് സമാധാനത്തെ സംബന്ധിച്ചുള്ള ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിനുവേണ്ടി പ്രിന്റ് മീഡിയയും ഡിജിറ്റൽ ഇല്ക്ട്രോണിക് മീഡിയയും മുഖേന ഒരു യജ്ഞം ആരംഭിച്ചു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ചാനലുകൾ ഇസ്‌ലാമിന്റെ സത്യസന്ധവും സമാധാനപ്രിയവുമായ അധ്യാപനത്തിന്റെ പ്രചാരണം നടത്തുന്നതിന് അങ്ങേയറ്റം പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. അഹ്മദികൾ– ലോകത്തിലെ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും സമാധാനസന്ദേശമടങ്ങുന്ന ലക്ഷക്കണക്കിന് എന്നല്ല കോടിക്കണക്കിന് നോട്ടീസുകൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. മതസൗഹാർദ സമ്മേളനങ്ങളും സമാധാന പ്രചാരണ യോഗങ്ങളും സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു. വിശുദ്ധഖുർആനിന്റെ പവിത്രമായ സന്ദേശം ലോകത്തിനു എത്തിച്ചുകൊടുക്കുന്നതിനുവേണ്ടി എക്സിബിഷനുകളും സംഘടിപ്പിക്കുന്നു. ഈ അനുഗൃഹീതശ്രമത്തിന് ലോകം മുഴുവനുമുള്ള മാധ്യമങ്ങളിൽ സ്വീകരണം ലഭിച്ചുകൊണ്ടിരിക്കുന്നു. ഇസ്‌ലാം സമാധാനത്തിന്റേയും രാജ്യസ്നേഹത്തിന്റേയും മാനവിക സേവനത്തിന്റേയും പതാകവാഹിയാണെന്ന് സ്ഥാപിതമായിക്കൊണ്ടിരിക്കുന്നു.

അദ്ദേഹം സമാധാനം സ്ഥാപിക്കുന്നതിനുള്ള ഈ ശ്രമത്തിൽ എല്ലാ ബുദ്ധിമതികളേയും അതായത് ഒരു സാധാരണക്കാരൻ മുതൽ ലോകത്തുള്ള വലിയ വലിയ പോളിസിമേക്കേഴ്സ്, സെനറ്റേഴ്സ്, പൊളിറ്റീഷൻസ്, ഫൈത്ത് ആന്റ് സിവിക് ഇന്റലക്ച്വൽസ്, ഭരണകർത്താക്കളേയും ടാർഗറ്റ് ചെയ്തു. ഞാൻ ഈ ലേഖനത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള പരിശ്രമങ്ങളിൽനിന്ന് ചിലത് ക്രമാനുഗതമായി ചുരുക്കി വിവരിക്കുന്നതാണ്.

### പാർലിമെന്റിലെ പ്രഭാഷണം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് ലോകത്തുള്ള പല പാർലിമെന്റിലും പോയി ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി പ്രഭാഷണങ്ങൾ നടത്തുകയുണ്ടായി. ഉദാ: ബ്രിട്ടീഷ് പാർലിമെന്റ് (The British Parliment House Of Common), ജർമനി മിലിട്ടറി ഹെഡ് ക്വാർട്ടേഴ്സ് (Military Headquarters Koblenz Germany), അമേരിക്കൻ ക്യാപിറ്റൽ ഹിൽ (Capital Hill, Washington D.C.USA), യൂറോപ്യൻ പാർലിമെന്റ് (Europion Parliment Brussels, Belgium), ന്യൂസിലാന്റ് പാർലിമെന്റ് (New Zealand Parliment), കനേഡിയൻ പാർലിമെന്റ് (Canadian Parliment) എന്നീ സ്ഥലങ്ങളിൽ പ്രഭാഷണം നടത്തുകയുണ്ടായി. അതിൽ ചിലത് മാതൃകയെന്നോണം താഴെ കൊടുക്കുന്നു.



### ബ്രിട്ടീഷ് പാർലിമെന്റിലെ പ്രഭാഷണം

2008–ൽ ബ്രിട്ടീഷ് പാർലിമെന്റിലെ ദി ഹൗസ് ഓഫ് കോമണിൽ ആഗോള പ്രതിസന്ധിയും ഇസ്‌ലാമിക വീക്ഷണവും എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞു: "ജനങ്ങളുടെ വികാരങ്ങളേയും മതപരമായ ഉദ്യമങ്ങളേയും ആദരിക്കുക എന്നതാണ് യഥാർഥ നീതിയുടെ തേട്ടം. ഈ രീതിയെ അവലംബിക്കുകയാണെങ്കിൽ ജനങ്ങളുടെ ബുദ്ധിപരമായ സമാധാനം നിലനിറുത്താൻ സാധിക്കുന്നതാണ്. ഒരാളുടെ ബുദ്ധിപരമായ സമാധാനം ഇല്ലാതാവുമ്പോൾ സമൂഹത്തിലെ സമാധാനത്തേയും അത് ബാധിക്കുന്നു. എന്നാൽ, മതത്തിന്റെ പേരിൽ നടപ്പിലാക്കിയ കാര്യങ്ങൾ മറ്റുള്ളവർക്ക് ഉപദ്രവകാരിയും രാജ്യത്തിന്റെ നിയമത്തിന്നെതിരാവുകയും ചെയ്താൽ ആ നാട്ടിലെ ഭരണാധികാരികൾക്ക് അയാൾക്കെതിരെ നടപടി സ്വീകരിക്കാവുന്നതാണ്. കാരണം ഏതെങ്കിലും മതത്തിൽ അക്രമപരമായ പ്രവർത്തനം നടക്കുന്നുവെങ്കിൽ ആ അധ്യാപനം അല്ലാഹുവിന്റെ ഏതെങ്കിലും പ്രവാചകൻ നൽകിയ അധ്യാപനത്തിന്റെ ഭാഗമാകാൻ സാധ്യമല്ല. ദേശീയ അന്തർദേശീയ നിലയിൽ സമാധാനം സ്ഥാപിക്കുന്നതിന് ഇത് അടിസ്ഥാനപരമായ കാര്യമാണ്.

ഏതെങ്കിലും സമൂഹമോ, ഗ്രൂപ്പോ അല്ലെങ്കിൽ ഭരണകൂടമോ ഇന്ന് നിങ്ങളുടെ മതപരമായ നിർബന്ധ കർമങ്ങൾ ചെയ്യുന്നതിന് തടസ്സമാണ്. പക്ഷേ, നാളെ അവസ്ഥ നിങ്ങൾക്കനുകൂലമായി മാറുകയാണെങ്കിൽ ഒരിക്കലും തങ്ങളുടെ ഹൃദയത്തിൽ അവർക്കെതിരിൽ ഒരു വിദ്വേഷമോ വെറുപ്പോ പാടില്ലെന്നതാണ് ഇസ്‌ലാം നമുക്ക് നൽകുന്ന അധ്യാപനം. ഒരിക്കലും പ്രതികാരം ചെയ്യാനുള്ള വിചാരംപോലും ഉണ്ടാവരുത്. മറിച്ച്, നീതി നടപ്പിലാക്കുകയെന്നതാണ് നിങ്ങളുടെ കടമ.

വിശുദ്ധഖുർആൻ പറയുന്നു.

"അല്ലയോ വിശ്വാസികളേ, അല്ലാഹുവിനുവേണ്ടി മേൽനോട്ടം വഹിച്ചുകൊണ്ട് നീതിക്ക് സാക്ഷ്യം വഹിക്കുന്നവരായി നിലകൊള്ളുക. ഒരു സമുദായത്തിന്റെ ശത്രുത അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതി പാലിക്കുക. അത് ദൈവഭക്തിയുമായി ഏറ്റവും അടുത്തതാണ്. നിങ്ങൾ അല്ലാ

ഹുവിനെ ഭയപ്പെടുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ കുറിച്ച് സൂക്ഷ്മമായി അറിവുള്ളവനാണ്.(5:9)

അവിടന്ന് പറയുന്നു: "വിശുദ്ധഖുർആൻ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ചില സുവർണതത്ത്വങ്ങൾ നൽകുന്നു. ശത്രുത വർധിക്കുന്നത് അത്യാഗ്രഹം മൂലമാണെന്നത് സ്ഥാപിക്കപ്പെട്ട യാഥാർഥ്യമാണ്. ചിലപ്പോൾ ഈ അത്യാഗ്രഹം സ്വാർഥതയിൽനിന്ന് ഉടലെടുക്കുന്നു. ചിലപ്പോൾ ഈ അത്യാഗ്രഹം തന്റെ വലുപ്പത്തരം മറ്റുള്ളവരിൽ അടിച്ചേൽപിക്കുന്നതിലൂടെ പ്രകടമാകുന്നു. ഈയൊര അത്യാഗ്രഹം അവസാനം അക്രമത്തിലേക്ക് കൊണ്ടെത്തിക്കുന്നു; അത് സ്വാർഥ ലാഭത്തിനുവേണ്ടി ജനങ്ങളുടെ അവകാശങ്ങൾ തട്ടിയെടുത്ത് തന്റെ മേന്മ സ്ഥാപിക്കാൻ ശ്രമിക്കുന്ന അക്രമിയായ ഭരണകർത്താവിന്റെ ഭാഗത്തുനിന്നായാലുംവേണ്ടില്ല കടന്നാക്രമിക്കുന്ന സൈന്യങ്ങളുടെ കൈകളിലൂടെയാണെങ്കിലും വേണ്ടില്ല! അത്തരം സന്ദർഭത്തിൽ അക്രമിയേയും അക്രമിക്കപ്പെടുന്നവരേയും രണ്ടുപേരേയും സഹായിക്കണമെന്ന സുവർണതത്ത്വമാണ് നബി(സ)തിരുമേനി നമുക്ക് പഠിപ്പിച്ചു തന്നിട്ടുള്ളതാണ്. സ്വഹാബാക്കൾ ചോദിച്ചു: അക്രമിക്കപ്പെട്ടവരെ സഹായിക്കുകയെന്നത് ഞങ്ങൾക്കു മനസ്സിലായി. എന്നാൽ അക്രമിയെ എങ്ങനെയാണ് സഹായിക്കുക? നബി(സ)തിരുമേനി പറഞ്ഞു: "അവന്റെ കൈ തടഞ്ഞുകൊണ്ട്. കാരണം അവൻ അക്രമം ചെയ്യുകയെന്നത് അവനെ അല്ലാഹുവിന്റെ ശിക്ഷക്ക് പാത്രമാക്കുന്നു. അവനിൽ കരുണ ചെയ്തുകൊണ്ട് അവനെ രക്ഷപ്പെടുത്താൻ ശ്രമിക്കുക.'

സമൂഹത്തിലെ ചെറിയ ചെറിയ കാര്യങ്ങൾ തൊട്ട് അന്തർദേശീയ തലംവരെ ബന്ധപ്പെട്ടു കിടക്കുന്ന കാര്യമാണിത്. ഇതിനെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നു.

"വിശ്വാസികളായ രണ്ട് സംഘങ്ങൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ അവർക്കിടയിൽ നിങ്ങൾ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ടും അവരിൽ ഒരു വിഭാഗം മറുവിഭാഗത്തെ ആക്രമിക്കുകയാണെങ്കിൽ അക്രമിക്കുന്ന വിഭാഗത്തെ, അവർ അല്ലാഹുവിന്റെ കൽപനയിലേക്ക് മടങ്ങുന്നതുവരെ അവരുമായി നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ അവരുടെയിടയിൽ ന്യായപൂർവ്വം രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതി പാലിക്കുന്നവരെ തീർച്ചയായും അല്ലാഹു സ്നേഹിക്കുന്നു. (49:10)

ഖലീഫത്തുൽ മസീഹ് പറഞ്ഞു:

മുസ്‌ലീംകളെ സംബന്ധിക്കുന്ന അധ്യാപനമാണെങ്കിലും ഇതിലെ അടിസ്ഥാന കാര്യങ്ങൾ സ്വീകരിച്ചുകൊണ്ട് ആഗോളസമാധാനത്തിന് അടിത്തറയിടാൻ സാധിക്കുന്നതാണ്. രണ്ട് വിഭാഗങ്ങളുടെ ഭിന്നത യുദ്ധത്തിനു കാരണമായി മാറുകയാണെങ്കിൽ മറ്റുള്ള സമൂഹം ചർച്ചയിലേക്കും രാഷ്ട്രീയ ബന്ധങ്ങളിലേക്കും കൊണ്ടുവന്ന് അതുപരിഹരിക്കാൻ ശക്തമായ നിലയിൽ ആഹ്വാനം ചെയ്യേണ്ടതാണ്; ചർച്ചയിലൂടെ രഞ്ജിപ്പ് ഉണ്ടാക്കുന്നതിനുവേണ്ടി. എന്നാൽ, ഒരു വിഭാഗം രഞ്ജിപ്പിലുള്ള നിബന്ധനകളെ അംഗീകരിക്കുന്നതിൽ നിന്ന് വിട്ടുനിൽക്കുകയും യു ദ്ധം തുടങ്ങുകയും ചെയ്യുകയാണെങ്കിൽ ആ വിഭാഗത്തെ തടയുന്നതിനുവേണ്ടി മറ്റുള്ള വിഭാഗമെല്ലാം ചേർന്നുകൊണ്ട് ആ വിഭാഗവുമായി യുദ്ധം ചെയ്യുക. അക്രമം കാണിക്കുന്ന വിഭാഗം പരാജയപ്പെട്ടുകൊണ്ട് ചർച്ചക്ക് തയ്യാറാവുകയാണെങ്കിൽ എല്ലാവരും ചേർന്നുകൊണ്ട് രഞ്ജിപ്പുണ്ടാക്കുന്ന വിധത്തിലും ദീർഘനാൾ സമാധാനം നിലനിൽക്കുന്ന വിധത്തിലുള്ള ഉടമ്പടികൾക്കുവേണ്ടിയും ശ്രമിക്കുക. മറ്റുള്ള വിഭാഗത്തെ അടക്കിഭരിക്കുന്നവിധത്തിള്ള കഠിനവും നീതിരഹിതവുമായ നിബന്ധനകൾ നടപ്പിൽ വരുത്താൻ പാടുള്ളതല്ല. കാരണം ഇത്തരം നിബന്ധനകൾകൊണ്ട് ശത്രുത വർധിക്കുകയും വ്യാപിക്കുകയുംചെയ്യും. സമാധാനം ഉണ്ടാവുകയുമില്ല. അവസാനം കൂടുതൽ കുഴപ്പങ്ങൾക്ക് കാരണമായിത്തീരും. ഇത്തരം ഘട്ടങ്ങളിൽ രണ്ട് വിഭാഗങ്ങളുടെ ഇടയിൽ രഞ്ജിപ്പ് ഉണ്ടാക്കുന്നതിനുവേണ്ടി മൂന്നാം കക്ഷിയായി നിലകൊള്ളുന്ന ഭരണകൂടം നല്ല കൂറോടുകൂടിയും ആരുടെയും പക്ഷം ചേരാതെയും പ്രവർത്തിക്കേണ്ടതാണ്. ഏതെങ്കിലും വിഭാഗം ഇതിന്നെതിരെ മുറവിളി കൂട്ടുകയാണെങ്കിലും ഇവർ ആരുടേയും പക്ഷം ചേരാൻ പാടുള്ളതല്ല. ഇത്തരം ഘട്ടങ്ങളിൽ മൂന്നാം കക്ഷി ആരോടും ദ്വേഷം പ്രകടിപ്പിക്കുകയോ അല്ലെങ്കിൽ പ്രതികാര നടപടി സ്വീകരിക്കുകയോ ചെയ്യരുത്. ഒരുവിധത്തിലും അന്യായം കാണിക്കരുത്. ഓരോ വിഭാഗത്തിനും അവരുടെ അനുവദനീയമായ അവകാശങ്ങൾ ലഭിക്കേണ്ടതാണ്.



**കാപിറ്റൽ ഹിൽ**
**വാഷിംഗ്ടൺ ഡി.സി. അമേരിക്ക:**

2012 ജൂൺ 27ന് വാഷിംഗ്ടൺ ഡി.സിയിലെ കാപിറ്റൽ ഹില്ലിൽ ഐതിഹാസികമായ ഒരു സമ്മേളനം നടക്കുകയുണ്ടായി. അവിടെ വാഗ്ദത്ത മസീഹിന്റെ അഞ്ചാമത്തെ ഖലീഫയും അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ലോകനായകനുമായ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹുല്ലാഹ്) അമേരിക്കൻ പാർലമെന്റ് അംഗങ്ങൾ, നിയമസാമാജികർ, അംബാസിഡർമാർ, വൈറ്റ് ഹൗസിലേയും സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റിലേയും ഉദ്യോഗസ്ഥർ, എൻ.ജി.ഒ നേതാക്കൾ, മതമേധാവികൾ, പ്രൊഫസർമാർ, അധ്യാപകർ, നയതന്ത്രജ്ഞഉദ്യോഗസ്ഥർ, മാധ്യമപ്രതിനിധികൾ തുടങ്ങിയവരെ അഭിസംബോധന ചെയ്യുകയുണ്ടായി. *"സമാധാനത്തിലേക്കുള്ള പാത, രാഷ്ട്രങ്ങൾ തമ്മിലുള്ള ന്യായാധിഷ്ഠിത ബന്ധങ്ങൾ'* എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിക്കുകയുണ്ടായി.

അദ്ദേഹം പറഞ്ഞു: സമാധാനവും സത്യവും വ്യത്യസ്തങ്ങളല്ല. ഒന്ന് കൂടാതെ നിങ്ങൾക്ക് മറ്റേത് പ്രാപ്യമല്ല. ഈയൊരു തത്ത്വം വിവേകികളും ബുദ്ധിമതികളും തിരിച്ചറിഞ്ഞിട്ടുള്ളതാണ്. ലോകത്ത് കുഴപ്പം സൃഷ്ടിക്കാനായി ഉഴറി നടക്കുന്നവരെ മാറ്റി നിറുത്തിയാൽ സമൂഹത്തിലോ രാഷ്ട്രത്തിലോ ലോകത്താകമാനം തന്നെയോ നീതിയും നെറിയും നിലനില്ക്കുന്നുണ്ടെങ്കിൽ അസമാധാനവും അക്രമവും നിലനില്ക്കുകയില്ലെന്ന കാര്യത്തിൽ ആർക്കും തന്നെ സംശയമുണ്ടാവുകയില്ല. എന്നാൽ, ലോകത്ത് പലയിടങ്ങളിലും അക്രമവും അസമാധാനവും നിലനില്ക്കുന്നതായി നാം കാണുന്നു."

വീണ്ടും പറയുന്നു: ഒന്നാം ലോകയുദ്ധത്തിനുശേഷം പല രാജ്യങ്ങളിലേയും നേതാക്കൾ ഭാവിയിൽ രാഷ്ട്രങ്ങൾ തമ്മിലുള്ള നല്ല ബന്ധങ്ങൾക്കാഗ്രഹിച്ചു. അങ്ങനെയാണ് ലോകസമാധാനം നേടാനുള്ള പരിശ്രമത്തിൽ ലീഗ് ഓഫ് നേഷൻസ് രൂപീകൃതമായത്. അതിന്റെ മുഖ്യലക്ഷ്യം ലോകസമാധാനം നിലനിറുത്തുക, ഭാവിയിൽ യുദ്ധങ്ങളുണ്ടാകാതെ നോക്കുക എന്നിവയായിരുന്നു. നിർഭാഗ്യവശാൽ ലീഗ് ഓഫ് നേഷൻസ് പാസ്സാക്കിയെടുത്ത പ്രമേയങ്ങൾക്കും നടപ്പാക്കിയ തീരുമാനങ്ങൾക്കും ചില അടിസ്ഥാന പാകപ്പിഴവുകളുണ്ടായിരുന്നു. എല്ലാ ജനതകളുടെയും രാജ്യങ്ങളുടെയും അവകാശങ്ങൾ തുല്യനീതിയോടെ പരിപാലിക്കാൻ അവയ്ക്കായില്ല. തൽഫലമായി അവ തീർത്ത സമാധാന വ്യവസ്ഥകൾ അൽപ്പായുസ്സുക്കളായി ഭവിച്ചു. ഇത് രണ്ടാം ലോകയുദ്ധത്തിലേക്ക് നയിക്കുകയും ചെയ്തു. യുദ്ധം വരുത്തിവച്ച വിനകൾ കണ്ടറിഞ്ഞതാണല്ലോ. 75 ദശലക്ഷം ജനങ്ങളുടെ ജീവനാണ് നഷ്ടപ്പെട്ടത്. അവർ നിരപരാധികളായ സാധാരണക്കാരായിരുന്നു. യുദ്ധത്തിന്റെ കൊടും ക്രൂരതകൾക്കു മുന്നിൽ ലോകത്തിന്റെ കണ്ണു തുറക്കാൻ അതു മതിയായതായിരുന്നു. വിവേകപൂർവമായ നയങ്ങളിലേക്കും നീതിയുക്തങ്ങളായ ഒത്തുതീർപ്പുകളിലേക്കും അതു ലോകനേതാക്കളെ നയിക്കേണ്ടതായിരുന്നു. അങ്ങനെ സമാധാനത്തിന്റെ യുഗം പിറക്കേണ്ടതായിരുന്നു. അതിനുള്ള ലോകഭരണകൂടങ്ങളുടെ ശ്രമഫലമായി ഐക്യരാഷ്ട്ര സംഘടന രൂപം കൊണ്ടു. എന്നാൽ, കാലമേറെ കഴിയുന്നതിനുമുമ്പേ ഐക്യരാഷ്ട്ര സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും അവതാളത്തിലായി. ഇന്നാകട്ടെ, അതിന്റെ പരാജയം വിളിച്ചോതുന്ന തരത്തിലുള്ളതാണ് ചില രാഷ്ട്രങ്ങൾ നടത്തുന്ന പ്രഖ്യാപനങ്ങൾ."

ഹുദൂർ പറയുന്നു: ഇസ്‌ലാം കേവലനീതിയും സമത്വവുമാണ് പ്രഖ്യാപിക്കുന്നത്. അഞ്ചാം അധ്യായം മൂന്നാം വചനത്തിൽ വിശുദ്ധ ഖുർആൻ ഇതു സംബന്ധിച്ചുള്ള നിർദേശം നൽകുന്നു. ശത്രുതയും വിദ്വേഷവും വെച്ചു പുലർത്തുന്നവർക്കു നേരെയും നീതിയും സമത്വസമീപനവും കൈക്കൊള്ളാനാണീ വചനം ആവശ്യപ്പെടുന്നത്."

"ഇസ്‌ലാം വിഭാവന ചെയ്യുന്ന നീതിയുടെ നിലവാരമെന്താണ്? വിശുദ്ധ ഖുർആൻ നാലാം അധ്യായം 136–ാം വചനം ആവശ്യപ്പെടുന്നത്, നീതിയും സത്യവും സംരക്ഷിക്കാൻ നിങ്ങൾ നിങ്ങൾക്കു തന്നെ എതിരായും നിങ്ങൾ സ്നേഹിക്കുന്നവർക്കെതിരായും സ്വന്തം മാതാപിതാക്കൾക്കെതിരായും നിലകൊള്ളേണ്ടി വന്നാൽ പോലും അങ്ങനെ ചെയ്യാൻ ഒട്ടും മടിക്കരുതെന്നാണ്."



**ഹോളണ്ട് പാർലിമെന്റിലെ പ്രസംഗം**

ഖലീഫത്തുൽമസീഹ് പറയുന്നു:

വിശുദ്ധഖുർആനിലെ 16–ാം അധ്യായത്തിലെ 127 –ാം വചനത്തിൽ ഇസ്‌ലാമിക ഭരണകൂടത്തോട് കല്പിക്കുന്നത് വല്ലപ്പോഴും നിങ്ങളോട് യുദ്ധം ചെയ്യുകയാണെങ്കിൽ പ്രതിരോധമെന്ന നിലയിൽ തത്തുല്യമായ നിലയിൽ യുദ്ധം ചെയ്യാവുന്നതാണെന്നാണ്. ചുരുക്കത്തിൽ ശിക്ഷ യഥാർഥ കുറ്റത്തിനനുസരിച്ചായിരിക്കണം. അല്ലാതെ കൂടുതലാവാൻ പാടില്ല. 8–ാം അധ്യായത്തിലെ 62–ാമത്തെ വചനത്തിൽ അല്ലാഹു പറയുന്നു:

"നിങ്ങളുടെ ശത്രുക്കൾ ദുരുദ്ദേശ്യത്തോടുകൂടി നിങ്ങളോട് യുദ്ധം ചെയ്യാൻ ഉദ്ദേശിക്കുന്നെങ്കിൽ, എന്നാൽ, പിന്നീട് അതിൽനിന്ന് പിന്മാറി രഞ്ജിപ്പിന്റെ കൈ നീട്ടുകയാണെങ്കിൽ അവരുടെ ഉദ്ദേശ്യം എത്തരത്തിലുള്ളതായിരുന്നുവെന്ന് നോക്കാതെ പെട്ടെന്നുതന്നെ അവരുടെ നിവേദനം സ്വീകരിച്ചുകൊണ്ട് സമാധാനത്തിലേക്ക് ചായുക."

വിശുദ്ധഖുർആനിലെ ഈ അധ്യാപനം സാർവ്വദേശീയ സമാധാനം നിലനിറുത്തുന്നതിനുള്ള സുവർണതത്ത്വമാണ്. ഇന്നത്തെ ലോകത്ത് ഇതിന് ധാരാളം ഉദാഹരണങ്ങളുണ്ട്. ചില രാഷ്ട്രങ്ങൾ തികച്ചും ഊഹത്തിലധിഷ്ഠിതമായി ചില രാഷ്ട്രങ്ങളുടെ സങ്കല്പിക്കപ്പെട്ട അക്രമങ്ങൾക്കെതിരെ തീവ്രമായ രീതിയിൽ പ്രവർത്തിക്കുന്നു. അവർ It is better to destroy them, before they destroy us "അവർ ആരംഭിക്കുന്നതിനു മുമ്പേ

കടന്നാക്രമിക്കുക എന്ന തത്ത്വമനുസരിച്ച് പ്രവർത്തിക്കുന്നതായാണ് മനസിലാകുന്നത്. എന്നാൽ, ഇസ്‌ലാമിക അധ്യാപനം സമാധാനസ്ഥാപനത്തിനുള്ള ഒരവസരവും പാഴാക്കരുതെന്നാണ്. അവരുടെ പ്രതീക്ഷ എത്രതന്നെ സന്ദിഗ്ദ്ധമായതായാലും ശരി.''

വിശുദ്ധഖുർആനിലെ 5-ാം അധ്യായത്തിലെ 9-ാം വചനത്തിൽ അല്ലാഹു പറയുന്നു:

''ഒരു സമുദായത്തിന്റെ വിരോധം അവരോട് നീതി പാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. അവസ്ഥ എത്രതന്നെ മോശമായാലും നീതിയുടെ കോന്തല ഒരിക്കലും ഉപേക്ഷിക്കാൻ പാടുള്ളതല്ലെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. ചുരുക്കത്തിൽ യുദ്ധാവസ്ഥയിലാണെങ്കിലും നീതി നടപ്പിലാക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. യുദ്ധത്തിനുശേഷവും വിജയിയായ വ്യക്തി നീതി പാലിക്കുകയെന്നതും അനാവശ്യമായി അക്രമം കാണിക്കാൻ പാടില്ലായെന്നതും നിർബന്ധമായ കാര്യമാണ്. എന്നാൽ, ഇന്ന് ഇത്തരത്തിലുള്ള സാഹോദര്യത്തിന്റെ ഉന്നതമായ സ്വഭാവം കാണാൻ സാധിക്കുകയില്ല. മറിച്ച്, യുദ്ധം കഴിഞ്ഞാൽ വിജയിച്ച രാഷ്ട്രം പരാജയപ്പെട്ട രാഷ്ട്രത്തിന്റെ പുരോഗതിയുടെ മാർഗങ്ങളെ പരിമിതപ്പെടുത്തിക്കൊണ്ട് ആ രാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള നിയമങ്ങൾ നടപ്പിലാക്കുന്നു. ഇത്തരത്തിലുള്ള പ്രവർത്തനരീതി അന്താരാഷ്ട്രബന്ധങ്ങളെ ശിഥിലമാക്കാൻ കാരണമായിത്തീരുന്നു. അതിന്റെ തിക്തഫലം അസമാധാനം എന്നല്ലാതെ മറ്റൊന്നുമില്ല. സമൂഹത്തിലെ എല്ലാ മേഖലയിലും നീതി നടപ്പിലാക്കിയാൽ മാത്രമേ ഒരു ദീർഘകാല സമാധാനം സ്ഥാപിക്കാൻ സാധിക്കുകയുള്ളൂയെന്നത് ഒരു യാഥാർഥ്യമാണ്.



## പീസ് സിമ്പോസിയം (Peace Symposiums)

ഖലീഫത്തുൽ മസീഹിന്റെ സമാധാനം സംസ്ഥാപനത്തിനുള്ള ശ്രമങ്ങളുടെ ഒരു മാർഗം പീസ് സിമ്പോസിയമാണ്. 2004-ൽ ഇതിന് തുടക്കം കുറിച്ചു. ഇത്തരത്തിലുള്ള സിമ്പോസിയം ലണ്ടനിലോ ഇന്ത്യയിലോ മാത്രമല്ല സംഘടിപ്പിക്കുന്നത്. മറിച്ച് ലോകത്ത് എവിടെയൊക്കെ അഹ്മദിയ്യാ ജമാഅത്ത് സ്ഥാപിതമാണോ അവിടെയൊക്കെ സംഘടിപ്പിച്ചുവരുന്നു. ഈ സമ്മേളനങ്ങളിൽ സമാധാനത്തിന്റേയും സമത്വത്തിന്റെയും ചിന്താഗതികളും വികാരങ്ങളും വിപുലപ്പെടുത്തുന്നതിനുവേണ്ടി എല്ലാ വിഭാഗത്തിലേയും ചിന്തകന്മാർ പങ്കെടുക്കുന്നു. ചില ഉദാഹരണങ്ങൾ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കാം.

2012 മാർച്ച് 24-ാം തിയ്യതി ബയ്ത്തുൽ ഫുത്തൂഹ് മോർഡനിൽ 9-ാം വാർഷിക സമാധാന സമ്മേളനം നടക്കുകയുണ്ടായി. അതിൽ *''അണുവായുധയുദ്ധത്തിന്റെ നാശകരമായ ഫലങ്ങളും തികഞ്ഞ നീതിയുടെ അത്യാവശ്യവും''* എന്ന വിഷയത്തെ ആസ്പദമാക്കി ഹുദൂർ തിരുമനസ്സ് പ്രഭാഷണം നടത്തിക്കൊണ്ട് ഇപ്രകാരം പറഞ്ഞു: ''ഞാനോർക്കുന്നു, ഏതാനും വർഷങ്ങൾക്ക് മുമ്പേ ഇതേ ഹാളിൽവച്ച് സമാധാനസിമ്പോസിയം നടക്കവേ, *''ലോകത്ത് സമാധാനസംസ്ഥാപനത്തിന്റെ രീതിയും മാർഗവും''* എന്ന വിഷയത്തെക്കുറിച്ചു വിശദീകരിച്ച് സംസാരിച്ചിരുന്നു. ഐക്യരാഷ്ട്രസഭ ഈ വിഷയത്തിൽ എങ്ങനെ പ്രവർത്തിക്കണമെന്ന് ഞാൻ വിവരിക്കുകയുണ്ടായി. എന്റെ പ്രസംഗത്തിനുശേഷം നമ്മുടെ ആദരണീയനായ സുഹൃത്ത് എറിക് എയ്‌വബെറി പ്രഭു ഈ പ്രസംഗം ഐക്യരാഷ്ട്രസഭയിൽ അവതരിപ്പിക്കേണ്ടതായിരുന്നു എന്ന് പറയുകയുണ്ടായി. ഇത് അദ്ദേഹത്തിന്റെ ഹൃദയവിശാലതയും ഉദാരമനസ്കതയുമാണ്. എന്തായാലും ഞാൻ പറയാനുദ്ദേശിക്കുന്നത് വെറും പ്രസംഗം സംഘടിപ്പിക്കുകയോ കേൾക്കുകയോ ചെയ്യുന്നത് മതിയായതല്ല. ഇക്കാര്യംകൊണ്ടുമാത്രം സമാധാനം നിലനിറുത്താൻ സാധിക്കുകയില്ല. യഥാർഥത്തിൽ ഈ സുപ്രധാനമായ ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുള്ള അടിസ്ഥാനപരമായ നിബന്ധന എല്ലാ കാര്യത്തിലും പരിപൂർണമായ നീതി നടപ്പാക്കുക എന്നതാണ്. വിശുദ്ധഖുർആനിലെ 4-ാം അധ്യായം 136-ാം വചനത്തിൽ നമുക്ക് ഇതിന്റെ തത്ത്വവും ഗുണപാഠവും പറഞ്ഞുതരുന്നുണ്ട്:

''നിങ്ങൾക്കെതിരിലായാലും നിങ്ങളുടെ മാതാപിതാക്കൾക്കെതിരിലായാലും നിങ്ങളുടെ സുഹൃത്തുക്കൾക്കെതിരിലായാലും ബന്ധുമിത്രാദികൾക്കെതിരിലായാലും സാക്ഷി പറയേണ്ടിവന്നാൽ നിങ്ങൾ പരിപൂർണമായി നീതി നടപ്പിലാക്കുക. ഇതാണ് യഥാർഥ നീതി. ഇതിൽ സമൂഹത്തിന്റെ പ്രയോജനത്തിനുവേണ്ടി വ്യക്തിപരമായ നേട്ടം ബലിയർപ്പിക്കുകയാണ് ചെയ്യുന്നത്.

നാം ഈ തത്ത്വത്തെ മൊത്തത്തിൽ വിലയിരുത്തുകയാണെങ്കിൽ സമ്പത്തിന്റെയും സ്വാധീനപ്രഭാവത്തിന്റെയും കീഴിൽ നടപ്പിലാക്കുന്ന അനീതിയുടെ തീരുമാനങ്ങളെ അംഗീകരിപ്പിക്കുന്ന രീതിയെ ഉപേക്ഷിക്കേണ്ടതായി വരുമെന്ന് നമുക്ക് തോന്നും. അതിനുപകരം ഓരോ രാഷ്ട്രത്തിന്റേയും പ്രതിനിധികളും അംബാസിഡർമാരും ആത്മാർഥതയോടും നീതിയോടുംകൂടി സമഭാവനയുടെ തത്ത്വങ്ങളെ സഹായിച്ചുകൊണ്ട് മുന്നോട്ടു വരേണ്ടതാണ്. എല്ലാവിധ പക്ഷപാതവും പ്രത്യേക ചായ്‌വുകളും ഉപേക്ഷിക്കേണ്ടതായി വരും. കാരണം സമാധാനം സ്ഥാപിക്കാനുള്ള ഏകമാർഗമിതാണ്. ഐക്യഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ സുരക്ഷാസമിതിയെ നാം വീക്ഷിക്കുകയാണെങ്കിൽ അവിടെ നടത്തുന്ന പ്രസംഗങ്ങളേയും പ്രസ്താവനകളേയും ഏറെ പ്രശംസിക്കപ്പെടുന്നതായി കാണുന്നുവെങ്കിലും അവ നിരർഥങ്ങളായി തീരുന്നതിനുകാരണം യഥാർഥ തീരുമാനം നേരത്തെതന്നെ എടുത്തുകഴിയുന്നു എന്നതാണ്. നീതിക്കും യഥാർഥ ജനാധിപത്യ മാർഗത്തിനുമെതിരായി വൻശക്തികളുടെ സമ്മർദ്ദത്തിനു വഴങ്ങി ദുസ്വാധീനത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ കൈക്കൊണ്ടാൽ അത്തരം പ്രസംഗങ്ങൾ പൊള്ളയും അർഥശൂന്യവും ബാഹ്യലോകത്തെ വഞ്ചിതരാക്കാനുള്ള നാട്യവുമായിത്തീരുകയേയുള്ളൂ.

ചുരുക്കത്തിൽ വൻശക്തികൾ നീതിയോടെ പ്രവർത്തിക്കാതിരിക്കുകയും ബലഹീനമായ രാഷ്ട്രങ്ങളുടെ തങ്ങൾ പിന്തള്ളപ്പെട്ടിരിക്കുന്നുവെന്ന മനോഭാവം അവസാനിപ്പിക്കുകയും യുക്തിയോടുകൂടി പ്രവർത്തിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവസാനം അവസ്ഥ കൈയിൽനിന്നു വിട്ടുപോകുന്നതാണ്. പിന്നീട് ഉണ്ടാകുന്ന നാശനഷ്ടങ്ങൾ നമ്മൾ ചിന്തിക്കുന്നതിനെക്കാളും അധികമായിരിക്കും. എന്നുമാത്രമല്ല ലോകത്തുള്ള സമാധാനം ആഗ്രഹിക്കുന്ന അധികപേരും ഈ നാശത്തിൽ അകപ്പെടുന്നതാണ്. വൻശക്തികളുടെ നേതാക്കന്മാർ ഈ ഭയാനകമായ അവസ്ഥയെ മനസ്സിലാക്കുകയും അക്രമപരമായ പ്രവർത്തനം ചെയ്യുന്നതിനും തങ്ങളുടെ ലക്ഷ്യം കരസ്ഥമാക്കുന്നതിനും ശക്തി ഉപയോഗിക്കുന്നതിനും പകരം നീതി നടപ്പിലാക്കുന്നവിധത്തിലുള്ള പ്രവൃത്തികൾ ചെയ്യണമെന്നുമാണ് എന്റെ ആഗ്രഹവും അഭിലാഷവും.

2015 മാർച്ച് 14-ാം തിയ്യതി ബയ്ത്തുൽ ഫുത്തൂഹ് മോഡനിൽ 12-ാം സമാധാന കോൺഫറൻസ് സംഘടിപ്പിക്കുകയുണ്ടായി. അതിൽ *''ലോകസമാധാനത്തിന് സുവർണസിദ്ധാന്തം'* എന്ന വിഷയത്തെ അധികരിച്ച് പ്രസംഗിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: ''എപ്പോഴെങ്കിലും എവിടെയെങ്കിലും തങ്ങളുടെ ഏതെങ്കിലും വെറുക്കപ്പെടേണ്ടതായ അക്രമവും അനീതിയും ഇസ്‌ലാമിന്റെ പേരിൽ വരവ് വെക്കാൻ ശ്രമിക്കുകയാണെങ്കിൽ തീർച്ചയായും അത് അപലപിക്കപ്പെടേണ്ടതാണ്. ഇത്തരത്തിലുള്ള അക്രമങ്ങൾക്കും അനീതിയ്ക്കും ഇസ്‌ലാമിക അധ്യാപനങ്ങളുമായി ഒരുവിധത്തിലുള്ള ബന്ധവുമില്ല.''

ഹുദൂർ പറയുന്നു: ''ഞാൻ ഇതിനു മുമ്പേ പറഞ്ഞതുപോലെ ഇന്നത്തെ അവസ്ഥയിൽ നിയമജ്ഞരുടേയും ഭരണകർത്താക്കളുടേയും ഭാഗത്തുനിന്ന് തീവ്രവാദം അവസാനിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചിരിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നില്ല.''

വൻശക്തികൾ താഴെക്കിടയിലുള്ള ഭരണകൂടത്തെ സഹായിക്കുകയും അവരെ തങ്ങളുടെ വിശ്വാസത്തിലെടുത്തുകൊണ്ട് അന്യോന്യമുള്ള വിശ്വാസം ഊട്ടിയുറപ്പിക്കുകയും പരസപരം സഹകരിച്ചും അനുയോജ്യമായ പ്രവർത്തനം കാഴ്ചവച്ചും തീവ്രവാദത്തിനും ശത്രുതാപരമായ വീക്ഷണത്തിനും തടയിടാൻ ശ്രമിക്കേണ്ടതാണ്. ഇതാണ് ഫലപ്രദമായ രീതി. അല്ലാതെ രാജ്യദ്രോഹികൾക്ക് സൈനിക ട്രൈനിംഗ് കൊടുക്കുകയും ആയുധങ്ങൾ ശേഖരിച്ചുകൊടുക്കുകയുമല്ല വേണ്ടത്. ഇത്തരത്തിലുള്ള പോളിസി ആ രാഷ്ട്രങ്ങളിൽ കൂടുതൽ കുഴപ്പവും അസ്വസ്ഥതയും വ്യാപിക്കാൻ കാരണമായിത്തീരും. യഥാർഥത്തിൽ ഈ വിധത്തിലുള്ള നിഷേധാത്മകമായ നടപടികളുടെ ഭയാനകമായ തിക്തഫലം നാം നമ്മുടെ കണ്ണുകൊണ്ടു കണ്ടതാണ്.

കുറച്ചുമുമ്പേ ചില വൻശക്തികൾ സിറിയൻ ഭരണകൂടത്തിന്റെ എതിരാളികൾക്ക് മിലിട്ടറി ട്രൈനിംഗ് കൊടുത്തിരുന്നു. പിന്നീട് വാർത്ത വന്നത് ഈ രാജ്യദ്രോഹികൾ സൈനിക ശിക്ഷണവും ആധുനിക ആയുധങ്ങൾ കരസ്ഥമാക്കിയതിനുശേഷം തീവ്രവാദ സംഘടനകളിൽ ചേർന്നുവെന്നാണ്. ഇതിനുപുറമെ ഇന്നും ആയിരക്കണക്കിന് രാജ്യദ്രോഹികൾക്ക് തുർക്കി, ഖത്തർ, സഊദി അറേബ്യ എന്നീ രാജ്യങ്ങളിൽ സൈനിക ശിക്ഷണങ്ങൾ നൽകിവരുന്നു.

വൻശക്തികൾ അന്യോന്യം വിശ്വാസമർപ്പിച്ചുകൊണ്ട് തീവ്രവാദത്തെ അവസാനിപ്പിക്കാൻ താഴെക്കിടയിലുള്ള ഭരണകൂടങ്ങൾക്ക് സഹായം എത്തിച്ചുകൊടുക്കുക. ഇത് കൂടുതൽ പ്രയോജനപ്രദമാകുമെന്ന് ഞാൻ ദൃഢമായി വിശ്വസിക്കുന്നു. തങ്ങളുടെ രാജ്യത്തുള്ള സാധാരണക്കാരോട് നീതിയുടെ തേട്ടം പൂർത്തിയാക്കുകയും ഒരുവിധത്തിലും അവരുടെ അവകാശങ്ങൾ ധ്വംസിക്കപ്പെടുകയില്ലെന്ന നിബന്ധനയോടുകൂടി ഈ സഹായം നൽകേണ്ടതാണ്. ചുരുക്കത്തിൽ തീവ്രവാദത്തെ ഇല്ലാതാക്കുന്നതിന് ഇതുവരെ എടുത്തിട്ടുള്ള നടപടികൾ ഫലപ്രദമായി സ്ഥാപിതമായിട്ടില്ല. ലിബിയയുടെ കാര്യംതന്നെ നോക്കുകയാണെങ്കിൽ, കുറച്ച് വർഷങ്ങൾക്ക് മുമ്പേ ചില ശക്തികൾ ജനറൽ ഗദ്ദാഫിയുടെ ഭരണം അവസാനിപ്പിക്കുന്നതിനുവേണ്ടി അവിടെയുള്ള രാജ്യദ്രോഹികളെ സഹായിച്ചതായി കാണാം. പക്ഷേ, എന്തുനേടി? ഇതുകൊണ്ട് എന്തെങ്കിലും നേട്ടമുണ്ടായോ? ലിബിയയിലെ പൊതുജനജീവിതം മെച്ചപ്പെട്ടുവോ? ഇല്ല, ഒരിക്കലുമില്ല. മറിച്ച്, അതിനുപകരം രാജ്യം നശിച്ചൊടുങ്ങി. തീവ്രവാദികൾക്ക് സഹായകമാവുകയും ചെയ്തു.

## അഹ്മദിയ്യാ മുസ്‌ലിം പീസ് അവാർഡ്:



ഹുദൂർ തിരുമനസ്സ് സമാധാനം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിന് കൂടുതൽ പുരോഗതി ലഭിക്കുന്നതിനുവേണ്ടി 2009-ലെ പീസ് സിമ്പോസിയത്തിന്റെ അവസരത്തിൽ ലോകത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുന്ന സംഘടനയേയോ വ്യക്തിയേയോ

തിരഞ്ഞെടുത്ത് അഹ്മദിയ്യാ മുസ്‌ലിം പീസ് അവാർഡ് നൽകാൻ തുടങ്ങി. ഇത് ബഹുമതിയോടൊപ്പം 10,000 പൗണ്ട് കാഷ് അവാർഡും നൽകിവരുന്നു.

ഇതിന്റെ ഭാഗമായി ഖലീഫത്തുൽ മസീഹിൽ നിന്ന് ആദ്യമായി ഈ അവാർഡ് ലോർഡ് എറിക് എവേർബറിയാണ് വാങ്ങിയത്. മനുഷ്യാവകാശങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി അദ്ദേഹം ചെയ്ത സേവനങ്ങളെ മാനിച്ചുകൊണ്ട് 2009-ൽ ഈ അവാർഡ് നൽകുകയുണ്ടായി. അതുപോലെ 2015-ൽ ഖലീഫത്തുൽ മസീഹ് മഹാരാഷ്ട്രയിലെ ബഹുമാന്യ സിന്ദുതായിക്ക് ഈ സമ്മാനം നൽകുകയുണ്ടായി. അവർ അനാഥക്കുട്ടികളുടെ ഉന്നമനത്തിനുവേണ്ടി ചെയ്ത സേവനങ്ങളെ അംഗീകരിച്ചുകൊണ്ടാണ് ഈ സമ്മാനം നൽകിയത്.



### ലോകനേതാക്കന്മാർക്കുള്ള കത്തുകൾ:

ഇപ്രകാരം ഖലീഫത്തുൽ മസീഹ് ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനുള്ള ഫലപ്രദമായ പരിശ്രമത്തിന്റെ ഭാഗമായി ലോക മതനേതാക്കൾക്കും ഭരണകർത്താക്കൾക്കും കത്തുകൾ എഴുതുകയുണ്ടായി. ഇന്ന് ലോകം പ്രത്യേകിച്ച് മാനവരാശി ഏതുവിധത്തിലുള്ള നാശകരമായ അപകടങ്ങളെയാണ് അഭിമുഖീകരിക്കുന്നതെന്ന് കത്തിൽ പറയുകയുണ്ടായി. കൂടാതെ ഇന്ന് മാനവകുലത്തേയും ലോകത്തെത്തന്നെയും രക്ഷപ്പെടുത്തുന്നതിനുവേണ്ടി നമ്മളിൽ അർപിതമായ കടമകൾ എന്താണെന്നും അതെങ്ങനെ നിറവേറ്റാമെന്നും ഇസ്‌ലാമിക അധ്യാപനങ്ങളുടെ വെളിച്ചത്തിൽ പറഞ്ഞുകൊടുക്കുകയുണ്ടായി. മാതൃകയെന്നോണം അതിലെ ചിലതിനെ കുറിച്ചുള്ള പരാമർശം നടത്താം.

1. ഇസ്രായിൽ പ്രധാനമന്ത്രിക്കുള്ള കത്തിൽ എഴുതി: ''ലോകത്തെ മഹായുദ്ധത്തിലേക്ക് ആനയിക്കുന്നതിനുപകരം അതിനെ ആഗോളദുരന്തത്തിൽനിന്ന് രക്ഷിക്കാൻ ആവതും പരിശ്രമിക്കണമെന്നാണ് ഞാൻ താങ്കളോടു അപേക്ഷിക്കുന്നത്. ശക്തികൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുപകരം ചർച്ചകൾകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുക. ഭാവിതലമുറക്ക് വൈകല്യങ്ങളും ന്യൂനതകളും സമ്മാനിക്കുന്നതിനുപകരം അവർക്ക് ശോഭനമായ ഭാവി പ്രദാനം ചെയ്യുന്നതിനുവേണ്ടി ശ്രമിക്കുക.''

2. ഇറാൻ പ്രസിഡണ്ടിന്റെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ''വലിയ പ്രക്ഷോഭവും പ്രക്ഷുബ്ധതയുമാണ് ഇന്ന് ലോകത്തുള്ളത്. ചില സ്ഥലങ്ങളിൽ ചെറിയ തോതിലുള്ള സമര പോരാട്ടങ്ങളാണ് പൊട്ടിപ്പുറപ്പെട്ടിട്ടുള്ളതെങ്കിൽ, മറ്റു സ്ഥലങ്ങളിൽ വൻ ശക്തികളുടെ സമാധാനസംസ്ഥാപനത്തിന്റെ നാടകീയ രംഗങ്ങൾ അരങ്ങേറുന്നു. ഓരോ രാഷ്ട്രവും മറ്റു രാഷ്ട്രങ്ങളെ സഹായിക്കാനോ എതിർക്കാനോ ഉള്ള സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുകയാണ്. പക്ഷേ, നീതിതത്ത്വങ്ങൾ നിവർത്തിക്കപ്പെടുന്നില്ല. വ്യസനപൂർവം പറയട്ടെ, സമകാലിക സംഭവങ്ങളെ നാം അവധാനപൂർവം നിരീക്ഷിക്കുന്ന പക്ഷം മറ്റൊരു ലോകമഹായുദ്ധത്തിനുവേണ്ടിയുള്ള അടിത്തറ നേരത്തെതന്നെ പാകപ്പെട്ടിട്ടുള്ളതായി കാണാം.''

3. അമേരിക്കൻ മുൻപ്രസിഡണ്ട് ഒബാമയ്ക്ക് ഇപ്രകാരമെഴുതി: ''രണ്ടാംലോകമഹായുദ്ധത്തിന് വഴിയൊരുക്കിയ മുഖ്യകാരണങ്ങൾ ലീഗ് ഓഫ് നാഷനൽസിന്റെ പരാജയവും 1932-ൽ സംഭവിച്ച സാമ്പത്തിക പ്രതിസന്ധിയുമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയും 1932-ലേതുമായി സാമ്യമുണ്ടെന്നാണ് പ്രമുഖ സാമ്പത്തികശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്.

ചെറുരാഷ്ട്രങ്ങളെ യുദ്ധത്തിലേക്ക് നയിക്കുന്നത് രാഷ്ട്രീയവും സാമ്പത്തികവുമായ പ്രശ്നങ്ങളാണ്. അതുമൂലം അസംതൃപ്തിയും സർവത്ര വ്യാപിക്കുന്നു. ഒടുവിൽ മറ്റു ചില ശക്തികൾ ഭരണ സംവിധാനം നിയന്ത്രിക്കാൻ ഇടവരികയും അവരതിനെ ലോകമഹായുദ്ധത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും. ചെറിയ രാജ്യങ്ങളിലെ സംഘർഷങ്ങൾ രാഷ്ട്രീയത്തിലൂടേയും നയപരിപാടികളിലൂടേയും പരിഹരിക്കാൻ സാധ്യമായില്ലെങ്കിൽ പുതിയ ചേരികളും ഗ്രൂപ്പുകളുമാകാൻ അത് കാരണമാകും. അത് ഒരു മൂന്നാംലോക മഹായുദ്ധത്തിലേക്കായിരിക്കും വഴിയൊരുക്കുക. അതുകൊണ്ട് ലോകത്തെ ഈ നാശത്തിൽനിന്ന് രക്ഷിക്കേണ്ട ശ്രമങ്ങൾക്ക് ആക്കം കൂട്ടുക എന്നതാണ് വികസനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനെക്കാൾ ആവശ്യമായിരിക്കുന്നതെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മനുഷ്യൻ അവരുടെ സ്രഷ്ടാവായ ഏകദൈവത്തെ തിരിച്ചറിയേണ്ടത് എത്രയും ആവശ്യമാണ്. എന്നാൽ മാത്രമേ അവരുടെ നിലനില്പ് സാധ്യമാകൂ. അല്ലാത്ത പക്ഷം ലോകംദ്രുതഗതിയിൽ നാശത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കും.''

4. ബ്രിട്ടീഷ് പ്രധാനമന്ത്രിക്കുള്ള കത്തിൽ ഇപ്രകാരമെഴുതി: ''വെറുപ്പിന്റെ തീജ്വാലകൾ അണയ്ക്കാൻ എല്ലാഭാഗത്തുനിന്നും എല്ലാ തലത്തിലും കഴിവിന്റെ പരമാവധി ശ്രമിക്കണമെന്നാണ് ഞാൻ അപേക്ഷിക്കന്നത്. ഈയൊരുദ്യമത്തിലെങ്കിലും നാം വിജയിച്ചാൽ, വരും തലമുറയുടെ ശോഭനമായ ഭാവി ഉറപ്പു വരുത്താൻ നമുക്കു സാധിക്കും. ഈ ഉദ്യമത്തിൽ നാം പരാജയമടയുന്ന പക്ഷം ആണവയുദ്ധത്തിന്റെ ഫലമായി ഭാവി തലമുറയ്ക്ക് നമ്മുടെ ചെയ്തികളുടെ ഭയാനകമായ അനന്തര ഫലങ്ങൾ എല്ലായിടത്തും അനുഭവിക്കേണ്ടതായി വരും. ലോകത്തെ ആഗോള ദുരന്തത്തിലേക്കെത്തിച്ചതിന് അവർ തങ്ങളുടെ മുൻഗാമികൾക്ക് ഒരിക്കലും മാപ്പു തരില്ല. ഞാൻ വീണ്ടും ഓർമിപ്പിക്കുകയാണ്, വികസിത രാഷ്ട്രങ്ങളിലെന്നപോലെതന്നെ വികസ്വരരാഷ്ട്രങ്ങളിലും സ്വാധീനം ചെലുത്താൻ കഴിവുള്ള രാഷ്ട്രങ്ങളിൽപ്പെട്ട ഒന്നാണ് ബ്രിട്ടൺ. നിങ്ങളാഗ്രഹിക്കുന്ന പക്ഷം നീതിയുടേയും ന്യായത്തിന്റേയും ഉപാധി നിവർത്തിച്ചുകൊണ്ട് ലോകത്തെ നയിക്കാവുന്നതാണ്. അതിനാൽ ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിനായി ബ്രിട്ടനും മറ്റു വൻശക്തികളും നിർദ്ദിഷ്ടനിലയിൽ പ്രവർത്തിക്കേണ്ടതാണ്. സർവശക്തനായ ദൈവം താങ്കൾക്കും മറ്റു ലോക നേതാക്കൾക്കും എന്റെ സന്ദേശം ഗ്രഹിക്കാനുള്ളപ്രാപ്തി നല്കുമാറാകട്ടെ.''

### ലീഫ്‌ലെറ്റ് വിതരണം

ഖലീഫത്തുൽ മസീഹ് തന്റെ സമാധാന സ്ഥാപനത്തിനുള്ള ശ്രമത്തിൽ ലോകത്തുള്ള എല്ലാ വിഭാഗക്കാരേയും ടാർഗറ്റ് ചെയ്യുകയുണ്ടായി. എല്ലാ പ്രധാനപ്പെട്ടവരേയും സാധാരണക്കാരേയും ഈ മിഷനോടൊപ്പം ബന്ധിപ്പിക്കാൻ ശ്രമിച്ചു. അദ്ദേഹം രാജ്യങ്ങളിലെ സാധാരണക്കാരുമായി ബന്ധപ്പെടുന്നതിന് ഇസ്‌ലാമിന്റെ സമാധാനത്തിന്റേയും സ്നേഹത്തിന്റേയും യഥാർഥ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ, സമാധാനം എന്ന വിഷയത്തെ ആസ്പദമാക്കി നോട്ടീസ് വിതരണം ചെയ്യാൻ ആഗോള അഹ്മദിയ്യാ ജമാഅത്തിന് നിർദ്ദേശം നൽകുകയുണ്ടായി. അദ്ദേഹത്തിന്റെ ഈ നിർദ്ദേശാടിസ്ഥാനത്തിൽ ലക്ഷക്കണക്കിനുള്ള അഹ്മദികൾ കോടിക്കണക്കിന് ലീഫ്‌ലെറ്റ് അച്ചടിച്ച് ലോകത്ത് വിതരണം ചെയ്യുകയും സമാധാനത്തിന്റെ ഈ മിഷനിൽ സാധാരണക്കാരേയും ബന്ധപ്പെടുത്തുകയും ചെയ്യുന്നു.

ഈ വർഷത്തെ വാർഷിക റിപ്പോർട്ടനുസരിച്ച് 2017ൽ ഇന്ത്യയിൽ 6 ലക്ഷത്തിലധികം ലീഫ്‌ലെറ്റുകൾ വിതരണം ചെയ്യുകയുണ്ടായി. അതുപോലെ മുഴുലോകത്തും 70 ലക്ഷത്തിലധികം ലീഫ്‌ലെറ്റ് വിതരണം ചെയ്യുകയുണ്ടായി. ഇപ്രകാരം ഒരു വർഷത്തിൽ ലീഫ്‌ലെറ്റ് മുഖേന ലക്ഷക്കണക്കിനാളുകളിൽ സമാധാനസന്ദേശമെത്തുന്നു. ഓരോവർഷവും ഇതിൽ വർധന ഉണ്ടായിക്കൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്.

2015 നവംബർ 13-ാം തിയ്യതി ജപ്പാനിലെ ടോക്കിയോവിൽ ആദരണീയരായ വ്യക്തികളെ സംബോധന ചെയ്ത് ഖലീഫത്തുൽ മസീഹ് ഇപ്രകാരം പറഞ്ഞു:

നിങ്ങളുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ലോകത്ത് സർവ്വദേശീയത വളർത്താൻ ശ്രമിക്കേണ്ടതാണ്. ഞാൻ അപേക്ഷിക്കുന്നു. ലോകത്ത് എവിടെയെങ്കിലും പിരിമുറുക്കം ഉണ്ടെങ്കിൽ നാം നീതിക്കുവേണ്ടി ശബ്ദിക്കുകയും സമാധാനം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടത് നമ്മുടെ എല്ലാവരുടേയും ഉത്തരവാദിത്തമാണ്. ഇന്നേക്ക് 70 വർഷം മുമ്പേ നടന്നിട്ടുള്ളതും നാശകാരിയും മഹാമാരിയിലധിഷ്ഠിതവുമായ ഭയാനകയുദ്ധത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ചെറിയതോതിൽ ആഗോളയുദ്ധം തുടക്കം കുറിച്ചുവെങ്കിലും അതിന്റെ സ്വാധീനം വ്യാപിക്കുന്നതിനും മുഴുലോകത്തേയും തന്റെ പരിധിയിൽ കൊണ്ടുവരുന്നതിനും നാശകാരിയായ ആയുധങ്ങൾ ഉപയോഗിച്ച് വരുംതലമുറയെ നാശത്തിലേക്ക് കൊണ്ടെത്തിക്കുന്നതിനും മുമ്പേ നാം നമ്മുടെ ഉത്തരവാദിത്തം നിറവേറ്റേണ്ടതാണ്.

വരിക. നമുക്കെല്ലാവർക്കും ഒരുമിച്ച് നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റാം. ശത്രുക്കളെ ഉണ്ടാക്കുന്നിനുപകരം നമുക്കെല്ലാവർക്കും ഒരുമിച്ചുനിന്ന് അന്യോന്യം സഹകരിച്ചു പ്രവർത്തിക്കാം. ഇതല്ലാതെ നമ്മുടെയടുത്ത് മറ്റൊരു പോംവഴിയുമില്ല. കാരണം മൂന്നാം ലോകമഹായുദ്ധം നിയമപരമായി ആരംഭിക്കുകയാണെങ്കിൽ അതിന്റെ ഫലമായി വരാനിരിക്കുന്ന നാശത്തെക്കുറിച്ച് നമുക്ക് ഊഹിക്കാൻപോലും സാധിക്കുകയില്ല. ഇത്തരം അവസ്ഥയുടെ സങ്കീർണതയെക്കുറിച്ച് മനസ്സിലാക്കുക. മനുഷ്യകുലം അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞുകൊണ്ട് അവനോടുള്ള കടമയും അന്യോന്യമുള്ള കടമയും നിറവേറ്റുക.

അല്ലാഹു മതത്തിന്റെ പേരിൽ അസമാധാനത്തിന്റെ അന്തരീക്ഷം സൃഷ്ടിക്കുന്നവർക്കും സാമ്പത്തികനേട്ടത്തിനുവേണ്ടി ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായുമുള്ള യുദ്ധം ചെയ്യുന്നവർക്കും ഇത് മനസ്സിലാക്കാനുള്ള ഭാഗ്യം നൽകുമാറാകട്ടെ. അവരുടെ ഉദ്ദേശ്യം എത്രകണ്ട് ബുദ്ധിശൂന്യവും വിനാശകരവുമായിട്ടുള്ള ഉദ്ദേശ്യമാണെന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നല്ലത്! ലോകത്ത് എല്ലാ സ്ഥലത്തും ദീർഘനാൾ നിലനിൽക്കുന്ന സമാധാനം ഉണ്ടാകാൻ അല്ലാഹു തുണക്കുമാറാകട്ടെ. ആമീൻ.


**നൂറുൽ ഇസ്‌ലാംവകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച്
താങ്കൾക്ക് അഹ്മദിയ്യ
ജമാഅത്തിനെക്കുറിച്ച്
കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.